www.malankaralibrary.com

# ഈശ്വരചിന്ത

(ബ: കേരള സർക്കാരിൻെറ പാരിതോഷികമായി
അച്ചടി ധനസഹായം ലഭിച്ചത്)

ഗ്രന്ഥകർത്താ

ററി. അയ്യനേത്ത്

www.malankaralibrary.com

# ഈശ്വരചിന്ത

ഗ്രന്ഥകർത്താ

ററി. അല്ലുനേത്ത്

JAYAKERALAM PUBLICATIONS

NB. ഗ്രന്ഥ കർത്താവിന്റെ മുദ്ര ഇല്ലാത്ത പുസ്തകം വ്യാജ നിർമ്മിതമാകുന്നു

www.malankaralibrary.com

MALANKARA
LIBRARY

www.malankaralibrary.com

# EESWARA CHINDA

Author T, AYENETH
Nalanchira, Trivandrum-15
First Edition 1983
Printed at M. M. S. B. P. Printers, Trivandrum
Price Rs 20

www.malankaralibrary.com

# ഓം

# സമർപ്പണം

ഓം, ഞാനാകുന്നവൻ, ഞാൻ,
ഓം, ഞാനാകുന്നു എന്നുള്ളവൻ, ഞാൻ
ഓം, ഞാനായിരിക്കുന്നവൻ, ഞാൻ,
ഓം, ഞാനായിരുന്നവൻ ഞാൻ,

തന്നിൽ തന്നായി, അനാദിയായി, അശരീരിയായി, അളവില്ലാത്ത സകല നന്മസ്വരൂപനായി ജ്ഞാനത്താലും, ശക്തിയാലും, കാരണത്താലും എങ്ങും വ്യാപിച്ചിരിക്കുന്നവനായി, സർവ്വത്തിനും ആദികാരണമായി, ആദികാരണക്കാരനായി അനാദ്യനായി, അന്ത്യമില്ലാത്തവനായി, എന്നും വർത്തമാന കാലസ്ഥിതമൂർത്തിയായി, സർവ്വത്തിന്റെയും സൃഷ്ടികർത്താവും രക്ഷിതാവും ദാതാവുമായി, വാണരുളുന്ന പരമ കാരുണ്യവാനും, സ്നേഹ സ്വരൂപനും, ക്ഷമാമൂർത്തിയുമായ സ്വർഗ്ഗീയ പിതാവിന്റെ സച്ചിദാനന്ദസ്വരൂപന്റെ, ജഗൽ പിതാവിന്റെ തിരുസന്നിധിയിൽ, പാദപങ്കേരുഹങ്ങളിൽ- ഞാനല്ലാത്ത, ഞാനാകുന്ന എന്റേതല്ലാത്ത, എന്റേതായ, വ്യക്തിത്വത്തിൽ, നിന്നടലെടുത്ത, എന്റെ തൂലികാചലനാങ്കിതമായ, ഈ വിനീതോപഹാരത്തെ, അത്യന്തം ഭക്ത്യാദരവുകളോടെ, ഞാൻ, നമ്രശിരസ്കനായി സമർപ്പണം ചെയ്തുകൊള്ളുന്നു.

സ്നേഹ പിതാവേ, എന്നെയും, ഇതു വായിക്കുന്ന ഓരോരുത്തരെയും ആശീർവദിച്ചനുഗ്രഹിക്കണമേ!

അങ്ങേ വത്സല പുത്രൻ,
റി. അയ്യനേത്ത്

www.malankaralibrary.com

# പ്രസ്താവന

വത്സല സോദരങ്ങളെ!

നാലഞ്ചു ദശവർഷകാലമായ, അനുഭവങ്ങളിലൂടെ എന്റെ ഈശ്വരചിന്താനിർഭരമായ ഹൃദയാന്തരാളത്തിൽ നിന്നുത്ഭവിച്ച്, തിങ്ങി, വിങ്ങി, പൊങ്ങി, ബഹിർഗമിച്ചു പൊട്ടിപ്പുറപ്പെട്ട ചിന്തകളെ, ധാരണകളെ, കാഴ്ചപ്പാടുകളെ, അനുഭവങ്ങളെ, എന്റെയും, എന്റെ എല്ലാ സോദരങ്ങളുടെയും, എല്ലാമെല്ലാമായ, സർവ്വസ്വവുമായ സർവ്വേശന്റെ, പരമ കാരുണികന്റെ, അവിടുത്തെ ആശീർവാദാനുഗ്രഹത്തിൽ ഞാൻ പലപ്പോഴായി രചിച്ചതാണീ ഗ്രന്ഥം.

ഇതിന്റെ ഉള്ളിന്റെ ഉള്ളിലെ ആശയം സാരാംശം വായനക്കാർ ഗ്രഹിച്ച്, ഈശ്വരവിശ്വാസത്തോടെയും പരോപകാര തല്പരതയോടെയും, സഹോദരസ്നേഹത്തോടെയും വർത്തിച്ച് എല്ലാവരും നല്ല മനുഷ്യരായി, ശാന്തിയും സമാധാനവും കൈവരിക്കുന്നതിനിടയാകണമെന്നുള്ളതു മാത്രമാണ് എന്റെ പരമമായ ലക്ഷ്യവും. ആഗ്രഹവും ആയത് സഫലീകൃതമാകട്ടെയെന്ന പ്രാർത്ഥനയോടെ സസ്നേഹപൂർവ്വം സ്നേഹ സോദരങ്ങളുടെ മുമ്പാകെ, ഈ ചെറുഗ്രന്ഥം ഞാൻ അവതരിപ്പിച്ചുകൊള്ളുന്നു.

ഇതിന്റെ കയ്യെഴുത്തു കോപ്പി പരിശോധിച്ച്, അച്ചടിക്കുന്നതിനു പാരിതോഷിക ധനസഹായം, നല്കിയ, ബഹു: കേരള സർക്കാരിനോടും അതിനു ചുമതല വഹിച്ച ബഹു: കമ്മറ്റി അംഗങ്ങളോടും യഥാസമയം ഭംഗിയായി മുദ്രണംചെയ്തു തന്ന പ്രസ്സുടമയോടും അതിലെ ജീവനക്കാരോടും എനിക്കുള്ള അകൈതവമായ കൃതജ്ഞത രേഖപ്പെടുത്തിക്കൊള്ളുന്നു. എല്ലാ സോദരങ്ങൾക്കും എന്റെ വിനീതമായ കൂപ്പുകൈ.

റവ. അയ്യനേത്ത്

www.malankaralibrary.com

# ഉള്ളടക്കം


1 ആദി
2 അത്ഭുതം
3 അത്ഭുതം ചിന്തയിലൂടെ
4 ജീവിതം മായ മായകളുടെ മഞ്ഞ
5 ഈശ്വരൻ
6 ,,
7 ,,
8 ,,
9 ,,
10 ,,
11 ,,
12 ,,
13 ,,
14 ,,
15 ,,
16 ഈശ്വരൻ സാരാംശം
17 ജീവിതസാരം
18 ,,
19 ,,
20 ,,
21 ,,
22 ലോകാന്ത്യം
23 ,,
24 ജീവിതമാററം
25 1 മരണാനന്തര ജീവിതം
2 സ്വർഗ്ഗനരകാനുഭവ വിവരണം
26 മരണാനന്തര ജീവിതം
27 സ്വർഗ്ഗവും നരകവും
28 ഈശ്വരനും—ഇന്നത്തെ ജനതയും
29 സമാധാനവും സംതൃപ്തിയും ആനന്ദവും
30 ഈശ്വരചിന്ത
31 വചനശബ്ദം
32 ചിന്തിക്കുക അനുവർത്തിക്കുക

www.malankaralibrary.com

# ഈശ്വരചിന്ത

## 1 ആദി

ഞാനില്ലാതിരുന്ന കാലം, നമ്മളാരും ഇല്ലാതിരുന്ന കാലം, മുൻഗാമികളായ ആരും ഇല്ലാതിരുന്നകാലം, യാതൊന്നുമില്ലാതിരുന്നകാലം, ഇന്നെന്നപോലൊരു ദിനം—ഇല്ലാതിരുന്ന കാലം, ഇല്ലായ്മയുടെ അവസ്ഥ—ശൂന്യതയുടെ ഘട്ടം.

യുഗങ്ങൾക്കപ്പുറം. ഇല്ലായ്മയിൽ നിന്നു്, ശൂന്യതയിൽനിന്നു്, പല ഘട്ടങ്ങളിലായിട്ടോ, അഥവാ ഒരിക്കലായിട്ടോ ഊഹാചിന്താമണ്ഡലങ്ങൾക്കതീതമായി, ഈ കാണപ്പെടുന്നതും, കാണപ്പെടാത്തതും, അറിയപ്പെടുന്നതും, അറിയപ്പെടാത്തതുമായ സകലചരാചരങ്ങളോടും കൂടിയ, ഈ പ്രപഞ്ചം ഉളവായി.

സദാ അല തല്ലിമറിയുന്ന, മഹാസമുദ്രങ്ങളും, നദികളും കായലുകളും, തോടുകളും, വെള്ളച്ചാട്ടങ്ങളും, നീരുറവകളും. അവയിലെ വിവിധ രൂപാകൃതിയിലും, വലിപ്പ ചെറുപ്പത്തിലുമുള്ള ജീവജാലങ്ങളും, ഉന്നതങ്ങളായ കൊടുമുടികളും, പാറക്കെട്ടുകളും വൻമലകളും, താഴ്‌വര സമതല സ്ഥലങ്ങളും, ഹിമാവൃതപ്രദേശങ്ങളും, മണലാരണ്യങ്ങളും. വൻവൃക്ഷങ്ങളും വൻകാടുകളും—തരുനികര പ്രദേശങ്ങളും, സുഗന്ധ വാഹികളായ പുഷ്പലതാദികളും. വിവിധ രൂപത്തിലും, നിറത്തിലും, വലിപ്പചെറുപ്പത്തിലുമുള്ള പക്ഷിമൃഗാദികളും ചരിക്കുന്നതും ചരിക്കാത്തതുമായ, സർവ്വ ജീവരാശികളും, അചേതനമായ എണ്ണമററ വസ്തുക്കളാൽ നിബിഡീകൃതമായി — ഇവയെ

www.malankaralibrary.com



ല്ലാം ഉൾക്കൊള്ളുന്ന—ഈ ഭൂവിഭാഗം; ഇവയെ ആവരണം ചെയ്തിരിക്കുന്ന, ഈ വായു മണ്ഡലം—അതിനുപരി, സംഖ്യാതീതങ്ങളായ, ആകാശജ്യോതിർഗോളങ്ങളും സൂര്യചന്ദ്ര, നക്ഷത്രാദികളും. ഉൾപ്പെട്ടിരിക്കുന്ന, നഭോമണ്ഡലം—അറിയപ്പെട്ട, നവഗ്രഹങ്ങളാലലംകൃതമായ സൗരയൂഥം, അറിയപ്പെടാത്ത എണ്ണമററ സൗരയൂഥഗ്രഹവ്യൂഹം ഉൾപ്പെടെ, എല്ലാമെല്ലാമായ ഈ പ്രപഞ്ചം ഉളവായി—ഉണ്ടായിവന്നു.

സൗരയൂഥ ഗ്രഹങ്ങളുടെ അന്യോന്യമുള്ള ആകർഷണവും, നിയമം തെററാതുള്ള ഭ്രമണവും, ചന്ദ്രനക്ഷത്രാദി, സമൂഹങ്ങളുടെ കൃത്യമായ യാത്രയും, സൂര്യന്റെ നിശ്ചലമായ നില്പും, സർവ്വ ജീവരാശികൾക്കും ജീവനെ നിലനിർത്തുന്ന, വായുമണ്ഡലവും—ആകാശ പറവകൾക്കും, വയലിലെ പുല്ലുകൾക്കും—കരയിലെയും, കാട്ടിലെയും വെള്ളത്തിലെയും—വൃക്ഷലതാദിതരുനികരങ്ങൾക്കും മൃഗ സഞ്ജയങ്ങൾക്കും—ചെറുതും വലുതും, കാണപ്പെടുന്നതും കാണപ്പെടാത്തതും, അറിയപ്പെടുന്നതും, അറിയപ്പെടാത്തതുമായ, സർവ്വജീവരാശികൾക്കും, സുഖമായി, സുലഭമായി ജീവിക്കാനുള്ള വായു, വെള്ളം, ആഹാരംഇവയുടെയെല്ലാം മനോഹാരിത, മനുഷ്യന്റെ ബുദ്ധിവിശേഷതയുംമേല്ക്കോയ്മയും ഇത്യാദികളെല്ലാം എവിടുന്ന്, എന്ന്, എങ്ങനെ, ഉണ്ടായി, ആരാൽ ഉളവാക്കപ്പെട്ടു. ഇതിനെല്ലാം കാരണമായി, ആദികാരണക്കാരനായി, സർവ്വശക്തനായി, സർവ്വ ജ്ഞാനിയായി, ഒരു പരാശക്തിയുണ്ടായിരിക്കണം ഉണ്ടായിരുന്നേമതിയാകൂ. ആ പരാശക്തി, ശക്തി-സ്വരൂപൻ – സർവ്വശക്തനാകുന്ന ഈശ്വരൻ—ആദിയും അനാദിയും ആദ്യന്തം, അനാദ്യന്തം അവിടുന്ന തന്നെ, അവിടുത്തെ, നമുക്ക്, ആദരിക്കാം. സ്തുതിക്കാം. വാഴ്ത്താം.

www.malankaralibrary.com



## 2 അത്ഭുതം

ഞാൻ, ഞാൻതന്നെ ഒരത്ഭുതം അത്ഭുതങ്ങളുടെ അത്ഭുതം. എന്റെ ശരീരാവയവങ്ങളും, ഓരോന്നും, നാഡി ഞരമ്പുകളോരോന്നും, പഞ്ചേന്ദ്രിയങ്ങളോരോന്നും, ജീവൻ, ശ്വാസം, ശക്തി, ബുദ്ധി, ഹൃദയം, സ്പന്ദനം, ചലനം സഞ്ചാരശക്തി, സംസാര ശക്തി എല്ലാമെല്ലാം അൽഭുതം.

ശരീരാവയവങ്ങളുടെ, സംയോജിപ്പ്, ഓരോന്നും വേറിടുമ്പോഴത്തെ അവസ്ഥ, ദുർഗന്ധപൂരിതമായ രക്തം മാംസം, തുപ്പൽ, മലമൂത്രം, ഇത്യാദി, ഇവയെല്ലാംകൂടി സംയോജിപ്പിച്ചു തന്നിരിക്കുന്ന സൗന്ദര്യം. മറ്റൊരു ജീവിക്കുമില്ലാത്ത, മുകളിലേക്കു നോക്കിക്കാണാനുള്ള നയനശക്തി, വിവേചനാശക്തി, ബുദ്ധി വിശേഷത, ആലോചനാ ചിന്താശക്തി ശബ്ദം, സംസാരം, എന്നു വേണ്ട പാദംമുതൽ, തലവരെ, അടിതൊട്ടുമുടിവരെ, അസ്ഥികൂടത്തെക്കൊണ്ടും എല്ലുകളാലും, ഞരമ്പുകളാലും, മാംസരക്തത്താലും ത്വക്കിനാലും, രോമങ്ങളാലും, കൂട്ടിച്ചേർത്തു് സംയോജിപ്പിച്ചിരിക്കുന്ന സുന്ദരമായ ആകാര സൗഷ്ഠവത്തോടുകൂടിയ, സുന്ദരക്കുട്ടനായ അഥവ വിരൂപനായ ഞാൻ, ഞാൻ–തന്നെ ഒരത്ഭുതം. അത്ഭുതങ്ങളുടെ അത്ഭുതം മഹാത്ഭുതം.

ചെകിടർ, ഊമർ, മുടന്തർ, അംഗഹീനർ, അംഗവൈകല്യക്കാർ സുന്ദരന്മാർ, വിരൂപർ, കറുത്തവർ വെളുത്തവർ മഞ്ഞളർ ഓറഞ്ചു നിറക്കാർ, മേഘവർണ്ണർ, കുറിയവർ, നീണ്ടവർ തടിച്ചവർ ശോഷിച്ചവർ ഒത്തവണ്ണ പൊക്കക്കാർ, ഒറ്റക്കണ്ണർ ഇരട്ടക്കണ്ണർ വട്ടക്കണ്ണർ വെള്ളക്കണ്ണർ വെള്ളയ്ക്കാക്കണ്ണർ പൂച്ചക്കണ്ണർ കൃശക്കണ്ണർ

www.malankaralibrary.com



ഒത്തകണ്ണർ നല്ല കണ്ണർ കണ്ണില്ലാത്തവർ നീണ്ടമൂക്കർ പതിമൂക്കർ മുറിമൂക്കർ മൂക്കില്ലാത്തവർ ഒത്തമൂക്കർ മുടംപല്ലർ കൊന്തപ്പല്ലർ, ദംഷ്ട്രക്കാർ, പവിഴപ്പല്ലർ മുത്തുപ്പല്ലർ, വെള്ളിപല്ലർ—മുറിപ്പല്ലർ ഒട്ടും പല്ലില്ലാത്തവർ.

ഓറച്ചെവിയൻ, ഇരട്ടച്ചെവിയൻ, വിശറിച്ചെവിയൻ, നല്ലചെവിയൻ മടക്കച്ചെവിയൻ മുയൽച്ചെവിയൻ പന്നിച്ചെവിയൻ ആനച്ചെവിയൻ മൊട്ടത്തലയൻ ചാണത്തലയൻ നല്ലതലയൻ മുഴകഷണ്ടി മുക്കാൽകഷണ്ടി അരക്കഷണ്ടി, കാൽക്കഷണ്ടി മുൻകഷണ്ടി, പിൻകഷണ്ടി, മുച്ചിറിയൻ ഒറച്ചിറിയൻ ഒന്നരച്ചിറിയൻ ഇരട്ടച്ചിറിയൻ മുഴ അധരൻ അരഅധരൻ കാൽഅധരൻ ഒത്തഅധരൻ നീണ്ടമുഖൻ വട്ടമുഖൻ ഓവൽമുഖൻ ഒമെസ്സമുഖൻ ഒത്തമുഖൻ സുന്ദരമുഖൻ വിരൂപമുംപൻ

നീണ്ടകഴുത്തൻ, കുറുകഴുത്തൻ കഴുത്തുകോടൻ കുറുകൈയ്യൻ ബാഹുലേയൻ, ഒറക്കയ്യൻ ആറുവിരലൻ പെരുവിരലൻ കൊച്ചുവയറൻ കുടവയറൻ പൊരുവയറൻ മട്ടളവയറൻ പറവയറൻ ചങ്ങഴിവയറൻ നാഴിവയറൻ കോലൻ വയറൻ ഒത്തനിതംബൻ പരന്നനിതംബൻ വട്ടനിതംബൻ തടിച്ചനിതംബൻ അരച്ചന്തിയൻ മുഴച്ചന്തിയൻ ഷണ്ഡൻ മുടന്തൻ ഒറക്കാലൻ ചട്ടൻ ഇരട്ടക്കാലൻ ഒന്നരക്കാലൻ നല്ലകാലൻ നീണ്ടകാലൻ കുറുകാലൻ തളർന്നവൻ വിറയ്ക്കുന്നവൻ ആരോഗ്യമില്ലാത്തവൻ രോഗി അനാരോഗ്യൻ തുടങ്ങി എല്ലാമെല്ലാമായ ഞാനുംപ്പെടെയുള്ള സകല മനുഷ്യരും ഓരോരുത്തരുടെയും ഗർഭലോകവാസം ജനനം പിറവി വളർച്ച ശൈശവം — യൗവ്വനം — വാർദ്ധക്യം—ജരാനര, മരണം എല്ലാമെല്ലാമായ—എല്ലാം, സർവ്വ

www.malankaralibrary.com



ത്തും സകലത്തും—അത്ഭുതം—മഹാൽഭുതം നാം ആരുംഒന്നും അറിയാത്തുള്ള പത്തുമാസക്കാലത്തെ ഗർഭാലയ ലോകവാസം തുടർന്നു വിസ്തൃതമായ ഈ നഭോമണ്ഡലത്തിലേക്കുള്ള വരവ്. അശുഭ സൂചകമായ രോദനത്തോടും കുപ്പുകരത്തോടും കൂടിയുള്ള പിറവി—നിവർന്നു നടക്കാനാവാതെ—തിരിഞ്ഞു. പിരിഞ്ഞു കിടക്കാനാവതെ സൃഷ്ടാവുങ്കലേക്ക മാത്രം നോക്കിയുള്ള കുറെ നാളത്തെ കിടപ്പ്, ഇഴഞ്ഞിഴഞ്ഞും തത്തിതത്തിയും നീന്തി, നീന്തിയുമുള്ള നടപ്പ് പല്ലുമുളച്ചു പരക്കുന്ന അവസ്ഥയും, അതിന്റെ പൊഴിച്ചിലും വീണ്ടും വന്നു നിറയുന്നതും. അസ്പഷ്ട ശബ്ദത്തിലുള്ള ഞരങ്ങലും മൂളലും രോദനവും.

തുടർന്ന്, സംസാരത്തിനും, നടപ്പിനും, ഇരുപ്പിനും, ഓട്ടത്തിനും, ചാട്ടത്തിനും ഉള്ള ശക്തി, ശൈശവബാല്യ കാലാവസ്ഥ, യൗവ്വന തിളപ്പും പ്രവൃത്തനങ്ങളും, തുടന്നുള്ള വാർദ്ധക്യ കാലാവസ്ഥയും ജരാനരയും, അവയവക്ഷീണവും കേഴ്വി, കാഴ്ച തുടങ്ങിയ പഞ്ചേന്ദ്രിയക്ഷീണം—രക്തക്കുറവും വിശപ്പില്ലായ്മയും അഗ്നിമാന്ദ്യവും ഘ്രാണേന്ദ്രിയ മന്ദതയും .അവസാനം രോഗാതുരനായി ശയ്യാവലംബിയായി, തന്റേതായിരുന്നതെല്ലാം ഈ കാണുന്ന സകലവും തനിക്ക നഷ്ടമായതുപോലെ വേണ്ടാത്തതായതുപോലെ ഇനിമേൽ ഒന്നിനും ഒരിക്കലും ആവശ്യമില്ലാത്തവനായി ജീവശക്തി ഇല്ലാത്തവനായി കൈകാലുകൾ, നാടി ഞരമ്പുകൾ തുടങ്ങി ശരീരാവയവങ്ങളൊന്നും ചലിപ്പിക്കാൻ, അനക്കാൻ നിവൃത്തിയില്ലാത്തവനായി ആദ്യാരംഭശബ്ദം പോലുള്ള അസ്പഷ്ട ശബ്ദത്തോടെ ഞരങ്ങി, മൂളി ഒടുവിൽ കണ്ണുകൾമാത്രം തന്റെ സൃഷ്ടാവുങ്കലേക്കുയർത്തി, തുറി

www.malankaralibrary.com



ച്ചുനോക്കി ലോകത്തോടു യാത്രപറയുന്ന മനുഷ്യൻെറ അന്ത്യനിമിഷം, വിടവാങ്ങൽ അൽഭുതം—മഹാൽഭുതം.

ഈ വിടവാങ്ങലിൽ നിന്നും, നാം ആരും ഒഴിവാകാൻ പോകുന്നില്ല. എല്ലാ നിലയിലും രംഗങ്ങളിലും പ്രസിദ്ധനായി വീരപരാക്രമശാലിയായി അതിബുദ്ധിമാനായി മഹാപണ്ഡിതനായി. ലോകകുബേരനായി, ചക്രവർത്തിയായി, വിരാജിച്ച മനുഷ്യൻ അതേ നിലക്കെതിരെ അപ്രസിദ്ധനായി മരണമടഞ്ഞ മനുഷ്യനും ഒന്നുപോലെ പ്രപഞ്ചത്തിൻെറ മനുഷ്യ—ലോകത്തിൻെറ മറവിയുടെ മറവിൽ, മറയിൽ മറയുന്നു, വിസ്മൃതനാകുന്നു.

വിലയേറിയ ശുഭ്രവർണ്ണങ്ങളാൽ നിറപ്പകിട്ടാർന്ന, വസ്ത്രാലങ്കാര വിഭൂഷിതമായ സുഗന്ധ പൂരിതമായ പരിമള തൈലത്താൽ ആഹ്ലാദിതമായ ശരീരം നഗ്നനായി, വിവിധ രോഗാണു സംക്രമണത്താൽ; വ്രണപരുക്കളാൽ വൃണവൃണിതമായി, പഴപഴപ്പിൻെറ നീർത്തുള്ളികൾ, ഒഴുക്കിയിരുന്ന ഒററപ്പെട്ട ശരീരം—എല്ലാമെല്ലാം ആറടി മണ്ണിലമർന്നു ചിതലിനും, പുഴക്കൾക്കും ഇരയായി വെന്തെരിഞ്ഞു ചാരമായി ഭസ്മമായി പൊടിയായി എങ്ങുമെങ്ങു ഒന്നുമില്ലാത്തതായി തീരുന്ന അവസ്ഥാ വിശേഷം അഥവാ ശോചനീയമായ അത്ഭുതങ്ങളുടെ അത്ഭുതം.

പ്രപഞ്ചത്തിലേക്ക നോക്കിയാൽ എന്തത്ഭുതം—വിവിധ വർണ്ണത്തിലും രൂപത്തിലും വലിപ്പ ചെറുപ്പത്തിലും ആകൃതിയിലും കരയിലും വിഹായസ്സിലും വിഹരിക്കുന്ന പക്ഷിജാലം മയിലിൻെറ സപ്ത വർണ്ണാഭ നിറഞ്ഞ പീലികൾ വിടർത്തിയുള്ള മനോഹര നൃത്തം കുയിലിൻെറ ശബ്ദ സുന്ദരമായ പാട്ടും കുരുവി കെട്ടിപ്പടു

www.malankaralibrary.com


ത്ത കൊട്ടാര സദൃശമായ വസതിയും തറവാവിന്റെ ചു ണ്ടും വെള്ളത്തിലും കരയിലും കൂടിയുള്ള മന്ദംമന്ദമായ നീന്തലും നടപ്പും തത്ത, പ്രാവ്, പച്ചക്കിളി, പരുന്ത്, കാക്ക കഴുകൻ തുടങ്ങി വിവിധ രൂപാകൃതിയോടു കൂടിയ നിറപ്പകിട്ടാർന്ന പക്ഷി ജാലങ്ങളുടെ ഉയർന്നും താണും പറന്നുള്ള ഗമനാഗമന യാത്രയും സുന്ദരവും ഭീകരവുമായ ശബ്ദകോലാഹലവും മരക്കൊമ്പുകളിലും പാറ വിടവുകളിലും മൺപോത്തുകളിലും ചുള്ളിക്കാടുകളിലുമുള്ള വാസം പ്രഭാത സായംകാലങ്ങളിലുള്ള അവററകളുടെ ഈശ്വര സ്തുതിഗാനം എല്ലാമെല്ലാം അത്ഭുതങ്ങളുടെ അത്ഭുതം.

വിവിധ രൂപാകൃതിയിലും വലിപ്പ ചെറുപ്പത്തിലും സ്വഭാവത്തിലും നാട്ടിലും കാട്ടിലും വളരുന്ന മൃഗസഞ്ചയം ഘോര വിപനങ്ങളിൽ സ്വൈരന്ദം സ്വൈര വിഹാരം നടത്തുന്ന ആന സിംഹം കടുവാ കരടി വള്ളിപ്പുലി പുള്ളിപ്പുലി വരിയൻപുലി പുള്ളിമാൻ ചെന്നായ്, മുയൽ, കുറുക്കൻ. കരണ്ട് തുടങ്ങിയവയുടെ ഗംഭീര ഗർജ്ജനവും മുതലശബ്ദവും എല്ലാമായ ശബ്ദഘോഷ വിശേഷം. വലിപ്പമേറിയ ആനയെ കൊമ്പു കുത്തിച്ചിരുത്തി മസ്തകമടിച്ചു പൊട്ടിച്ച് തുലയ്ക്കുന്ന സിംഹരാജന്റെ ബലിഷ്ടത വിവിധങ്ങളായ ഇഴജന്തുക്കരാ പാമ്പ് പെരുമ്പാമ്പ് അണലി മൂർഖൻ സർപ്പം തുടങ്ങിയവയുടെ മരണകരമായ വിഷപ്പല്ലുകളും ഇഴഞ്ഞിഴഞ്ഞുള്ള യാത്രയും മണ്ണിലെ വാസവും.

നാട്ടിൽ വളരുന്ന എലി, പൂച്ച, പുഴ, തേനീച്ച, തേരാ ചെവിപ്പാമ്പ്, മൂട്ട. ഉറുമ്പ് തുടങ്ങിയവകളാ ചിലന്തി തന്നെയുണ്ടാക്കുന്ന അതിന്റെ വസതി തേളിന്റെ വാലി

www.malankaralibrary.com


ലെ വിഷം ചെവിപ്പാമ്പിൻെറയും മിന്നാമിനുങ്ങിൻെറയും ഇരുട്ടിലെ ശോഭ ഇവയുടെയെല്ലാം ശീഘ്രഗതിയിലും മന്ദഗതിയിലുമുള്ള യാത്ര മുയലിൻെറ അതിവേഗത്തിലുള്ള ഓട്ടം ആമയുടെയും പാമ്പുകളുടെയും ഇഴച്ചിൽ തവളയുടെ തത്തിതത്തിയുള്ള എടുത്തുചാട്ടം തേനീച്ച നല്കുന്ന മധുരമാർന്ന നറുതേൻ ഉറുമ്പുകളുടെ ചെറു ശരീരവും അണിഅണിയായ യാത്രയും ആനയുടെ വലിപ്പം തൂണുപോലുള്ള കാലുകൾ തുറു കണ്ണുകളുള്ള കുടവയറ് മുറംപോലെയുള്ള ചെവി നീണ്ടുരുണ്ടു കൂർത്ത വെള്ളക്കൊമ്പുകൾ നീളമേറുന്ന തുമ്പിക്കൈ ചണ്ടഴി വലിപ്പമുള്ള പല്ലുകൾ അതിഭാരം കടിച്ചുപിടിച്ചുകൊണ്ടു പോകുന്നതിനുള്ള ശക്തി വിശേഷങ്ങ എല്ലാമെല്ലാം അത്ഭുതം മഹാത്ഭുതം

നദി, കായൽ, കുളം തോട്. തുടങ്ങി മഹാസമുദ്രം വരെയുള്ള ജലാശയങ്ങളിൽ വളരുന്ന വിവിധ രൂപാകൃതിയിലും വലിപ്പത്തിലും നിറത്തിലുമുള്ളജലജീവികൾ ഏററവും ചെറിയ ചെമ്മീൻ തുടങ്ങി കപ്പലിനെ വരെ തള്ളിതകക്കുന്ന കടലാന തിമിംഗലം നീർക്കുതിര തുടങ്ങിയ ജല ജീവികൾ ഇവയുടെയെല്ലാം ജനനം വളർച്ച നാശം എല്ലാം അത്ഭുതാവഹം. ഭൂമണ്ഡലത്തിൻെറ പുറം ചട്ട തന്നെ അത്ഭുതം, ഉന്നതങ്ങളായ കൊടുമുടികൾ, ഘോര വിപിനങ്ങൾ കുന്നുകൾ മലകൾ മലഞ്ചരിവുക ൾതാഴ്വര സമതല പ്രദേശങ്ങൾ പച്ചപ്പട്ടു വിരിച്ചു പുതച്ചു കണക്കെയുള്ള ധാന്യ വിളനിലങ്ങൾ ശാഖോപശാഖകളോടു കൂടിയ ഫല വൃക്ഷ സങ്കേത സ്ഥലങ്ങൾ വിവിധ നിറപ്പകിട്ടാർന്ന സുഗന്ധപൂരിതമായ പൂക്കളെക്കൊണ്ടു തിങ്ങി നില്ക്കുന്ന ഉദ്യാനങ്ങൾ എല്ലാം മനോഹരമായ ഒരത്ഭുത കാഴ്ച തന്നെ.

നീലിമയേറിയതും അത്യഗാധവും ഗംഭീര ശബ്ദഘോഷത്തോടെ സദാ ഇരമ്പി അലതല്ലി മറിയുന്ന മറു

www.malankaralibrary.com



കര കാണാവതല്ലാത്ത ആഴത്തിൻെറ ആഴം നിശ്ചയിക്കാനാവാത്ത മഹാസമുദ്രം നിശ്ചലങ്ങളും ചെറുതും വലുതുമായ തടാകങ്ങൾ കായലുകൾ കുളം തോടുകൾ നീർച്ചാലുകൾ നീരുറവുകൾ സദാശീഘ്രഗതിയിൽ ഇരമ്പിപ്പായുന്ന നദികൾ അതിലെ അവിടവിടെയുള്ള വെള്ളച്ചാട്ടങ്ങൾ ഈ ജലാശയങ്ങളിലെല്ലാം വളരുന്ന വിവിധ വലിപ്പചെറുപ്പ രൂപാകൃതിയിലുള്ള ജലജീവികളും ജലസസ്യങ്ങളും എല്ലാമെല്ലാം അത്ഭുതം.

നയനങ്ങളെ മേല്പോട്ട് ആകാശദേശത്തേക്കുയർത്തിയാൽ എന്തൊരത്ഭുതം വെൺമേഘങ്ങളാൽ ഇടതടവില്ലാതെ നിറഞ്ഞിരിക്കുന്ന നീലിമയേറിയ, ആകാശം ഊഹചിന്താ മണ്ഡലങ്ങളിൽ പൊക്കവും അതിരും ഒതുങ്ങാതെ അവസാനം കാണാതെ സ്ഥിതിചെയ്യുന്ന ആകാശ ചക്രവാളം സദാ അത്യുഗ്രമായി അഗ്നികുണ്ഡത്തെ വെല്ലുന്ന ജ്വലിച്ചെരിഞ്ഞു പ്രകാശിച്ചുകൊണ്ടിരിക്കുന്ന വെൺമയേറിയ ആകാശദേശചക്രവർത്തിയായി സ്ഥിതിചെയ്യുന്ന സൂര്യബിംബം മിന്നിത്തിളങ്ങി ശോഭിക്കുന്ന എണ്ണമററ പ്രജാസമൂഹമായ താരാവലിഗണം മന്ത്രിസത്തമനായി നടുനായകനായി വെള്ളിപ്രഭ വീശിവിതറി നിൽക്കുന്ന ശശാങ്കൻ ഏതോ ആജ്ഞാതശക്തിക്കു വിധേയമായി നിയമാനുസരണം മന്ദം, മന്ദം ഗമിക്കുന്നുവെന്നു തോന്നിക്കുന്നെങ്കിലും നിശ്ചലനായി ഒരേസ്ഥാനത്തുതന്നെ–നിലകൊള്ളുന്നു. സൂര്യബിംബത്തെ വലയംവച്ചുള്ള ഇവയുടെയെല്ലാം ശീഘ്രതരമായ ഭ്രമണസഞ്ചാരം എല്ലാം അത്ഭുതം. ചിലകാലസമയങ്ങളിൽ കാർമേഘപടലങ്ങളെ ചുററിയുള്ള സൂര്യപ്രഭയുടെ സപ്തവർണ്ണാഭ നിറഞ്ഞ മഴവില്ലും മേഘപടലങ്ങളുടെ കൂട്ടിമുട്ടുമ്പോഴുള്ള സ്വർണ്ണാഭനിറഞ്ഞ മിന്നൽ പ്രകാശവും ഘോര

www.malankaralibrary.com


ഗർജ്ജന ഇടിനാദവും തുടർന്നുള്ള പേമാരിയും ഏതിനെയും തല്ലിതകർത്തു നിലം പരിശാക്കുന്ന ഉഗ്രൻ കൊടുങ്കാററും ആകശത്തോളം എന്തിനേയും എടുത്തുയർത്തി വീഴ്ത്തുന്ന ചുഴലിക്കാററ് സുഖപ്രദനായ മന്ദമാരുതനും ജീവരാശികൾക്കെല്ലാം ജീവനെ നിലനിർത്തുന്ന ശ്വാസോച്ഛ്വാസം. വായു വിവിധ കാലങ്ങളിലായി വിവിധ സ്ഥാനങ്ങളിൽ കുമിച്ചുകൂട്ടുന്ന ഹിമക്കുമ്പാരം സർവ്വത്തിനും സർവ്വർക്കും വിശ്രമം നല്കുന്ന അന്ധകാര രാത്രി എന്നുവേണ്ട സമയാസമയങ്ങളിൽ കാലാകാലങ്ങളിൽ നല്കിക്കൊണ്ടിരിക്കുന്ന വായു കാററ് വെയിൽ മഴ മഞ്ഞ് പകൽ രാത്രി ഇരുട്ട് വെളിച്ചം എല്ലാം അൽഭുതം.

പ്രപഞ്ചപ്രകൃതിയിൽ അന്തർലീനമായിരിക്കുന്ന മേധാശക്തികളിൽ ചിലതിനെയെല്ലാം മനുഷ്യർ കണ്ടുപിടിച്ചു, സ്വാധീനിച്ചു സംയോജിപ്പിച്ചിരിക്കുന്ന ടെലിവിഷൻ ടെലസും ടെലിഗ്രാം വാർത്താതരംഗിണി തുടങ്ങിയവ വിഹായസ്സിൽ കൂടിയുള്ള ശീഘ്ര ഗമനയാന പാത്രമാകുന്ന വിമാനവും അത്യുഗ്രവേഗത്തിൽ പായുന്ന റോക്കററും ജലവാഹനമാകുന്ന കപ്പലും ബോട്ടും വഞ്ചിയും അന്തർവാഹിനിയും കരക്കുകൂടി സഞ്ചരിക്കുന്ന ചകിടശ്രേണി മോട്ടോർ കാർ ബസ് സൈക്കിൾ തുടങ്ങി ആവി ഇലക്ട്രിക്ക ശക്തികളിലുള്ള യന്ത്രസാമഗ്രികൾ സുഖോപകരണങ്ങൾ ഫോട്ടോഗ്രാഫിയും ചലച്ചിത്രവും ചെററക്കുടിൽ തുടങ്ങി ഉന്നതങ്ങളായ രമ്യഹർമ്മ്യങ്ങൾ വരെയുള്ള മനുഷ്യവാസ സ്ഥാനങ്ങൾ എല്ലാമെല്ലാം അത്ഭുതം

ഇങ്ങനെ ഈ അത്ഭുതങ്ങളെല്ലാം നിറഞ്ഞ മഹാൽഭുതങ്ങളുടെ സമുച്ചമായ ഈ പ്രപഞ്ചത്തെയും നമ്മെയേയും

www.malankaralibrary.com


സൃഷ്ടിച്ച് രക്ഷിച്ച് പോററിപ്പുലർത്തിക്കൊണ്ടിരിക്കുന്ന സർവ്വത്തിനും കാരണമായ കാരണക്കാരനായ സർവ്വേശ്വരന്റെ അത്ഭുതാവഹമായ സർവ്വശക്തിയുടെ മുമ്പിൽ അത്ഭുത സ്തബ്ധരായി, അത്ഭുത പരതന്ത്രരായി, നമ്രശിരസ്ക്കരായി, സദാനമുക്ക് അത്ഭുത ശക്തിയുടെ മൂർത്തിമത്തായ ആ പരാശക്തിയെ സ്തുതിച്ച് വാഴ്ത്താം. അത്ഭുതങ്ങളുടെ അത്ഭുതമായ അവിടുത്തേക്ക നന്ദി പറയാം. എല്ലാമെല്ലാം സർവ്വവും, സർവ്വത്തും അത്ഭുതം അത്ഭുതങ്ങളുടെ അത്ഭുതം, മഹാത്ഭുതം.

## 3 അത്ഭുതം–ചിന്തയിലൂടെ

മനുഷ്യനും, സർവ്വജീവരാശികൾക്കും ജീവൻ നല്കിയതാര് എന്ന്–മനുഷ്യനുൾപ്പെടെ, സർവ്വജീവജാലങ്ങൾക്കും, വിവിധ രൂപാകൃതിയും, വലിപ്പചെറുപ്പവും നിറഭേദങ്ങളും നല്കിയതാര്. കൈകാലുകൾ, കഴുത്ത് തല, കണ്ണ്, നാക്ക്, മൂക്ക്, ചെവി, അധരം, ത്വക്ക് രോമസഞ്ചയം, കുടൽ, ആമാശയം, ദഹനേന്ദ്രിയം, കരൾ നാടി, ഹൃദയം, ഞരമ്പുകൾ അസ്ഥികൂടം, പല്ലുകൾ മാംസം, രക്തം ഇവയെല്ലാം ഉടലിനോടു സംയോജിപ്പിച്ചതാര്. വിവിധ ശരീരാവയവങ്ങളെ കൂട്ടിയിണക്കി സംയോജിപ്പിച്ച് ശ്വാസോഛ്വാസത്തിലൂടെ ജീവൻ ഉളവാക്കിയതാര്.

മനുഷ്യനുൾപ്പെടെ സർവ്വ ജീവരാശികൾക്കും ശബ്ദം നൽകിയതും, ശബ്ദ വ്യത്യാസം കല്പിച്ചതും ആര്. മനുഷ്യന മാത്രം മേല്പോട്ടു നോക്കിക്കാണുന്നതിനുള്ള നയന ശക്തി നല്കിയതാര്, മററു ജീവികൾക്കൊന്നും മേല്പോട്ടു നോക്കിക്കാണുന്നതിനുള്ള നയന

www.malankaralibrary.com


ശക്തി ഇല്ലാത്തതെന്തുകൊണ്ടു് മനുഷ്യനും, ഏതാനും ജീവികൾക്കും മാത്രം ശരീരത്തിനകത്തു തന്നെ, കുഞ്ഞുങ്ങളെ ഉല്പാദിപ്പിച്ചു രൂപപ്പെടുത്തി പ്രസവത്തിലൂടെ ജാതമാക്കുന്നതിനുള്ള ശക്തി നൽകിയതാരു്. വിവിധ ജന്തുക്കൾ പ്രസവമില്ലാതെ അണ്ഡങ്ങളെ തറയിൽ നിക്ഷേപിച്ചു കുഞ്ഞുങ്ങളെ ജനിപ്പിക്കുന്നതു് ആരു മൂലം കോടാനു കോടി എണ്ണമററ ജീവജാലങ്ങളോരോന്നിനും ശരീരഘടനയിൽ അവയവങ്ങളുടെ വലിപ്പച്ചെറുപ്പത്തിൽ നിറത്തിൽ ആകൃതിയിൽ വ്യത്യസ്തമായിരിക്കുന്നതെന്തുകൊണ്ടു്.

ഭൂമിയുടെ അടിസ്ഥാനം ആരാണിട്ടതു്. അതെപ്പോൾ ഭൂമിയുടെ വിസ്തീർണ്ണവും അതിൻെറ അളവും എത്ര. ഭൂമിയുടെ മൂലക്കല്ലും. തറക്കല്ലും സ്ഥാപിച്ചതാരു്. സമുദ്രത്തിനു ജനൽ വാതലുകൾ വച്ചടച്ചു് അതിനു മേഘത്തെ ഉടുപ്പായും, കൂരിരുട്ടിനെ ചുററാടയുമായി ധരിപ്പിച്ചതാരു്, ഭൂമിയുടെയും സമുദ്രത്തിൻെറയും തിരമാലകളുടെയും അതിരു് ആരാൽ നിശ്ചയിക്കപ്പെട്ടു. അവയുടെ ആരംഭവും, അവസാനവും എവിടെ. സമുദ്രത്തിൻെറ ഉറവുകൾ എവിടെനിന്നു് ആഴിയുടെ ആഴത്തിൻെറ അവസാനം എവിടെ.

അരുണോദയ സ്ഥലമെവിടെ, അന്ധതമസ്സിൻെറ വാതലുകൾ എവിടെയാകുന്നു. പ്രഭാത നക്ഷത്രങ്ങൾ ഒന്നിച്ചുല്ലസിക്കുംവിധം അതിൻെറ അടിസ്ഥാനം എവിടെ. ഏതിന്മേൽ ഉറപ്പിച്ചിരിക്കുന്നു. ഇരുളിൻെറ അതിരും പാർപ്പിടവും എവിടെ. വെളിച്ചം വസിക്കുന്ന സ്ഥലത്തേക്കുള്ള വഴി ഏതു്, ഹിമത്തിൻേറയും കന്മഴയുടെയും ഭണ്ഡാരം എവിടെയാകുന്നു. കിഴക്കൻ കാററു് വ്യാപിക്കുന്നതും വെളിച്ചം പിരിഞ്ഞു പോകുന്നതുമായ വഴി ഏതു്.

www.malankaralibrary.com


നിർജ്ജനപ്രദേശത്തും മരുഭൂമിയിലും മഴ പെയ്യിക്കുന്നതാരു്. തരിശും, ശൂന്യവുമായ സ്ഥലത്തിന്റെ ദാഹം ആരു തീർക്കുന്നു. ഇളംപുല്ലു് മുളപ്പിക്കുന്നതാരു്. ജലപ്രവാഹത്തിനു ചാലും, ഇടിമിന്നലിനു പാതയും വെട്ടിക്കൊടുത്തതാരു്. മഞ്ഞിനെയും ഹിമക്കുമ്പാരത്തെയും ജനിപ്പിക്കുന്നതാരു്. വെള്ളം കല്ലുപോലെ കട്ടിയാക്കുന്നതും, ആഴിയുടെ മുഖം ഉറപ്പിച്ചു നിർത്തുന്നതും ആരു്, കാലാകാലത്തു രാശി ചക്രത്തെ പുറപ്പെടുവിക്കുന്നതാരു്, ആകാശ നിയമങ്ങളെല്ലാം എന്തു്. ഭൂമിമേലുള്ള അതിന്റെ സ്വാധീനം എത്ര.

ജലപ്രവാഹം ശക്തമാക്കുന്നതിനും, നിലയ്ക്കുന്നതിനും മേഘങ്ങളോടു കല്പിക്കുന്നതും, ഇടിമിന്നലുകളെ പുറപ്പെടുവിക്കുന്നതും ആരു്. കാററിന്റെ ഗതി എവിടെ നിന്നു എവിടേക്കു്. ഗർഭിണികളുടെ ഉദരത്തിൽ അസ്ഥികൾ ഉരുവായി വരുന്നതെങ്ങനെ. ബാല സിംഹങ്ങളും കാക്കക്കുഞ്ഞുങ്ങളും, ഇരകിട്ടാതെ ഉഴന്നു നിലവിളിക്കുമ്പോൾ, തീൻ എത്തിച്ചു കൊടുക്കുന്നതാരു്, പാറയിലെ കാട്ടാടുകളുടെ പ്രസവകാലം മാൻപേടകളുടെ ഈററുനോവു് അവയുടെ പ്രസവകാലം കനിഞ്ഞു കുട്ടികളെ പ്രസവിക്കുന്നതു്, കുട്ടികൾ ബലപ്പെട്ടു വളരുന്നതു് അവ മടങ്ങി വരാത്ത വണ്ണം പുറപ്പെട്ടു പോകുന്നതു്, ഇതെല്ലാം ആരു് എങ്ങനെ നടത്തുന്നു.

കാട്ടുപോത്തിന്റെ ശക്തി എത്രമാത്രം ഒട്ടകപക്ഷി ഉല്ലസിച്ചു ചിറകുവീശി പറക്കുന്നതും നിലത്തു പൊടിയിൽ മുട്ടയിട്ടിട്ടുപോകുന്നതും കാട്ടുമൃഗങ്ങളുടെ ചവിട്ടേല്ക്കാതെ ആ മുട്ടകൾ വിരിയുന്നതും എങ്ങനെ. ഒട്ടകപക്ഷി ചിറകടിച്ചു പൊങ്ങി പറക്കുമ്പോൾ അതിവേഗം ഓടുന്ന കുതിരയെ പരിഹസിക്കുന്നതെന്തുകൊണ്ടു്, കുതിര

www.malankaralibrary.com



യ്ക്കു ശക്തി നൽകിയതും, കഴുതയ്ക്കു കുഞ്ചിരോമം നല്കിയതും ആരു് പറന്നു പറക്കുമ്പോൾ ചിറകു തെക്കോട്ടു തന്നെ വിടർന്നു നില്ക്കുന്നതെന്തുകൊണ്ടു് കഴുകൻ ഉയർന്നു പറക്കുന്നതും ഉയരത്തിൽ കൂടുകെട്ടുന്നതും പാറയിൽ രാപാർക്കുന്നതും ആരുടെ നിർദ്ദേശാനുസരണം അതു അതിദൂരം വരെ കണ്ണു കണ്ടു ഇര തെരയുന്നതും കുഞ്ഞുങ്ങൾ ചോര വലിച്ചു കുടിക്കുന്നതും ആരുടെ കല്പന പ്രകാരം.

നീർക്കുതിരയുടെ ശക്തി കടി പ്രദേശത്തും, ബലം വയറിന്റെ മാംസപേശികളിലും നല്കിയതാരു് ദേവതാരു തുല്യമായ അതിന്റെ വാലും ചെമ്പുകുഴൽ പോലെയുള്ള അസ്ഥികളും ഇരുമ്പു കമ്പികഴലുപോലിരിക്കുന്ന എല്ലുകളും എല്ലാം ആരാണു നല്കിയതു്. മഹാനക്രത്തിന്റെ നാക്കും മൂക്കും കയറുകൊണ്ടും ചൂണ്ടകൊണ്ടും ബന്ധിക്കാനൊക്കാത്ത വിധവും തലയിലും തോലിലും, അസ്ത്രവും, ചാട്ടുളിയും തറയ്ക്കാൻ കഴിയാത്ത വിധം സൃഷ്ടിച്ചതാരു്. ആമയുടെ ഇരുമ്പു പുറം ചട്ടയും ഒളിക്കത്തക്ക നീണ്ടകഴുത്തും നല്കിയതാരു്, മനുഷ്യ സദൃശ്യമായ മുഖവും മൃഗതുല്യമായ വാലും കുരങ്ങിനു ലഭിച്ചതെവിടെ നിന്നും. മൃഗതലയും പക്ഷികളുടെ ചിറകും നരിച്ചീറിനുകൊടുത്തതാരു്.

പാമ്പിന്റെ തലയും മത്സ്യത്തിന്റെ ഉടലും, വിലാഞ്ഞിലനു നല്കിയതാരു് തേളിനു വാലിലും അണലിക്കും മൂർഖനും പല്ലിലും വിഷം നിറച്ചതാരു്, ഷഡ്പദങ്ങളുടെ കൈകാലുകളും പുറം ചട്ടയും ഘടിപ്പിച്ചതാരു്, ചിത്രശലഭങ്ങളുടെ വൈചിത്ര്യ ഭംഗി എവിടുന്നു കിട്ടി, സിംഹത്തിന്റെ ഗർജ്ജനവും, മദയാനയുടെ കൊലവിളിയും എവിടുന്നു കിട്ടി, ആനയുടെ സ്വർണ്ണ തുല്യമായ

www.malankaralibrary.com


നീണ്ടുരുണ്ട കൂർത്ത കൊമ്പും നീളമുള്ള ഉരുണ്ട കുഴൽ തുല്യമായ തുമ്പിക്കൈയും ആരു നല്കി. മയിലിന്റെ പീലികൾക്ക് സപ്തവർണ്ണാഭ ആരു കൊടുത്തു. പഞ്ചവർണ്ണക്കിളിയുടെ മനോഹര നിറങ്ങൾ എവിടെ നിന്നുണ്ടായി, കൊക്കിന്റെയും അരയന്നങ്ങളുടെയും നീണ്ട ചുമന്ന ചുണ്ടുകൾ ആരു നല്കി, ചെമ്പിപ്പാമ്പിന്റെയും മിന്നാമിനുങ്ങിന്റെയും ഇരുട്ടിലെ പ്രകാശം ആരാണു കൊടുത്തത്. പല പക്ഷികളുടെയും കാലുകൾക്ക് സ്വർണ്ണ നിറം എങ്ങനെ ഉണ്ടായി.

ജിറാഫിന്റെ നീണ്ട കഴുത്തും സഞ്ചിമൃഗത്തിന്റെ പുറം ചട്ടയിൽ സഞ്ചിയും ഘടിപ്പിച്ചു നല്കിയതാര്. ഞണ്ടിന്റെ സ്വർണ്ണ നിറമുള്ള പുറം ചട്ട ആരു കൊടുത്തു. മയിൽ, കുയിൽ, തത്ത, പ്രാവ്, പൈങ്കിളി തുടങ്ങിയവയുടെ മനോഹരമായ പല നിറങ്ങളുള്ള തൂവലുകൾ നല്കിയതാര് വരിയൻ പുലിയുടെ വിരിപ്പുകണക്കെ വരിവരിയായുള്ള പുറം കുപ്പായം നല്കിയതാര്. പുള്ളിപ്പുലിയുടെയും പുള്ളിമാനിന്റെയും അവിടവിടെ പുള്ളികുത്തിയ പുറം ചട്ട എവിടെനിന്നും കിട്ടി. കാട്ടുപോത്തിന്റെയും കാട്ടാനയുടെയും കടുംകറുപ്പു നിറഞ്ഞ പുറംചട്ട നല്കിയതാര് മത്തഗജത്തെ മുട്ടുകുത്തിച്ചു ഒററയടിക്ക മസ്തകത്തെ, തല്ലിപിളക്കുന്ന കേസരി വീരന്റെ കൈകാലുകൾക്ക ആരു ബലം നല്കി ചിന്തനീയം.

സർവ്വ ജീവജാലങ്ങൾക്കും, വലിപ്പചെറുപ്പം, ശക്തിഭേദം, ശബ്ദവ്യത്യാസം, നിറഭേദം, രൂപലാവണ്യം, സഞ്ചാരശക്തി, മുഖാകൃതി രൂപവ്യത്യാസം എല്ലാം രൂപപ്പെടുത്തിയതാര്. ലക്ഷം ലക്ഷമോ, കോടാനു കോടിയോ, മനുഷ്യർ ഒന്നിച്ചു കൂടിയാലും ഓരോരുത്തരെയും ഒററയ്ക്ക തിരിച്ചറിയത്തക്കവിധം മുഖവ്യത്യാസം രൂപ

www.malankaralibrary.com


പ്പെടുത്തിയതാരു്. പ്രപഞ്ചത്തിലുള്ള സകലത്തേയും കീഴടക്കത്തക്കവിധം മനുഷ്യനു ബുദ്ധിശക്തി നല്കിയതാരു്.

വിസ്തൃതമായ നഭോമണ്ഡലത്തെയും ആകാശ ചക്രവാളത്തെയും ഉണ്ടാക്കിയതാരു്, ഉണ്ടായകാലം മുതൽ സദാ അഗ്നികുണ്ഡസമമാനം, അത്യുഗ്രതീച്ചൂളയായി എരിഞ്ഞുപ്രകാശിച്ചുകൊണ്ടു നിശ്ചലനായി ഒരേ സ്ഥാനത്തുതന്നെ നിലകൊള്ളുന്നതിനു, സൂര്യനു കല്പന നല്കിയതാരു്. ചന്ദ്രൻ, കുജൻ, ബുധൻ, ശനി, ശുക്രൻ തുടങ്ങിയ അഷ്ടഗ്രഹങ്ങളോരോന്നും അവരുടെ പാതയിൽ കൂടി മാത്രം, അണുവ്യത്യാസമില്ലാതെ, സദാ അതിവേഗം ഭ്രമണം ചെയ്യണമെന്നാജ്ഞാപിച്ചതാരു്, അന്യോന്യമുള്ള ആകർഷണശക്തി വലയത്തിൽ ഗ്രഹങ്ങളെ നിർത്തി കൂട്ടിമുട്ടിക്കാതെ കറക്കികൊണ്ടിരിക്കുന്നതാരു്, ആകാശചക്രവാളത്തിനു പരി, അങ്ങു് അകലെയകലെ മിന്നിപ്രകാശിക്കുന്ന എണ്ണമററ നക്ഷത്രസമൂഹത്തെ ഉളവാക്കി നിർത്തിയതാരു്,

പ്രപഞ്ച പ്രകൃതിയിലന്തർലീനമായിരിക്കുന്ന-മേധാശക്തികൾ, എല്ലാററിനെയും അറിയാവുന്ന ടൻ ആരു്. ആരാണ് ഈ ശക്തികളെ പ്രകൃതിയിൽ അടക്കി ഒതുക്കി നിർത്തിയിരിക്കുന്നതു്, ആ ശക്തികളുടെ ആഴവും. ഉക്കവും എന്തുമാത്രം. ചില ശക്തികളെ പ്രപഞ്ചത്തിൽ നിന്നും സ്വാധീനിച്ചു്. അവയെ സംയോജിപ്പിച്ചു്, മനുഷ്യ ജീവിതത്തിനു പ്രയോജനപ്പെടുത്തുന്ന ബുദ്ധി വികാസം മനുഷ്യർക്കു ആരു് നല്കി. കണ്ടുപിടിത്തങ്ങളായി കൊട്ടിഘോഷിച്ചുപയോഗപ്പെടുത്തുന്ന ശക്തികളെ പ്രകൃതിയിൽ അടക്കം

www.malankaralibrary.com


ചെയ്തിരിക്കുന്നതാര്, ഇന്നുള്ള സുഖോപകരണങ്ങളെയെല്ലാം യാന്ത്രികശക്തികളെയെല്ലാം പ്രകൃതിയിൽ നിന്നു സ്വാധീനിക്കുന്നതിനു മാനുഷിക ബുദ്ധിക്കു തെളിവും വികാസവും നല്കിയതാര്, പ്രപഞ്ച പ്രകൃതിയിൽ ഇനിയെത്രയെത്ര അത്ഭുത ശക്തികൾ അറിയപ്പെടാതെ സ്ഥിതി ചെയ്യുന്നുണ്ടെന്നു പറയാവുന്നവനാര്.

നഭോമണ്ഡലത്തിന്റെ വിസ്താരവും, വലിപ്പവും, അളവു ളുക്കവും, അതിരുകളും എവിടെ, അതിനെ ഉറപ്പിച്ചിരിക്കുന്ന അടിസ്ഥാനങ്ങളും, അതിന്റെ വാതലുകളും, ഓടാമ്പലുകളും എവിടെ, ഈ കാണപ്പെടുന്ന ശുഭ്ര വർണ്ണമായ അഭ്രംബര ചക്രവാളത്തിനകത്തും അതിനു പരി സൂര്യചന്ദ്ര നക്ഷത്രാദികളുൾപ്പെടുന്ന സൗരയൂഥഗ്രഹ വ്യൂഹത്തിനകത്തും എന്തെല്ലാം വസ്തുക്കളുണ്ട് എന്നു പറയാൻ ആർക്കു കഴിയും. അതെല്ലാം അറിയാവുന്നവനാരെന്നു ചിന്തിക്കുക.

മനുഷ്യാധിവാസസ്ഥാനമായി, ഈ ഭൂമണ്ഡലമല്ലാതെ മറ്റേതെങ്കിലും സ്ഥലങ്ങളോ ഗ്രഹങ്ങളോ സ്ഥാപനങ്ങളോ ഉണ്ടെന്നോ ഇല്ലെന്നോ പറയാവുന്നവനാര്. അറിയപ്പെടുന്ന സൗരയൂഥഗ്രഹങ്ങളിൽ ഭൂമണ്ഡലമൊഴികെ, മറ്റേതെങ്കിലും ഗോളത്തിൽ ഏതെങ്കിലും വിധത്തിലുള്ള ജീവരാശികളുണ്ടോ. ഭൂമണ്ഡലമൊഴികെ മറ്റേതെങ്കിലും ഗോളം ജീവരാശികൾക്കു വാസയോഗ്യമാണോ. ചന്ദ്രഗോളംവരെ ചെന്നെത്തുന്നതിനു മനുഷ്യ ബുദ്ധിയെ വികസിപ്പിച്ചതാര് ഇന്നുവരെയുള്ള സർവ്വ കണ്ടു പിടിത്തങ്ങൾക്കും മാർഗ്ഗ നിർദ്ദേശം നല്കി മാനുഷ ബുദ്ധിയെ വികസിപ്പിച്ചതാര്. അത്ഭുതങ്ങളുടെ അത്ഭുതമായ അത്ഭുതം നിറഞ്ഞ, മഹാത്ഭുതമായ ഇതിന്റെയെല്ലാം ആരംഭം എവിടെ നിന്ന്

www.malankaralibrary.com


സൃഷ്ടിച്ചതാര്, സൃഷ്ടാവ് ആര് അദ്ദേഹം എവിടെ ബുദ്ധി വികാസം പ്രാപിച്ചെന്നു, സ്വയം വീമ്പടിക്കുന്ന മനുഷ്യാ നിന്റെയും എന്റെയും ഈ കാണപ്പെടുന്നതും, അറിയപ്പെടുന്നതുമായ സർവ്വത്തിന്റെയും സൃഷ്ടാവായ, പരാശക്തിയിലേക്ക്, രക്ഷിതാവായ പരംപുരുഷനിലേയ്ക്ക് അവിടുത്തെ അത്ഭുത പരതന്ത്രമായ സമസ്തത്തിന്റെയുംസൃഷ്ടി വൈചിത്ര്യത്തിലേക്ക്, നയനങ്ങളുയർത്തി ചിന്തിക്കുക, ധ്യാനിക്കുക, നന്ദി പറയുക, കീഴ്പ്പെടുക.

ഇനിയും കൂടുതൽ കണ്ടുപിടിത്തങ്ങളിലേക്ക്, ബുദ്ധിയെ കൂടുതൽ വികസിപ്പിച്ച് കൂടുതൽ കൂടുതൽ പ്രചോദനം നല്കണമെന്നു കൂപ്പുകരങ്ങളോടെ, നമ്രശിരസ്കനായി പ്രാർത്ഥിക്കുകയും ചെയ്യുക. നിന്റെ മിടുക്ക്, എന്റെ സാമർത്ഥ്യം, നിന്റെ ബുദ്ധി എന്റെ ചിന്ത, എന്റെ പരിശ്രമം എന്നൊരിക്കലും അഹങ്കരിക്കാതിരിക്കുക, ബുദ്ധിയും. ബുദ്ധി വികാസവും, പരിശ്രമ ശക്തിയും അതിനുള്ള പ്രചോദനവുമെല്ലാം നല്കിയതും. നല്കിക്കൊണ്ടിരിക്കുന്നതും, ഇതിന്റെയെല്ലാം സൃഷ്ടാവും, ഉടമയും, രക്ഷിതാവും ആയ ഈശ്വരൻ തന്നെയാകുന്നു. അവിടുന്നു കാലാകാലങ്ങളിൽ ഓരോന്നും വെളിപ്പെടുത്തുന്നു, നല്കുന്നു, അവിടുത്തെ ജ്ഞാന ദൃഷ്ടിയുടെ മുമ്പിൽ എന്തും ഒന്നുമില്ലാത്ത നമുക്ക്, നമ്മെത്തന്നെ പൂർണ്ണമായി സമർപ്പിക്കാം. അത്ഭുതങ്ങളുടെ അത്ഭുതമായ, അത്ഭുതാവഹമായ, അവിടുത്തെ സൃഷ്ടി വൈചിത്ര്യത്തിൽ, അത്ഭുതസ്തബ്ധരായി ഓരോന്നിനെയും സ്മരിച്ച്, അവിടുത്തെ സ്തുതിക്കാം ചിന്തിക്കാം.

www.malankaralibrary.com



## ജീവിതം—മായ മായകളുടെ മായ

സൂര്യൻ ഉദിക്കുന്നു, അസ്തമിക്കുന്നു. പകൽപോകുന്നു, വരുന്നു. രാത്രിയും ഇരുട്ടിവെളുക്കുന്നു. ഭൂമി അതിവേഗം കറങ്ങി—ദിനരാത്രങ്ങൾ വരുത്തിക്കൊണ്ടിരിക്കുന്നു. നിമിഷം തെററാതുള്ള ഭൂമിയുടെ ഭ്രമണത്താൽ, ദിവസങ്ങളും ആഴ്ചകളും, മാസങ്ങളും ആണ്ടുകളും. മഴയും മഞ്ഞും വെയിലും എല്ലാംവന്നു പൊയ്ക്കൊണ്ടിരിക്കുന്നു. സൗരയൂഥഗ്രഹങ്ങളോരോന്നും, സൂര്യനെ വലയംവെച്ചു നിമിഷം വിടാതെ സദാ ചുററിക്കറങ്ങുന്നു. എന്നിട്ടും സൂര്യൻ നില്ക്കുന്ന സ്ഥാനത്തുനിന്നും അണുനിമിഷം മാറുന്നില്ല. മനുഷ്യനും, ഭൂമിയുടെയും ഇതര ഗ്രഹങ്ങളുടെയും കറക്കത്തോടൊപ്പം ദിനരാത്രങ്ങൾ, കാലവ്യത്യാസങ്ങൾ, താണ്ടി പൊയ്ക്കൊണ്ടിരിക്കുന്നു. എല്ലാം മായ.

സകലവും മായകളുടെ മായ തന്നെ. ഒരു തലമുറ പോകുന്നു, പിൻതലമുറ വരുന്നു, ലോകമെങ്ങും കാററു ചുററി പരിവർത്തനം ചെയ്തുകൊണ്ടിരിക്കുന്നു. നദികളെല്ലാം ഒഴുകി സമുദ്രത്തിൽ പതിച്ചിട്ടും സമുദ്രം ഒരിക്കലും നിറഞ്ഞു കവിയുന്നില്ല. സൂര്യനു കീഴിൽ മനുഷ്യൻ കഠിനിദ്ധ്വാനം ചെയ്യുന്നു. അവൻ ചെയ്യുന്ന സകല പ്രയത്നങ്ങൾകൊണ്ടും അവനെന്തു പ്രയോജനം, എന്തു ലാഭം ചിന്തിച്ചാൽ എല്ലാം മായ—തന്നെ. പറഞ്ഞാലവസാനിക്കയില്ല. കണ്ടിട്ടും കണ്ണിനു മതിവരുന്നില്ല. കേട്ടിട്ടും ചെവി തൃപ്തിയടയുന്നുമില്ല. ഉണ്ടായിരുന്നതും ഉണ്ടാകുവാനുള്ളതും, ചെയ്തു കഴിഞ്ഞതും ചെയ്യുവാനുള്ളതുതന്നെ സൂര്യനു കീഴിൽ പുതിയതായി. യാതൊന്നുമില്ല. ഇതു പുതിയതെന്നു പറയത്തക്കവിധം യാതൊന്നും കാണുന്നില്ല. ഏതൊന്നും നമുക്കു മുമ്പേ, പണ്ടേക്കുപണ്ടേ ഉണ്ടായിരുന്നു. പുരാതന തലമുറയെക്കുറിച്ചോർമ്മയില്ല, വരുവാനു

www.malankaralibrary.com



ള്ളവരെക്കുറിച്ചു പിൻതലമുറയ്ക്കും ഓർമ്മയില്ല. എല്ലാം മായ.

ഈ ഭൂമിയിൽ സംഭവിക്കുന്നതൊക്കെയും, ദൈവം മനുഷ്യർക്കു കഷ്ടപ്പാടിനു നൽകുന്നതാണെന്നു തോന്നും. ആകാശത്തിൻ കീഴെ നടക്കുന്ന സകല പ്രയത്നവും മായയും വ്യർത്ഥപ്രയത്നവുംതന്നെയെന്നു പറയാം. കുറവുള്ളതു തികപ്പാനും, വളവുള്ളതു നേരെയാക്കാനും കഴിയുന്നില്ല. ജ്ഞാനം വർദ്ധിക്കുന്തോറും ദുഃഖം ഏറുന്നതും മായ സന്തോഷവും ചിരിയും കൊണ്ടു ഫലമില്ല. എല്ലാം മായ മനോഹരങ്ങളായ മണിമേടകളുണ്ടാക്കുന്നതും, ധനവും വസ്ത്രവകകളും സമ്പാദിക്കുന്നതും മായ. സ്വാദു ഭോജ്യങ്ങളും, ചപ്രമഞ്ചകിടക്കയും, ലഹരിപിടിക്കുന്ന മദ്യവും, സുന്ദരികളോടൊത്തുള്ള വാസവും എന്നു വേണ്ട, കണ്ണു കൊതിക്കുന്നതും ഹൃദയം ആഗ്രഹിക്കുന്നതുമായ സകല സന്തോഷവും അനുഭവിച്ചാലും എല്ലാം മായ, മായകളുടെ മായ എല്ലാ പ്രയത്നവും കൈകളുടെ സകല പരിശ്രമങ്ങളും പ്രവൃത്തികളും ജ്ഞാനവും, ഭോഷത്വവും, ഭ്രാന്തും എല്ലാം ഒന്നുപോലെ മായ. വെളിച്ചം ഇരുട്ടിനേക്കാൾ നല്ലതു്. പിൻതലമുറ, മുൻതലമുറ ചെയ്തതുതന്നെ ആവർത്തിക്കുന്നു, ഇരുട്ടിൽ നടക്കുന്ന ഭോഷനും വെളിച്ചത്തു വ്യാപരിക്കുന്ന ജ്ഞാനിക്കും ഒരേ ഗതി തന്നെ സിദ്ധിക്കുന്നു, രണ്ടു പേരും ഒന്നുപോലെ ആറടി മണ്ണിലമരുന്നു. അവരെ പിൻതലമുറ ഒന്നുപോലെ ശാശ്വതസ്മരണയില്ലാതെ മറക്കുന്നു.

മുൻതലമുറയുടെ സമ്പത്തിൽ, പിൻതലമുറ അധികാരം പ്രാപിക്കുന്നു. പ്രയത്നിക്കാത്തവർ അവകാശികളാകുന്നു. മൂഢൻ ജോലി ചെയ്യാതെ തിന്നുന്നു, കഠിനാദ്ധ്വാനത്തേക്കാൾ, വിശ്രമം നല്ലതു്. അവകാശികളില്ലാത്ത ഏകാകി, അവസാനമില്ലാതെ പ്രയത്നിക്കുന്നു, അവനു

www.malankaralibrary.com



ധനം കണ്ടു തൃപ്തിവരുന്നില്ല. താനാക്കുവേണ്ടി പ്രയത്നിക്കുന്നു. സുഖാനുഭവം ത്യജിക്കുന്നു എന്നു ചിന്തയില്ല, ഇതും മായ സമ്പാദ്യങ്ങളുടെ പെരുപ്പത്തിൽ, കാണുന്നതല്ലാതെ ഉടമസ്ഥനു എന്തു പ്രയോജനം അവനൊരിക്കലും സുഖമായ ഉറക്കം ലഭിക്കുന്നുമില്ല. വേലചെയ്യുന്ന ദരിദ്രനു ഭക്ഷണവും ഉറക്കവും കുറയുന്നില്ല. ധനവാനൊരിക്കലും സമാധാനവും സംതൃപ്തിയും ലഭിക്കുന്നില്ല, ധനവാൻെറ ധനം അവൻെറ മക്കാംക്കു അനത്ഥമായി ഭവിക്കുന്നു. ഒരുവനും തൻെറ പ്രയത്നഫലമായിട്ട് ഒന്നുംകൊണ്ടുപോകുന്നില്ല. നഗ്നനായി പിറന്നതുപോലെ തന്നെ മടങ്ങിപ്പോകുന്നു. അവൻെറ വൃഥാ പ്രയത്നം കൊണ്ടെന്തു പ്രയോജനം. അതും മായ തന്നെ.

ജീവിതം സുഖ ദു:ഖ സമ്മിശ്രമാണ്. ചിലർക്കു സുഖാവസരംകൂടുതലായും ചിലക്കു ദുഃഖാവസരം കൂടുതലായും ഭവിക്കുന്നു. സമയ ഗതിയനുസരിച്ചു ഓരോരുത്തർക്കും അനുഭവം മാറിമാറി വരുന്നു. ദൈവം തക്കസമയത്തു വേണ്ടതൊല്ലാം ചെയ്യുന്നു. നിത്യതയും മനുഷ്യ ഹൃദയങ്ങളിൽ വച്ചിരിക്കുന്നു. ദൈവം ആദ്യന്തം ചെയ്യുന്ന കാര്യങ്ങളെ ഗ്രഹിക്കാൻ മനുഷ്യനു കഴിയുന്നില്ല. ജീവപര്യന്തം സുഖിക്കുന്നതും ആനന്ദിക്കുന്നതും അല്ലാതെ ഒരു നന്മയും ഇല്ലെന്നു മനുഷ്യർ കരുതുന്നു. അതിലേക്കു പ്രയത്നിക്കുന്നു, കഷ്ടപ്പെടുന്നു. അതും മായ, തിന്നു കുടിച്ചാനന്ദിച്ചു സുഖിക്കുന്നതും, ദാരിദ്രവും കഷ്ടതയും ക്ളേശവും അനുഭവിക്കുന്നതും ദൈവദാനമാകുന്നു. ദൈവപ്രവത്തനമെല്ലാം ശാശ്വതമാകുന്നു. അതിനെ കൂട്ടാനും കുറയ്ക്കാനും മനുഷ്യക്കു സാദ്ധ്യമല്ല. ദൈവത്തെ അറിയുന്നതിനായി അവിടുന്നു നല്കുന്നമഹാദാനങ്ങളാണ് കഷ്ടതയും, ദാരിദ്രവും ഞെരുക്കവും.

www.malankaralibrary.com


ഇപ്പോഴുള്ളതു പണ്ടുണ്ടായിരുന്നു. ഇനി ഉണ്ടാകാനുള്ളതും, മുമ്പുണ്ടായിരുന്നതു തന്നെ കഴിഞ്ഞു പോയതിനെ ദൈവം വീണ്ടും വീണ്ടും ആവർത്തിക്കുന്നു. ന്യായസ്ഥാനത്ത് അന്യായവും, നീതിക്കുപകരം നീതികേടും നടക്കുന്നു ദൈവം മനുഷ്യരെ പരീക്ഷിക്കാനും. മനുഷ്യർ മൃഗങ്ങളെപ്പോലെയല്ലെന്നു മനസ്സിലാക്കാനും, കാലാകാലങ്ങളിൽ, നന്മയും തിന്മയും നൽകുന്നു മനുഷ്യർക്കു ഭവിക്കുന്നതുതന്നെ മൃഗങ്ങൾക്കും ഭവിക്കുന്നു. രണ്ടിനും ഗതി ഒന്നും തന്നെ. ശ്വാസവും അവയവങ്ങളുമെല്ലാം ഒന്നും തന്നെ, പൊടിയിൽനിന്നു ഉണ്ടായി, പൊടിയായി തീരുന്നു. എന്നാൽ വീണ്ടും എല്ലാം ദൈവം മനുഷ്യനു മാത്രം നല്കിയിരിക്കുന്ന, ആത്മാവു നിത്യ ജീവിതത്തിനായി ദൈവ സന്നിധിയിലേക്കോ, നരക പാതാളത്തിലേക്കോ പോകുന്നു, ഈ മായാ ജീവിതത്തിൽ സഹോദര സ്നേഹത്തോടെ നന്മ പ്രവൃത്തിച്ചവർക്ക്, നിത്യഭവനത്തിൽ നല്ല ഓഹരി ലഭിക്കും. അല്ലാത്തവർക്ക് നിത്യ ദുഃഖവും അനുഭവമാകും. ഇതു രണ്ടുമാകുന്നു ഈ മായാ ജീവിതത്തിലെ സമ്മാനം.

ലോകത്തിൽ നടക്കുന്ന പീഡനങ്ങൾക്കു കണക്കില്ല. പീഡിതർ പീഡിപ്പിക്കുന്നവരാൽ വേദനപ്പെടുന്നു. നിലവിളിക്കുന്നു. അവർക്കാശ്വാസം ലഭിക്കുന്നില്ല. ദരിദ്രരെ പീഡിപ്പിക്കുന്നതും നീതിന്യായം മറിച്ചു കളയുന്നതും കണ്ടാൽ വിസ്മയിക്കണ്ടാ. ഉന്നതനുമീതെ ഒരുന്നതനും, അതിനുമീതെ അത്യുന്നതനും വർത്തിക്കുന്നു. മനുഷ്യന്റെ നിത്യതയിൽ, അവനവന്റെ പ്രവൃത്തിക്കനുസരിച്ചുള്ള ഫലം ലഭിക്കും. ലോകത്തിലെ ദുഷ്പ്രവൃത്തികൾ അറിയാതിരിക്കുന്നതാണ്. നല്ലത്. സകല പ്രവൃത്തികളും, നീതിയും അനീതിയും എല്ലാം ആലോചി

www.malankaralibrary.com


ച്ചാൽ മായ മായകളുടെ മായ. ധനവും മാനവും പേരും പ്രശസ്തിയും ആഗ്രഹിക്കുന്നതെല്ലാം ചിലക്ക് ദൈവം നല്കുന്നു, എന്നാൽ അതനുഭവിക്കാൻ ദീർഘായുസ്സു ലഭിക്കുന്നില്ല. ആർത്തിയോടെ വെമ്പലോടെ ധൃതിപ്പെട്ടു ഓടിച്ചാടി നടന്നു വലിച്ചു കൂട്ടിയ സ്വത്തു് ഒരന്യൻ അനുഭവിക്കാൻ ഇടവരുന്നതും മായ തന്നെ.

ദുഷ്ടന്മാർ സ്വാർത്ഥ, പ്രതികാര വൈരാഗ്യക്കാർ ബലി അർപ്പണം നടത്തുന്നതിനേക്കാൾ നല്ലതു്, അർപ്പണ, പ്രാർത്ഥന നടത്തുന്നതാണു്. ദൈവ സന്നിധിയിൽ അതിവേഗത്തിലും, ധൃതിപ്പെട്ടും, ബദ്ധപ്പെട്ടും ഒന്നും പറയാതിരിക്കുന്നതു നല്ലതു്. വാക്ക നിമിത്തം ദൈവ കോപത്തിനിട വരരുതു്, വാക്ക പെരുപ്പം മായയെ വർദ്ധിപ്പിക്കുന്നു. നിഴൽ പോലെ കഴിഞ്ഞു പോകുന്നു. ആയുഷ്ക്കാലത്തൊക്കെയും മനുഷ്യൻ പറച്ചിലിനനുസരണമായി പ്രവൃത്തിക്കണം. നന്മ മാത്രം ചിന്തിക്കുക, തദനുസ്സരണം പ്രവൃത്തിക്കുക. തിന്മയെ വെറുക്കുക. മററുള്ളവക്ക് വെറുപ്പും ഉപദ്രവും, സങ്കടവും വരുത്തുന്നയാതൊന്നും ചിന്തിക്കരുതു്, പറയരുതു്, പ്രവൃത്തിക്കരുതു്. ദൈവം തന്നിരിക്കുന്ന ശക്തിയും കഴിവും, നാക്കും കൈകാലുകളും മററുള്ളവരുടെ, നന്മയ്ക്ക കൂടി വിനിയോഗിക്കാനിടയാകുന്നതും മായാ ഭാഗ്യം തന്നെ. നല്ല പേരിനിടയാക്കുന്നതു്, സുഗന്ധ തൈലത്തേക്കാറം നല്ലത്. സന്തോഷത്തെക്കാറം ദുഃഖം ഉത്തമം. ഉർയുണവരുടെ അടുത്തു പോകുന്നതിനെക്കാറം നല്ലത് സാധുക്കളുടെ അടുത്തുപോകുന്നതാകുന്നു. അഭിലാക്ഷത്തിൻെറ സഞ്ചാരത്തേക്കാറം കണ്ണിൻെറ നോട്ടം നല്ലത്. മൂഢൻെറ സംഗീതത്തേക്കാറം ജ്ഞാനിയുടെ ഗാനം നല്ലത്. ജ്ഞാനം

www.malankaralibrary.com


ജീവനെ പാലിക്കുന്നു. ദ്രവ്യം അതിനെ നശിപ്പിക്കുന്നു. സുഖകാലത്തു് അനർത്ഥനാളിനെ ഓർക്കുക. നീതിയാൽ നശിക്കുന്ന നീതിമാനും, ദുഷ്ടതയിൽ ദീർഘായുസ്സായിരിക്കുന്ന ദുഷ്ടനും ഉണ്ടു്. എല്ലാം മായ.

അതിനീതിമാനും, അതിജ്ഞാനിയും ആകാതിരിക്കുന്നതു നല്ലതു്. അതിലോകജ്ഞാനത്തെക്കാൾ അല്പം ദൈവികജ്ഞാനം നല്ലതു്, ദൈവികജ്ഞാനമില്ലാതെ, ലോകജ്ഞാനം എത്ര വലുതായാലും നിഷ്ഫലം, ദൈവികജ്ഞാനം അത്യാഗാധവും വിദൂരവുമാണു്. അതു കണ്ടെത്തുന്നവൻ, അറിയുന്നവൻ, ഭാഗ്യവാൻ. ജ്ഞാനം അന്വേഷിക്കുന്നതും, മൂഢത ഭ്രമമെന്നും, ദുഷ്ടതദോഷമെന്നും അറിയുന്നതും നല്ലതു്. മരണത്തെക്കാൾ, വേശ്യയേയും വ്യഭിചാരത്തെയും ഭയപ്പെടണം. ദൈവം മനുഷ്യരെ നേരുള്ളവരും നല്ലവരുമായി സൃഷ്ടിച്ചെങ്കിലും അവർ അതു ഗണ്യമാക്കുന്നില്ല, ദുഷ്ടർക്കുള്ള ശിക്ഷ ഉടനടൻ നടക്കാത്തതിൽ. മനുഷ്യർ വീണ്ടും വീണ്ടും പാപം ചെയ്തു. ദീർഘായുസ്സോടെ ഇരിക്കുന്നുണ്ടെങ്കിലും ഒടുവിൽ, ശിക്ഷിക്കപ്പെട്ടുമെന്നും. ദൈവ ഭക്തർക്കു നന്മ ലഭിക്കുമെന്നും അറിയണം. ദുഷ്ടനു നന്മ വരികയില്ല. നിഴൽപോലെ അവൻെറ ആയുസ്സ് ദീർഘമാകുകയില്ല. ലോകത്തിൽ നീതിമാൻെറ അനുഭവം ദുഷ്ടനും ദുഷ്ടൻെറ അനുഭവം നീതിമാനും ലഭിക്കുന്നതും മായ.

ദൈവം ഭൂമിയിൽ നല്കുന്ന ആയുഷ്ക്കാലത്തിൽ, അവനോടുകൂടി നിലനില്ക്കുന്നതു്. അവൻെറ നന്മ പ്രവൃത്തികൾ മാത്രമാകുന്നു. ജ്ഞാനം ഗ്രഹിപ്പാനും, പ്രവൃത്തി ആരാഞ്ഞറിയുവാനും മനുഷ്യനു കഴിവില്ല. മനുഷ്യൻ എത്ര പ്രയാസപ്പെട്ടന്വേഷിച്ചാലും ദൈവത്തിൻെറ

www.malankaralibrary.com


പ്രവൃർത്തിയെ ഗ്രഹിക്കുകയില്ല. നീതിമാന്മാരും ജ്ഞാനികളും അവരുടെ പ്രവൃർത്തികളും ദൈവത്തിൻെറ കയ്യിലിരിക്കുന്നു. സ്നേഹവും ദ്വേഷവും സർവ്വതും മനുഷ്യൻെറ മുമ്പിലിരിക്കുന്നു എല്ലാവർക്കും എല്ലാം ഒരുപോലെ സംഭവിക്കുന്നു. നീതിമാനും, ദുഷ്ടനും, നല്ലവനും, നിർമ്മലനും മലിനനും ബലിയർപ്പിക്കുന്നവനും അർപ്പിക്കാത്തവനും ഒരേ നിലവരുന്നു. അതും മായ തന്നെ മനുഷ്യരുടെ ഹൃദയത്തിൽ ദോഷം നിറഞ്ഞിരിക്കുന്നു. ജീവപര്യന്തം ദോഷമോ നല്ലതോ പ്രവൃത്തിച്ച മരിച്ചവരുടെ ഇടയിലേക്കു പോകുന്നു. ജീവിച്ചിരിക്കുന്നവർക്കൊക്കെയും പ്രത്യാശയുണ്ട്. തങ്ങൾമരിക്കുമെന്നും അവർ അറിയുന്നു. മരിച്ചവരൊന്നും അറിയുന്നില്ല അവരുടെ സ്മരണയും വിട്ടുപോകുന്നു. അവരുടെ സ്നേഹവും ദ്വേഷവും അസൂയയും നശിച്ചുപോയി. ഇനി ലോകത്തിൽ നടക്കുന്നതിൽ യാതൊന്നിലും അവക്കു പങ്കില്ല. ജ്ഞാനികൾക്ക് ആഹാരവും, വിവേകികൾക്കു സമ്പത്തും സമർത്ഥക്കു പ്രീതിയും ലഭിക്കാത്തതും മായ.

മനുഷ്യൻ തൻെറ കാര്യം അറിയുന്നില്ല. വലയിൽപ്പെട്ട മത്സ്യത്തെപ്പോലെ, കെണിയിൽപ്പെട്ട പക്ഷിയെപ്പോലെ. മനുഷ്യൻ പെട്ടെന്നുള്ള ദുഷ്ക്കാല കെണിയിൽപ്പെട്ടു പോകുന്നു. ജ്ഞാനിയുടെ പതുങ്ങിയ സ്വരം മൂഢൻെറ അട്ടഹാസത്തെക്കാൾ നല്ലതു്. ഒരൊററ പാപി വളരെ നന്മനശിപ്പിക്കുന്നു. ക്ഷമ, തെററു ചെയ്യാതിരിക്കാൻ കാരണമാകും, മൂഢൻ ശ്രേഷ്ടപദവിയിലും ധനികൻ താണ നിലയിലും വരുന്നതും മായ ദാസൻ കാറിലും യജമാനൻ കാൽ നടയിലും സഞ്ചരിക്കാനിടയാകുന്നതും മായ തന്നെ. കുഴികുഴിക്കുന്നവൻ അതിൽ വീഴും. മാർഗ്ഗ തടസ്സംചെയ്യുന്നവനെ പാമ്പു കടിക്കും, ജ്ഞാനം

www.malankaralibrary.com


കാര്യ സിദ്ധിക്കുതകുന്നു. ജ്ഞാനിയുടെ വാക്കുലാവണ്യമുള്ളതു്. മൂഢന്റെ അധരം കയ്പ്പ് നിറഞ്ഞതാകുന്നു. ഭോഷൻ വാക്കുകളെ വർദ്ധിപ്പിക്കുന്നു. അതുമൂലം സംഭവിക്കാനിരിക്കുന്നതെന്തെന്നവൻ അറിയുന്നില്ല. ഇല്ലായ്മയിലും, സമൃദ്ധിയിലും ഒരു വിഹിതം ഇല്ലാത്തവർക്കു നല്കുക. അതുമാത്രമായിരിക്കും നിന്റെ അന്ത്യയാത്രയിൽ നിന്നെ അനുഗമിക്കുന്നതു്. ഈ ഭൂമിയിൽ നിക്ഷേപം ഉണ്ടാക്കാതെ, നിത്യലോകത്തിൽ നിക്ഷേപം സ്വരൂപിക്കാൻ ശ്രമിക്കുക. ഈ ലോകവും ഇവിടെയുള്ള സകലവും ഒരിക്കൽ അഴിഞ്ഞു നശിച്ചു പോകും. ഇതെല്ലാം മായ, മായകളുടെ മായ.

ലോകാവസാനത്തെപ്പററി നീ ചിന്തിച്ചു വ്യാകുലനാകേണ്ട, നിന്റെ അന്ത്യത്തെപ്പററി ചിന്തിക്കുക. വിചാരിക്കാത്ത നാഴികയിലും സമയത്തും എത്രയെത്രപേരാണ് നിന്റെ ചുററിൽ നിന്നും വിട്ടകന്നുപോകുന്നതു്. നീയും നിനയ്ക്കാത്ത നാഴികയിലും സമയത്തും കടന്നുപോകും. യൗവ്വനക്കാലത്തുള്ള പ്രവൃർത്തനങ്ങളിൽ സൃഷ്ടാവിനെ ഓർക്കുക. വാദ്ധക്യത്തിലെ വിശ്രമാവസരം നിനക്കു ലഭിക്കുമെന്നുള്ളതിനുറപ്പെന്തു്. അതിനാൽ ഇപ്പോഴേ തന്നെ യാത്രയ്ക്കൊരുങ്ങിക്കൊള്ളുക. ധീരവീരപരാക്രമശാലിയായി, പേരും പെരുമയും പ്രശസ്തിയും ധനവും ആർജ്ജിച്ചു വിരാജിച്ച നീ, നിമിഷത്തിനുള്ളിൽ നിശ്ചലനായി, വെന്തുവെണ്ണീറായി, ചാരമായി വായുവിലും പൊടിയിലും ലയിക്കുമെന്നു സ്മരിക്കുക. നിന്നിൽ വസിച്ചിരുന്ന, നിന്നോടുകൂടി ജീവിച്ചിരുന്ന. നിന്റേതെന്നു്, നീ എന്നു പറഞ്ഞിരുന്ന, ആത്മാവു് നീ തന്നെ. നിന്റെ പ്രവൃർത്തനങ്ങളിൽക്കൂടി നീ സമ്പാദിച്ച നല്ല നിക്ഷേപങ്ങളുമായി സൃഷ്ടാവിങ്കലേക്കുയർന്നുപറക്കും.

www.malankaralibrary.com


നിന്റെ സമ്പാദ്യം ദുഷ്ടതയുടെ ഇരുമ്പുകട്ടിയായിരുന്നെങ്കിൽ അതുമായി ആഴിയുടെ അടിത്തട്ടിലെ പാതാളങ്ങളിൽ, കള്ളന്മാരുടെയും കൊള്ളക്കാരുടെയും, ദുഷ്ടരുടെയും അക്രമികളുടെയും, പിശാചുക്കളുടെയും സമൂഹത്തിലേക്ക നിപതിക്കും. അതു് മായ ജീവിതത്തിലെ നിത്യ സമ്മാനം.

നിന്റെ യൗവ്വന ദശയിൽ സ്രഷ്ടാവിനെ ഓർക്കുക, ദുർദിവസങ്ങൾ വരുകയും, നിനക്കിഷ്ടമില്ലാ എന്നു നീ പറയുന്ന കാലം സമീപിക്കുകയും, സൂര്യനു വെളിച്ചവും, ചന്ദ്രനും നക്ഷത്രങ്ങളും, ഇരുണ്ടു പോകുകയും മഴ പെയ്ത ശേഷം മേഘങ്ങൾ മടങ്ങിവരുകയും ചെയ്യും മുമ്പേ തന്നെ, അന്നു കാവല്ക്കാർ വിറയ്ക്കും. ബലവാന്മാർ കുനിയും. വാതില്ക്കൽ നോക്കി നില്ക്കുന്നവർ, അന്ധരാകും. തെരുവിലെ കതകുകൾ അടയും, അലയ്ക്കുന്ന ശബ്ദം മന്ദമാകും, പക്ഷികളുടെ ശബ്ദത്തുങ്കൽ ഉണർന്നു പോകും. പാട്ടുകാർ തളരും. വഴിയിൽ ഭീതികൾ ഉള്ളതായി തോന്നും. വൃക്ഷങ്ങൾ പൂക്കും മൃഗങ്ങൾ ഇഴഞ്ഞു നടക്കും. മരുന്നു ഫലിക്കാതെ വരും. മനുഷ്യൻ തന്റെ ശാശ്വത ഭവനത്തിലേക്ക പോകും. വിലാപക്കാർ വീഥിയിൽ ചുററി സഞ്ചരിക്കും. വെള്ളിച്ചരട് അററുപോകും. പൊൻ കിണ്ണം തകരും. പൊടി ഭൂമിയിലേക്ക തിരികെച്ചേരും. ആത്മാവു് അതിനെ നല്കിയ ദൈവ സന്നിധിയിലേക്ക മടങ്ങിപ്പോകും. ഹാ, മായ, മായ, സകലവും മായ.

ചിന്തയും വാക്കും പ്രവൃർത്തനവും ഇമ്പകരമായ നല്ല കാര്യമായിരിക്കട്ടെ. ജ്ഞാനികളുടെയും ആചാര്യന്മാരുടെയും ഉപദേശാനുസരണം വർത്തിക്കുക. അവരുടെ പ്രവൃത്തികളെ, നീ നോക്കണ്ടാ, എല്ലാററിനും മുമ്പെ, ദൈ

www.malankaralibrary.com



വ രാജ്യത്തെയും, ദൈവ നീതിയേയും മനസ്സിലാക്കുക. ജ്ഞാനികളിൽ നിന്നും മതപണ്ഡിതരിൽ നിന്നും മതഗ്രന്ഥങ്ങളിൽ നിന്നും, നിൻെറ സൃഷ്ടാവിനെയും നിന്നെയും കുറിച്ചു പഠിക്കുക. തദനുസരണം വർത്തിച്ചു ജീവിക്കുക. എന്നാൽ മായകളുടെ മായയായ, ഈ ലോകം, ഇരുളിൽ നിന്നു നിന്നെ വെളിച്ചത്തിലേക്കു നയിക്കും. ഈ ലോക ജീവിതമാകുന്ന നാടകശാലയിലെ അണിയറയിൽ നിന്നും വേഷംകെട്ടി രംഗത്തേക്കു വരുന്ന നീ, നിൻെറ ഭാഗം അതു സമയം ശരിയായി അഭിനയിക്കുക. ദൈവ നീതിക്കനുസരണമായി അതു നീ ജയിച്ചാൽ നിനക്കു ലഭിക്കുന്ന സമ്മാനം വിലപ്പെട്ടതായിരിക്കും.

ഈ ലോകം മായ, മായകളുടെ മായ നിഴൽപോലെ കടന്നുപോകുന്നു. സുഗന്ധ, ദുർഗന്ധ വാഹികളായി പുഷ്പങ്ങളെപോലെ മൊട്ടായി. പൂവായി, വിരിഞ്ഞു വികസിച്ചു ശോഭിച്ചു ദളമായി, വെയിലേററു വാടിപൊഴിഞ്ഞു നിലം പതിച്ചു മണ്ണാകുന്ന സപ്തവർണ്ണാഭയോടെ പ്രകാശിച്ചു മറയുന്ന മഴവില്ലുപോലെ, ലോകജീവിതം അവസാനിക്കുന്നു. എല്ലാം മായാ ലോകവും, അതിലെ സകലതും മായ, മനുഷ്യജീവിതവും, ശരീരവും, ശരീരജീവനും മായ, ശരീരത്തിൽ വസിച്ചിരുന്ന ആത്മാവു മാത്രം മായയല്ല അതു് ഈ മായാലോകത്തെ വിട്ടു് അതിൻെറ സ്വദേശമായ നിത്യലോകത്തിലേയ്ക്കും പോകുന്നു. അവിടത്തെ അവൻെറ ശാശ്വത ഭവനത്തിൽ നിത്യം ആനന്ദത്തലോ, അഥവാ ദുഃഖത്തിലോ വസിക്കുന്നു. പരീക്ഷണശാലയായ, ഈ മായാലോകത്തിൽ നിന്നും വിജയിച്ചു നന്മയുടേയും പുണ്യത്തിൻേറയും സമ്മാനം ലഭിച്ചവർക്കു, നിത്യാനന്ദഭവനവും, തോററവർക്കു നിത്യദുഃഖകൂടാരവും അവകാശമാകും. ഇവിടത്തെ

www.malankaralibrary.com



മായാജീവിതം, വിലയററ നിത്യസമ്മാനത്തെ, നല്കുന്ന
തിനുള്ളതാകയാൽ നമുക്കു കരുതലോടെ സൂക്ഷിച്ചുവ
ത്തിക്കാം. ആനന്ദസമ്മാനമായ ജീവിതംവഴി കൈവശർ
മാക്കാം, ലോകം മായ, ജീവിതം മായ. എല്ലാംമായ, സർ
വ്വത്രമായ, മായകളുടെ മായ, മായാലോകജീവിതത്തിൽ,
മായ അല്ലാത്തതു് ഒന്നുമാത്രം, നിത്യം ജീവിക്കുന്ന മനു
ഷ്യാത്മാവ്—മററുള്ളതെല്ലാം—ഈ കാണപ്പെടുന്നതെല്ലാം—
സകലവും, സർവ്വത്രം—മായ, മായകളുടെ—മായ.

□

www.malankaralibrary.com


## 5 ഈശ്വരൻ

യാതൊന്നും താനെ ഉണ്ടാകുന്നതായി ഉളവാകുന്നതായി നാം കാണുന്നില്ല. അനുഭവമില്ല. ഉള്ളവയിൽ നിന്നു തന്നെ മറെറാന്നുണ്ടാകണമെങ്കിൽ അതിനൊരു സംയോജകൻ വേണം. ഇല്ലായ്മയിൽ നിന്നു് എന്തെങ്കിലും ഉളവാക്കാൻ എത്ര സംയോജകർകൂടിയാലുംസാദ്ധ്യമല്ല. ആ നിലയ്ക്കു ശൂന്യമായിരുന്ന അവസ്ഥയിൽ നിന്നു ഈ പ്രപഞ്ചം എങ്ങനെയുണ്ടായി, ഉളവായി നാം ഉൾപ്പെടെ ഈ കാണുന്നതിൻെറയെല്ലാം ആദി എവിടെ നിന്നു് എങ്ങനെ?

മനുഷ്യരിൽ നിന്നു മനുഷ്യനും, പക്ഷികളിൽ നിന്നു പക്ഷികളും, വൃക്ഷലതാദികളിൽ നിന്നു അതുകളും, എല്ലാ ജീവികളിൽ നിന്നും അതതുതരം ജീവികളും വീണ്ടും വീണ്ടും ഉണ്ടാകുന്നു. കാരണമില്ലാതെ, ഒരു കാര്യവും നടക്കുന്നില്ല. ആ നിലയ്ക്കു് ആദ്യത്തെ മനുഷ്യർ, ആദ്യത്തെ മൃഗം, ആദ്യപക്ഷി, ആദ്യവൃക്ഷം, ആദ്യത്തെ മറെറല്ലാത്തരം ജീവികളും, ചേതനങ്ങളും അചേതനങ്ങളുമായ എല്ലാ ആദ്യവസ്തുക്കളും എല്ലാം എങ്ങനെ ഉണ്ടായി? ഉളവായി? ആദ്യമായിവയെ എല്ലാം ഉളവാക്കിയ, സൃഷ്ടിച്ച ഒരു സൃഷ്ടാവുണ്ടായേ മതിയാകൂ. ആ സൃഷ്ടാവാകുന്നു ഈശ്വരൻ.

തെങ്ങും പഴത്തിൽ നിന്നു തെങ്ങും മാമ്പഴത്തിൽ നിന്നു മാവും മററു വൃക്ഷലതാദികളിൽ നിന്നു അതതുതരം വൃക്ഷങ്ങളും ചെടികളും ഉണ്ടായി വരുന്നു. അതുപോലെ മനുഷ്യരിൽ നിന്നു മനുഷ്യരും, പക്ഷിമൃഗാദികളിൽ നിന്നവയും എല്ലാത്തരം ജീവജാലങ്ങളിൽനിന്നു അതതുതരം ജീവികളും ജനിക്കുന്നു. ഇങ്ങനെ ഒന്നിൽ നിന്നല്ലാതെ, മറെറാന്നുണ്ടാകുന്നില്ല—ആദ്യത്തെ മനുഷ്യനും.

www.malankaralibrary.com


ആദ്യത്തെ മൃഗവും, ആദ്യപക്ഷിയും, ആദ്യത്തെ മററെല്ലാ ജീവികളും താനെ ഉണ്ടായി എങ്കിൽ പിന്നീടെന്തുകൊണ്ടു് അതുപോലെ വീണ്ടും വീണ്ടും, താനെ ഉണ്ടാകുന്നില്ല. താനെ ഒരിക്കലും ഒന്നും ജനിക്കുന്നില്ല. ഒന്നിനു കാരണമായി മററൊന്നു നാം കാണുന്നു. ആ നിലയ്ക്കു് ഒന്നുമില്ലാതിരുന്ന ആദിയിലെ ശൂന്യാവസ്ഥയിൽ നിന്നും ഈ നഭോമണ്ഡലത്തിനും, പ്രപഞ്ചത്തിനും. മനുഷ്യനുൾപ്പെടെയുള്ള സർവ്വ ജീവരാശികൾക്കും സകല ചരാചരങ്ങൾക്കും ആദികാരണമായി, ആദികാരണക്കാരനായി സൃഷ്ടാവായി ഒരാളുണ്ടു്. ആ ആളാകുന്നു ഈശ്വരൻ.

ഈ നഭോമണ്ഡലവും, അതിലുള്ള കോടാനുകോടി നക്ഷത്ര സമൂഹങ്ങളും, സൂര്യനും ചന്ദ്രനും അറിയപ്പെടുന്നതും അറിയപ്പെടാത്തതും കാണപ്പെടുന്നതും, കാണപ്പെടാത്തതുമായ നിരവധി ജ്യോതിർഗോളങ്ങളും, മററനേക സൗരയൂഥഗ്രഹവ്യൂഹവും, അവയുടെ ആരംഭകാലം മുതൽ ഇന്നേയോളം നിയമം തെററാതെ, മാർഗ്ഗഭ്രംശം വരാതെ ഏതോ ആജ്ഞ ശക്തിക്കു വിധേയമായി പ്രയാണം ചെയ്യുന്നതോർത്താൽ, സൗരയൂഥഗ്രഹങ്ങൾ, അതിശക്തമായ വേഗത്തിലൂടെ നിമിഷം തെററാതെ, ഒരു നിമിഷം പോലും നിശ്ചലമാകാതെ സദാ കറങ്ങി ആകർഷണ വലയത്തിലൂടെ നിലനില്പു ശരിയാക്കുന്നതോർത്താൽ.അവയുടെ നിയന്ത്രകനായി ഒരു നിയന്താവുണ്ടാകാതെ സാദ്ധ്യമല്ല. ആ നിയന്താവാകുന്നു ഈശ്വരൻ.

മനുഷ്യാരംഭം മുതൽ ഇന്നെയോളമുള്ള മനുഷ്യതലമുറയുടെ എക്കാലത്തെയും ഭൂരിപക്ഷം സൃഷ്ടാവായ ദൈവത്തിൽ വിശ്വസിക്കുന്നു എക്കാലത്തുമുള്ള ബുദ്ധിമാന്മാരുടെ ഭൂരിപക്ഷം വിവിധ നിലകളിലുള്ള പണ്ഡി

www.malankaralibrary.com


തന്മാരുടെ ഭൂരിപക്ഷം പാമരന്മാരുടെയും സാധുക്കളുടെയും ഭൂരിപക്ഷം—മിടുക്കന്മാരുടെയും മായരുടെയും ഭൂരിപക്ഷം സാധാരണക്കാരുടെയും വലിയവരുടെയും ഭൂരിപക്ഷം എല്ലാ നിലകളിലുമുള്ള മനുഷ്യവർഗ്ഗത്തിന്റെ ഭൂരിപക്ഷം, സൃഷ്ടാവായ ദൈവത്തിൽ വിശ്വസിക്കുന്നു. സൃഷ്ടാവും രക്ഷിതാവും, ഉടമസ്ഥനും, ദാതാവും, സകലവുമായ ദൈവത്തെ കാലാകാലങ്ങളിൽ കാണുകയും, അവിടുന്നുമായി സംസാരിക്കുകയും, വർഷങ്ങളോളം അവിടുന്നൊന്നിച്ചു സഹവസിക്കയും ചെയ്തിട്ടുള്ള അനേകായിരങ്ങളുടെ ദൃശദശ ലക്ഷങ്ങളുടെ, കോടാനുകോടികളുടെ, അനുഭവസാക്ഷ്യം ദൈവം ഒരു സങ്കല്പ ജീവിയോ വസ്തുവോ, ശക്തിയോ അല്ലെന്നും. സർവ്വത്തിന്റെയും സർവ്വവുമായ ഉടമസ്ഥനും, സൃഷ്ടാവും, രക്ഷിതാവും, ആണെന്നും വ്യക്തമാക്കുന്നു. ബോധ്യപ്പെടുത്തി ഉറപ്പിക്കുന്നു.

ഇങ്ങനെ പ്രപഞ്ചത്തിന്റെ അത്ഭുതമായ ക്രമീകരണം, മനോഹാരിത ശക്തി വിശേഷത, നിയമത്തിനും ആജ്ഞയ്ക്കും വിധേയമായി കൃത്യം തെററാതുള്ള സൗരയൂഥഗ്രഹങ്ങളുടെ ഭ്രമണപ്രയാണം, കാര്യകാരണബന്ധം, മനുഷ്യതലമുറയുടെ ഇത:പര്യന്തമുള്ള ബഹുഭൂരിപക്ഷ വിശ്വാസം, കാലാകാലങ്ങളിൽ, നിരവധി പ്രാവശ്യം, മനുഷ്യനുമായുള്ള കൂടിക്കാഴ്ചയും, സംഭാഷണവും മനുഷ്യരോടൊന്നിച്ചുള്ള സഹവാസവും, തന്മൂലമുള്ള അനുഭവവും ചരിത്ര സത്യങ്ങളും തെളിവുകളുമെല്ലാമെല്ലാം നമ്മുടെയും, സർവ്വത്തിന്റെയും, ആദികാരണമായി, ആദികാരണക്കാരനായി, ആദ്യന്തനായി, നിത്യമായി, നിത്യാനന്ദമായി, നമ്മെയും. സർവ്വത്തെയും, സൃഷ്ടിച്ചു രക്ഷിച്ചു നയിക്കുന്നു, സർവ്വശക്തനും,

www.malankaralibrary.com



സത്യസ്വരൂപനും, പരമകാരുണികനും, സ്നേഹമൂർത്തിയും, സ്നേഹഭണ്ഡാകാരവുമായ നിത്യ വെളിച്ചമായ നിത്യപ്രകാശമായ, നിത്യസത്യമായ, ഈശ്വരന്റെ ആസ്തിക്യത്തെ നമ്മിൽ ഉറപ്പിക്കുന്നു. ദൃഢപ്പെടുത്തുന്നു, ബോധ്യമാക്കുന്നു.

ഇനിയും ഏതെങ്കിലും, ഒന്നില്ലെന്നു പറയുന്നെങ്കിൽ അതിനാൽ തന്നെ അതുണ്ടെന്നു സിദ്ധിക്കുന്നു ഇല്ലാത്തതൊന്നും വിഭാവനം ചെയ്യുവാനോ, നാമകരണം ചെയ്യുവാനോ, സാദ്ധ്യമല്ല ഇപ്പോഴുള്ളതോ, ഇതിനുമുമ്പുണ്ടായിട്ടുള്ളതോ, ആയ ഏതെങ്കിലും ഒന്നായിരിക്കും. ഇല്ലെന്നുള്ളതിൽ നിന്നും സിദ്ധിക്കുന്നതു് ഏതെങ്കിലും ഒന്നില്ലെന്നു പറഞ്ഞാൽ അതിൽ നിന്നുതന്നെ അതുണ്ടെന്നുള്ളതിന്റെ വ്യക്തമായ തെളിവാണു ലഭിക്കുന്നതു്. ഇല്ലാത്ത ഒന്നിനു നാമകരണമില്ല ഏതെങ്കിലുമൊരു നാമകരണത്തിൽ ഒന്നില്ലെന്നു പറയുന്ന ഇല്ലാവചനം അർത്ഥശൂന്യവും നിരർത്ഥകവുമാകുന്നു. ഇല്ലായ്മയിൽനിന്നു, ശൂന്യതയിൽ നിന്നു, യാതൊന്നും കണ്ടുപിടിക്കുവാനോ. കൂട്ടിച്ചേർക്കുവാനോ സാദ്ധ്യമല്ല, ഇല്ലായ്മയിൽ നിന്നു് ഇല്ലാത്തതിൽ നിന്നു ഏതെങ്കിലും എന്തെങ്കിലും കണ്ടുപിടിക്കുവാനോ കൂട്ടിച്ചേർക്കാനോ സംയോജിപ്പാനോ ആർക്കും കഴിയുകയില്ല. ശാസ്ത്ര പണ്ഡിതന്മാർക്കു ഇല്ലാത്തതിൽ നിന്നും, എന്തെങ്കിലും സംയോജിപ്പിക്കാനാവുകയില്ല എത്ര ശാസ്ത്രജ്ഞന്മാർ ഒന്നുചേർന്നു കോടാനുകോടി വർഷം അശ്രാന്തപരിശ്രമം നടത്തിയാലും ഉള്ളതിൽ നിന്നല്ലാതെ ഇല്ലാത്തതിൽ നിന്നും ഒന്നും കണ്ടുപിടിക്കാവതല്ല.

പ്രപഞ്ച പ്രകൃതിയിൽ ദൈവം നിക്ഷേപിച്ചിരിക്കുന്ന മേധാശക്തികളിൽ ചിലതെല്ലാം ശാസ്ത്രജ്ഞന്മാരുടെ പരിശ്രമത്തിനു പ്രതിഫലമായി ദൈവം കലാകാല

www.malankaralibrary.com


ങ്ങളിൽ വെളിപ്പെടുത്തി കൊടുക്കുന്നതിന്റെ നേട്ടമാണ് ഇന്നു തങ്ങൾ കണ്ടു പിടിച്ചെന്നും കൂട്ടിച്ചേർത്തെന്നും സംയോജിപ്പിച്ചെന്നും പറയുന്ന കണ്ടുപിടിത്തങ്ങൾ ഇല്ലാത്തതിൽ നിന്നും ശൂന്യതയിൽ നിന്നും എത്ര സംയോജകർ, അനവരതം ശ്രമിച്ചാലും ഒന്നും ലഭ്യമാകുകയില്ല. ഇന്നത്തെ ശാസ്ത്രവെളിച്ചത്തിൽ ദൈവം ഇല്ലെന്നു പറയുന്നവർ ഇതേപ്പററി ചിന്തിച്ച് ദൈവാശ്രയത്തിലൂടെ തങ്ങളുടെ പരിശ്രമങ്ങൾ തുടർന്നു കൂടുതൽ കൂടുതലായി പ്രപഞ്ചസൃഷ്ടിയിൽ ദൈവം നിമഗ്നമാക്കിയിരിക്കുന്ന മേധാശക്തികളെ കൂടുതൽ കണ്ടുപിടിക്കുകയും സംയോജിപ്പിക്കയും ചെയ്തു് ലോക നന്മയ്ക്കിടയാക്കുകയും അതിനു കാരണക്കാരനായ ഉടമയായ സൃഷ്ടാവിനെ വാഴ്ത്തി പുകഴ്ത്തി സ്തുതിക്കയും ചെയ്യട്ടെ.

നമ്മുടെയും സർവ്വത്തിന്റെയും സൃഷ്ടാവും, ഉടമസ്ഥനും, ദാതാവും രക്ഷിതാവുമായ ദൈവത്തിന്റെ കരുണയിലാശ്രയിച്ചു ശരണപ്പെട്ടു് അവിടത്തെ സ്നേഹത്തിൽ പങ്കാളികളായി തിരുവിഷ്ടത്തിനൊത്തു സഹോദരസ്നേഹത്തോടെ പരോപകാര തല്പരരായി സ്വാർത്ഥത്യാഗികളായി തിന്മയെ വെറുത്തു കഴിവനുസരിച്ചുള്ള നന്മപ്രവൃർത്തനങ്ങളിൽ കൂടി ക്ഷണികമായ ഈ മായാലോകജീവിതത്തിനുശേഷം തിരു: സന്നിധിയിൽ ചെന്നെത്തുവാൻ നാം പരിശ്രമിക്കണം. ഈശ്വരാസ്തിക്യത്തെ സംശയിക്കുന്നവർ ആത്മാർത്ഥതയോടെ മതഗ്രന്ഥങ്ങൾ പഠിക്കുകയും, മതപണ്ഡിതന്മാരുമായി സഹവസിക്കുകയും ചെയ്താൽ ഈശ്വരനെ കണ്ടുപിടിക്കുവാനും അറിയുവാനും സാദ്ധ്യമാകുന്നതാണ്.

www.malankaralibrary.com



## 6 ഈശ്വരൻ II

ദൈവം അളവില്ലാത്ത നന്മയുടെയും സ്നേഹത്തിന്റെയും കരുണയുടെയും നീതിയുടെയും ജ്ഞാനത്തിന്റെയും ശക്തിയുടെയും ഭണ്ഡാകാരമാണ്. ക്രൂമ്പാരമാണ്. അവിടുന്നു, തന്നിൽ, താനായി, അനാദിയായി അശരീരിയായി, അന്ത്യമില്ലാത്തവനായി, സദാവർത്തമാനകാലസ്ഥിതവർത്തിതനായി, ജ്ഞാനത്താലും, ശക്തിയാലും കാരണത്താലും സർവ്വവ്യാപിയായി സദാവർത്തിക്കുന്നു. സൃഷ്ടി തുടങ്ങിയ സർവ്വരക്ഷാപരിപാലനങ്ങളും കാണപ്പെടുന്നതും അറിയപ്പെടുന്നതും അറിയപ്പെടാത്തതുമായ സകലവും ഈ പ്രപഞ്ച നഭോമണ്ഡലം അതിലെ മനുഷ്യരുൾപ്പെടെയുള്ള സർവ്വജീവജാലങ്ങളും സൂര്യചന്ദ്രനക്ഷത്രാദി സമൂഹങ്ങളും നവഗ്രഹങ്ങളുൾപ്പെടെയുള്ള സൗരയൂഥവും, കാണപ്പെടാത്തതും അറിയപ്പെടാത്തതുമായ സൗരയൂഥഗ്രഹവ്യൂഹങ്ങളും, ചേതനങ്ങളും, അചേതനങ്ങളും, ജീവനുള്ളവയും, ഇല്ലാത്തവയുമായ, സർവ്വചരാചരങ്ങളുടെയും സർവ്വത്തിന്റെയും സംരക്ഷണവും നിയന്ത്രണവും അവിടത്തെ ആജ്ഞാശക്തിയാൽ നടത്തുന്നു, എല്ലാമെല്ലാമായ എല്ലാററിനും കാരണമായ കാരണക്കാരനും അവിടുന്നാകുന്നു.

ദൈവം ഏകനാണ്. അശരീരിയാണ്, അനാദ്യനാണ്, കാണപ്പെടുന്നതും കാണപ്പെടാത്തതും, അറിയപ്പെടുന്നതും, അറിയപ്പെടാത്തതും ഉണ്ടായതും ഇല്ലാതായതും ഇപ്പോഴുള്ളതും ഇനി ഉണ്ടാകാനിരിക്കുന്നതുമായ സകലത്തിന്റെയും സൃഷ്ടാവും ഉടമസ്ഥനും രക്ഷിതാവും ദാതാവുമാണ്. അവിടുത്തെ വാസസ്ഥാന

www.malankaralibrary.com


മായ സ്വർഗ്ഗത്തിൽ എണ്ണമററ ഗണം ദൈവദൂതന്മാരും നല്ല ജീവിതം കഴിച്ച നന്മ പ്രവൃർത്തിച്ച് ഈ ലോകം വിട്ടുപോയ നിരവധി മനുഷ്യരും സദാ അങ്ങയെ സ്തുതിച്ച അവിടുത്തോടൊന്നിച്ച വസിക്കുന്നു.

ഈ ലോകത്തിൽ നന്മപ്രവർത്തിച്ചും സഹോദരങ്ങളെ സ്നേഹിച്ചും നല്ലജീവിതം കഴിച്ച് മരണമാകുന്ന പ്രസവത്തിലൂടെ തന്റെ അടുത്തെത്തുന്നതിനു സൃഷ്ടിക്കപ്പെട്ട മനുഷ്യരിൽ ദുഷ്ടജീവിതം നയിച്ച മരിക്കുന്നവരെ അവിടുന്നു തന്റെ കൂടാരത്തിൽ സ്വീകരിക്കാതെ ആനന്ദകരമായ സർവ്വസുഖവും നിറഞ്ഞിരിക്കുന്നതന്നോടുകൂടിയുള്ള വാസത്തിൽ ചേർക്കാതെ, ദുഃഖകരമായ സങ്കടം നിറഞ്ഞ സ്ഥാനത്തേക്ക് വിടുന്നു. ഈശ്വരനോടു കൂടി കഴിയുന്ന അവസ്ഥയ്ക്കും, സ്ഥാനത്തിനും, സ്ഥലത്തിനും, സ്വർഗ്ഗമെന്നും, ഈശ്വരനോടുകൂടിയല്ലാതെ അവിടുത്തെ കാണാതെ മറഞ്ഞിരിക്കുന്ന സ്ഥാനത്തിന് നരകം എന്നും പറയുന്നു.

ദൈവം ഏകനാണ്. ഏകനാണെങ്കിലും ദൈവത്തിൽ മൂന്നു വ്യക്തിത്വം ഉണ്ട്. തന്മൂലം അവിടുത്തെ ത്രിയേക ദൈവമെന്നു പറയുന്നു. ഹിന്ദുമതം, ബ്രഹ്മാ, വിഷ്ണു മഹേശ്വരന്മാരായും, ക്രിസ്തുമതം പിതൃ സുത പരിശുദ്ധാത്മാവായും ത്രിത്വത്തെ നാമകരണം ചെയ്തിരിക്കുന്നു—ദൈവം ത്രിയേകനാണ്—ത്രിത്വത്തിൽ ഏകത്വവും, ഏകത്വത്തിൽ ത്രിത്വവുമായി സ്ഥിതിചെയ്യുന്നു. അവിടുത്തെ ആ ഓരോ വ്യക്തിത്വവും, സദാപരിപൂർണ്ണമാണ്, പൂർണ്ണമായ വ്യക്തിത്വം ദൈവത്തിനു മാത്രമാണുള്ളത്. മററു സ്വർഗ്ഗീയ ദൂതഗണങ്ങൾക്കും ഇതുവരെ ജനിച്ചവരും, ഇനി ജനിക്കുന്നവരുമായ സർവ്വ മനുഷ്യർക്കും അപൂർണ്ണമായ വ്യക്തിത്വം മാത്രമാണുള്ളത്, അവിടുന്ന ത്രിയേകദൈവമാണെന്നുള്ള സത്യം

www.malankaralibrary.com


മനുഷ്യരോടുകൂടി ലോകത്തിൽ അവതരിച്ചു ജീവിച്ച ബോദ്ധ്യപ്പെടുത്തിയിരിക്കുന്നതുമാകുന്നു.

**അശരീരത്വം** ദൈവം അശരീരിയാണ്. അരൂപിയാണ്, എങ്കിലും ആവശ്യമെന്നു വരുമ്പോഴൊക്കെയും ഇഷ്ടമുള്ള രൂപാകൃതിയോടുകൂടി ശരീരം സ്വീകരിക്കാം. ആ ശരീരമാകട്ടെ—അഷ്ട ഐശ്വര്യസിദ്ധികളും ഗുണമഹിമകളും നിറഞ്ഞതായിരിക്കും. വിചാരിക്കുമ്പോഴൊക്കെയും ഇഷ്ടസ്ഥാനങ്ങളിലെത്തുന്നതിനും, യാതൊരു തടസ്സവുമില്ലാതെ എവിടെയും പ്രവേശിക്കുന്നതിനും, ആ ശരീരത്തിനു കഴിയും. മരണാനന്തര ജീവിതത്തിൽ നമുക്കും ആ വിധമായ ശരീരമാണു ലഭിക്കുന്നത്. നമ്മുടെ ആത്മാവും ബുദ്ധിയും മനസ്സും, ജീവനും അരൂപിയാണല്ലോ ഇതുകൾ നമ്മുടെ ശരീരത്തിൽ വസിക്കുന്നെങ്കിലും നമുക്കോ മററുള്ളവർക്കോ കാണാൻ സാധിക്കുന്നില്ല. രൂപാകൃതികളില്ല എങ്കിലും നാം ആരും അതേപ്പററി സംശയിക്കുന്നില്ല അരൂപിയായ അശരീരിയായ ആ ശക്തികളെ നാം കാണുന്നില്ലെങ്കിലും അനുഭവിക്കുകയും വിശ്വസിക്കുകയും ചെയ്യുന്നു.

നമുക്കും സകല ജീവികൾക്കും ജീവനെ നിലനിർത്തുന്ന ശ്വാസം സദാ നമ്മിൽ വ്യാപരിക്കുന്ന അനുഭവം നാം അവിശ്വസിക്കുന്നില്ല. ശ്വാസത്തെ നാം കാണുന്നില്ല. രൂപാകൃതിയില്ല. എന്നാൽ ശ്വാസം എന്ന വായു ഉണ്ട്, അതില്ലെങ്കിൽ ശരീരത്തെ അതു് ഒരു നിമിഷം വിട്ടകന്നാൽ നാം ജീവികളെല്ലാം ജീവനില്ലാത്തവരായി ഭവിക്കുന്നു, നമ്മിലും സകല വസ്തുക്കളിലും സദാ തട്ടി മുട്ടി സഞ്ചരിക്കുന്നു. മന്ദമാരുതനെയും ഉന്നത സൗധങ്ങളേയും, ഗിരിശൃംഗങ്ങളെയും വൃക്ഷലതാദികളെയും, മഹ

www.malankaralibrary.com


സമുദ്രങ്ങളെയും, ഇളക്കിമറിക്കുന്ന കൊടുങ്കാററിനെയും, ഉറപ്പിന്റെ ഉറപ്പായി സ്ഥിതി ചെയ്യുന്നതും കെട്ടിപണി തീരിക്കുന്നതുമായ സർവ്വത്തേയും, നിമിഷനേരംകൊണ്ടു് ഞൊടിക്കുള്ളിൽ നിലംപരിശാക്കി തവിടുപൊടിയാക്കി. അന്തരീക്ഷത്തിലുയർത്തുന്ന ചുഴലിക്കാററിനെയും രൂപമി ല്ലെന്നുള്ള കാരണത്താൽ അവിശ്വസിക്കാനോ, അതില്ലെ ന്നുപറയാനോ — സാദ്ധ്യമല്ല. അതുപോലെ നമ്മുടെ ശബ്ദം—സർവ്വ ജീവികളുടേയും ശബ്ദം ഇടിനാദം വിദ്യു ച്ഛക്തി—റേഡിയോ. വാർത്താതരംഗിണി—തുടങ്ങി യവയെല്ലാം രൂപാകൃതിയില്ലെങ്കിലും ആരും അവിശ്വസി ക്കുന്നില്ല. അതിനാൽ ഇതിന്റെയെല്ലാം കാരണക്കാരനാ യ സ്രഷ്ടാവായ ഈശ്വരന്റെ ആസ്തിക്യത്തെ നിഷേധി ക്കുന്നതു്, വിശ്വസിക്കാതിരിക്കുന്നതു്, സാധാരണ ബുദ്ധിയിൽ തന്നെ തെററെന്നു സിദ്ധിക്കുന്നു.

**സർവ്വവ്യാപകത്വം**—ഈശ്വരൻ സർവ്വവ്യാപിയാ യിരിക്കുന്നു. എങ്ങും നിറഞ്ഞിരിക്കുന്നു—അതെങ്ങനെ, കാണപ്പെടുന്ന കണ്ണും മൂക്കും ചെവിയും തലയുമുള്ള ലോക മായ ലോകമെല്ലാം നിറഞ്ഞിരിക്കുന്ന പൊക്കവണ്ണമുള്ള ഒരു ശരീര ജീവിയെന്ന നിലയിലല്ലാ അവിടുത്തെ സർവ വ്യാപകത്വം. ഈ ലോകത്തിൽ സർവ്വസ്ഥാനവും കാണു വാൻ അതിനു സാധിക്കുന്നു. നമുക്കു നമ്മുടെ ചുററുപാടു താഴെയും മുകളിലും മുകളിലുള്ള ആകാശചക്ര വാളാതിർത്തിവരെയുള്ള സകലവും കാണുന്നതിനു സാ ധിക്കുന്നു. അതു നമ്മുടെ ചെറിയ കണ്ണിലെ കടുകു വലുപ്പ ത്തിൽകുറഞ്ഞ കൃഷ്ണമണിയുടെ ശക്തി വിശേഷതയാ ണു്, നമ്മുടെ ഈ ഏററംചെറിയ നയനശക്തിയുടെ വ്യാ പകത്വം ആകാശജ്യോതിർഗോളങ്ങൾവരെ വിസ്തൃതമായ

www.malankaralibrary.com


നഭോമണ്ഡലാതിർത്തിവരെ എത്തുമെങ്കിൽ, സൃഷ്ടാവും സർവ്വശക്തനുമായ സർവ്വേശ്വരൻെറ ശക്തിവിശേഷത, സർവ്വയിടത്തും സർവ്വത്ര നിറഞ്ഞിരിക്കാൻ സാദ്ധ്യമല്ലേ നമ്മുടെ ഉള്ളിൻെറ ഉള്ളിലെ ജ്ഞാനശക്തി നമ്മുടെ വ്യാപാരമണ്ഡലത്തോളമെത്തുമെങ്കിൽ ജ്ഞാനപൂർണ്ണനായ ദൈവത്തിൻെറ ജ്ഞാനശക്തി എങ്ങും നിറഞ്ഞിരിക്കുന്നതിൽ അത്ഭുതപ്പെടാനില്ല. പരിമിതമായ നമ്മുടെ ശബ്ദശ്രവണശക്തി കുറേദൂരംവരെ എത്തുകയും അതേ സ്ഥാനത്തുനിന്നും പുറപ്പെട്ട ശബ്ദം നാം ശ്രവിക്കുകയും ചെയ്യുന്നു. പ്രകൃതിശക്തിയിലൂടെയുള്ള വാർത്താതരംഗണി, ടെലിഫോൺ, ടെലിഗ്രാം എല്ലാം അനതിവിദൂരതവരെ എത്തുകയും സഞ്ചരിക്കുകയും വ്യാപരിക്കുകയും ചെയ്യുന്നു. ആ നിലയ്ക്കു് എല്ലാ ശക്തികളുടെയും സിരാകേന്ദ്രമായ സർവ്വശക്തികളുടെയും മൂർത്തിമത്തായ ദൈവത്തിൻെറ സർവ്വശക്തിയിൽ അവിടുന്ന സർവ്വത്ര—സർവ്വലോക വ്യാപകനായി വർത്തിക്കുമെന്നുള്ളതു് വസ്തുനിഷ്ഠമായ ഒരു യഥാർത്ഥ്യവും സത്യവുമാകുന്നു.

സർവ്വശക്തിയിൽ അവിടുന്ന സർവ്വ വ്യാപിയായിരിക്കുന്നതുപോലെ ജ്ഞാനദൃഷ്ടിയിലും ജ്ഞാനശക്തിയിലും എങ്ങും നിറഞ്ഞിരിക്കുന്നു. എങ്ങും നടക്കുന്ന ഏതുംഎന്തുംഎല്ലാം കണ്ടറിഞ്ഞുകൊണ്ടിരിക്കുന്നു. നാം ഏതെങ്കിലും ഒരു സാധനം പണിതുണ്ടാക്കിയാൽ അതിൻെറ സർവ്വകാര്യങ്ങളും നമുക്കറിയാവുന്നതുപോലെ ഈശ്വരൻ, അവിടുന്നുതന്നെ ഉണ്ടാക്കിയിരിക്കുന്ന, സൃഷ്ടിക്കപ്പെട്ടിരിക്കുന്ന സർവ്വലോകത്തിൻെറയും സകല ചരാചരങ്ങളുടെയും സർവ്വതും അറിഞ്ഞിരിക്കുന്നു. സർവ്വതും എല്ലാം അവിടുത്തെ ജ്ഞാനദൃഷ്ടിയിൽ തെളിവായി, വ്യക്തമായി, സദാ കാണുന്നു. അവിടുത്തേക്കു യാതൊന്നും

www.malankaralibrary.com


മറവായിരിക്കുന്നില്ല. അവിടുത്തെ സന്നിധിയിൽ ആർക്കും ഒന്നും ഒളിക്കാനോ സാദ്ധ്യമല്ല.

## 7 ഈശ്വരൻ III

നാം ഉൾപ്പടെ ഈ കാണപ്പെടുന്നതും കാണപ്പെടാത്തതും അറിയപ്പെടുന്നതും അറിയപ്പെടാത്തതും മുമ്പുണ്ടായിട്ടുള്ളതും ഇപ്പോഴുണ്ടായിരിക്കുന്നതും ഇനിയുമുണ്ടാകാനിരിക്കുന്നതുമായ സകലവും ഇല്ലായ്മയിൽനിന്നു, ശൂന്യാവസ്ഥയിൽനിന്ന് സൃഷ്ടിച്ചുണ്ടാക്കി പരിപാലിച്ചുകൊണ്ടിരിക്കുന്ന എല്ലാററിൻെറയും ഉടമയായ ദൈവത്തിൻെറ ആസ്തിക്യത്തെ സമ്മതിച്ചു കഴിഞ്ഞാൽ പിന്നെ അവിടത്തെ സ്തുതിക്കേണ്ടതും ആരാധിക്കേണ്ടതും സൃഷ്ടികളായ നമ്മുടെ കടമയും പ്രതിനന്ദിയും മാത്രമാകുന്നു. മാത്രമല്ല മരണാനന്തര ശേഷം അവിടത്തോടൊന്നിച്ചു ജീവിക്കുന്നതിലേക്കും നാം അവിടത്തെ അറിഞ്ഞു സ്നേഹിച്ചു തിരുവിഷ്ടാനുസരണം ഈ ലോകജീവിതം നയിക്കേണ്ടതുമാകുന്നു.

മനുഷ്യനുൾപ്പടെ ഈ കാണപ്പെടുന്നതും കാണപ്പെടാത്തതുമായ സകലത്തിൻേറയും സൃഷ്ടാവും രക്ഷിതാവും ഉടമസ്ഥനും താനാണെന്നും മനുഷ്യരുടെ മരണാനന്തര ജീവിതം ഇന്ന വിധമായിരിക്കണമെന്നും അവിടുന്നു വെളിപ്പെടുത്തി തന്നിട്ടുണ്ട്. ചരിത്രാതീതകാലം മുതൽ മനുഷ്യതലമുറയുടെ ആരംഭം മുതൽ ദൈവം കാലാകാലങ്ങളിലായി നിരവധി പ്രാവശ്യം നേരിട്ടു പ്രത്യക്ഷനായും മനുഷ്യനായവതരിച്ചും മനുഷ്യരോടുകൂടി സഹവസിച്ചും ജീവിച്ചും തൻെറ സ്വർഗ്ഗീയദൂതർ വഴിയും തന്നെ ലോകത്തിനു വെളിപ്പെടുത്തിയിരിക്കുന്നു.

www.malankaralibrary.com



ഹിന്ദുമതം ഈശ്വരൻ പത്തു പ്രാവശ്യം അവതാരം ചെയ്തു മനുഷ്യരോടുകൂടി ജീവിച്ച മനുഷ്യർ അവശ്യം അറിഞ്ഞിരിക്കേണ്ട അനുഷ്ടിക്കേണ്ട ഉപദേശങ്ങൾ നല്കിയിരിക്കുന്നു. ബുദ്ധ മതവും ജൈനമതവും ഈശ്വരനെയും ഈശ്വരോപദേശങ്ങളെയും വെളിപ്പെടുത്തിയിരിക്കുന്നു. പുരാതനമതമായ യഹൂദമതവും നിരവധി പ്രാവശ്യം കാലാകാലങ്ങളിൽ ദൂതർ വഴിയും ഈശ്വരൻ നേരിട്ടു പ്രത്യക്ഷനായും മനുഷ്യരോട് ഒന്നിച്ച ജീവിച്ച് സഹവസിച്ചും തന്നെ, ലോകത്തിനു് വെളിപ്പെടുത്തിയിട്ടുണ്ടു്. ബി. സി. ആയിരത്തി ആഞ്ഞൂറിനിടയ്ക്കുള്ള ഒരവസരം, ദൈവം നാല്പതു ദിവസം ചെങ്കടലിനു സമീപമുള്ള ഹോറേബ് പർവ്വതമുകളിൽ മേഘ തമസ്സിൽ ആരോഹണം ചെയ്തുകൊണ്ടു മനുഷ്യർ ജീവിതത്തിൽ അനുഷ്ടിക്കേണ്ട നിരിവധി ഉപദേശങ്ങൾ ഒരു പ്രവാചകൻവഴി നല്കി. കൂടാതെ, ദൈവത്തിൻെറ വിരൽ കൊണ്ടു പത്തു കല്പനകൾ രണ്ടു കല്പലകകളിലായി എഴുതി നല്കുകയും ചെയ്തു ആ നാല്പതു ദിവസവും അവിടെ ആ മലയുടെ അടിവാരത്തുകൂടി നിന്ന ഒരു വലിയ ജന സമൂഹം ദൈവത്തിൻെറ സംസാരവും ഉപദേശവും കേൾക്കുകയും അഗ്നി രൂപത്തിൽ പ്രകാശ രൂപിതനായി അവിടത്തെ കാണുകയും ചെയ്തു,

ബി. സി. നാലു മുതൽ എ. ഡി. മുപ്പതുവരെ ദൈവം ത്രിത്വത്തിലെ രണ്ടാം വ്യക്തി ക്രിസ്തു—രക്ഷകൻ എന്ന പേരിൽ മനുഷ്യനായി ജനിച്ച, മനുഷ്യരോടുകൂടി വസിച്ച മനുഷ്യർ ജീവിതത്തിൽ അനുഷ്ടിക്കേണ്ട ഉപദേശങ്ങളെ, മർത്യകാ ജീവിതത്തിൽകൂടി നല്കി. തൻെറ സഹോദരങ്ങളായ മനുഷ്യർ ചെയ്തിട്ടുള്ളതും

www.malankaralibrary.com


ചെയ്യുന്നതുമായ എല്ലാ തെററുകറംക്കം ദൈവ നീതിക്കനുസരിച്ചുള്ള പരിഹാരം വരുത്തുകയും ദൈവത്തെയും സ്വർഗ്ഗനരകങ്ങളെയും മരണാനന്തര ജീവിതത്തെയും പററി വിശദ വിവരങ്ങരം വ്യക്തമാക്കകയും ചെയ്തു. വീണ്ടും കറെ വർഷങ്ങരംക്കശേഷം മുഹമ്മദു നബീ ദൈവത്തെപ്പററിയും മനുഷ്യർ ജീവിയ്ക്കേണ്ട വിധത്തെക്കറിച്ചും മാതൃകാപരമായ ജീവിതത്തിൽകൂടി ഉപദേശങ്ങരം നല്കിയിരിക്കുന്നു. പ്രകൃതിമതങ്ങളെല്ലാം പ്രകൃതി ശക്തികളിലൂടെ ദൈവാസ്തിക്യവും ഉപദേശങ്ങളും വ്യക്തമാക്കുന്നു. ഈശ്വരൻ വെളിപ്പെടുത്തിതന്നിരിക്കുന്ന ജീവിതാനുഷ്ടാനങ്ങളെയും മരണാനന്തര ജീവിതത്തെയും, സ്വർഗ്ഗനരകങ്ങളേയും പററി സംശയമുള്ളവരും ഉറപ്പില്ലാത്തവരും മുൻ വിധി കൂടാതെ ആത്മാർത്ഥമായി പ്രാർത്ഥനയോടെ മതഗ്രന്ഥങ്ങരം പഠിക്കുകയും മതപണ്ഡിതന്മാരെ സമീപിക്കുകയും ചെയ്താൽ അവരുടെ എല്ലാ സംശയങ്ങളും ഇല്ലാതാകുന്നതും ഈശ്വരനിൽ വിശ്വാസം ഉറപ്പിക്കുന്നതുമാണ്. ഓരോരുത്തരും ജീവിതോദ്ദേശ്യലക്ഷ്യമായ ആത്മാവിന്റെമരണാനന്തരമുള്ള നിത്യകാലജീവിതത്തിനു ജീവിതത്തിൽ പ്രഥമസ്ഥാനം നല്കി ജീവിക്കേണ്ടതു് ജീവിത ലക്ഷ്യപ്രാപ്തിക്കു പ്രധാനമായ കടമയും കർത്തവ്യവുമാകുന്നു.

ദൈവം നമ്മെ തന്റെ സ്വന്ത സാദൃശ്യത്തിലും രൂപത്തിലുമാണ് സൃഷ്ടിച്ചിരിക്കുന്നതു്. മറെറാന്നിനും നല്കിയിട്ടില്ലാത്ത വിശേഷബുദ്ധിയേയും എന്നും ജീവിക്കുന്ന മരണമില്ലാത്ത ആത്മാവിനെയും നമുക്കു നല്കി. ചിന്തിക്കാനും ആലോചിച്ചു പ്രവൃത്തിക്കാനും സംസാരിക്കാനും, സഞ്ചരിക്കാനും ഉള്ള കഴിവും ശക്തിയും നമുക്ക് അവിടുന്നു പ്രദാനം ചെയ്തു. ആന്തരിക ചക്ഷുസ്സുകളാൽ തന്റെ വാസസ്ഥാനമായ ഉന്നതിയുടെ

www.malankaralibrary.com



ഉന്നതിയിൽ സ്വർഗ്ഗങ്ങളുടെ സ്വർഗ്ഗത്തിൽ അങ്ങയെ മേലോട്ടുനോക്കികാണുന്നതിനുള്ള നയനശക്തിയും നമുക്ക നല്കിയിരിക്കുന്നു. ഇതുകളൊന്നും മററു ജീവികാംക്കൊന്നിനും അവിടുന്നു നല്കിയിട്ടില്ല. പ്രത്യേകിച്ച് കണ്ണുള്ള സർവ്വ ജീവരാശികളിലും വച്ച് മനുഷ്യരൊഴിച്ച് മറെറാരു ജീവികൾക്കും മേലോട്ടുനോക്കികാണുന്നതിനുള്ള നയന ശക്തി അവിടുന്നു നല്കിട്ടില്ലെന്നുള്ളതും ഓർക്കേണ്ടതും പ്രത്യേകം ചിന്തിക്കേണ്ടതുമാണ്. കൂടാതെ വിലയററ വ്യക്തിത്വം പൂർണ്ണസ്വാതന്ത്ര്യത്തിലുമാണ് തന്നിരിക്കുന്നത്. എല്ലാററിന്റേയും മേൽക്കോയ്മയും ആധിപത്യവും ഇഷ്ടാനുസരണം വ്യാപരിക്കുന്നതിനും പ്രവൃത്തിക്കുന്നതിനും ഉള്ള സ്വാതന്ത്ര്യവും ശക്തിയും നമുക്ക നല്കിയിരിക്കുകയാണ്.

അവിടുന്നു നാം ഉൾപ്പെടെ സർവ്വത്തിന്റേയും സൃഷ്ടാവും രക്ഷിതാവും ഉടമസ്ഥനുമാണ്. നാം എല്ലാം നല്ലവരായി അവിടുത്തെ അറിഞ്ഞു സ്നേഹിച്ച് തിന്മയേയും ദുഷ്ടതയേയും പാപപ്രവൃത്തികളെയും വെറുത്തു പേക്ഷിച്ചും നന്മപ്രവൃത്തനങ്ങൾ കഴിവിനനുസരിച്ച് തനിക്കും മററുള്ളവർക്കുമായി ചെയ്ത് എല്ലാ സഹോദരങ്ങളെയും ആത്മാർത്ഥമായി സ്നേഹിച്ച് സേവിച്ച് ശാന്ത ജീവിതത്തിലൂടെ സമാധാന ജീവതത്തിലൂടെ ഈ ലോകത്തിൽ വർത്തിച്ച് ഇവിടെ നിന്നും വിടവാങ്ങി അവിടുത്തെ സന്നിധിയിലെത്തി അവിടത്തോടു കൂടി സദാ സമയവും നിത്യകാലവും ജീവിക്കണമെന്നു മാത്രമാണവിടുത്തെ ആഗ്രഹം. അതിലേക്ക ഓരോരുത്തരും ജീവിതത്തിൽ ഒന്നാംസ്ഥാനം നല്കി ദൈവസ്നേഹത്തിലും പരസ്നേഹത്തിലുമുള്ള ത്യാഗോജ്ജ്വലമായ പ്രവൃത്തനങ്ങളിലൂടെ ജീവിക്കേണ്ടതാകുന്നു.

www.malankaralibrary.com



ഇല്ലായ്മയിൽ നിന്നും ശൂന്യതയിൽ നിന്നും സർവ്വത്തും സൃഷ്ടിച്ചുണ്ടാക്കി പരിരക്ഷിച്ചുകൊണ്ടു എന്നും വർത്തമാനകാലത്തിൽ വർത്തിക്കുന്ന സർവ്വനന്മ സ്വരൂപനും കരുണാമൂർത്തിയും സ്നേഹഭണ്ഡാകാരവുമായ സർവ്വശക്തനിൽ അവിടത്തെ സൃഷ്ടിയും അല്പജ്ഞനുമായ മനുഷ്യൻ അവിശ്വസിക്കുന്നതു് ബുദ്ധിഹീനവും ബുദ്ധിശൂന്യവും ബുദ്ധിഭ്രമവും മാത്രമാകുന്നു.

നമ്മുടെ ആന്തരിക ചക്ഷുസ്സുകളിൽ സദാ അങ്ങയെ കണ്ടുകൊണ്ടു പ്രത്യാശകളുടെ പേശിലക്ഷേത്രമായ ഹൃദയവേദിയിൽ അവിടത്തെ പ്രതിഷ്ഠിച്ചു് തന്നോടൊന്നിച്ചു സഹവസിക്കുന്നതിനുള്ള ജ്ഞാനശക്തിയും സംസർഗ്ഗം ചെയ്യുന്ന ധ്യാനശക്തിയും. അവിടുന്നു ദത്തം ചെയ്തിരിക്കുന്നതു ചിന്തയില്ലാത്ത ബുദ്ധിഹീനമായ അലസമഥിരസ നിരാശാ ജീവിതത്താൽ നഷ്ടമാക്കാതെ ജീവിക്കേണ്ടതാകുന്നു.

www.malankaralibrary.com



## 8 ഈശ്വരൻ IV

അനാദ്യനായ ദൈവം സ്നേഹ സ്വരൂപനാണ്. സ്നേഹകുമ്പാരമാണ്, സ്നേഹ ഖണ്ഡാകാരമാണ്. സ്നേഹനിറവാണ്, സ്നേഹം തന്നെയാണ്. സ്നേഹം സ്വാർത്ഥരഹിതമാണ്, സ്നേഹം സ്വാർത്ഥതയെ ഇഷ്ടപ്പെടുന്നില്ല. സ്നേഹം തനിച്ചിരിക്കയില്ല, അതാണ് സ്നേഹത്തിന്റെ സ്വഭാവവും ലക്ഷണവും. സ്നേഹം മററു പാത്രങ്ങളിലേക്ക് പകരണം. പകരാതെ സാധ്യമല്ല ശതാബ്ദങ്ങളുടെ, സഹസ്രാബ്ദങ്ങളുടെ യുഗയുഗങ്ങളുടെ അപ്പുറം—പ്രപഞ്ച ശൂന്യതയുടെ ഘട്ടത്തിൽ അവിടുത്തെ സ്നേഹം വഴിഞ്ഞൊഴുകി സൃഷ്ടി നടത്തി– സൃഷ്ടി നടത്തിയതു് ഒരിക്കലായിട്ടോ–പലപ്പോഴായിട്ടോ ആയിരിക്കാം. ആദ്യസൃഷ്ടി, ഏതൊണെന്നോ എന്തെല്ലാമാണെന്നോ–സുനിശ്ചിതമായി പറയത്തക്കവിധം– അവിടുന്നു വെളിപ്പെടുത്തി തന്നിട്ടുണ്ട്,

ഹൈന്ദവ, ക്രൈസ്തവ, മുസ്ളീം മതഗ്രന്ഥങ്ങളിൽ നിന്നു സൃഷ്ടിയെപ്പററിയുള്ള വിവരങ്ങൾ ലഭിക്കുന്നതി പ്രകാരമാണ്. സ്നേഹസ്വരൂപനായ ദൈവം തന്റെ സ്നേഹം വഴിഞ്ഞൊഴുകി പകർന്നുവയ്ക്കുന്ന കുംഭങ്ങളായി ആദിയിൽ അനേക ഗണം ദൈവദൂതന്മാരെ സൃഷ്ടിച്ചു തന്നോടു ചേർത്താനന്ദിച്ചു ജീവിക്കുന്നതിലേക്കായി സ്വർഗ്ഗം അവരുടെ വാസസ്ഥാനമായി നല്കി. പ്രപഞ്ചനഭോമണ്ഡലം ഉൾക്കൊള്ളുന്ന സൗരയൂഥവും പ്രപഞ്ചനഭോമണ്ഡലത്തിൽ കോടാനുകോടി ജീവരാശികളെയും സൂര്യചന്ദ്ര നക്ഷത്ര ജോതിർ ഗ്രഹഗോളങ്ങളെയും, ഭൂമണ്ഡലത്തിൽ ചരിക്കുന്നതും ചരിക്കാത്തതുമായ എണ്ണമററ ജീവരാശികളെയും കല്പിച്ചുളവാക്കി. ഒടുവിൽ ആണും പെണ്ണുമായി ആദിമനുഷ്യനെ തന്റെ സ്വന്തം സാദൃ

www.malankaralibrary.com



ശ്യത്തിലും രൂപത്തിലും, അവിടത്തെ തൃക്കൈകൊണ്ടു തന്നെ, മെനഞ്ഞുണ്ടാക്കി സൃഷ്ടിച്ചു. തുടർന്നു് ഈ പ്രപഞ്ചസൃഷ്ടിയിൽ നമുക്കു ദൃശ്യാദൃശ്യമായിരിക്കുന്ന സൗരയൂഥ ഗ്രഹങ്ങളും, വിശേഷവസ്തുക്കളും ജീവികളും ഉള്ളതു നമുക്കു അനുഭവസിദ്ധമാണല്ലൊ. മനുഷ്യപുരോഗതിക്കനുസരണമായി മനുഷ്യന്റെ ജിജ്ഞാസയ്ക്കും, അന്വേഷണ ഗവേഷണത്തിനുമനുസരിച്ചു് ആവശ്യമായ കാര്യങ്ങളും, വസ്തുക്കളും, ശക്തികളും, പ്രപഞ്ചത്തെപ്പററി ദൈവം കൂടുതൽ കൂടുതൽ വെളിപ്പെടുത്തി തരുന്നുണ്ടു്. ദൈവത്തിന്റെ സൃഷ്ടിയെപ്പററിയും അവിടത്തെ അഗാധതയെപ്പററിയും അവിടുന്നു തന്നെ വെളിപ്പെടുത്തി തരാതെ അല്പജ്ഞരായ നമുക്കു തന്നെ ഒന്നും ചെയ്യാനോ പറയാനോ സാദ്ധ്യമല്ല.

പണ്ടു പണ്ടേകാലം—കാലം ഇല്ലാതിരുന്ന കാലം, ഇന്നത്തെപ്പോലൊരു ദിനമില്ലാതിരുന്ന കാലം, എല്ലാം ശൂന്യമായിരുന്നകാലം സർവ്വശക്തനായ ദൈവം തന്റെ സ്നേഹത്തിന്റെ നിർഗ്ഗളതയിൽനിന്നും ഈ ഭൂമണ്ഡലത്തെ മുഴുവനും സൗരയൂഥമുൾപ്പെടെ മനോഹരമായ ഈ പ്രപഞ്ചത്തെ കല്പിച്ചുണ്ടാക്കി. സൗരയൂഥഗ്രഹങ്ങളുടെ അന്യോന്യമുള്ള ഭ്രമണം, ആകർഷണംമൂലമുള്ള നിലനില്പു്, ചന്ദ്രാദിനക്ഷത്രങ്ങളുടെ ക്രമം തെററാതുള്ള സഞ്ചാരം സൂര്യന്റെ നിശ്ചലമായ നിലനില്പു്, ഭൂമണ്ഡലവിഭാഗങ്ങളും വൻകരകളും മഹാസമുദ്രങ്ങളും മണൽത്തിട്ടകളാൽ സമുദ്രാതൃത്തികളെ നിർണ്ണയിച്ചു നിലനിർത്തിയിരിക്കുന്ന വിഭജനം ഇത്യാദികളെല്ലാം അവിടുന്നു കല്പിച്ചുളവാക്കിയതാണു് — പ്രപഞ്ചത്തിൽ ആകാശത്തിൽ വിവിധങ്ങളും മനോഹരങ്ങളുമായ പറവകളെയും കരകളിൽ വൃക്ഷലതാദികളാൽ നിറഞ്ഞ വൻകാടുകളെയും

www.malankaralibrary.com


കുന്നിൻപുറത്തും താഴ്വരകളിലും സമതലപ്രദേശങ്ങളിലും പച്ചസസ്യവൃക്ഷജാലങ്ങളെയും കല്പിച്ചുളവാക്കി.

ഇവയുടെയെല്ലാം അധിപനും നാഥനുമായി എല്ലാ ജീവജാലങ്ങളുടെയും മകുടമണിയായി തന്റെ സാദൃശ്യത്തിൽ മനുഷ്യനെ സൃഷ്ടിച്ചു ഈശ്വരന്റെ രൂപസാദൃശ്യത്തിലും രൂപഗുണത്തിലും മനുഷ്യനെ സൃഷ്ടിച്ചതിനാൽ മറ്റെല്ലാ ജീവികളിലുമുപരിയായി മനുഷ്യൻ വിശേഷ ബുദ്ധിയുള്ളവനും ആത്മാവുള്ളവനുമായിട്ടാണ് സൃഷ്ടിച്ചിരിക്കുന്നത്. ഇല്ലായ്മയിൽ നിന്നു ദൈവം ഉണ്ടാക്കിയ പഞ്ചഭൂതങ്ങളെ സംയോജിപ്പിച്ചാണ്, മനുഷ്യനുൾപ്പടെ സകല ജീവരാശികൾക്കും ശരീരവും ജീവനും നല്കിയത്. എന്നാൽ മനുഷ്യനു പ്രത്യേകമായി തന്റെ ജീവശ്വാസം ഊതി ആത്മാവിനെ നൽകി. മനുഷ്യനുൾപ്പടെ സർവ്വജീവജാലങ്ങൾക്കും, ജീവിക്കുന്നതിനാവശ്യമായ, വസ്തുക്കളും, സന്താനപരമ്പരകളെ ജനിപ്പിക്കുന്നതിനുള്ള ശക്തിയും, ജനനം—വളർച്ച നാശം അല്ലെങ്കിൽ അവസാനം ഇവയ്ക്കുള്ള ശക്തിയും നല്കി—അവിടുത്തെ നിശ്ചയംവരെ, യുഗയുഗങ്ങളോ—സഹസ്രാബ്ദ സഹസ്രാബ്ദങ്ങൾ വരെയോ___ ഈ സംസാരചക്രം, ജനനം, വളർച്ച നാശം എന്നിവ തുടർന്നുകൊണ്ടിരിക്കും. സൗരയൂഥ ഭ്രമണവും, സൂര്യചന്ദ്രനക്ഷത്രാദി സമൂഹങ്ങളുടെ തകർച്ചയും ഭൂമണ്ഡലനാശവും ഇന്നെന്നപോലൊരു ദിനത്തിൽ ഒരു നിമിഷത്തിൽ ഞൊടിക്കുള്ളിൽ ഉണ്ടാകുമെന്നു സൃഷ്ടാവായ ദൈവം അരുളി ചെയ്തിട്ടുണ്ട്.

യഹൂദമതത്തിന്റെയും ക്രൈസ്തവ മതത്തിന്റെയും മതഗ്രന്ഥമായ ബൈബിൾ മനുഷ്യാരംഭത്തോടുകൂടി തന്നെയുള്ള ചരിത്രമാണെന്നവകാശപ്പെടുന്നു. ബൈബി

www.malankaralibrary.com



ളിലെ പഴയ നിയമം. ബി. സി. നാലായിരം മുതലുള്ള ലോകമനുഷ്യചരിത്രം വിവരിക്കുന്നുമുണ്ട്. ബൈബിളിലെ പുതിയ നിയമം. എ. ഡി. ഒന്നും രണ്ടും ശതാബ്ദങ്ങളിലെ മനുഷ്യ ചരിത്രം വിവരിക്കുന്നു. ഹൈന്ദവമത ഗ്രന്ഥങ്ങളായ മഹാഭാരതവും രാമായണവും യുഗാരംഭം മുതലുള്ള ലോകത്തിന്റെയും മനുഷ്യരുടെയും ചരിത്രം വിവരിക്കുന്നു.

ഈ ഓരോ മത ഗ്രന്ഥങ്ങളും ഈശ്വരനെപ്പററിയും ലോകത്തെക്കുറിച്ചും മനുഷ്യനെ സംബന്ധിച്ചും ഉള്ള സുപ്രധാന വിവരങ്ങളെയും പ്രത്യേകിച്ച് മാനവരുടെ മരണാനന്തര ജീവിതത്തെയും വിവരിക്കുന്നു—മരണാനന്തര ജീവിതത്തെക്കുറിച്ചും, സ്വർഗ്ഗ നരകവാസത്തെപ്പററിയും അറിവു നൽകുന്ന ദൈവമുണ്ടോ? ഉണ്ടെങ്കിലെവിടെ വസിക്കുന്നു—മനുഷ്യർക്ക് മരണാനന്തര ജീവിതമുണ്ടോ—എന്നും മററും സംശയം പുറപ്പെടുവിക്കുന്നവർ മതഗ്രന്ഥങ്ങൾ ആത്മാർത്ഥതയോടെ പഠിച്ചാൽ, സംശയം, തീരുന്നതും അവർക്ക് ദൈവത്തെ കണ്ടുപിടിക്കുന്നതിനും അറിയുന്നതിനും ഇടയാകുന്നതുമാണ്.

www.malankaralibrary.com


## 9 ഈശ്വരൻ V

ഈശ്വരന്റെ വാസസ്ഥാനം സ്വർഗ്ഗമാണ്. അതു് നാം കാണുന്നതും പ്രപഞ്ചത്തിന്റെയും ആകാശ ചക്രവാളത്തിന്റെയും എല്ലാ ജ്യോതിർഗോളങ്ങളുടെയും എല്ലാ സൗരയൂഥഗ്രഹവ്യൂഹങ്ങളുടെയും മുകളിൽ ഉന്നതിയുടെ ഉന്നതിയിൽ അങ്ങു് അകലെ അകലെ പരമോന്നതിയിൽ സ്ഥിതി ചെയ്യുന്നു. അതിന്റെ അതിരോ വിസ്തൃതിയോ ചിന്താമണ്ഡലങ്ങളിലൊതുങ്ങാനാവാതെ നിലകൊള്ളുകയാണ്. അവിടത്തെ പ്രജകളായി എണ്ണമററ വാനദൂതഗണങ്ങളും—ഭൂമിയിൽ നന്മ ചെയ്തു നല്ലവരായി ദൈവേഷ്ടപ്രകാരം ജീവിച്ച മനുഷ്യരും ദൈവത്തോടു് കൂടി വസിക്കുന്ന അവിടത്തെ ജീവിതം ഒരിക്കലും അവസാനമില്ലാതെ നിത്യാനന്ദത്തിൽ എന്നും തുടരുകയാണു ചെയ്യുന്നതു്. ആ സ്വർഗ്ഗസാമ്രാജ്യത്തിന്റെയും, ഈ ഭൂമണ്ഡലത്തിന്റേയും എല്ലാ സൗരയൂഥ ഗ്രഹവ്യൂഹങ്ങളുടെയും സർവ്വലോകത്തിന്റെയും സർവ്വത്തിന്റെയും അധിനായകനും ഉടമസ്ഥനും, രാജാവും ചക്രവർത്തിയും പരമാധികാരിയും ദൈവം തന്നെയാകുന്നു.

സ്വർഗ്ഗ സാമ്രാജ്യത്തിൽ സങ്കടമോ ദുഃഖമോ, കഷ്ടതകളോ യാതനകളോ, ഞെരുക്കങ്ങളൊ ഒന്നുമില്ല. അവിടെ എല്ലാവരും സന്തുഷ്ടരും സുഖവും സന്തോഷവും സംതൃപ്തിയും ഉല്ലാസവും സദാ ആനന്ദവും നിറഞ്ഞവരായി അത്യാനന്ദ ലഹരിയിൽ മുഴുകി ഉല്ലസിച്ചു വസിക്കുന്നു. ജരാനരകളോ, വിശപ്പോ, ദാഹമോ ക്ഷീണമോ രോഗമോ, അസുഖമോ ഒന്നും അവിടെയില്ല. എന്നും എല്ലാവരും യൗവ്വനദശയിൽ വർത്തമാനകാലസ്ഥിതവർത്തകരായി, നിത്യകാലം വർത്തിക്കുന്നു. ഈ

www.malankaralibrary.com


ലോക സുഖങ്ങളെ എല്ലാം ഒന്നായി ചേർത്താലുണ്ടാകുന്നതിനെക്കാൾ അനേകമടങ്ങ് വലുതാണ് സ്വർഗ്ഗത്തിലെ ഏററം ചെറിയ സുഖസ്ഥാനം. അതെങ്കിലും ലഭ്യമാകുന്നതിനു പരിശ്രമിക്കേണ്ടതും ഈ ലോകജീവിതം നയിക്കേണ്ടതും മനുഷ്യ ജീവിതത്തിലെ സർവ്വപ്രധാനമായ പ്രഥമ ലക്ഷ്യവുമാകുന്നു.

അണിമ, മഹിമ, ഗിരിമ, തുടങ്ങിയ അഷ്ടൈശ്വര്യ സിദ്ധികളും സ്ഥൂലം, സൂക്ഷ്മം, ലഘുത്വം. അക്ഷയം; ദീപ്തി തുടങ്ങിയ സ്വർഗ്ഗീയ പുണ്യങ്ങളും പ്രാപിച്ച നിറഞ്ഞ മഹത്വ ശരീരം, വേണമെന്നു തോന്നുമ്പോഴൊക്കെയും ആഗ്രഹിക്കുന്ന രൂപാകൃതി സ്വീകരിക്കാനും എവിടെയും വിചാരിക്കുന്ന മാത്രയിൽ ചെന്നെത്താനും തടസ്സലേശമില്ലാതെ എങ്ങും എവിടെയും, പ്രവേശിക്കുവാനും സാധ്യമാകുന്നു. എന്നാൽ എല്ലാററിനും ഈശ്വരാനുവാദം ആവശ്യമാണ്. അവിടെ എണ്ണമററ ചെറുതും വലുതുമായ വാസസ്ഥാന വസതികളുണ്ട്. ദിവ്യപ്രഭാ പൂരിതമായ പ്രകാശധോരണിയിൽ സദാ അവിടെയെല്ലാം പ്രകാശിതമാണ്. സ്വർഗ്ഗവാസികളുടെ അവസ്ഥയിലും സ്ഥിതിയിലും സുഖാനുഭവത്തിലും വലിപ്പചെറുപ്പമുണ്ടെങ്കിലും ഓരോരുത്തരും അവരവർക്കു ലഭിച്ചിട്ടുള്ള സുഖസന്തോഷങ്ങളിൽ പൂർണ്ണ സംതൃപ്തരാണ്.

നാഴി, ഇടങ്ങഴി, പറ, എന്നിവ നിറച്ച ധാന്യം വയ്ക്കുമ്പോൾ ധാന്യ അളവിൽ കുറവുണ്ടെങ്കിലും നിറവ്, എന്ന ഗുണം അവയ്ക്കെല്ലാം ഒന്നുപോലെ, പൂർണ്ണമായിരിക്കുന്നതുപോലെ, സ്വർഗ്ഗത്തിൽ ചെറിയവരും വലിയവരുമെല്ലാം, ഒന്നുപോലെ പൂർണ്ണ സുഖത്തിൽ പൂർണ്ണ

www.malankaralibrary.com


സംതൃപ്തിയിൽ വസിക്കുന്നു. അതൃപ്തികളായും ആവശ്യമെന്നു വരുമ്പോഴെല്ലാം മഹത്വശരീരം സ്വീകരിച്ചും വസിക്കുന്നു. ഈശ്വരന്റെ പരമാധികാരത്തിൻ കീഴിൽ അവിടത്തോടുചേർന്നു വ്യാപരിച്ചു ജീവിക്കുന്നോ നമ്മുടെ സ്വർഗ്ഗീയ പിതാവിന്റെ തിരുസന്നിധിയിലേയ്ക്കു ആ നിത്യാനന്ദഭവനത്തിലേയ്ക്കു ചെന്നു ചേരത്തക്കവിധം—ക്ഷണഭംഗുരമായ ഈ ലോക ജീവിതം നമ്മുടെ സഹോദരങ്ങളെ സ്നേഹിച്ചു സ്വാർത്ഥരഹിതമായി സൽപ്രവൃത്തനങ്ങളിലൂടെ ദൈവസ്നേഹത്തിലും ഭക്തിയിലും തുടർന്നു നയിച്ചു ജന്മ സാഫല്യം കൈവരുത്തുവാൻ ശ്രമിക്കണം. അതിലേയ്ക്കു സ്വർഗ്ഗാധിപതിയായനമ്മുടെ പരമപിതാവിന്റെ കാരുണ്യത്തെ അർത്ഥിക്കാം—ശരണീകരിക്കാം—

ഈ ലോകത്തിൽ ഈശ്വര സ്നേഹമില്ലാതെ സഹോദര സ്നേഹമില്ലാതെ ദുഷ്ട ജീവിതം നയിക്കുന്നവരുടെ മരണാനന്തര നിത്യ വസതിയാണ് നരകം.

നരകത്തിനും, നരകത്തിലെ യാതനാനുഭവങ്ങൾക്കും ഒരിക്കലും അവസാനമില്ല. മനുഷ്യരിൽ സൃഷ്ടാവായ ദൈവത്തെ അറിയാതെ. അവിടുത്തെ കല്പനാനുസരണം, സഹോദരങ്ങളെ സ്നേഹിക്കാതെ സഹകരിക്കാതെ, പരോപകാര പ്രവർത്തനങ്ങളോ, നന്മകളോ കഴിവിനനുസരിച്ചു, തന്റെ വ്യാപാര മണ്ഡലത്തിലെങ്കിലും പ്രവർത്തിക്കാതെ സ്വാർത്ഥമൂർത്തികളായി ജീവിച്ച മനുഷർക്കും കഴിവിന്റെ പരമാവധിവരെ തന്റെ സ്വാർത്ഥതാല്പര്യങ്ങൾക്കായി മററുള്ളവരെ ഉപദ്രവിച്ചും ദ്രോഹിച്ചും ദുഷ്ടരായി ജീവിച്ച എല്ലാവരുമാകുന്നു. നരകത്തിലെ പ്രജാ സമൂഹം—ഈ ലോകത്തിലെ സർവ്വവിധ

www.malankaralibrary.com


ദുഃഖ ദുരിതങ്ങളും കഷ്ടതകളും ഒന്നു ചേർന്നാലുണ്ടാകുന്നതിനേക്കാലും അനേക മടങ്ങ് വലുതാണ് നരകത്തിലെ ചെറിയ യാതനാനുഭവം—അവിടത്തെ യാതനാ ദുരിതങ്ങാം വർണ്ണനാതീതമാണ്. അവിടത്തെ വാസത്തിനു ജീവിതാനുഭവത്തിനു, ഒരിക്കലും അവസാനമില്ല. വർണ്ണനാതീതമായ അവിടത്തെ ആ നിത്യാഗ്നി ജ്വാലയിൽ എന്നും സദാ കിടന്നു നിത്യവേദന അനുഭവിക്കുന്ന നിർഭാഗ്യം വന്നു ചേരാതിരിക്കുവാൻ തക്കവിധം ഈ ലോക ജീവിതം നയിക്കണം—കരുണാനിധിയായ നമ്മുടെ സ്വർഗ്ഗീയ പിതാവിൻെറ തൃപ്പാദത്തിങ്കൽ നമ്മെ മുഴുവനായി സമർപ്പിച്ചു ശരണീകരിച്ചു അവിടത്തെ സ്നേഹിച്ചു തിരുവിഷ്ടപ്രകാരം സ്വാർത്ഥ പരിത്യാഗത്തിലൂടെ സഹോദര സ്നേഹത്തിലൂടെ പരോപകാരങ്ങളായ നന്മ പ്രവൃത്തനങ്ങളെ അനുഷ്ടിച്ചു നമ്മുടെ ജീവിതം തുടരണം വർത്തിക്കണം——ശിക്ഷാവിധിയുടെയും ദുഷ്ടതയുടെയും, തിന്മയുടെയും സ്ഥാനമാണ്—നരകം. ഭൂമി, പാതാകങ്ങളുടെ അടിത്തട്ടിൻെറ അടിത്തട്ടിൽ അങ്ങ് അകലെ അതിവിദൂരതയിൽ അവർണ്ണനീയമായ കൊടും യാതനകളുടെ, നികേതന സ്ഥാനമാണ് അവിടം. ദൈവകോപത്തിനിരയായ ശാപം കിട്ടി. ദുഷ്ടാരൂപികളായിതീർന്ന മനുഷ്യ പിശാചുക്കളുടെ വാസസ്ഥാനമാണവിടം.

നരകത്തിനും തലവനും, രാജവും ഉണ്ട്—സൃഷ്ടാവായ ദൈവത്തെ അറിയാതെ, അവിടത്തെ കല്പനാനുസരണം സഹോദരങ്ങളെ സ്നേഹിക്കാതെ, സഹായിക്കാതെ, പരോപകാര പ്രവർത്തികളോ, നന്മകളോ— കഴിവിനനുസരിച്ചു തൻെറ വ്യാപര മണ്ഡലത്തിലെങ്കിലും ചെയ്യാതെ സ്വാർത്ഥ മൂർത്തികളായി. ജീവിച്ചു

www.malankaralibrary.com


മനുഷ്യരും, ദുഷ്ടരായി ജീവിച്ചവരും ആകുന്ന നരക ത്തിലെ പ്രജകൾ—ലോകം മുഴുവനുമുള്ള കൊടുംയാതനകൾ ഒന്നായി ചേർന്നാലുണ്ടാകുന്നതിനേക്കാൾ ഏററം വലു താണ് നരകത്തിലെ ഏററം ചെറിയ, യാതനകൾ. സ്നേഹരൂപിയും സ്രഷ്ടാവുമായ ദൈവത്തേയും നമു ക്കുള്ള നമ്മുടെ വേണ്ടപ്പെട്ട മററുള്ളവരെയും—സ്വർഗ്ഗവാ സികളിൽ ആരെയും—ഒരിക്കലും ഒരു നോക്കു കാണാൻ ക ഴിയാതെയുള്ള നിർഭാഗ്യാവസ്ഥ കൊടും യാതന ദുരിത ങ്ങൾ ദുഷ്ട കൂട്ടങ്ങളോടുകൂടെ ഒന്നിച്ചുള്ള വാസം—അവ സാനമില്ലാത്ത നിത്യമായ, വർണ്ണനാതീതമായ യാതനാ നുഭവം ആർക്കും വന്നു ചേരാതിരിക്കുവാൻ ദൈവത്തിൽ ശരണപ്പെട്ടു അവിടത്തെ കരുണയിലാശ്രയിച്ചു നല്ല ജീവി തം നയിക്കേണ്ടതാകുന്നു.

## 10 ഈശ്വരൻ VI

നന്മയും ദുഷ്ടതകളും കഷ്ടതകളും യാതനകളും അസുഖങ്ങളും അസംതൃപ്തിയും നിറഞ്ഞിരിക്കുന്ന നര കവും അതിലെ നിത്യകാലമുള്ള അതിഭയങ്കരവേദനകളും ദൈവത്തിൻെറ സൃഷ്ടിയല്ലെ? അവിടുന്ന് എന്തിനിവ കളെല്ലാം സൃഷ്ടിച്ചു. ഈശ്വരൻ സർവ്വശക്തനാണ്. തിന്മയും, ദുഷ്ടതകളുമെല്ലാം ശക്തിക്കുറവിൽനിന്നുളവാ കുന്നതാണ്. ഈശ്വരൻ സർവ്വശക്തനാകയാൽ ശക്തി യിൽ പരിപൂർണ്ണനാകയാൽ അവിടുത്തേയ്ക്കു ശക്തി കുറ വില്ല, ശക്തിയുടെ കുറവിൽ നിന്നുമാത്രമെ പാപവും തിന്മയും പ്രവൃത്തിക്കുവാൻ കഴിയുകയുള്ളു. ഈശ്വരൻ തൻെറ സാദൃശ്യത്തിലും രൂപത്തിലും പൂർണ്ണസ്വാതന്ത്ര്യ ത്തോടെയാണു മറെറാന്നിനും നല്കാത്ത ആത്മാവി നേയും ബുദ്ധിയേയും മനസ്സിനേയും മനുഷ്യർക്കു നല്കി യിരിക്കുന്നതു്. അവിടുന്നു നമുക്കു തന്നിരിക്കുന്ന പൂർണ്ണ

www.malankaralibrary.com


മായ വ്യക്തി സ്വാതന്ത്ര്യത്തിലും ഒരിക്കലും ഒന്നും കൈകടത്തുകയോ ഇടപെടുകയോ ചെയ്യുന്നില്ല. എന്തും പ്രവൃത്തിക്കുന്നതിന് മനുഷ്യനു പൂർണ്ണ സ്വാതന്ത്ര്യമാണു നൽകിയിരിക്കുന്നത്. മനുഷ്യൻ ശക്തിയിൽ പൂർണ്ണനല്ലാത്തതിനാൽ അവനു നന്മയും തിന്മയും പ്രവൃത്തിക്കാൻ കഴിവും സ്വാതന്ത്ര്യവും ഉണ്ട്. ആ സ്വാതന്ത്ര്യ പ്രവൃത്തനത്തിനു ദൈവം ഒരിക്കലും തടസ്സമായിരിക്കയില്ല. നന്മയോ, തിന്മയോ ഏതെങ്കിലും ഒന്നു തെരഞ്ഞെടുത്തു പ്രവൃത്തിച്ചു ജീവിച്ചു. അതാതിനുള്ള പ്രതിഫലമായി സ്വർഗ്ഗമോ, നരകമോ പ്രാപിക്കുന്നതിനു മനുഷ്യനു പൂർണ്ണ സ്വാതന്ത്ര്യം ഉണ്ട്. കഷ്ടതകളും യാതനകളും, ദുഃഖവും, നരകവും എല്ലാം എന്തിനു സൃഷ്ടിച്ചു എന്നു ചോദ്യം ചെയ്യുവാൻ സൃഷ്ടിയായ മനുഷ്യനെന്തവകാശം! സൃഷ്ടാവിനെ ചോദ്യം ചെയ്യുന്നതിനും, അവിടത്തെ ചെയ്തികളെയും ദാനങ്ങളെയും അവിടത്തെയും പററി വിമർശിക്കുന്നതിനും മനുഷ്യൻ ആര്? അവൻ ആരെന്നു അവനെപ്പററി തന്നെ ആദ്യം പഠിക്കട്ടെ.

ഈശ്വരൻ അളവില്ലാത്ത നീതിയും സർവ്വശക്തിയും സർവ്വജ്ഞാനവും അതിന്റെ അഗാധതയിൽ നിന്നുള്ള പ്രവൃത്തനവും പരിമിതവും അളവുള്ളതുമായ മനുഷ്യന് ദൈവം നല്കിയിരിക്കുന്ന അവിടത്തെ രൂപസദൃശ്യമായ ആത്മാവും ബുദ്ധിയും ജ്ഞാനവും മനസ്സും എല്ലാം അന്യോന്യം താരതമ്യപ്പെടുത്തുവാനോ വിമർശിക്കാനോ സാദ്ധ്യമല്ല. അവകാശവുമില്ല. മനുഷ്യരായ നാം ഒന്നുമാത്രം മനസ്സിലാക്കണം. നമ്മുടെയും സർവ്വത്തിന്റെയും സൃഷ്ടാവും രക്ഷിതാവും, ദാതാവും ദൈവമാണ്. അവിടത്തെ അറിഞ്ഞു സ്നേഹിച്ചും ജീവിച്ചാൽ മരണാനന്തര ജീവിതത്തിൽ എന്നുമെന്നും നമുക്ക് അവിടത്തോടുകൂടി വസിച്ചാനന്ദിക്കാം—മറിച്ചവിടത്തെ അറിയാതെ, അവിട

www.malankaralibrary.com



ത്തെ വിശ്വസിക്കാതെ—തിന്മ പ്രവർത്തനത്തിലൂടെ തോന്ന്യാസ ജീവിതം നയിച്ചാൽ, മരണാനന്തര ജീവിതത്തിൽ സദാ നിത്യകാലം തീരാദുഃഖത്തിനിടയാകും. പിന്നീടൊരിക്കലും അതിൽ നിന്നു വിടുതൽ ലഭിക്കയുമില്ല.

ഈശ്വരൻ സ്തുതിയും പ്രശംസയും പുകഴ്ചയും ആഗ്രഹിക്കുന്നുണ്ടോ? ഈശ്വരനെ സ്തുതിക്കാത്തവനോടു വിരോധവും സ്തുതിക്കുന്നവരോടു സ്നേഹവും പ്രകടിപ്പിക്കുന്നതു ശരിയോ? സ്തുതിയും പ്രശംസയും പൊങ്ങച്ചവുമാഗ്രഹിക്കുന്നതു് അല്പത്വമല്ലേ എന്നിത്യാദിചോദ്യോത്തരങ്ങൾ എയ്തു ഈശ്വരന്റെ മഹിമയ്ക്കു മങ്ങലേല്പിക്കുന്നവരും അനേക കാരണത്താൽ ഈശ്വരവിശ്വാസമില്ലാത്തവരും അവരുടെ അല്പത്വവും അജ്ഞതയും സ്തുതി പ്രശംസാ പുകഴ്ചയും അളവുകോലാക്കാതെ തങ്ങളെ തന്നെ ആദ്യം ശരിയായി അറിയുകയും തങ്ങളുടെ സൃഷ്ടാവും പിതാവുമായ ദൈവത്തിനു കീഴ്പ്പെടുകയും നമ്മെ അവിടുത്തെ മഹാദാനങ്ങൾക്കവകാശികളാക്കിയതിനു പ്രതി നന്ദി പ്രകടിപ്പിച്ചു അങ്ങയെ സ്തുതിക്കയും ചെയ്യേണ്ടതും നമ്മുടെ കടമയും കർത്തവ്യവും മാത്രമാകുന്നു. അല്ലാതെ ഈശ്വരനു വേണ്ടിയല്ല—നമ്മുടെ സ്തുതി സ്തോത്രങ്ങൾ അർപ്പിച്ചാലും ഇല്ലെങ്കിലും ഈശ്വരന്റെ മഹിമക്കോ പ്രഭവിക്കോ കോട്ടം സംഭവിക്കുന്ന ല്ല. നമ്മുടെ അനുസര[illegible] കീഴ്‌വഴങ്ങലും നമുക്കു ക[illegible]ാനിധിയായ അ[illegible] നന്മകൾ നല്കുന്നതിനുള്ള അഭ്യർത്ഥനകൾ മാത്ര[illegible] ഈശ്വരനെ സ്നേഹിക്കുന്നതു്, സ്തുതിക്ക[illegible] ആരാധിക്കുന്നതു് നമ്മുടെ നന്മകൾക്കു വേണ്ടി[illegible] ണ്; അല്ലാതെ ഈശ്വരന്റെ ആവശ്യത്തിനുവേ[illegible] നുള്ള സത്യം എല്ലാവരും ധരിക്കേണ്ടതാണ്.

www.malankaralibrary.com



## 11 ഈശ്വരൻ VII

തിന്നുക, കുടിക്കുക, ആനന്ദിക്കുക, എന്നതിനായി മാത്രമല്ല—മനുഷ്യൻ സൃഷ്ടിക്കപ്പെട്ടിരിക്കുന്നത്. ധനം സമ്പാദിച്ചു കൂട്ടിവയ്ക്കുന്നതിനും ഈ ലോകത്തിലെ പേരും പെരുമയും പ്രശസ്തിയും ആർജ്ജിച്ചു ജീവിക്കുന്നതിനുമായിട്ടല്ല—മനുഷ്യനെ ദൈവം സൃഷ്ടിച്ചിരിക്കുന്നത്. ഈ ലോക ജീവിതശേഷം നിത്യകാലം അളവററ നിത്യാനന്ദ സൗഭാഗ്യത്തിൽ തന്നോടൊന്നിച്ചു വസിക്കുന്നതിനാണ് ദൈവം മനുഷ്യനെ സൃഷ്ടിച്ചിരിക്കുന്നത്. അതിനാൽ ദൈവത്തോടൊന്നിച്ചുള്ള നിത്യകാല ജീവിതം ലഭ്യമാകുന്നതിന് പ്രഥമസ്ഥാനം നൽകുയും ക്ഷണഭംഗുരമായ ഈ ലോക ജീവിതസുഖങ്ങൾക്ക് രണ്ടാം സ്ഥാനം മാത്രം നല്കുയും ചെയ്യേണ്ടതാകുന്നു. ഈ ലോക ജീവിതാനുഭവങ്ങൾക്കായി മാത്രമല്ല മനുഷ്യൻ ജാതനായിരിക്കുന്നത്. പക്ഷി മൃഗാദികളെപ്പോലെ വൃക്ഷലതാദികളെപ്പോലെ ഈ ലോക ജീവിതത്തിൽ മാത്രം മനുഷ്യജീവിതം ഒതുങ്ങുന്നില്ല, അവസാനിക്കുന്നില്ല. മനുഷ്യജീവിതം അനശ്വരവും നിത്യവുമാണ്. അവന്റെ സ്വദേശം ഈ ലോകമല്ല ഈ ലോകം മനുഷ്യന്റെ താല്ക്കാലിക വസതിയാണ്. സ്വദേശമായ നിത്യലോകത്തിലേക്കുള്ള യാത്രയിൽ വിശ്രമകേന്ദ്രമാണ് ഈ ലോകം. നിത്യസുഖത്തിന് അഥവാ തീരദു:ഖ[illegible] അവനെ അർഹനാക്കുന്നത്—ഈ ലോക ജീവിതത്തിൽ, വി[illegible]യിക്കുന്നില്ലെങ്കിലുണ്ടാകുന്ന ദു:ഖത്തിന്റെ കഠോരത—തിരുസൗഭാഗ്യം—നഷ്ടത്തിന്റെ ഭയങ്കരത—ഒന്നി[illegible]ലും ഒരിക്കലും നീകാത്ത വർണ്ണിക്കാവതല്ലാത്ത ദു:ഖം നിറഞ്ഞ [illegible]ിതം മാത്രമായിരി[illegible]ം.

www.malankaralibrary.com



ഈശ്വരനിൽ അടിയുറച്ച് വിശ്വസിക്കുന്നവരിൽ തന്നെ—പലരും—ഈശ്വരനില്ലെന്നു പറയുന്നവരേക്കാൾ ദുഷ്ട ജീവിതം നയിക്കുന്നു—തന്മൂലമാണ് പലരും ഈശ്വരനില്ലെന്നു പറയാനും കാരണം—എല്ലാ മനുഷ്യരും സഹോദര സ്നേഹത്തോടും ആത്മാർത്ഥമായി നിസ്വാർത്ഥമായി ഈശ്വരചിന്തയിൽ ജീവിക്കുന്നതിലേക്കായി നമുക്കു പ്രാർത്ഥിക്കാം

വെറും പക്ഷിമൃഗാദികളെപ്പോലെ ചിന്ത കൂടാതെ തിന്നു കുടിച്ചു വിഹരിച്ചു ജീവിതം അവസാനിപ്പിക്കേണ്ടതല്ല മനുഷ്യൻേറതു്. മററു ജീവജാലങ്ങളെപ്പോലെ ഈ ലോകത്തിൽവച്ച് മനുഷ്യജീവിതം അവസാനിക്കുന്നില്ല. മനുഷ്യൻ ഏതാനും വർഷത്തെ ജീവിതശേഷം ഈ ലോകത്തോടു യാത്രപറഞ്ഞ് അവൻെറ നിത്യവാസസ്ഥാനമായ,സ്വദേശമായ പരലോകത്തിൽ സൃഷ്ടാവും പിതാവുമായ ദൈവത്തോടൊന്നിച്ചു നിത്യകാലം എന്നേക്കും—സദാ സുഖസംതൃപ്തി ആനന്ദസൗഭാഗ്യത്തിൽ കഴിയേണ്ടവനാണ് മനുഷ്യൻ. അതിലേക്കു നാം തയ്യാറാകേണ്ടതിവിടെവച്ചാണ്, മരണാനന്തരശേഷം നിത്യകാലം നരകയാതനകൾക്കിടയാകുന്ന ദൗർഭാഗ്യവും ഇവിടെവച്ചുള്ള പോരാട്ടജീവിതത്തിൽ സൂക്ഷിച്ചു ശ്രദ്ധിച്ചു ഈശ്വരവിശ്വാസസ്നേഹത്തിൽ ജീവിക്കാതിരുന്നാൽ വന്നുചേരും. ഈ ലോകത്തിൽവച്ചു നമ്മുടെ ശരീരമനസ്സുകളെ പോഷിപ്പിച്ചോ, ശോഷിപ്പിച്ചോ, സുഖിപ്പിച്ചോ ദുഃഖിപ്പിച്ചോ, ജീവിക്കുന്നതിലൊന്നും വലിയ കാര്യമില്ല. നിത്യലോകത്തിലേക്ക് കടന്നുചെല്ലുന്ന–കടത്തിവിടുന്ന മരണാനന്തര ജീവിതമായിരിക്കണം നമ്മുടെ ഇവിടുത്തെ പ്രഥമവും പ്രധാനവുമായ ജീവിതലക്ഷ്യം. തിന്നുകുടിച്ചു സുഖിച്ചാനന്ദിച്ചു–ശരീരത്തെ പോഷിപ്പിച്ചുള്ള ജീവിതം

www.malankaralibrary.com



പേരും പെരുമയും പ്രശസ്തിയും എല്ലാവിധ പ്രമാണവും കൈവരിച്ചുള്ള ജീവിതം സമ്പൽസമൃദ്ധിയുടെ ഉന്നതിയിൽ വിഹരിച്ചുള്ള ജീവിതം. എല്ലാം ഒന്നുപോലെ ഒരേ നിലയിൽ മരണത്തോടെ ശ്മശാനകുടീരത്തിൽ അവസാനിക്കുന്നു. മരണാനന്തരജീവിതത്തിലേക്ക് നമുക്കു കൊണ്ടുപോകുവാനുള്ള ഏക ധനം ഈ ലോകജീവിതത്തിൽ, നമ്മുടെ നന്മ പ്രവർത്തനങ്ങളാൽ നല്ല ജീവിതത്തിൽ. ലഭിച്ചിട്ടുള്ള—പരിശുദ്ധിയുടെ വെൺമയുടെ നിറവുമാത്രമാണ്, ആത്മാവ്, പരിശുദ്ധിയുടെ വെൺമവസ്ത്രംധരിച്ച് പുണ്യമാകുന്ന നാണയംനിറഞ്ഞ ഭാണ്ഡവുമേന്തി തൻെറ നിത്യവസതിയിലേക്കു പറന്നെത്തണം—ആ നാണയവും വസ്ത്രവും ലഭിക്കുന്നതു് നമ്മുടെ പരിശുദ്ധവും നിഷ്കളങ്കവും നിർമ്മലതയും സത്യസന്ധവും സ്വാർത്ഥത്യാഗവും പരോപകാരപരവുമായ ജീവിതത്തിലൂടെ മാത്രമാണ്. അതിലേക്കായി നമ്മുടെ ജീവിതത്തിൽ പ്രഥമവും പ്രധാനവുമായ സ്ഥാനംനൽകി ജീവിക്കണം,

ഈ ലോകജീവിതം കഴിവുള്ളത്ര സുഖപ്രദവും ആനന്ദപ്രദവും ആക്കുന്നതിനുവേണ്ടി എല്ലാവരും ആഗ്രഹിച്ചു പരിശ്രമിക്കുന്നു അത്യദ്ധ്വാനം ചെയ്യുന്നു. ഹൃദയം കൊതിക്കുന്നതും കണ്ണാഗ്രഹിക്കുന്നതുമായതെല്ലാം നേടിയെടുത്തനുഭവിക്കുവാൻ എന്തെന്നില്ലാത്ത വെമ്പലോടെ പ്രവർത്തിക്കുന്നു. പരക്കം പായുന്നു. ചിലതെല്ലാം നേടിയെടുക്കാനും അനുഭവിക്കുവാനും ചിലർക്കെല്ലാം സാധിക്കുകയും സാധിക്കാതെവരികയും ചെയ്യുന്നു. ശരീരമനസ്സുകളുടെ സുഖാനന്ദലബ്ധിയാൽ വിജയിക്കുന്നവർക്കുതന്നെയും പൂർണ്ണമായ തങ്ങളുടെ ആനന്ദാനുഭവത്തിൽ എന്തോ ഒരു കുറവുള്ളതുപോലൊരു അസംതൃ

www.malankaralibrary.com



പ്തി ഉള്ളിന്റെയുള്ളിൽനിന്നും സദാപൊങ്ങിവരുന്നു. ഈ കുറവിന്റെ ശൂന്യതയുടെ കാരണം ആത്മാവിന്റെ സംതൃപ്തിക്കനുസരണമായി ജീവിതം നയിക്കാത്തതിനാലാകുന്നു.

നമ്മുടെ ജീവിതം നമുക്കും നമ്മുടെ സോദരങ്ങൾക്കും പ്രയോജനപ്രദമായി നന്മയ്ക്കിടയാകുന്നതാണെങ്കിൽ—നമ്മുടെ ഓരോ പ്രവർത്തനത്തിലും ആ പ്രവർത്തനം നമുക്കും മററുള്ളവർക്കും ഗുണകരമായി ഭവിച്ചുവെന്ന് നമുക്കുതന്നെ ബോദ്ധ്യമായാൽ ആത്മസംതൃപ്തിക്കു കുറവുവരുന്നില്ല. ആത്മസംതൃപ്തിയുടെ കുറവു നികത്താനുള്ളമാർഗം നമ്മുടെ ഓരോ പ്രവർത്തനവും ആത്മമത്ഥതയോടെ ദൈവീകചിന്തയോടെ. നമുക്കും നമ്മുടെ സോദരങ്ങൾക്കും പ്രയോജനമാകത്തക്കവിധം, വർത്തിക്കുക എന്നതു മാത്രമാണ്.

നമ്മുടെ പ്രവർത്തനത്തിൽ വിജയമോ അപജയമോ ഉണ്ടാകട്ടെ. നമുക്കും മററുള്ളവർക്കും ഉപകാരത്തിനു പകരം ഉപദ്രവകരമായി നമ്മുടെ ഏതെങ്കിലും പ്രവർത്തനം ഇടവരുത്തിയാലും നമ്മുടെ ആത്മാർത്ഥത ഉദ്ദേശ്യശുദ്ധി, സത്യസന്ധത നിഷ്കാപട്യം നമുക്ക് സംതൃപ്തിയെ നൽകും. തിന്നുകുടിച്ചു സുഖിച്ചാനന്ദിക്കുന്നതിനു മാത്രമായി ജീവിക്കാതെ നശിക്കുന്ന-ക്ഷണികമായ—ഈ ലോക മായകളിൽമാത്രം മുഴുകിമുങ്ങാതെ നിത്യമായ, മരണാനന്തരജീവിതത്തിലെ ആത്മാവിന്റെ ആത്മാനുഭൂതിലബ്ധിക്കായി അതിലേക്കു പ്രഥമവും പ്രധാനവുമായ സ്ഥാനം നൽകി വർത്തിക്കണം—ജീവിക്കണം.

ഈ ലോകത്തിലെ സർവശരീര സുഖാനുഭവങ്ങളും ഒന്നുപോലെ നശ്വരമാണ്. അനശ്വരമായ നിത്യജീവിതം

www.malankaralibrary.com



മരണശേഷമാണുണ്ടാകുന്നത്. അത് ഒരിക്കലും അവസാനിക്കുന്നില്ല. സുഖം അല്ലെങ്കിൽ ദുഃഖം ഇവയിലൊന്നിനാണ് നാം പാത്രവാന്മാരാകുന്നത്. നമ്മുടെ ഈ ലോകജീവിതത്തെ ആശ്രയിച്ചാണ് നിത്യജീവിതം സുഖമോ ദു:ഖമോ ആയി ലഭിക്കുന്നത്. ദൈവസ്നേഹത്തോടെ ദൈവീകചിന്തയോടെ എല്ലാം ദൈവത്തിൽ സമർപ്പിച്ച്.നമുക്കും നമ്മുടെ സോദരങ്ങൾക്കും നന്മയ്ക്കിടവരത്തക്കവിധം ഓരോ പ്രവർത്തനവും ജീവിതാന്ത്യം വരെ നടത്തുന്നവർക്ക് നിത്യജീവിതാനന്ദവും അതിനെ തീരായി ദൈവത്തിലാശ്രയിക്കാതെ വിശ്വസിക്കാതെ സഹോദരങ്ങളെ സ്നേഹിക്കാതെ ജീവിക്കുന്നവർക്ക് നിത്യദു;ഖവും ലഭിക്കും.

നിത്യസ്വർഗ്ഗ സൗഭാഗ്യത്തിന്റെയും നിത്യനരക ദുഃഖത്തിന്റെയും അവകാശികളായി തീർന്നിട്ടുള്ളവരുടെ അനുഭവസാക്ഷ്യം ഇതിലേക്കുണ്ട്. സത്യാന്വേഷകർക്കും ആത്മാർത്ഥതയുള്ളവർക്കും അതു മനസ്സിലാക്കുവാൻ പ്രയാസമില്ല. ഉദ്ദേശശുദ്ധിയോടെ സത്യസന്ധതയോടെ മതഗ്രന്ഥങ്ങൾ പഠിക്കുകയും മതപണ്ഡിതരെ സമീപിക്കുകയും ചെയ്താൽ മർത്യൻ—അമർത്യനാണെന്നും നിത്യസുഖദുഃഖങ്ങൾ നിത്യമായിട്ടുണ്ടെന്നും ബോധ്യമാകും. അതിനാൽ നമ്മുടെ ജീവിതപ്രവർത്തനങ്ങൾ ദൈവ സ്നേഹത്തോടെ ദൈവത്തിലാശ്രയിച്ച് നമ്മുടെയും മററുള്ളവരുടെയും നന്മയ്ക്കിടയാകത്തക്കവിധം ആത്മാർത്ഥതയോടെ മരണാന്ത്യംവരെ നടത്തണം വർത്തീകരിക്കണം.

സ്വർഗ്ഗ നരകങ്ങൾ ഇവിടെത്തന്നെയാണെന്നും,ഓരോരുത്തരുടെയും ജീവിത പ്രവർത്തങ്ങനൾക്കനുസരിച്ചാണ്

www.malankaralibrary.com



ദുഃഖദുരിതങ്ങളും സുഖങ്ങളും അനുഭവമാകുന്നതെന്നും വി ശ്വസിക്കുന്ന ഒരു വിഭാഗക്കാരുണ്ട്, അതു ശരിയല്ല. മാതാപിതാക്കളുൾപ്പെടെ മുൻതലമുറയുടെ കർമ്മഫലമാണ് പിൻതലമുറയ്ക്കു വന്നുചേരുന്നതെന്നുള്ള അഭിപ്രായവും ശരിയല്ല. പ്രാർത്ഥനകൊണ്ടും തപശ്ചര്യകൊണ്ടും എന്തും സാധ്യമാകുമെങ്കിൽ—സാധ്യമാക്കാമെങ്കിൽ മുൻ അഭിപ്രായ ഗതി എങ്ങനെ ശരിയാകും. ഇതെല്ലാം വായനക്കാരുടെ ചിന്തയ്ക്കു—വിടുന്നു. മതപണ്ഡിതരെയും മതഗ്രന്ഥങ്ങളെയും ആശ്രയിച്ച് അന്വേഷിച്ചാലും.

## 12 ഈശ്വരൻ VIII

ദൈവം നമ്മെ, മനുഷ്യവർഗ്ഗത്തെ അവിടുത്തെ രൂപ സാദൃശ്യത്തിൽ മററു ജീവികൾക്കൊന്നിനും നല്കീട്ടില്ലാത്ത വിശേഷ ബുദ്ധിയോടും ആത്മാവോടും കൂടെ സൃഷ്ടിച്ച പ്രപഞ്ചത്തിലെ, ലോകത്തിലെ സകല ജീവജാലങ്ങളുടേയും, എന്നല്ല സകലചരാചരങ്ങളുടെയും ആധിപത്യവും മേല്ക്കോയ്മയും നമുക്കു നല്കി. അതിനും പുറമെ തന്റെ സൃഷ്ടി വൈചിത്ര്യത്തെ നാലുപാടും മേലോട്ടുനോക്കി കാണുന്നതിനുള്ള നയനശക്തി ആകാശഗോളങ്ങളെയും ഉയരത്തിന്റെ ഉയരത്തിൽ ഉന്നതിയുടെ ഉന്നതിയിൽ സ്വർഗ്ഗാധി സ്വർഗ്ഗത്തിൽ വാഴുന്ന അങ്ങയും നോക്കത്തക്കവിധം നയന ദൃഷ്ടികളെ ആകാശ ചക്രവാളത്തിനപ്പുറത്തേക്കെത്തി ക്കാണുന്നതിനുള്ള നയനശക്തിവിശേഷം നമുക്കുമാത്രം നല്കി. മററു ജീവികൾക്കെല്ലാം അവയുടെ നയനശക്തി കീഴോട്ടു മാത്രം നോക്കി കാണുന്നതിനാണു നല്കിയിരിക്കുന്നതു്. ഇതു് ആലോചിക്കുമ്പോൾ അതിനാൽ തന്നെ—സ്രഷ്ടാവായ അവിടുത്തെ അധിവാസ സ്ഥാന

www.malankaralibrary.com



ത്തേജസ്സ്—നമ്മുടെ മനസ്സിനെയും ബുദ്ധിയേയും ചിന്തയേയും നയനങ്ങളെയും ഉയർത്തി ഈ വിധ നന്മകളെല്ലാം നല്കിയതിനു കൃതജ്ഞതാ സ്തുതി സ്തോത്രങ്ങൾ കൂപ്പുകരങ്ങളോടെ അർപ്പിക്കുന്നതിനും ഹൃദയചക്ഷുസ്സുകളാൽ ധ്യാനനിമഗ്നതയിൽ, അങ്ങയെ ദർശിച്ച് അങ്ങുമായി സംസർഗ്ഗം ചെയ്യുന്നതിനുമുള്ള ക്ഷമതയെവ്യക്തമാക്കുന്നു.

സർവ്വത്തിന്റെയും സൃഷ്ടാവുമായ രക്ഷിതാവും നമ്മുടെ പിതാവുമായ അവിടുത്തെ അറിഞ്ഞു നോക്കിക്കണ്ട് ഹൃദയത്തിലൂടെ ദർശിച്ച് അവിടുന്നുമായി സംസർഗ്ഗം ചെയ്തു നാം ജീവിക്കണം—സ്നേഹനിർഭരമായ ഹൃദയത്തോടെ—കാരുണ്യവാനും പിതാവുമായ അങ്ങയെ സ്നേഹിക്കണം—ക്ഷണികവും നശ്വരവുമായ ഈ ലോക ജീവിതശേഷം നിജവും അനന്തവും അത്യാനന്ദകരവും ഊഹാതീതവുമായ, സൃഷ്ടാവോടൊരുമിച്ചുള്ള വാസത്തിലേക്ക് നമ്മുടെ വ്യക്തിത്വത്തിൽ മാത്രം ആശ്രയിച്ച് അഹങ്കരിക്കാതെ—എല്ലാമറിയാമെന്നുള്ള ഭാവേന നെളിയാതെസർവേശ്വരനിലാശ്രയിച്ച് ജീവിക്കണം.

ദൈവം സ്നേഹമൂർത്തിയാണ്, സ്നേഹഭണ്ഡാകാരമാണ് സ്നേഹ കുമ്പാരമാണ്. സ്നേഹം തന്നെയാണ്. സ്നേഹ നിധിയായ ദൈവത്തിന്റെ സൃഷ്ടിയായ മനുഷ്യനും സ്നേഹാത്രപ്തിയിൽതന്റെ സൃഷ്ടാവും പിതാവുമായ ദൈവത്തെ ആദിമനുഷ്യ തലമുറ മുതലേ അന്വേഷിക്കാൻ തുടങ്ങി സർവ്വത്തിന്റെയും ഉടമയും അധിനായകനുംസർവ്വജ്ഞനും തന്റെ സൃഷ്ടാവുമായഒരു പരാശക്തി ഉണ്ടായിരിക്കണമെന്നും ആ ശക്തിസ്വരൂപൻ എവിടെയാണെന്നും, ആദിമനുഷ്യവംശപരമ്പരകൾ മുറ്റു

www.malankaralibrary.com



മുറയ്ക്ക തുടർച്ചയായി അന്വേഷിക്കുകയും ഓരോ കാലഘട്ടങ്ങളിൽ പ്രകൃതി ഓരോ ശക്തികളെയും തങ്ങളുടെ സൃഷ്ടാവായ ഈശ്വരനെന്നു സങ്കല്പിച്ച് ആരാധന തുടങ്ങുകയും ആരാധനാ സങ്കേതങ്ങളും ഉണ്ടാക്കുകയും ചെയ്തു വന്നു.

അഗ്നിയുടെ അടുക്കാനാവാത്ത ചൂടും പ്രകാശശോഭയും നിമിത്തം, അഗ്നിയേയും ജീവിയെ നല്കുന്ന അത്ഭുതത്താൽ മുട്ടത്തോടിനേയും, ഇടിമിന്നലുകളെയും, അതിശക്തമായി ആഞ്ഞടിക്കുന്ന കൊടുങ്കാററിനേയും എല്ലാവർക്കും ജീവനെ, നിലനിർത്തുന്ന വായുവിനെയും സപ്താഭവർണ്ണമായ മാരിവില്ലിനേയും ചെറുതും വലുതുമായ പർവ്വതങ്ങളെയും കുന്നുകളെയും പാറകളെയും കല്ലുകളെയും അലതല്ലി മറിയുന്ന മഹാസമുദ്രങ്ങളെയും നദികളെയും നദീപതനസ്ഥാനങ്ങളെയും ജലപതനങ്ങളെയും ഭൂമിയേയും സൂര്യചന്ദ്രാദി നക്ഷത്രങ്ങളേയും എന്നുവേണ്ട പ്രകൃതിയിലുള്ള സകലവസ്തുക്കളെയും ഓരോ കാലങ്ങളിലായി, ഓരോ കൂട്ടരായി ഈശ്വരനായി സങ്കല്പിച്ച് ആരാധനയും, ആരാധനാസങ്കേതങ്ങളും, ഉണ്ടാക്കുകയും ബുദ്ധിയിൽ തോന്നിയ വിധം ആരാധനാ ക്രമങ്ങളും പൂജാകർമ്മാദികളും ഏർപ്പെടുത്തുകയും ചെയ്തു. കൂടാതെ ചില കൂട്ടർ അജ്ഞാതങ്ങളായ രൂപ ശക്തികളെ സങ്കല്പിച്ചുണ്ടാക്കി നാമകരണം ചെയ്തു. പ്രതിഷ്ഠാ സങ്കേതങ്ങളുണ്ടാക്കി–പൂജാകർമ്മാദികളും പക്ഷിമൃഗാദി ബലികളും, നരബലി തന്നെയും നടത്തി തുടങ്ങി. ഇവയെ ഓരോന്നിനെയും അടിസ്ഥാനപ്പെടുത്തിയുള്ള മതങ്ങളും മതപുരോഹിതരും ആരാധനാകേന്ദ്രങ്ങളും അവിടവിടെ അങ്ങോളമിങ്ങോളമുണ്ടായി. ഇതെല്ലാം സൃഷ്ടിയായ പ്രകൃതി വസ്തുക്കളെയും ശക്തികളെയും അടിസ്ഥാനപ്പെടുത്തിയുള്ള പ്രകൃ

www.malankaralibrary.com



തിമതങ്ങളാണ്. ഈവിധ പ്രകൃതിമതങ്ങളെല്ലാം ബഹു; ദൈവ വിശ്വാസ മതങ്ങളായിട്ടാണ് നിലകൊള്ളുന്നത്.

ഈവിധം, മനുഷ്യർ വിവിധങ്ങളായ പ്രകൃതി ശക്തികളെയും സങ്കല്പ ദൈവങ്ങളെയും ആരാധിക്കുന്നത് തന്നെ ഉദ്ദേശിച്ചാകയാൽ അവർക്ക് തന്നെ വെളിപ്പെടുത്തിക്കൊടുക്കുവാൻ ദൈവം തിരുമനസ്സായി. അവിടുന്ന് ആദ്യ തലമുറ മുതൽ കാലാകാലങ്ങളിലായി ദൂതർ വഴിയും നേരിട്ടും അവതാരത്തിലൂടെയും മനുഷ്യരോടു കൂടി സഹവസിച്ച് ജീവിച്ച തന്നെ ലോകത്തിനു വെളിപ്പെടുത്തി.

ബഹു:ദൈവ വിശ്വാസ മതങ്ങളായിട്ടാണ് ഇന്നും ഒരു വിഭാഗം മനുഷ്യർ നിലകൊള്ളുന്നത്. കൂടാതെ രാജാക്കന്മാരും ചക്രവർത്തിമാരും ഈശ്വര പ്രതിനിധികളായി അവതരിച്ചവരാണെന്നുള്ള വിശ്വാസത്തിൽ അവരെ ദൈവമായി സങ്കല്പിച്ചുള്ള ആരാധനാകേന്ദ്രങ്ങളും ലോകത്തിലവിടവിടെ സ്ഥാപിച്ച് ആരാധനയും പൂജാകർമ്മാദികളും, ഇന്നും നടക്കുന്നുണ്ട്. ഈ വിധ വിശ്വാസക്കാർ ഏക ദൈവത്തിലാശ്രയിക്കാതെ ബഹു ദൈവ വിശ്വാസത്തിൽ അടിയുറച്ചവരാകുന്നു. ഇതിനു പുറമെ ഏതെങ്കിലും വിധത്തിൽ ലോകോപകാരികളായി സ്വാർത്ഥത്യാഗികളായി ജീവിച്ച ആ മനുഷ്യരെയും ആദ്യ തലമുറ തുടങ്ങി ഇന്നുവരെയും ഓരോ കാലഘട്ടങ്ങളിലും ഈശ്വരാവതാരമായി സങ്കല്പിച്ചുള്ള ആരാധനയും ആരാധനാ സങ്കേതങ്ങളും ഉണ്ടായിട്ടുണ്ട്, ഈ വിധം പ്രകൃതി ശക്തികളെയും രാജാക്കന്മാരെയും ചക്രവർത്തിമാരെയും ലോകോപകാരികളായി വർത്തിച്ച സ്വാർത്ഥത്യാഗികളായി വർത്തിച്ച മനുഷ്യരെയും ഈശ്വരന്മാരായും ഈശ്വര പ്രതിനിധികളായും ആദ്യകാലം മുതൽ ഇന്നേയോളം

www.malankaralibrary.com



വിശ്വസിച്ച് ബഹുദൈവങ്ങളിലാശ്രയിച്ച ലോകജനതയുടെ ഒരു നല്ല വിഭാഗം ഈശ്വര വിശ്വാസത്തിൽ നിലകൊള്ളുന്നു.

മനുഷ്യ തലമുറയുടെ ആരംഭം മുതൽ ഇന്നേയോളം ഏക ദൈവ വിശ്വാസത്തിൽ മാത്രം ഉറപ്പായി വിശ്വസിച്ചു നിലകൊള്ളുന്ന ഒരു വിഭാഗം ജനതതിയും ലോകത്തിൽ അങ്ങോളമിങ്ങോളം ജീവിച്ചു വരുന്നു. ഭൂലോകത്തിൻെറ മദ്ധ്യസ്ഥിതമായ പാലെസ്തീനായിലാണ്. ഭാരതത്തിൽ അതിപുരാതന കാലം മുതലെ ദൈവം പത്തു പ്രാവശ്യം മനുഷ്യനായി അവതരിച്ചു, മനുഷ്യർ ജീവിച്ചനുഷ്ഠിക്കേണ്ട ഉപദേശങ്ങൾ നല്കിയതായി ഹൈന്ദവ മതഗ്രന്ഥങ്ങളിൽ വിവരിക്കുന്നു. പുരാതന കാലത്തു തന്നെ സ്ഥാപിതമായ ബുദ്ധ ജൈനമതങ്ങളും ഈശ്വര സൃഷ്ടിയെയും മരണാനന്തര ജീവിതാനുഭവങ്ങളെയും വിവരിക്കുന്നു. ഈവിധം ഈശ്വര പ്രകാശിതങ്ങളായ മതങ്ങൾ ഏകദൈവ വിശ്വാസത്തിലും, പ്രകൃതിമതങ്ങൾ ബഹു:ദൈവ വിശ്വാസത്തിലും ലോകത്തിലങ്ങോളമിങ്ങോളം സ്ഥിതിചെയ്യുന്നു. ഇതിൽ നിന്നെല്ലാം സ്രഷ്ടാവും പിതാവുമായ ദൈവത്തിൽ ഉറപ്പായി വിശ്വസിച്ചു ദൈവത്തെ സ്നേഹിച്ചു അവിടുത്തെ കല്പനാനുസരണം ജീവിച്ചു മരണാനന്തര ജീവിതത്തിലെ നിത്യാനന്ദ സൗഭാഗ്യത്തിൽ ചെന്നെത്താൻ പ്രഥമവും പ്രധാനവുമായി നാം ശ്രമിച്ചു ജീവിക്കേണ്ടതാകുന്നു.

www.malankaralibrary.com



## 13 ഈശ്വരൻ IX

മനുഷ്യാരംഭം മുതൽ തന്നെ ലോകത്തിൽ ഈശ്വര പ്രകാശിത മതവും ഏകദൈവ വിശ്വാസ മതങ്ങളും സ്ഥാപിതമാകയും എല്ലാററിനും, പൂജാബലി കർമ്മാദികളും ആരാധനാ സങ്കേതങ്ങളും ഉണ്ടാകുകയും ചെയ്തതായി ലോക ചരിത്രം വ്യക്തമാക്കുന്നു. ഈശ്വരനെ കണ്ടു പിടിക്കുവാനായി, മനുഷ്യർ നടത്തിയ അന്വേഷണശ്രമങ്ങളുടെ ഫലമായി ഉളവായതാണ് പ്രകൃതിമതങ്ങൾ. ദൈവം പ്രത്യക്ഷനായി മനുഷ്യർക്കു വെളിപ്പെടുകയും അവതാരത്തിലൂടെ മനുഷ്യരൊന്നിച്ച് ഒരു പുരുഷായുസ്സുവരെ ജീവിച്ചു സ്ഥാപിക്കുകയും ചെയ്താണ് ഈശ്വര പ്രകാശിതമതം.

ലോകത്തിൽ ആദ്യന്തം ഇന്നേയോളം ഏകദൈവ വിശ്വാസത്തിൽ നിലകൊള്ളുന്ന ഏകരാജ്യം പാലസ്റ്റീൻ മാത്രമാണ്. ഗലീല, സിറിയ, യഹൂദ്യാ എന്നീ രാജ്യങ്ങളിൽപ്പെട്ട പാലസ്റ്റീന് ഇസ്രായേൽ രാജ്യമെന്ന് അതിപുരാതനകാലം മുതലേ പേരുണ്ട്. ബി. സി. നാലായിരത്തിനടുത്തു ദൈവം അവിടെ പ്രത്യക്ഷനായി യഹൂദമതത്തെ സ്ഥാപിക്കുകയും വീണ്ടും കാലാകാലങ്ങളിൽ പ്രത്യക്ഷനാകുകയും തന്റെ സ്വർഗ്ഗീയ ദൂതന്മാരെ അയച്ചും യഹൂദ മതത്തെ നയിക്കുയും ചെയ്തിരുന്നു. ബി. സി. അഞ്ചിൽ ദൈവം തന്റെ പുത്രനായ ക്രിസ്തുവിനെ ലോകത്തിലേക്കു അയച്ചു. ക്രിസ്തു ഗലീലായിൽ ജാതനായി. എ. ഡി. മുപ്പതു വരെ മനുഷ്യരോടൊത്തു ജീവിച്ച്–ക്രിസ്തു മതത്തെ സ്ഥാപിച്ചു. യഹൂദമതവും ക്രിസ്തുമതവും ഇന്നും ഏകദൈവ വിശ്വാസത്തെ മാത്രം ഉറപ്പായി വിശ്വസിച്ചു നിലകൊള്ളുന്നു.

www.malankaralibrary.com



മതാത്മകമായി ആദ്യന്തം ആദി മുതൽ ഇന്നോളം എന്നും ഉന്നതമായ നിലവാരം നിലനിർത്തിയിട്ടുള്ളതും പാലസ്റ്റീൻ മാത്രമാകുന്നു.

ഭാരതം അതിപുരാതന കാലത്തുതന്നെ ഏക—ബഹു ദൈവ വിശ്വാസങ്ങളിൽ നിലനിന്നു വരുന്നു. രാജാക്കന്മാരിലും ചക്രവർത്തിമാരിലും മതപരിഷ്ക്കരണ കർത്താക്കളിലും ദിവ്യത്വം ആരോപിച്ചുള്ള വിശ്വാസവും തദനുസരണമുള്ള ആരാധനാക്രമങ്ങളും ആരാധനാ സങ്കേതങ്ങളും അവിടവിടെ ഓരോരിക്കലായി സ്ഥാപിതമായിട്ടുണ്ട്. പക്ഷി മൃഗാദിബലികളും നരബലികൾ തന്നെയും എ. ഡി. ഇരുപതാം നൂററാണ്ടിന്റെ ആരംഭം വരെ ലോകത്തിൽ നിലനിന്നിരുന്നു. സ്വാത്മത്യാഗികളും പരോപകാരികളും മതപരിഷ്ക്കരണ കർത്താക്കളുമായ മനുഷ്യനെ, ഈശ്വരാവതാരമായി വിശ്വസിച്ച്, ഇന്നും എന്നും അവരുടെ പേരിൽ ആരാധനാ സങ്കേതങ്ങളുണ്ടാക്കുകയും പൂജാകർമ്മാദികൾ നടത്തുകയും ചെയ്യുന്ന ഒരു വിഭാഗം ജനതതി, ഭാരതീയരിൽ ഉൾക്കൊള്ളുന്ന സത്യം മറച്ചുവയ്ക്കാനാവില്ല.

ബി. സി. രണ്ടായിരത്തിനപ്പുറം. എ. ഡി. മൂന്നാം നൂററാണ്ടുവരെ ലോകത്തെ അടക്കി ഭരിച്ച ഏക സാമ്രാജ്യം റോമൻ സാമ്രാജ്യം മാത്രമാണ്. രാഷ്ട്രീയമായും ഭരണപരമായും റോമൻ സാമ്രാജ്യം അതിപുരാതനകാലം മുതല്ക്കു തന്നെ ഉല്ക്കർഷത്തെ പ്രാപിച്ചിരിക്കുന്നു. യൂറോപ്പു മുഴുവനും ബ്രിട്ടൻ, ഏഷ്യ മൈനർ, സീറിയ, പാലസ്റ്റീനാ, അറേബ്യ, ഈജിപ്ററ്. ആഫ്രിക്കയുടെ വടക്കെ തീരം എല്ലാം ഉൾപ്പെടുത്തി ക്രിസ്ത്യമായ ഏക സാമ്രാജ്യം റോമൻ സാമ്രാജ്യവും അതിന്റെ തല

www.malankaralibrary.com



സ്ഥാനനഗരി റോമും ആയിരുന്ന റോം ഭരണപരമായി ഉയർന്നിരുന്നതുപോലെ ഗ്രീസ്സും, സംസ്ക്കാരപരമായും പാലസ്ററീൻ മതാത്മകമായും ഉന്നതിയെ പ്രാപിച്ചിരുന്നു. ഭാരതവും അതിപുരാതനകാലം മുതൽക്കുതന്നെ സംസ്ക്കാര സമ്പന്നമായിരുന്നു. ഗ്രീസ്സിനു വെളിയിലും ശക്തമായ സാംസ്ക്കാരിക സ്വാധീനമുണ്ടായിരുന്നു, ഗ്രീക്ക സംസ്ക്കാരവും തത്വചിന്തകളും പൗരസ്ത്യ സംസ്ക്കാരങ്ങളുമായി പഴകിചേർന്നിരുന്നു. പൗരസ്ത്യ പാശ്ചാത്യ ദേശങ്ങളെ മുഴുവൻ കയ്യടക്കിയ മാസിഡോണിയായിലെ അലക്സാണ്ടർ ചക്രവർത്തി കിഴക്കൻ രാജ്യങ്ങളിൽ ഗ്രീക്ക സംസ്ക്കാരവും തത്വചിന്തയും പ്രചരിപ്പിച്ചു. പൗരസ്ത്യദേശത്തു എഴുപതിൽപ്പരം സ്റ്റേററുകൾ മാസിഡോണിയാ രാജക്കന്മാർ സ്ഥാപിക്കയും അവിടെയെല്ലാം ഗ്രീക്ക സംസ്ക്കാരം പ്രചരിപ്പിക്കയും ചെയ്തു. ധാർമ്മിക ജീവിതം മതം, ഇഹപര ജീവിത ബന്ധം, മതത്തെക്കുറിച്ചു യുക്തിപരവും ദാർശനിയവുമായ ചിന്ത എല്ലാം എവിടെയും കണ്ടു തുടങ്ങി. അന്ധവിശ്വാസങ്ങൾ തുടച്ചു നീക്കി വസ്തുതകൾ യുക്തിയുക്തമായ ചിന്തയിൽ മനസ്സിലാക്കുവാനുള്ള ആഗ്രഹം ജനതതിയ്ക്കുണ്ടായി. ഗ്രീക്ക സാഹിത്യവും മത തത്വങ്ങളും ഏവരുടെയും ചിന്താവിഷയമായി ഭവിച്ചു. ഫിലിപ്പ്, സോക്രട്ടീസ് പ്ളേറേറാ, അരിസ്റ്റോട്ടിൽ തുടങ്ങിയവരുടെ തത്വശാസ്ത്രങ്ങൾ യുക്തിയിലൂടെ ദൈവ വിശ്വാസത്തിലെത്താമെന്നു വ്യക്തമാക്കി, ജനസ്വാധീനം നേടിയിരുന്ന അവരുടെ തത്വശാസ്ത്രങ്ങളിലൂടെ ഈശ്വരനിലും മനുഷ്യരുടെ മരണാനന്തര ജീവിതത്തിലും ജനതതിയ്ക്കു വിശ്വാസമുണ്ടായി.

പ്രകൃതി ശക്തികളിലും അജ്ഞാതങ്ങളായ സങ്കല്പശക്തികളിലും ദിവ്യത്വവും ഈശ്വരത്വവും ആരോ

www.malankaralibrary.com


പിച്ച് ഇന്നും ജീവിക്കുന്നവർ ദൈ പ്രത്യക്ഷതയിൽകൂടി സ്ഥാപിച്ചിരിക്കുന്ന ഈശ്വര പ്രകാശിത മാർഗ്ഗത്തെ മതഗ്രന്ഥങ്ങളിൽ കൂടിയും മതപണ്ഡിതരെ സമീപിച്ചു മനസ്സിലാക്കി ജന്മസാഫല്യമായ നിത്യശാന്തി കൈവരിക്കുന്നതിനു ശ്രമിച്ച് ജന്മസാഫല്യം കൈവരുത്തിയാലും. നമ്മുടെ സൃഷ്ടാവും പിതാവുമായ ദൈവം നമുക്കു കാണിച്ചു തന്നിരിക്കുന്ന മാർഗ്ഗങ്ങളെ നാം പിൻതുടരേണ്ടതും—അവിടത്തെ തിരുകല്പനാനുസരണം ജീവിക്കേണ്ടതുമാകുന്നു. ഈശ്വരാസ്തിക്യത്തിൽ വിശ്വസിച്ച് ഓരോരുത്തർക്കും തോന്നുന്നതുപോലെ ജീവിക്കാൻ പൂർണ്ണ ഭക്തി സ്വാതന്ത്ര്യമുണ്ടെങ്കിലും അതു ദുരുപയോഗപ്പെടുത്താതെ ദൈവ തിരുമനസ്സിനു പരിപൂർണ്ണമായി കീഴടങ്ങി അവിടത്തെ സ്നേഹിച്ച് അനുദിനം ഹൃദയചക്ഷുസ്സുകളാൽ അവിടത്തെ ദർശിച്ചു ധ്യാനമാർഗ്ഗേണ അവിടുന്നുമായി സംസർഗ്ഗം ചെയ്തു ജീവിത വിജയം കൈവരുത്തണം.

## 14 ഈശ്വരൻ X

ഈശ്വരൻ പക്ഷഭേദക്കാരനാണ്. ചിലർക്കു അമിത സുഖവും മററു ചിലർക്കു അങ്ങെയററത്തെ ദുഃഖ ജീവിതവും നല്കുന്നു. ചിലരെ അംഗഹീനരായും ചിലരെ സുന്ദരന്മാരും ആരോഗ്യവാന്മാരുമായും സൃഷ്ടിക്കുന്നു. അംഗസൗഷ്ടവത്തിലും ശരീരഘടനയിലും വലിപ്പ ചെറുപ്പവും പൂർണ്ണതയും അപൂർണ്ണതയും നല്കുന്നു. അങ്ങെയററത്തെ സുഖകരമായ ജീവിതാനുഭവവും ചിലർക്ക് ജീവിതം മുഴുവൻ ദാരിദ്ര്യവും രോഗവും ക്ലേശവും മററു ചിലർക്കും നല്കുന്നു. ഇങ്ങനെയുള്ള വ്യത്യാസങ്ങൾ നല്കുന്നതു നീതിമാനായ ദൈവത്തിൻെറ നീതിക്കു ചേർന്നതാണോ?

www.malankaralibrary.com



ഈ ചോദ്യങ്ങളും സംശയങ്ങളും ഉന്നയിക്കുന്നവരുടെ ശ്രദ്ധയ്ക്ക്.

സംശയാലുക്കളെ! എല്ലാവരുടെയും എല്ലാററിൻെറയും സ്രഷ്ടാവും രക്ഷിതാവും ദൈവം തന്നെയാകുന്നു. മനുഷ്യനൊഴികെ പ്രപഞ്ചത്തിലുള്ള സകലജീവരാശികൾക്കും അവിടുന്നു ശാരീരിക ജീവനെ മാത്രമേ പ്രദാനം ചെയ്തിട്ടുള്ളു. അതു ഇവിടെനിന്നും ഈ പ്രപഞ്ചത്തിൽനിന്നു തന്നെ ജനിച്ചു വളർന്നിവിടെതന്നെ നശിക്കുന്നു. അവസാനിക്കുന്നു. മനുഷ്യനാകട്ടെ, മററു ജീവികളെപ്പോലെ തന്നെ പ്രപഞ്ചത്തിൽ തന്നെ നശിക്കുന്ന ശരീരവും ജീവനുമായി ഉളവാക്കപ്പെടുന്നതിനോടൊപ്പം നശിക്കാത്ത എന്നും ജീവിക്കുന്ന ദൈവത്തിൻെറ രൂപസാദൃശ്യമായ ആത്മാവിനാലധിഷ്ഠിതമായി ജാതനാകുന്നു. അതായതു് ഒരിക്കലും മരണമില്ലാത്ത, നശിക്കാത്ത, എന്നും ജീവിക്കുന്ന ആത്മാവിൻെറ ആദ്യത്തെ അധിവാസ സ്ഥാനമാണ് മനുഷ്യ ശരീരം.

മറെറാരു ജീവികൾക്കും നല്കിയിട്ടില്ലാത്ത എന്നും ജീവിക്കുന്ന ആത്മാവിൻെറ ആദ്യത്തെക്കുറെ നാളത്തെ അധിവാസ ഭവനമാണ് ശരീരം. അതിനു നിത്യലോകവും നിത്യഭവനവുമുണ്ടു്. ആത്മാവിൻെറ താല്ക്കാലിക വസതിയാണിീ ശരീരം. ക്ഷണികമായ ക്ഷണഭംഗുരമായ ഒരു ഹ്രസ്വകാല ജീവിതമാണ് ആത്മാവിനിവിടെ കഴിച്ചുകൂട്ടേണ്ടതു്. ആത്മാവിൻെറ സ്വദേശമായ മരണാനന്തര ജീവിതലോകത്തിൽ ജീവിക്കുന്നകാലം ഒരിക്കലും അവസാനിക്കാത്തതും എന്നെന്നും നിലനില്ക്കുന്നതുമാകുന്നു. ഈവിധം അണുമാത്ര നിമിഷമായൊരു ജീവിതത്തിൻെറ സുഖ ദു:ഖാനുഭവങ്ങളെപ്പററി കാര്യമാക്കേ

www.malankaralibrary.com



ണ്ട ആവശ്യമേ ഇല്ല. ഇതു മാനുഷിക ചിന്താസരണിയാലുള്ളൊരു നിഗമനാഭിപ്രായം മാത്രമാണ്.

ഇനി ദൈവീക ചിന്തയുടെ സരണിയിൽകൂടി ചിന്തിക്കാം. എല്ലാം മനുഷ്യരും തന്നോടൊന്നിച്ച് എന്നും ജീവിക്കുന്നതിനാണ് സൃഷ്ടിക്കപ്പെട്ടിരിക്കുന്നത്. അതിനവിടുത്തെ വകയായ ഈ ലോകത്തിൽ ആദ്യം കുറെ നാരം ജീവിക്കുന്നതിനു കല്പിച്ചയയ്ക്കുന്ന തന്റെ പ്രതിഛായയിൽ തന്റെ രൂപ സദൃശ്യവും പിതൃത്വവും നല്കി സൃഷ്ടിക്കപ്പെടുന്ന മക്കളായ മനുഷ്യാത്മാക്കളുടെ ആദ്യത്തെ അധിവാസ സ്ഥാനമായി പഞ്ചഭൂത നിർമ്മിതമായ ശരീരം നൽകുന്നു. ഈ ലോകത്തിലുള്ള മനുഷ്യന്റെ വാസത്തിനു് നീണ്ട കാലഘട്ടങ്ങൾ അനുവദിക്കപ്പെട്ടിട്ടില്ല. ക്ഷണികമായൊരു ചുരുങ്ങിയ കാലം വഴിയമ്പല വിശ്രമംപോലെ നിത്യനാടായ നിത്യലോകത്തിലെ നിത്യ ജീവിതത്തിനായി സൃഷ്ടിച്ചക്കിയതു അല്പദൂരം മാത്രമുള്ള ക്ഷണികമായ ഈ ലോകത്തിലാണ്, ഇവിടെനിന്നും കിടന്നും ഉരുണ്ടും ഇഴഞ്ഞും പിടഞ്ഞും നീന്തിയും പിച്ച നടന്നും ഓടിച്ചാടിയും അങ്ങനെ ഒടുവിൽ ഉദ്ദിഷ്ട സ്ഥാനത്തു് നിർദ്ദിഷ്ട സ്ഥലത്തു് എത്തി എന്നും നീണ്ട കാലം ഒരിക്കലുമവസാനമില്ലാത്ത നിത്യതയുടെ നിത്യകാലം ജീവിക്കണം. ആ ജീവിതകാല ദൈർഘ്യത്തോടിവിടുത്തെ ആ ജീവിതവാസ കാലം തുലനം ചെയ്താൽ ഒട്ടുമില്ല. ഏതുമില്ല. അനു നിമിഷമാത്രമായ, ക്ഷണികമായ. അല്പത്തിലുള്ള അല്പകാലം മാത്രം—അതിനിടയ്ക്കുള്ള ദു:ഖദുരിതങ്ങൾ സുഖാനുഭവങ്ങളെല്ലാം ക്ഷണികം നിസ്സാരം, അന്നു മുളച്ചു അന്നന്നു തന്നെ വാടി ഉണങ്ങുന്ന പുല്ലിനോടു അന്നു വിടർന്നു് അന്നന്നു തന്നെ വാടിപ്പൊഴിയുന്ന പുഷ്പ ങ്ങളെ

www.malankaralibrary.com



ത്തോട് അന്നന്നു ജനിച്ചു നശിക്കുന്ന ഈയാം പാററയോട് എല്ലാം തുല്യമാണിവിടത്തെ മാനുഷിക ജീവിതം.

ഈശ്വരൻ, അവനവൻെറ ഹൃദയത്തിൽ തന്നെയാണെന്നും അതിനപ്പുറം ഒന്നുമില്ലെന്നും വിശ്വസിക്കുന്ന ഒരു വിഭാഗക്കാരുണ്ട്—ഈശ്വരൻെറ രൂപ സാദൃശ്യമാണ് മനുഷ്യൻ—അതിനാൽ അവിടത്തെ—സർവ്വജ്ഞാനത്തിൽ സർവ്വശക്തിയിൽ—സർവ്വവ്യാപകത്വത്തിൽ— അംശാംശ മാത്രകൾ മനുഷ്യനിലും സ്ഥിതിചെയ്യുന്നു. അരൂപിയായി മനുഷനിൽ, സ്ഥിതി ചെയ്തു വ്യാപരിക്കുന്ന ആത്മാവാണ്— ഈശ്വര-രൂപ സദൃശ്യമായിട്ടുള്ളത്. ആ ആത്മാവാണ് നല്ല കാര്യങ്ങളെ, ഈശ്വര ചിന്തകളെ നമ്മിൽ ഉദ്ദീപിപ്പിക്കുന്നതു്. എന്നാൽ ദൈവം മനുഷ്യനു നല്കിയിരിക്കുന്ന പൂർണ്ണ വ്യക്തി സ്വാതന്ത്ര്യത്തിൽ അവിടുന്ന് ഒരിക്കലും കൈകടത്തുകയില്ല. എന്തും ചെയ്യുന്നതിനും വർത്തിക്കുന്നതിനും നമുക്കു സ്വാതന്ത്ര്യം തന്നിരിക്കുകയാണ്—ഈശ്വര ചിന്തയില്ലാതെ എന്തും പ്രവർത്തിക്കുന്നതിനും നമുക്കു കഴിയും— അതിനാൽ നാം ചിന്തയിലൂടെ എല്ലാം ചെയ്യുന്നു.

www.malankaralibrary.com


## 15 ഈശ്വരചിന്ത XI

ധനാഢ്യരേ. കുബേരന്മാരെ-ഇന്നത്തെ ലോകജന സാന്ദ്രതയിൽ, ഭൂരിപക്ഷക്കാരും, ദരിദ്രരേഖയ്ക്കു താഴെ നിലക്കൊള്ളുന്നവരാണെന്നോർക്കേണമേ—വൻവസതികൾ വാർത്തുണ്ടാക്കി അലങ്കാരത്തിനും അമിത സുഖോപകര ണങ്ങൾക്കുമായി ലക്ഷങ്ങളും ദശലക്ഷങ്ങളും ചെലവു ചെയ്തു വസിക്കുന്നതു തികച്ചും തെററാണ്, സോദര സ്നേഹമില്ലായ്മയാണ്. ദൈവ കോപാത്തിനിടയാ കുന്നതാണ് അഞ്ചു് അംഗങ്ങൾ ഖരെമിതസുഖനിലയിൽ താമസിക്കുന്നതിനു ആയിരം ചതുരശ്ര അടിയും പത്തംഗ ങ്ങൾവരെ വസിക്കുന്നതിനു് ആയിരത്തഞ്ഞൂറു ചതുര ശ്ര അടിയും വിസ്തൃതി ഭവനങ്ങൾ മതിയാകുമെന്നുള്ള അനുഭവസത്യം വിസ്മരിക്കരുതേ—അതിലധികം സ്ഥല സൗകര്യത്തിനും അമിതാലങ്കാരത്തിനും അമിത സുഖഭോ ഗാദികൾക്കും ചെലവാക്കുന്ന തുക—നിങ്ങളുടെ ചുററുപാടു മുള്ള പട്ടിണിപ്പാവങ്ങൾക്കായിവിനിയോഗിച്ചു സഹോദര സ്നേഹവും, ദൈവ സ്നേഹവും പ്രകടമാക്കിയാലും, കഴിവിനപ്പുറമായി ഞെരുങ്ങിയും കടപ്പെട്ടും. എല്ലാ ററിലും ധനാഢ്യരെ അനുകരിക്കുന്ന മധ്യസ്ഥിതരും, തങ്ങ ളുടെ ശേഷിയെ പററി ചിന്തിക്കാതെ അവരെ അനുവർ ത്തിച്ച് അവസാനം ആപത്തിനും അപകടത്തിനും ഇടവ രുന്നതിനിടയാകാതെ സൂക്ഷിച്ചു ശ്രദ്ധിച്ചു ജീവിതം തുടർന്നാലും

കുബേരരേ—നിങ്ങൾ പിൻതലമുറയ്ക്കായി. അമിത നിലയിൽ ആർജ്ജിച്ചു കൂട്ടിവയ്ക്കുന്ന വസ്തുവകകളും ധനങ്ങളും, അവർക്കു അപകടത്തിനിട നൽകുന്നതാണെന്നോ

www.malankaralibrary.com


ത്താലും—നിങ്ങൾ ലക്ഷദശലക്ഷങ്ങൾ ചെലവാക്കി വാർത്തുണ്ടാക്കിയ വസതിയേയും, അമിതമായി സമ്പാദിച്ച വസ്തുവകകളെയും. നിങ്ങളുടെ മരണശേഷം മക്കൾ തമ്മിൽ പങ്കുവയ്ക്കുമ്പോൾ, വസതികളും വസ്തുവകകൾക്കുമായി അന്യോന്യം കലഹിച്ചും ഭിന്നിച്ചും വിദ്വേഷ വൈരാഗ്യത്തോടെ, കത്തികുത്തുകൾ മൂലവും വെടിപടക്ക സ്ഫോടനത്താലും മരണത്തിനും നാശത്തിനും ഇടയാകുമെന്നോർത്താലും. എല്ലാം മിതനിലയിൽ. പിൻതലമുറയ്ക്കായി കരുതി വയ്ക്കുകയും ബാക്കി അധികമുള്ളവയെ പട്ടിണിപ്പാവങ്ങൾക്ക നല്കുകയും ചെയ്താൽ നിങ്ങൾക്കും പിൻതലമുറയ്ക്കും നന്മയ്ക്കിടയാകുന്നതാണ്.

ലോക സുഖഭോഗാദികൾ വേണ്ടെന്നുവച്ച് ബ്രഹ്മചര്യവ്രതപ്രതിജ്ഞയിൽ സന്യാസാന്തസ്സിനെ, സ്വമനസ്സാ സ്വീകരിച്ച്, വ്യാപരിക്കുന്ന താപസികളും താപസവര്യരും ആചാര്യരും, ആചാര്യശ്രേഷ്ഠരും മുനിമാരും മുനിശ്രേഷ്ഠരും, യതികളും യതിപുംഗവരും സന്യാസിനികളും—തങ്ങളുടെ പ്രതിജ്ഞയ്ക്കും ഉദ്ദേശ്യങ്ങൾക്കും വിരുദ്ധമാകാതെ സന്യാസാശ്രമങ്ങളിലും പർണ്ണാശ്രമങ്ങളിലും വല്ല കുടിലുകളിലും സന്യാസിമന്ദിരങ്ങളിലും പതുങ്ങിയും ഒതുങ്ങിയും ജീവിക്കുന്നവർ, ആ നിലയിലും സാധുസംരക്ഷണത്തിനും, ദീനാനുകമ്പാ പ്രവർത്തനങ്ങൾക്കും, അവിടവിടെച്ചുറ്റിത്തിരിയുന്നവർ-ആ നിലയിലും തങ്ങളുടെ പ്രതിജ്ഞയ്ക്ക വിപരീതമാകാതെയും പ്രത്യേകിച്ച് ബ്രഹ്മചര്യാ വ്രതമുദ്ര. ചിന്ത, വാക്ക്, പ്രവർത്തനം ഇവകളിൽ യാതൊരു കേടും ചെളിയും പോറലും വരാതെ, മുദ്ര പൊട്ടാനിടയാകാതെ സൂക്ഷ്മതയോടെ, വളരെ കരുതലോടെ ജീവിച്ചാലും.

www.malankaralibrary.com



ആത്മീക കാര്യങ്ങൾക്കു പ്രഥമ സ്ഥാനവും മുൻതൂക്കവും നൽകി ലൗകികവ്യാപാരങ്ങളിൽക്കൂടി ആത്മാർത്ഥതയോടെ ദൈവ സ്നേഹം മനുഷ്യ സ്നേഹ മാർഗ്ഗേണ പ്രകടമാക്കിയാലും.

സന്യാസികളേ, സന്യാസിനികളെ, യതികളെ, യതിപുംഗവരേ, അലയും സ്വാമിമാരേ. കാഷായവേഷ പാദുക സ്വാമിമാരേ, ആചാര്യ, വൈദീക കുലാലങ്കാര തിലോത്തംസങ്ങളെ! നിങ്ങളിൽ ബഹുഭൂരിപക്ഷക്കാരുടെയും , ചരിത്രാരംഭ കാലം മുതൽ ഇന്നുവരെയുള്ള, മനുഷ്യ സ്നേഹപരമായ, ദീനാനുകമ്പാ പ്രവർത്തനങ്ങൾ, ആർക്കും, ആരാലും ഇന്നും എന്നും ഒരിക്കലും വിസ്മരിക്കാൻ സാധ്യമല്ല—ലോക സമാധാനം എന്നും നിലനില്ക്കുന്നതു നിങ്ങളിൽക്കൂടി മാത്രമാണ്— ആർത്തർക്കും അവശർക്കും ആലംബഹീനർക്കും, എന്നും, താങ്ങും തുണയും ആലംബവും നിങ്ങൾ മാത്രമാണ് ത്യാഗോജ്ജ്വലമായ, നിങ്ങളുടെ സാധു ജനസേവന, പാരമ്പര്യം, അഭംഗുരം തുടർന്നാലും ശത്രുമിത്രഭേദമെന്യേ, ജാതിമത വർഗ്ഗ ചിന്തകൾക്കതീതമായി, ദൈവസ്നേഹത്തിൽക്കൂടിയുള്ള സഹോദര സ്നേഹ സേവനം ഒരിക്കലും ആർക്കും മറക്കാനും മറയ്ക്കാനും സാധ്യമല്ല, ദൈവ സ്നേഹമില്ലാതെ ദൈവ വിശ്വാസമില്ലാതെ സഹോദര സ്നേഹമില്ലാതെ കൊടും സ്വാർത്ഥതയിൽ പ്രശസ്തിക്കും ധനാർജ്ജനത്തിനും അമിത സുഖാനുഭവത്തിനും വെമ്പലോടെ വീറോടെ വെരണ്ടോടുന്ന ഇന്നത്തെ ലോകത്തിന്, സമാധാനത്തിനും ആശ്വാസത്തിനുമുള്ള—ഏക മാർഗ്ഗം നിങ്ങളുടെ ത്യാഗപൂർണ്ണമായ സേവനവും, പ്രാർത്ഥനയും, പൂജാകർമ്മാദികളും മാത്രമാണ്. ഇന്നത്തെ ജനസാന്ദ്രതയുടെയും അമിത സുഖജീവിതവാഞ്ഛയുടെയും ഈശ്വരാസ്തിക്യ നിഷേ

www.malankaralibrary.com


ധനത്തിൻെറയും കൊടും സ്വാർത്ഥതാ പ്രവർത്തനത്തിൽ ലോകത്തിനശ്വാസവും സമാധാനവും സാധ്യമാകുന്നതിനുള്ള നിങ്ങളുടെ പരിത്യാഗപരമായ ത്യാഗോജ്ജ്വല സേവനങ്ങളെ ജനസഞ്ചയം എന്നും കൃതജ്ഞതയോടെ സ്മരിക്കും.

ഹിന്ദു, ബുദ്ധ, ജൈന, സിക്ക, യൂദ, ക്രൈസ്തവ, മുസ്ലീം മതങ്ങളിലെ. സന്യാസ സന്യാസിനി, വൈദികാചാര പുരോഹിത വൃന്ദങ്ങളിലെ, ഒരു ചെറിയവിഭാഗം, കൊടും സ്വാർത്ഥരും, പരസ്നേഹം കൂടാതെ, തൻകാര്യ പ്രസക്തരും ധനമോഹികളും, അമിത സുഖാനുഭവികളുമായ ഇരുമ്പു മനുഷ്യരായി, അവിടവിടെ വർത്തിക്കുന്നുണ്ട്. അതേ പ്രകാരം തന്നെ—മറിച്ച്, നിസ്വാർത്ഥരായി,ത്യാഗികളായി, പരസ്നേഹഭാവികളായി തങ്ങളുടെമുഴവൻ കഴിവുകളും. മററുള്ളവർക്കായി, തൻസുഖത്തെ ത്യജിച്ച ക്ലേശങ്ങളിലൂടെ, ശാരീരിക സുഖങ്ങളും മററെല്ലാ സുഖങ്ങളും നിശ്ശേഷം ത്യജിച്ച, ദേവ മനുഷ്യരായി വർത്തിക്കുന്ന ഒരുചെറിയ വിഭാഗവും ഉണ്ട്. അവരെ എല്ലാക്കാലത്തും ലോകം അതീവ സ്നേഹത്തോടെ സ്മരിക്കും—ഇതിലെ ആദ്യ വിഭാഗക്കാരും. ലോകസമാധാനത്തിനു ഒരിക്കലും തടസ്സമായി നിലനിൽക്കുന്നില്ലെന്നുള്ള സത്യം മറക്കാവുന്നതല്ല മനുഷ്യതലമുറയുടെ ആരംഭകാലം മുതൽ ഇന്നേയോളമുള്ള എല്ലാം മതങ്ങളിലെയും, സന്യാസി, സന്യാസിനിമാരും, വൈദീകാചാര്യന്മാരും ലോക നന്മയ്ക്കുവേണ്ടി പ്രാർത്ഥനാധ്യാനത്തോടെ, പൂജാകർമ്മാനുഷ്ഠാനങ്ങളോടെ, ആളുകളുടെ അവശരുടെയും ആലംബഹീനരുടെയും, ആശ്ചര്യ, നന്മകൾക്കായി അനവരതം കഴിവുള്ളത്ര സേവനം ആത്മാർത്ഥതയോടെ ചെയ്തിട്ടുണ്ട് ഇന്നും ചെയ്തുകൊണ്ടിരിക്കുന്നു. അവശർക്കും ആർത്തർക്കും ആലംബഹീനർക്കുമായി അവർ ചെയ്തിട്ടുള്ളതും ചെയ്തുകൊണ്ടിരിക്കുന്നതുമായ, ദീനാനുകമ്പാപ്രവർത്തനങ്ങളും—ത്യാഗോജ്ജ്വലമായ നിസ്വാർത്ഥ സേവനങ്ങളും—ആരിലും ഒരിക്കലും വിസ്മരിക്കാൻ സാധ്യമല്ല.

www.malankaralibrary.com



അംഗഹീനർ. ഭിക്ഷക്കാർ, ദരിദ്രർ, രോഗികൾ എല്ലാം അവരവരുടെ അവസ്ഥയിൽ തങ്ങളുടെ ശാരീരിക വേദനയും ഞെരുക്കങ്ങളും ദു:ഖദുരിതങ്ങളും സംതൃപ്തിയോടെ നല്ല മനസ്സോടെ ദൈവം തങ്ങളുടെ ആത്മശുദ്ധീകരണത്തിനായി നല്കിയിരിക്കുന്ന നല്ല ദാനങ്ങളാണെന്നുള്ള ചിന്തയോടെ—ദൈവത്തിലാശ്രയിച്ച് തങ്ങളിടപെടുന്ന അറിയുന്ന സഹവസിക്കുന്ന എല്ലാ സഹോദരങ്ങളെയും സ്നേഹിച്ച ജീവിച്ച് ഇവിടെ നിന്നും യാത്രയാകുന്നപക്ഷം ഏററം ഉന്നതമായ സ്വർഗ്ഗീയ സൗഭാഗ്യത്തിനർഹരായിതീരും. അതുപോലെ ധനാഢ്യരും മധ്യസ്ഥിതരും തങ്ങളുടെ ശാരീരക സുഖാനുഭവങ്ങൾ പരിമിതമാക്കി തങ്ങളുടെ ചുററുപാടിലും വ്യാപാര മണ്ഡലങ്ങളിലുമുള്ള തങ്ങളിൽ കുറഞ്ഞവരും കഷ്ടപ്പെടുന്നവരുമായ സഹോദരങ്ങളെ സഹായിച്ചും എല്ലാവരെയും സ്നേഹിച്ചും നന്മ പ്രവൃത്തനങ്ങളിലൂടെ നിസ്വാർത്ഥ സേവനങ്ങളിലൂടെ ജീവിച്ച് ഇവിടെനിന്നും യാത്രയായാൽ അപക്കം മററുള്ളവരോടൊപ്പമോ അതിൽ കൂടുതലായോ കുറവയോ ഇവിടെ ചെയ്തിരിക്കുന്ന നന്മ പ്രവർത്തനങ്ങളുടെ ആക്കത്തുക്കമനുസരിച്ചുള്ള സ്വർഗ്ഗീയ സമ്മാനം ലഭിക്കുന്നതാണ്. മറിച്ച് ഒരുവിധം കഴിവുള്ളവർ മുതൽ ധനാഢ്യവർവരെയുള്ളവർ ആർത്തരെയും ദു:ഖദുരിതങ്ങളനുഭവിക്കുന്നവരെയും തിരിഞ്ഞു നോക്കാതെ തങ്ങളുടെ ചെറുവിരൽപോലും അവക്കായി ചലിപ്പിക്കാതെ തങ്ങളുടെ ചുററുപാടുമുള്ള തങ്ങളെ സമീപിക്കുന്ന ആ സാധുക്കളെ കണ്ടിട്ടും കാണാതെയും അറിഞ്ഞിട്ടും അറിയാതെയും തങ്ങൾക്ക ദൈവം നല്കിയിരിക്കുന്ന എല്ലാ കഴിവുകളും സൗകര്യങ്ങളും ദാനങ്ങളും തങ്ങളുടെ ശാരീരിക സുഖത്തെ അമിതമായി ഉപരിയുപരി വർദ്ധിപ്പിക്കുന്നതിനും ധനം ഏതു വിധത്തിലും ആർജ്ജിച്ച കൂട്ടിവയ്ക്കുന്നതിനും

www.malankaralibrary.com



തയ്യാറായി ജീവിച്ചാൽ അവർക്കീ ക്ഷണിക ജീവിതാനുഭവശേഷം ലഭിക്കുന്നത് നിത്യ ദുഃഖമായിരിക്കും.

ധനാഢ്യരേ, കഴിവുള്ളവരെ നിങ്ങൾ വളരെ ഭയപ്പെട്ട സൂക്ഷ്മതയോടെ-ശ്രദ്ധയോടെ ദൈവത്തിലാശ്രയിച്ചു നിങ്ങളുടെ ചുററുപാടുമുള്ള ദരിദ്രരേയും ഞെരുക്ക ക്ലേശങ്ങളനുഭവിക്കുന്നവരെയും അങ്ങേയററം സഹായിച്ചു സ്നേഹിച്ചു സേവിച്ചു ജീവിച്ചാലും! നിങ്ങളുടെ ശാരീരിക സുഖാനുഭവങ്ങൾ പരിമിതമാക്കി ധനമാർജ്ജിച്ചു കൂട്ടിവയ്ക്കാതെ പുത്രമിത്രാദികൾക്കമിതമായി നല്കാതെ സാധുക്കളെ സഹായിച്ചു പരോപകാരപ്രദമായി, ജീവിച്ചു കടന്നുപോകുന്നതിനു ശ്രദ്ധിച്ചാലും! സാധുക്കൾ അവശർ ദരിദ്രർ നിങ്ങളുടെ ആത്മാവിനു മുതൽക്കൂട്ടിനുള്ള നിത്യ ജീവിതത്തിലെ നിത്യാനന്ദ സമ്മാനം നല്കുന്ന ദാന പാത്രങ്ങളാണെന്നു ധരിച്ചാലും.

കുടുംബസ്ഥർ, ഗ്രഹാശ്രമികൾ, വിവാഹിതർ ഏക ഭാര്യാവ്രതക്കാരായിരിക്കണം. ഭാര്യാഭർത്താക്കൾ അന്യോന്യം സ്നേഹത്തിലും വിശ്വാസത്തിലും ഐക്യത്തിലും വർത്തിക്കണം. അനുദിന പ്രവർത്തനങ്ങളിലും കുടുംബം പുലർത്തുന്നതിലും മററുള്ളവരുമായുള്ള ഇടപെടലിലും, ഇടപാടുകളിലും, വ്യാപാരങ്ങളിലുമെല്ലാം ഒത്തൊരുമയോടെ, യോജിപ്പോടെ, ഏകാഭിപ്രായമായി വർത്തിക്കണം, ഇരുവരും തമ്മിൽ ഒരിക്കലും അന്യോന്യം അഭിപ്രായ ഭിന്നതയോ, അവിശ്വാസ തയോ, ബുദ്ധിയുടെയും മിടുക്കിൻെറയും കൂടുതൽ കുറവുകളെ പററിയുള്ള വാദകോലാഹലമോ ഒന്നും ഉണ്ടാക്കരുത്. സംഭാഷണങ്ങളും പ്രവർത്തനങ്ങളുമെല്ലാം മക്കൾക്കും മററുള്ളവർക്കും മാതൃകയായിരിക്കണം, തങ്ങളുടെ കുടുംബം, സമാധാന

www.malankaralibrary.com



ത്തിൻെറയും ശാന്തിയുടെയുംസംതൃപ്തിയുടേയും ഐശ്വര്യത്തിൻേറയും നിറവിനാൽ സദാശോഭിച്ച് മററുള്ളവക്ക് മാതൃകയാകണം. ഒരു നല്ല കുടുംബം താൻ നാട്ടിനും സമുദായത്തിനും രാജ്യത്തിനും ശ്രേയസ്കരമാണെന്നോർക്കണം,

കുടുംബങ്ങളിൽനിന്ന് രാഷ്ട്രപൗരന്മാരും അവരിൽനിന്ന് ഭരണാധികാരികളും രാജ്യത്തിന് ലഭിക്കുന്നു കുടുംബം നന്നാകാതെ സമുദായവും രാജ്യവും അഭിവൃദ്ധിപ്പെടുകയില്ല, മാതാപിതാക്കളുടെ ജീവിതത്തിനും സ്ഥിതിഗതികൾക്കുമനുസരിച്ച മക്കൾ നല്ലവരായോ, ചീത്തകളായോ ഭവിക്കുന്നു. അതിനാൽ മാതാപിതാക്കൾ സദാ എല്ലാ കാര്യങ്ങളിലും ജീവിതത്തിലും പ്രവർത്തനത്തിലും മാതൃകയായി വർത്തിക്കണം. മക്കളെ നല്ല ശിക്ഷണത്തിലും മാതൃകയിലും പ്രത്യേകിച്ച് ആത്മീയ കാര്യത്തിൽ ദൈവചിന്തയിൽ, ഈശ്വരസ്തോത്രത്തിൽ പ്രാർത്ഥനാധ്യാനങ്ങളിൽ,കർമ്മാനുഷ്ഠാനങ്ങളിൽ വേണ്ടവണ്ണം അഭ്യസിപ്പിക്കണം, സാധുസംരക്ഷണത്തിലും പരോപകാര പ്രവർത്തനങ്ങളിലും, സഹോദര സ്നേഹത്തിലും സ്വാർത്ഥപരിത്യാഗത്തിലും, നിസ്വാർത്ഥ സേവനങ്ങളിലും നല്ല മാതൃക നൽകി, ലൗകികവും, ആത്മീയവുമായ എല്ലാ നല്ല കാര്യങ്ങളും, അവരവരുടെ ശരീരഘടകങ്ങളായി മാററാൻ ശ്രമിക്കണം.

www.malankaralibrary.com



## 16 ഈശ്വരൻ—സാരാംശം XII

സ്വർഗ്ഗസ്ഥനായ ദൈവം, നമ്മുടെയെല്ലാം പിതാവും നാം എല്ലാം ലോകജനത മുഴുവനും അവിടുത്തെ മക്കളുമാകുന്നു, മനുഷ്യരെല്ലാം സ്വർഗ്ഗസ്ഥനായ ഏക പിതാവിന്റെ മക്കളാകയാൽ, ഓരോരുത്തരും അന്യോന്യം സഹോദരങ്ങളാണ്, ഒരുത്തരും അന്യരല്ല അന്യർ ഇല്ല. ലോക ഭാഷാ നിഘണ്ടുക്കളിൽ നിന്നും അന്യർ എന്ന പദം-വാക്ക്—നീക്കം ചെയ്യേണ്ടതാണ്. അന്യർ—ഇല്ലാതിരിക്കെ—ആ പദം ഉപയോഗിക്കുന്നതു് അർത്ഥശൂന്യമാകുന്നു, അതുപോലെ-നഷ്ടം എന്ന പദവും മനുഷ്യരെ സംബന്ധിച്ചിടത്തോളം അർത്ഥമില്ലാത്തതാകുന്നു. ആർക്കും ഒന്നും ഈ ലോകത്തിൽ നഷ്ടമില്ല. ഈ ലോകത്തിലേക്കു വന്നപ്പോൾ ആരും ഒന്നും കൊണ്ടു വന്നില്ല. നൂലരഞ്ഞാണംപോലുമില്ലാതെ-നാലഞ്ചു പൗണ്ടു തൂക്കമുള്ള ഒരു മാംസ പിണ്ഡമായി ലോകത്തിലേക്കു വന്നു. അതു മുതൽ മരണപര്യന്തം ഓരോരുത്തർക്കും ലഭിച്ചിരിക്കുന്ന എല്ലാം വളർന്നു മുതിർന്ന ശരീരം, ഭാര്യ പുത്രാദികൾ, സ്വന്തക്കാരും ബന്ധുക്കളും വസ്തു വകകൾ എല്ലാം ലാഭമാണ്. അതിനാൽ മനുഷ്യരെ സംബന്ധിച്ച നഷ്ടം, എന്നു പറയുന്നതും അർത്ഥശൂന്യം തന്നെ.

എന്നാൽ മനുഷ്യർക്ക് പലർക്കും തീരാനഷ്ടം വന്നുചേരാവുന്ന വലിയ ഒരു നഷ്ടം ഉണ്ടു്, ആ നഷ്ടം എന്നു പറയുന്നതു്—ഈ ലോകത്തെ സംബന്ധിക്കുന്നതല്ല. ക്ഷണഭംഗുരമായ ഈ ലോക ജീവിതശേഷം, നിത്യകാലം ഒരിക്കലും അവസാനമില്ലാതെ സ്വർഗ്ഗീയ പിതാവിനോടൊത്തു അനുഭവിക്കേണ്ട നിത്യാനന്ദ സൗഭാഗ്യമാകുന്ന നിത്യ ശാന്തി നഷ്ടമായാൽ അതു തീർത്താൽ തീരാത്ത ഒരിക്കലും വീണ്ടെടുക്കാൻ കഴിയു

www.malankaralibrary.com



ത്തന ഷ്ടമാകുന്നു. അതുപോലെ നേട്ടം എന്ന പദവും ഈ ലോക ജീവിതത്തെ സംബന്ധിച്ചിടത്തോളം, വലിയ അത്ഥപ്പിടിപ്പുള്ളതല്ല ജീവിതത്തിലെ യഥാർത്ഥ നേട്ടം, ജന്മസാഫല്യമാകുന്നു. നിത്യശാന്തി, മരണാനന്തര ജീവിതത്തിലെ, നിത്യാനന്ദ സൗഭാഗ്യം കൈവരിക്കുന്നതു മാത്രമാകുന്നു.

ഇല്ലായ്മയിൽ നിന്നു നമ്മെ സൃഷ്ടിക്കുകയും ഈ ലോകമുൾപ്പെടെ ഈ പ്രപഞ്ച മണ്ഡലവും സർവ്വവും മുൻകൂർ നമുക്കായി തയ്യാർ ചെയ്തു നല്കുകയും, ഈ ലോക ജീവിതശേഷം ഊഹാചിന്താ മണ്ഡലങ്ങൾക്കതീതമായ നിത്യാനന്ദ സൗഭാഗ്യം നമുക്കൊരുക്കി. നമ്മെ നോക്കിപ്പാർത്തു കൊണ്ടിരിക്കയും ചെയ്യുന്നു. സ്നേഹ സ്വരൂപനും, കരുണ്യവാനുമായ, നമ്മുടെ സ്വർഗ്ഗീയ പിതാവിനെ—നാം അറിഞ്ഞു് മനസ്സിലാക്കി—അവിടുത്തെ ആത്മാർത്ഥമായി അങ്ങേയററം സ്നേഹിച്ചു. തിരുകല്പനാനുസരണം ജീവിക്കേണ്ടതു—നമ്മുടെ കർത്തവ്യവും പ്രതിനന്ദി പ്രകടനവും മാത്രമല്ല. ജന്മസാഫല്യമായ നിത്യശാന്തി ലഭ്യമാകുന്നതിനു് ഏററം അത്യാവശ്യവുമാകുന്നു. ദൈവത്തെ സ്നേഹിക്കുന്നതു—കാണപ്പെടുന്ന നമ്മുടെ സഹോദരങ്ങളെ—സ്നേഹിക്കുന്നതാകുന്നു. അവശരും ആർത്തരും ആലംബഹീനരുമായ സഹോദരങ്ങളെ കൂടുതലായി നാം സ്നേഹിക്കണം. സ്നേഹം, പ്രവൃത്തികളിൽ കൂടിയാണ് പ്രകടമാകേണ്ടതു്. നമുക്കു ദൈവം തന്നിരിക്കുന്ന എല്ലാ കഴിവുകളും നമുക്കായിമാത്രം വിനിയോഗിക്കുന്നതു സ്വാർത്ഥപരമാണ്, നമ്മിൽ കുറഞ്ഞവരെയും—നമ്മുടെ വ്യാപാര മണ്ഡലത്തിൽ ആകെല്ലാം ആവശ്യമായി വരുന്നോ—അവർക്കെല്ലാവർക്കും നാം നമ്മുടെ കഴിവുകൾ വിനിയോക്കണം.

www.malankaralibrary.com



നമ്മുടെ കൈവശം വന്നുചേരുന്ന ധനം—വസ്തുവകകൾ എല്ലാം നമ്മുടെ സുഖത്തിനായിമാത്രം വിനിയോഗിച്ചാൽ പോരാ—നമ്മിൽ കുറഞ്ഞവരായി നമ്മുടെ ചുററുപാടിലുള്ളവരെയും കഴിവനുസരിച്ചു സഹായിക്കണം. ഭക്ഷിക്കാനായി മാത്രം ജീവിക്കരുത്. ജീവിക്കാനായി മാത്രം ഭക്ഷിക്കണം. ശാരീരികമായ അമിത സുഖാനുഭവം ആഗ്രഹിച്ചു ജീവിക്കരുത്. ധനം ആർജ്ജിച്ചു കൂട്ടിവയ്ക്കരുത്. ഉന്നതമായ മണിമാളികയിലെ ശയ്യാതലത്തിൽ സുന്ദരികളായ തരുണീമണികളുമൊത്തു സദാതിന്നുകുടിച്ച് ആനന്ദിച്ചുള്ള ജീവിതം സ്വാർത്ഥപരമാണ് നമ്മുടെ സഹോദരങ്ങളായ അനേകായിരങ്ങൾ, ഒരു നേരത്തെ വിശപ്പടക്കാൻ നിവൃത്തിയില്ലാതെ—നാണം മറയ്ക്കാൻ വസ്ത്രമില്ലാതെ—കിടന്നുറങ്ങാൻ കിടപ്പാടമില്ലാതെ —സദാ അലഞ്ഞു തിരിഞ്ഞു കഷ്ടപ്പെട്ടുമ്പോൾ ദൈവം നമ്മെ ഏല്പിച്ചിരിക്കുന്ന എല്ലാ ധനാഗമ മാർഗ്ഗങ്ങളും വസ്തു വകകളും സ്വാർത്ഥപരമായി—അമിതമായി—നാം തന്നെ അനുഭവിക്കുകയും അധികമുള്ളവയെ കൂട്ടിവയ്ക്കുകയും ചെയ്യുന്നു. അവർ ഒരിക്കലും തങ്ങളുടെ സഹോദരങ്ങളെ സ്നേഹിക്കുന്നില്ല. സഹോദരങ്ങളെ സ്നേഹിക്കാത്തവർ ദൈവത്തെയും സ്നേഹിക്കുന്നില്ല.

മനുഷ്യ സഹോദരങ്ങളെ ഒരു മഹാൻ നാലായി തരം തിരിച്ചിരിക്കുന്നതു് ഇപ്രകാരമാണ്. ഇരുമ്പു മനുഷ്യൻ വൃക്ഷ മനുഷ്യൻ—മനുഷ്യമനുഷ്യൻ—ദേവ മനുഷ്യൻ—സ്വന്തം ഭാര്യാ പുത്രാദികളെപ്പോലും പരിഗണിക്കാതെ സ്വന്തം കാര്യം, സ്വസുഖം മാത്രം സിന്താബാദാക്കി ജീവിക്കുന്ന ഒരു വിഭാഗം മനുഷ്യ സോദരങ്ങൾ ആണ്. ഇരുമ്പു മനുഷ്യർ ഈ വിധക്കാരെ നല്ലവരാക്കാൻ, അവരുമായി

www.malankaralibrary.com


ബന്ധപ്പെടുന്നവർക്കെല്ലാം വലിയ കടമയാണെന്നുള്ളത്. വൃക്ഷ മനുഷ്യൻ വൃക്ഷത്തിൻെറ വേരും, ഇലയും സമ്പാദിക്കുന്നു. ആഹാരം തായ്ത്തടി സ്വരൂപിച്ച് കൂട്ടുന്നതുപോലെ–തനിക്കുബന്ധപ്പെട്ട–താനിടപെടുന്ന–തൻെറ വ്യാപാര മണ്ഡലത്തിലുള്ള ഏവരിൽ നിന്നും, തനിക്കു കിട്ടാവുന്നത്ര–തൻെറ കഴിവുകൾക്കെല്ലാം വില നിശ്ചയിച്ച് പ്രതിഫലം വാങ്ങി സമ്പാദിക്കുന്ന വിഭാഗക്കാരാണ്. വൃക്ഷമനുഷ്യർ, എന്നിരുന്നാലും ഇരുമ്പു മനുഷ്യരേക്കാൾ ഒരുപടി ലോകോപകാരം അവരറിയാതെ തന്നെ അവരെ കൊണ്ടു സിദ്ധിക്കുന്നു. തഴച്ചു പന്തലിച്ചു വളരുന്ന അതിൻെറ ശാഖോപശാഖകൾ പക്ഷിജാലങ്ങൾക്കു അഭയ സ്ഥാനമാകുകയും, കീഴ്ഭാഗത്തുള്ള തണൽ മേനല്ക്കാല ചൂടിൽ മനുഷ്യർക്കു വിശ്രമം നൽകുകയും ചെയ്യുന്നു. ഈ വൃക്ഷമനുഷ്യരെപ്പോലെയുള്ളവർ, അവരുടെ സ്വാർത്ഥപരമായ ജീവിതത്തിൽ, അവരറിയാതെ ചില നന്മകൾ മററുള്ളവർക്കു അവർവഴി സിദ്ധിക്കുന്നതിനിടയാക്കുന്നു.

മനുഷ്യ മനുഷ്യരെന്നു പറയുന്നത്, ശരിയായ മനുഷ്യത്വത്തിൻെറ പേരിൽ ജീവിക്കുന്നവരെയാണ്. തനിക്കും മററുള്ളവക്കും തൻെറ ഓരോ പ്രവർത്തനങ്ങൾവഴിയും നന്മ സിദ്ധിക്കണമെന്നാഗ്രഹിക്കുന്നു. തന്നെപ്പോലെ തന്നെ–താനിടപെടുന്ന എല്ലാവരോടും സ്നേഹമായി വർത്തിക്കുന്നു–താനും തൻെറ ഭാര്യാപുത്രാദികളും എന്ന സ്വാർത്ഥപരമായ ചിന്ത കൂടാതെ–തൻെറ ചുററുപാടിലും വ്യാപാര മണ്ഡലത്തിലുമുള്ള എല്ലാവക്കും കഴിവുള്ളത്ര നന്മയ്ക്കിവരുത്തുന്നു.

ജീവിതം മുഴുവൻ, തൻെറ സഹോദരങ്ങൾക്കായി, ലോക ജനതയ്ക്കായി കാഴ്ചയർപ്പിക്കുന്ന സ്വാർത്ഥ

www.malankaralibrary.com



ത്യാഗികരം, നിസ്വാർത്ഥ ജീവിതക്കാർ, പരോപകാര പ്രവൃത്തനങ്ങളാൽ നന്മ പ്രവൃത്തനങ്ങളാൽ മാത്രം ഈ ലോക ജീവിതം അവസാനിപ്പിക്കുന്നു. സ്വാർത്ഥ പരിത്യാഗികളാണ് ദേവ മനുഷ്യർ, ദേവ മനുഷ്യരാകുവാൻ കഴിഞ്ഞില്ലെങ്കിലും, ഇരുമ്പു മനുഷ്യരും വൃക്ഷ മനുഷ്യരുമാകാതെ, മനുഷ്യ മനുഷ്യരായിട്ടെങ്കിലും ജീവിക്കുവാൻ ശ്രമിക്കണം. ഓരോരുത്തരും—തങ്ങരം ഈ നാലിനത്തിൽ ഏതിൽ പെടുന്നുവെന്നു ചിന്തിച്ചു—മനുഷ്യമനുഷ്യരായിട്ടെങ്കിലും ജീവിതം തുടങ്ങുന്നതു് ഈശ്വര സ്നേഹത്തിനു ഇടയാക്കുന്നതാകുന്നു.

ഓരോരുത്തരും ഉള്ളതിൽ സംതൃപ്തരാകണം. സംതൃപ്തിയാണ് മനുഷ്യൻെറ ഏററം വലിയ നേട്ടം. ഓരോരുത്തക്കും വന്നുചേരുന്ന—ഓരോ അവസ്ഥകളും അവരവരുടെ നന്മയ്ക്കു വേണ്ടി ദൈവം തരുന്നവയാണെന്നോർക്കണം. സുഖത്തിലും ദുഃഖത്തിലും നന്മയിലും തിന്മയിലും ഒന്നുപോലെ സന്തോഷിക്കുക. സംതൃപ്തനാകുക. എനിക്ക് അതില്ലല്ലോ ഇതു ഇല്ലല്ലോ, വസ്ത്ര വകകരം, ധനം എല്ലാം കുറവാണല്ലോ, എന്നിത്യാദി ചിന്തകളാൽ ഒരിക്കലും ആകുലപ്പെടരുതു്. വ്യാകുലപ്പെടരുതു്. മററുള്ളവരുടെ ഉയർച്ചയിൽ അസൂയപ്പെടാതെ സന്തോഷിക്കുകയും ദുഃഖത്തിൽ അവരോടൊപ്പം പങ്കുചേരുകയും വേണം. നമ്മുടെ ഒരു സഹോദരനുണ്ടാകുന്ന ആപത്തും ദുഃഖവും നമുക്കു വന്നുചേർന്നാലെന്നതുപോലെയുള്ള ഒരു ഹൃദയ വേദന നമ്മിലുണ്ടാകണം.

നമ്മുടെ സഹോദരങ്ങളെ ഒരിക്കലും കുററം പറയരുതു്. സഹോദരങ്ങളുടെ തെററുകരം എത്ര ആവൎത്തി ആയാലും നാം ക്ഷമിക്കണം. പ്രതികാര വൈരാഗ്യ നടപടി

www.malankaralibrary.com


കൾക്കു ഒരു സഹോദരന്റെ നേരെയും നാം മുതിരരുത്. നമ്മുടെ സഹോദരങ്ങൾ നമ്മോട് ചെയ്യുന്ന തെറ്റുകളെ നാം ക്ഷമിച്ചില്ലെങ്കിൽ, സ്വർഗ്ഗസ്ഥനായ പിതാവ് നമ്മുടെ തെറ്റുകളെയും ക്ഷമിക്കുകയില്ലെന്നോർക്കണം. മനുഷ്യരിൽ ആരും ദുഷ്ടരായി, കൊള്ളരുതാത്തവരായി ജനിക്കുന്നില്ല. ഒരു സഹോദരൻ, തെറ്റുകുററക്കാരനും, അക്രമിയും ദുഷ്ടനുമായി തീരുന്നെങ്കിൽ അതിന്റെ ഉത്തരവാദിത്വം നമുക്കും കൂടിയുണ്ട്. ആ സഹോദരൻ നല്ലവനായി വളരുന്നതിനിടയാകാത്തതിന്റെ കുററം—അയാളുടെ സ്വന്തക്കാർക്കും ചുററുപാടിലുമുള്ളവർക്കും കൂടിയുള്ളതാണെന്നോർക്കണം. ക്ഷമബലം ശക്തക്ക്— അശക്തക്കാഭരണം ക്ഷമ, എന്ന മഹത്വവാക്യത്തെ മനസ്സിലാക്കി എല്ലാവരും ക്ഷമയുള്ളവരും കുററം കുറവുകൾ പറയാത്തവരും പ്രതികാര വൈരാഗ്യ നടപടികൾക്ക ചിന്തിയിൽപ്പോലും സ്ഥാനം കൊടുക്കാത്തവരുമായി വർത്തിക്കണം.

ഉന്നതമായ സുഖ സൗഭാഗ്യങ്ങളിലും ആനന്ദാനുഭൂതികളിലും മുഴുകി ജീവിക്കാതെ ഓരോരുത്തരും ജനിച്ചു വളർന്ന ചുററുപാടുകൾക്കനുസൃതമായ ഒരു ജീവിതചര്യ സ്വീകരിക്കണം, കൂടുതലായി വരുന്ന ധനാദികൾ, കഷ്ടപ്പെടുന്ന സഹോദരങ്ങളുടെ നന്മയ്ക്കായി വിനിയോഗിക്കണം. ഒരിക്കലും ധനം ആർജ്ജിച്ചു കൂട്ടിവയ്ക്കരുത്. പരിമിതമായ നിലയിൽ, നമ്മുടെ ആവശ്യങ്ങൾക്ക വിനിയോഗിച്ചു ബാക്കി വരുന്നത് ആർത്തരും അവശരും ആലംബഹീനരുമായ നമ്മുടെ സഹോദരങ്ങൾക്കായി വിനിയോഗിക്കണം. ഭിക്ഷക്കാർ മുതൽ ധനാഢ്യർവരെ—ഓരോ കൂട്ടരും തങ്ങളിൽ കുറഞ്ഞവരെ സഹായിക്കണം. നമ്മുടെ കൈവശം വന്നുചേരുന്ന ഓരോ ചില്ലിക്കാശും നമ്മുടെ സുഖത്തിനായി മാത്രമേ വിനയോഗിക്കൂ എന്ന

www.malankaralibrary.com



ചിന്ത മാററണം. നമ്മുടെ ഒരു ചെറുവിരലിന്റെ ചലനമെങ്കിലും നമ്മെ സമീപിയ്ക്കുന്ന— നാം അറിയുന്ന സഹോദരങ്ങൾക്കു നല്കണം.

ഈശ്വരനെ സ്നേഹിക്കുക എന്നതിന്റെ ശരിയായ അത്ഥം—സഹോദരങ്ങളെ സ്നേഹിച്ചു സഹായിച്ചു ജീവിക്കുക എന്നതാണ്. സ്ഥാത്ഥതയില്ലാത്ത നിസ്വാർത്ഥ ജീവിതം—ലോക സുഖങ്ങളിൽ അമിതമായി മുഴുകാത്തുള്ള ജീവിതം—അഖശരെയും ആർത്തരെയും കാണുമ്പോഠം-അവരെ ഈശ്വരൻ നമ്മുടെ അടുത്തേയ്ക്കു പറഞ്ഞയച്ചിരിക്കുകയാണെന്നുള്ള ചിന്ത സകലത്തിലും സംതൃപ്തിയും സമാധാനവും കൈവരിച്ചുള്ള ജീവിതം—മററുള്ളവരുടെ ആപത്തുകളിൽ, സങ്കടങ്ങളിൽപങ്കുകൊള്ളുന്ന ജീവിതം ഏറ്റവം വിധമായ ജീവിതത്തിലൂടെ-കരുണാനിധിയും സ്നേഹ സ്വരൂപനുമായ നമ്മുടെ സ്വർഗ്ഗീയ പിതാവിനെ-സദാ നമ്മുടെമുന്നിൽ—ഹൃദയത്തിൽ കണ്ടുകൊണ്ടു ഉത്തമ, മനുഷ്യ ജീവിതം നയിക്കുവാൻ ഏവരും ശ്രമിക്കണം. മനുഷ്യ മനുഷ്യരായി, ദൈവത്തെ-ഓർത്തും ധ്യാനിച്ചും സഹോദരങ്ങളെ സ്നേഹിച്ചും സഹായിച്ചും കഴിവുള്ളത്ര നിസ്വാർത്ഥരായി. പരോപകാരികളായി— നല്ല മനുഷ്യരായി ക്ഷണഭംഗുരമായ ഈ ലോക ജീവിതം ആദ്യന്തം നയിച്ച് നിത്യാനന്ദ സ്വർഗ്ഗ സൗഭാഗ്യം നിത്യശാന്തി സംപ്രാപ്തമാക്കുന്നതിനു് ഓരോരുത്തരും ശ്രമിക്കണം. നമ്മുടേയും സർവ്വത്തിന്റേയും സൃഷ്ടാവും രക്ഷിതാവും ദാതാവും ഉടമസ്ഥനും, നമ്മുടെ പിതാവുമായ ദൈവത്തിൽ ആത്മാർത്ഥമായി വിശ്വസിച്ചും ശരണപ്പെട്ടും അവിടുത്തെ സ്നേഹിച്ചും, തിരുകല്പനകൾക്കനുസരണമായി, സഹോദരങ്ങളെ സ്നേഹിച്ചും, പാവപ്പെട്ടവക്കും നമ്മെ സമീപിക്കുന്നവക്കും കഴിവു

www.malankaralibrary.com



ള്ളത്ര സഹായങ്ങരം. പരോപകാരങ്ങരം, നന്മകരം പ്രവർത്തിച്ച്, സ്വാർത്ഥ പരിത്യാഗപരമായ ഒരു ജീവിതത്തിലൂടെ ഈ ലോക ജീവിതം, അവസാനിപ്പിക്കാൻ ഓരോരുത്തരും ശ്രമിക്കണം മരണാനന്തരമുള്ള നിത്യ ജീവിതം നിത്യാനന്ദകരമായി നൽകുന്നതിനു കരുണാനിധിയായ നമ്മുടെ വത്സല സ്വർഗ്ഗീയ പിതാവിനോടു അനുദിനം പ്രാർത്ഥിക്കണം. അവിടുത്തെ വാഴ്ത്തിപുകഴ്ത്തി സ്തുതിക്കണം.

മരണാന്തര ജീവിതമില്ലെന്നു പറയുന്ന ഒരു വിഭാഗക്കാരുണ്ട്. പക്ഷിമൃഗാദികളെപ്പോലെ വൃക്ഷലതാദികളെപ്പോലെ, ഇവിടെത്തന്നെ മനുഷ്യ ജീവിതം അവസാനിക്കുന്നു, അതിനപ്പുറം ഒന്നുമില്ല. ഈശ്വരനോ സ്വർഗ്ഗനരകമോ ഒന്നുമില്ലെന്നാണീ വിഭാഗക്കാരുടെ അഭിപ്രായം മറെറാരു കൂട്ടർ—മതങ്ങളെല്ലാമാണ് ഈശ്വരനെ സൃഷ്ടിച്ചിരിക്കുന്നതെന്നു വാദിക്കുന്നു. പല കാലഘട്ടങ്ങളിലായി—വിഭാഗീയമായി മനുഷ്യർ ഒന്നുചേർന്നു—സ്വാർത്ഥ താല്പരങ്ങളുടെ സംരക്ഷണത്തിനും നിലനില്പിനുമായി മതങ്ങളിൽ കൂടി ഈശ്വരനെ സൃഷ്ടിച്ച്, പാവങ്ങളെ കബളിപ്പിക്കുന്നുവെന്നാണ് അവരുടെ അഭിപ്രായ ഗതി.

ഈ വാദഗതികളെല്ലാം, വിചിത്രമെന്നല്ലാതെ എന്തു പറയാനാണ് ദൈവമില്ലെന്നു പറയുന്ന ഓരോരുത്തരുടെയും ഉള്ളിൻെറ ഉള്ളിൽ നിന്നുതന്നെ—അവരറിയാതെ പലപ്പോഴും, എൻറീശ്വരാ എന്ന ശബ്ദം കേരാക്കാം. ഈശ്വരനെ മതങ്ങരം നിലനിർത്തുന്നതു് സ്വാർത്ഥതയ്ക്കാണെങ്കിൽ ഈശ്വരനില്ലെന്നു പറയുന്നവർ അതിസ്വാർത്ഥന്മാരാണെന്നുള്ളതു് തർക്കമററതുതന്നെ എന്തും ചെയ്യുന്നതിനും ദുഷ്ട ജീവിതം നയിക്കുന്നതിനും എല്ലാവിധമരായും അസന്മാർഗ്ഗിക നടപടികളിലൂടെ അമിത സുഖഭോഗങ്ങളിലൂടെ ജീവിക്കുന്നതിനു് ഈശ്വരനെ പുറം തള്ളുകയാണ് അവരുടെ ലക്ഷ്യം.

www.malankaralibrary.com



## 17 ജീവിതസാരം

### I

ഈ ഭൂമിയും പ്രപഞ്ചനഭോമണ്ഡലവും, സൗരയൂഥവും, സദാകറങ്ങിക്കൊണ്ടിരിക്കുന്നു. ഈ ക്രമേണത്താൽ ഉദയാസ്തമനങ്ങൾ, ദിനരാത്രങ്ങൾ, ആഴ്ചകൾ, മാസങ്ങൾ. സംവത്സരങ്ങൾ, വന്നുപൊയ്ക്കൊണ്ടിരിക്കുന്നു. ഭൂമിയുടെ കറക്കത്തോടുകൂടി നമ്മളും കറങ്ങുന്നു. ഉദയാസ്തമനങ്ങളോടു ചേർന്നു നമ്മളും പൊയ്ക്കൊണ്ടിരിക്കുന്നു. ഓരോ നിമിഷം കഴിയുംന്തോറും നമ്മുടെ ശവകുടീരത്തോടു നാം അടുക്കുന്നു. പുഴവും, കൃമിയും, ചാരവും, മണ്ണും പൊടിയുമായി, നമ്മുടെ ശരീരത്തെ ലയിപ്പിക്കുന്ന, ശവക്കല്ലറയിലേക്കുള്ള, യാത്രാദൂരം നിമിഷങ്ങൾ, സമയങ്ങൾ, മണിക്കൂറുകൾ, ദിവസങ്ങൾ കഴിയുംന്തോറും കുറഞ്ഞുകുകയാണ്. സദാമരണത്തെ മുന്നിൽ കണ്ടുകൊണ്ടും അടുത്ത നിമിഷമോ, ദിനമോ, തനിക്കില്ലെന്നുള്ള ചിന്തയിൽ, സന്തോഷ സമേതം, മരണത്തെ സ്വീകരിക്കാൻ എപ്പോഴും തയ്യാറായിരിക്കണം.

ഏതാനും ആഴ്ചകളോ, ദിവസങ്ങളോ, എല്ലാം വിട്ടൊഴിഞ്ഞ്, വിട്ടുപേക്ഷിച്ച് സ്വസ്ഥമായി, സന്തോഷസമേതം കിടക്കയിൽ കിടക്കുന്നു. സമാധാനപരമായ മരണം ലഭിക്കുന്നതിനു, സദാ നാം ആഗ്രഹിക്കണം. നമ്മോടിണങ്ങിച്ചേർന്നിരുന്ന, സകല താല്പര്യങ്ങളും, സകലവും വിട്ടുപേക്ഷിച്ചു. നമ്മുടെ സ്ഥിരം വസതിയിലേക്കുള്ള യാത്രയാണ് മരണമെന്നു ധരിക്കണം. മരണത്തോടുകൂടി, ഈ ലോകത്തിൽ നമുക്കുണ്ടായിരുന്നതെല്ലാം നഷ്ടമാകുന്നു. നമ്മുടെ സമ്പാദ്യങ്ങളിൽ, നമ്മുടെ നന്മ, തിന്മ പ്രവർത്തനങ്ങളുടെ വില

www.malankaralibrary.com


മാത്രമാണ് നമ്മെ, അനുഗമിക്കുന്നത്. നമുക്ക മനസ്സി ല്ലെങ്കിലും മരണത്തോടെ നമുക്കിവിടെയുള്ള സകലതും വിട്ടൊഴിയണം. അതിനാൽ കുറെനേരത്തെ തന്നെ അഥവാ, എപ്പോഠം മരണംവന്നാലും പോകാൻ തയ്യാറാ ണെന്നുള്ള നിലയിലായിരിക്കണം ഈ ലോകത്തോട്ട ഇണങ്ങിച്ചേർന്നുള്ള ജീവിതം. കുറെ ദിവസം സകലതും വിട്ടുപേക്ഷിച്ച കിടക്കയിൽ കിടന്നു ഈശ്വരനെ മാത്രം ചിന്തിച്ചും, ധ്യാനിച്ചും മരിക്കാനിടയായാൽ, അത് ഈ ലോകത്തിൽവച്ച, ലഭിക്കാവുന്നതിൽ ഏററവും വലിയ മഹാഭാഗ്യമായിരിക്കും.

ഹൃദയം നിർമ്മലവും, മനസ്സു ശുദ്ധവും, ചിന്ത നല്ല കാര്യങ്ങളിലും, വാക്ക മിതവുമായിരിക്കണം. സദാ സന്തോഷവാനും, സംതൃപ്തനുമാകാൻ ശ്രമിക്കണം. വരുന്ന ഓരോ അവസ്ഥാ ഭേദങ്ങളും ദൈവം നമ്മുടെ നന്മയ്ക്കായി നൽകുന്ന അനുഭവങ്ങളാണെന്നോർത്തു സംതൃപ്തിയോടെ സന്തോഷിക്കണം. മററുള്ളവരുടെ സുഖദുഃഖങ്ങളിൽ പങ്കുചേരണം. അതു നമുക്ക വന്നതു പോലൊരു അനുഭവം നമുക്കുണ്ടാകണം. നമ്മുടെ സ്വന്ത ക്കാർ, അയൽക്കാർ, ദേശക്കാർ നമ്മുടെ വ്യാപാര മണ്ഡലത്തിൽ നാം ഇടപെടുന്നവർ, സഹവസിക്കുന്ന വർ തുടങ്ങിയ എല്ലാവരേയും ആത്മാർത്ഥമായി സ്നേ ഹിച്ച വർത്തിക്കണം. ലോകമെങ്ങുമുള്ള നമ്മുടെ സഹോ ദരങ്ങളെ ആഗ്രഹത്തിലൂടെയെങ്കിലും നാം സ്നേഹി ക്കണം. ശത്രുക്കഠം ഉണ്ടാകരുത്, തെററുധാരണയിൽ, നമ്മളോട്ട ശത്രുതയിൽ, ആരെങ്കിലുമുണ്ടെന്നറിഞ്ഞാൽ നാം അവരെ സമീപിച്ച സ്നേഹിതരാക്കണം. ലോക മൊട്ടുക്കുള്ള സകലരേയും സഹോദരങ്ങളായിക്കരുതി സ്നേഹിച്ച വർത്തിക്കണം. ആരുമായും കലഹിക്കരുത്

www.malankaralibrary.com



കലഹകാരണമുണ്ടാക്കരുത്. ചീത്ത വാക്ക പറയരുത്. അശ്ളീലഭാഷ ഉപയോഗിക്കരുത്. ആരേയും കളിയാക്കരുത്. കള്ളം പറയുകയും പ്രവർത്തിക്കുകയും അരുത്. അതിഭാഷണവും ജല്പനവും പാടില്ല. ദൈവം നമുക്ക തന്നിരിക്കുന്ന, നാക്കും, സംസ്സാര ശക്തിയും, കഴിവും ഒരിക്കലും ദുർവിനിയോഗം ചെയ്യരുത്, നമ്മുടെ വേഷവും. വേഷ വിധാനങ്ങളും, മീശയും, കേശവും എല്ലാം മിതവും, ഹിതവുമായിരിക്കണം. മററുള്ളവരെ ഒരിക്കലും കുററം പറയരുത്, അക്ഷേപിക്കരുത്. ചതിവ് വക്രത, സൂത്രം, വിശ്വാസവഞ്ചന ഇത്യാദികൾ, ഒരിക്കലും ആരോടും ചെയ്യരുത്. ചിന്തിക്കുന്നതു തന്നെ പറയണം. പറയുന്നതുതന്നെ പ്രവർത്തിക്കണം.

ലൗകീക ജ്ഞാനത്തോടൊപ്പം ആത്മീകജ്ഞാന സമ്പാദനവും നടത്തണം. ലൗകീക വ്യാപാരങ്ങളും പ്രവത്തനങ്ങളും ദൈവത്തിലാശ്രയിച്ചും, സമർപ്പിച്ചും നടത്തണം. ഈശ്വരചിന്ത, ധ്യാനം, പ്രാർത്ഥനകൾ പ്രഭാതസായംകാലങ്ങളിലും; വിശ്രമവേളകളിലും നടത്തണം. സമയം കിട്ടുമ്പോഴെല്ലാം, മനസ്സിനെ ദൈവത്തിലേക്കുയർത്തി ദൈവവുമായി സംസർഗ്ഗം ചെയ്യണം. നമ്മുടെ ജോലിയുടെ ആരംഭത്തിലും, അവസാനത്തിലും ദൈവത്തെ-സ്മരിച്ചു നന്ദി പറയണം. പ്രഭാതത്തിൽ എഴുന്നേൽക്കുമ്പോഴും രാത്രിയിൽ കിടക്കുമ്പോഴും കുറെ സമയം ദൈവവുമായി സംസർഗ്ഗം ചെയ്യണം. നടക്കുമ്പോഴും വിശ്രമവേളകളിലും, നമ്മുടെ ഉള്ളിന്റെ ഉള്ളിൽ നിന്നു, എന്റെ ദൈവമേ, എന്റെ ദൈവമേ എന്നു പതുക്കെ ഇടവിടാതെ ഉച്ചരിക്കണം.

ഉള്ളതിൽ, നാം സദാ സംതൃപ്തരാകണം. ധനമില്ല, സ്വത്തില്ല, നല്ല വീടും സുഖോപകരണങ്ങളുമില്ല,

www.malankaralibrary.com


മാതാപിതാക്കൾക്ക സുഖമില്ല, മക്കൾക്ക ജോലിയില്ല എന്നിങ്ങനെ ഏതൊന്നിനെപ്പററിയും ആവലാധിയും, അസംതൃപ്തിയും ഉണ്ടാകരുത്. സുഭിക്ഷതയിലും, ദുർഭിക്ഷതയിലും, സുഖത്തിലും, ദുഃഖത്തിലും, ഒന്നുപോലെ സംതൃപ്തരായി, സമാധാനചിത്തരായി വർത്തിക്കണം. ലോകസുഖഭോഗാതികൾക്കും, ധനസമ്പാദനത്തിനും, സ്ഥാനബഹുമാന പ്രശസ്തികൾക്കുമായി, വെമ്പലോടെ, ആർത്തിയോടെ പരക്കം പായുകയും, നെട്ടോട്ടം ഓടുകയും ചെയ്യരുത്. എല്ലാററിലും, എല്ലാക്കാര്യങ്ങളിലും, പ്രവർത്തനങ്ങളിലും, ഒരു പരിമിതിയും പരിധിയും സമാധാനവും, സംതൃപ്തിയും നമുക്കുണ്ടായിരിക്കണം.

അമിതമായി യാതൊന്നും സമ്പാദിച്ചുകൂട്ടിവയ്ക്കരുത്. തങ്ങൾ, കൂട്ടിവയ്ക്കുന്ന സമ്പത്തുകളിൽ അധികാരം പ്രാപിക്കുന്ന പിൻതലമുറ, വഴക്കിട്ടു നശിപ്പിക്കുന്നതിനും, തിന്മ പ്രവർത്തന ജീവിതത്തിനു ചെലവഴിച്ച് അവരുടെ ജീവിതം നശിപ്പിക്കുന്നതിനും അതിടയാക്കിയെന്നുവരും. നാം കൂട്ടിവയ്ക്കാനുദ്ദേശിക്കുന്ന, തുകകൾ, അപ്പോഴപ്പോൾ പട്ടിണിപ്പാവങ്ങൾക്കായി വിനിയോഗിച്ചാൽ, അതു നമ്മുടെ ആത്മാവിനു മുതൽക്കൂട്ടിനും, പിൻ തലമുറകൾക്ക്. ഈ ലോക നന്മകൾ ലഭിക്കുന്നതിനും ഇടയാക്കും. നാം ജനിച്ചു വളർന്ന സാഹചര്യത്തിനനുസരണമായ ഒരു ജീവിത നിലവാരം പുലർത്തണം. ഉന്നതമായ സുഖജീവിതം കുറച്ചു പരിമിതമാക്കി മിച്ചിച്ചു സാധുക്കളെ സഹായിക്കണം. ആഗ്രഹങ്ങൾക്കും ജീവിത നിലവാരത്തിനും ഒരു പരിമിതി നിശ്ചയിച്ചു ജീവിക്കണം.

മാതാപിതാക്കളും, മക്കളും, ഭാര്യാഭർത്താക്കന്മാരും കുടുംബാംഗങ്ങൾ, ഏവരും അന്യോന്യം സ്നേഹത്തിലും

www.malankaralibrary.com



ഐക്യത്തിലും, പരസ്പര വിശ്വാസത്തിലും, അനുസരണത്തിലും വർത്തിക്കണം. മാതാപിതാക്കളെ മക്കൾ, അനുസ്സരിക്കുകയും, സ്നേഹിക്കുകയും, ബഹുമാനിക്കുകയും ചെയ്യണം. അതുപോലെ മക്കളെ മാതാപിതാക്കൾ സ്നേഹിക്കുകയും, അവരെ കഴിവുള്ളത്ര നല്ലവരാക്കാൻ ശ്രമിക്കുകയും ചെയ്യണം. ഭാര്യാഭർത്താക്കന്മാർ, ഏക ശരീരമെന്ന നിലയിൽ അന്യോന്യം വിശ്വസ്തരായി സ്നേഹ ഐക്യതയിൽ മക്കൾക്കും, മററുള്ളവർക്കും മാതൃകയായി ജീവിക്കണം. മററുള്ളവരെ സഹായിക്കുന്ന, പരിശീലനം മാതൃകയാൽ മക്കൾക്കു നല്കണം. ധർമ്മത്തിനും മററുവിധ സഹായങ്ങൾക്കും സമീപിക്കുന്നവരെ ഒരിക്കലും നിരാശരാക്കരുത്. വായ്പയും, കടവും, പണമായോ, ധനധാന്യങ്ങളായോ ചോദിക്കുന്നവരെ, നിവൃത്തിക്കനുസരണമായികൊടുത്തു സഹായിക്കണം. പലിശയോ, പണയമോ, വായ്പ കടങ്ങൾ നല്കുന്നതിനു വാങ്ങരുത്. ലുബ്ധരായി ജീവിക്കരുത്. ലുബ്ധുകൊണ്ടാരും ഗൃഹസ്ഥരായിട്ടില്ല. ധർമ്മം കൊടുത്താരും നശിച്ചിട്ടുള്ള അനുഭവവുമില്ല. കുടുംബാംഗങ്ങൾ, ഈശ്വര പ്രാർത്ഥനയിലും, ഈശ്വരാരാധനസ്ഥലങ്ങളിലുള്ള കർമ്മാദികളിൽ പങ്കെടുക്കുന്നതിലും ഉത്സുകരായി വർത്തിക്കണം.

എന്തുടുക്കും, എന്തു തിന്നും, എന്നുള്ള ആകുല ചിന്ത ആവശ്യമില്ല, വായും, വയറും നല്കി നമ്മെ സൃഷ്ടിച്ച നമ്മുടെ, സർവ്വശക്തനായ പിതാവു് നമ്മെ തീററിപോററുമെന്നുറപ്പായി വിശ്വസിക്കണം. ഭക്ഷിക്കാനായി മാത്രം ജീവിക്കരുതു്, ജീവിക്കാനായി മാത്രം ഭക്ഷിക്കണം. പ്രപഞ്ചത്തിലെ കോടാനുകോടി ജീവികളെ തീററിപ്പോററുന്ന അവിടുന്നു്, അവിടുത്തെ മക്കളായ

www.malankaralibrary.com



നമ്മെ തള്ളിക്കളയുകയില്ല. അങ്ങിടത്തെ ഉറപ്പായി വിശ്വസിച്ചു നാം യാചിച്ചാൽ നമുക്കാവശ്യമായതെല്ലാം തക്ക സമയത്തു തന്നെ ലഭിക്കും. നാളത്തെ കാര്യത്തെപ്പററിയുള്ള ചിന്തയും ആവശ്യമില്ല നാളെ നാം ജീവിക്കുമെന്നുള്ളതിന്ന് ഉറപ്പില്ലല്ലോ. അതതു ദിവസത്തെ കാര്യം, അതതു ദിവസം തന്നെ നടന്നുകൊള്ളും. സൃഷ്ടാവായ പിതാവിനെ സ്നേഹിച്ച്, ഉറപ്പായി വിശ്വസിച്ച അവിടത്തോടു ചോദിച്ചാൽ ഒന്നിലും. ഒന്നിനും വിഷമിക്കേണ്ടിവരികയില്ല. ശാരീരിക ജീവന് ഒന്നാം സ്ഥാനം നല്കരുത്. പ്രഥമവും പ്രധാനവുമായി, നിത്യം ജീവിക്കുന്ന, നമ്മുടെ ആത്മാവിന്റെ കാര്യത്തിലായിരിക്കണം. എല്ലാററിനും മുമ്പെ, ആദ്യം നമ്മുടെ സൃഷ്ടാവായ ദൈവത്തെ സ്മരിക്കുകയും, സ്തുതിക്കുകയും ചെയ്യണം. അവിടത്തോടു നമ്മുടെ ആവശ്യങ്ങൾ അറിയിക്കുക, എല്ലാം അങ്ങിടുന്നു നമുക്കു നല്കും.

www.malankaralibrary.com



## 18 ജീവിതസാരം

### II

ശരീര ജീവന്ന്, ലോക സുഖഭോഗാദികൾക്ക് ജീവിതത്തിൽ മുൻതൂക്കവും പ്രഥമസ്ഥാനവും നൽകരുത്—അതു രണ്ടാമത്തേതായിരിക്കണം. മരണാനന്തരം, നിത്യകാലം ജീവിക്കുന്ന ആത്മാവിന്ന്, നിത്യ സൗഭാഗ്യസ്ഥാനം ലഭിക്കുന്നതിനുള്ള ചിന്തയും വാക്കും പ്രവർത്തനവുമായിരിക്കണം, പ്രഥമവും, പ്രധാനവുമായ സ്ഥാനം ജീവിതത്തിൽ നൽകേണ്ടതു്. അതിലേക്ക് സൃഷ്ടാവും രക്ഷിതാവും ദാതാവും നമ്മുടെ പിതാവുമായ, ദൈവത്തെ അറിയണം.—വിശ്വസിക്കണം. അവിടുത്തെ കല്പനകളും, നീതിയും അനുസരിച്ചു ജീവിക്കണം—ജീവിതത്തിൽ ഓരോ പ്രവർത്തനത്തിലും—സദാ ദൈവഹിതത്തിനൊത്തു പ്രവർത്തിക്കണം. എന്തുടുക്കും—എന്തു തിന്നും എന്നു ചിന്തിച്ചു വിഷമിക്കരുതു്—ആർത്തിയോടെ വെമ്പലോടെ—ധൃതിപ്പെട്ടു്, സമാധാനമില്ലാതെ—വിശ്രമമില്ലാതെ—രാപ്പകൽ ഓടിച്ചാടി—ആഹാരത്തിനായി ധനത്തിനായി ധനമാർജ്ജിച്ചു കൂട്ടുന്നതിനായി—ശരീരസുഖഭോഗാദികൾക്കായി ബന്ധപ്പെടരുതു്. എല്ലാം സമാധാനമായി ശാന്തമായി—സാവധാനമായി, ദൈവത്തിലാശ്രയിച്ച് മനസംതൃപ്തിയോടെ വർത്തിച്ചാൽ മതി.... നാളത്തെ ദിവസത്തിനായി ഇന്നു ബദ്ധപ്പെടേണ്ടാ നാളത്തെ ദിവസം നാം ജീവിക്കുമെന്നാരും ഉറപ്പു തരുന്നില്ലല്ലോ. അതിനാൽ അന്നന്നത്തേക്കുള്ള കാര്യം അന്നന്നു ചിന്തിച്ചു പ്രവർത്തിച്ചാൽ മതി.

വ്യാജ വർത്തമാനം. പറഞ്ഞു പരത്തരുത്. കള്ളസാക്ഷി പറയരുത്. പ്രതികാരവും വൈരാഗ്യവും വിദ്വേഷവും ആരോടും ഉണ്ടാകരുത്, പ്രവർത്തിക്കരുത്. മററു

www.malankaralibrary.com



ള്ളവരെയെല്ലാം തന്നെപ്പോലെ തന്നെ സ്നേഹിക്കണം. ദുഷ്ടന്മാരെ നല്ലവരാക്കാൻ ശ്രമിക്കണം കള്ളക്കാര്യങ്ങളിൽ നിന്നോടി അകലണം. കോപം വരാതെ എല്ലാററിലും സൗമ്യതയും ശാന്തതയും പാലിക്കണം—നമുക്കുപദ്രവം ചെയ്യുന്നവർക്ക വേണ്ടി ദൈവത്തോടു പ്രാർത്ഥിക്കണം അവരെ നമ്മുടെ സ്നേഹിതന്മാരാക്കാൻ ശ്രമിക്കണം. ശത്രുക്കളെ സ്നേഹിക്കണം.

അഗതികളെയും, ആർത്തരെയും ആലംബഹീനരെയും അംഗഹീനരെയും ഭിക്ഷക്കാരെയും ദരിദ്രരെയും അങ്ങേയററം സ്നേഹിക്കണം— നമ്മാൽ കഴിവുള്ളതെല്ലാം അവർക്ക ചെയ്തു കൊടുക്കണം. പേരിനും പെരുമയ്ക്കും പ്രശസ്തിക്കുമായി—ഒന്നും ചെയ്യരുത്. വെളിച്ചത്തിലും പ്രകാശത്തിലും കാണാവുന്നതും—എവിടെയും ഉറക്കെ പ്രസ്താവിക്കാവുന്നതുമായിരിക്കണം നമ്മുടെ നിത്യ ജീവിതത്തിലെ എല്ലാ പ്രവർത്തനങ്ങളും. മററുള്ളവരുടെ തെററുകുററങ്ങരം ഏററക്കുറവുകരം നാം ക്ഷമിക്കണം, ലോകത്തെയും ലോകസുഖസൗഭാഗ്യങ്ങളെയും ധനധാന്യങ്ങളെയും, വസ്തുവകകളെയും അമിതമായി സ്നേഹിക്കരുത്. അതിൻെറ ലബ്ധിക്കായി ധൃതിപ്പെടരുത്. ദൈവം സൗജന്യമായി നമുക്ക നല്കിയിരിക്കുന്നതു—നമ്മുടെ പരിമിതാവശ്യം കഴിച്ചുള്ളതെല്ലാം സൗജന്യമായി സാധു സഹോദരങ്ങരംക്കു തന്നെ നല്കണം. ന്യായരഹിതമായി— ഒന്നും പ്രവർത്തിക്കരുത്. ധനം ആർജ്ജിച്ച കൂട്ടിവയ്ക്കരുത്. ഉന്നതമായ ജീവിതനിലവാരവും, ഉന്നതമായ ജീവിതസുഖവും ഉപേക്ഷിക്കണം—പട്ടിണിപ്പാവങ്ങളെ—ഓർക്കണം—നമ്മുടെ സുഖം കുറച്ച് മിച്ചിച്ച അവർക്ക നല്കണം.

www.malankaralibrary.com



സംസാരം മിതമായിരിക്കണം, അതിഭാഷണവും ജല്പ നവും അരുതു്. കുറഞ്ഞതു ദിവസം മൂന്നു പ്രാവശ്യമെങ്കിലും ദൈവവുമായി സംസർഗ്ഗം ചെയ്യണം. പ്രഭാതം—സന്ധ്യാ—ദിവസാരംഭമായ പാതിരാവു്—ഈ സമയങ്ങളിൽ സൃഷ്ടാവും പിതാവുമായ ദൈവത്തെ മുന്നിൽ കണ്ടു മുട്ടുമടക്കി, കൂപ്പുകരങ്ങളോടെ. അടഞ്ഞ നയനങ്ങളോടെ. നമ്മുടെ നന്ദിയും സ്തുതി സ്തോത്രങ്ങളും സമർപ്പിച്ചു്—നമ്മുടെയും ലോകത്തിൻെറയും സമാധാനത്തിനും ശാന്തിക്കമായി അപേക്ഷിക്കണം. നമുക്കു കിട്ടിയേ തീരൂ എന്നുള്ള ലൗകികാവശ്യങ്ങളും യാചിക്കാം. നിദ്രവിട്ടെഴുന്നേല്ക്കുമ്പോഴും—ഏതു പ്രവർത്തനത്തിൻെറയുംആരംഭത്തിലും അവസാനത്തിലും ദൈവത്തിനു സ്തുതി പറയണം. വിശ്രമവേളകളിലും നടക്കുമ്പോഴും വെറുതെ ഇരിക്കുമ്പോഴും എൻെറ ദൈവമെ എന്നു ഉള്ളിൻെറ ഉള്ളിൽ നിന്നു പുറപ്പെട്ടുകൊണ്ടിരിക്കണം. സാവധാനം ഉച്ചരിക്കണം, അയല്ക്കാരെയും, എല്ലാ സഹോദരങ്ങളെയും സ്നേഹിക്കണം. ശത്രുക്കളായി ആരും നമുക്കുണ്ടാകരുതു്. നമ്മെ സമീപിക്കുന്നവരെ ഒരിക്കലും കഴിവുള്ളിടത്തോളം നിരാശരാക്കരുത്. നമ്മിൽ കുറഞ്ഞവരെ—നമ്മുടെ ഇല്ലായ്മയിൽപോലും—അതിൻെറ വിഹിതം നല്കി സഹായിക്കണം. നമ്മുടെ കൈവശമുള്ളതും വന്നു ചേരുന്നതുമായ, ധനവും. ധാന്യവും എല്ലാ വസ്തുക്കളും നമുക്കായി മാത്രം വിനയോഗിക്കാനുള്ളതല്ല. നമ്മേക്കാറം ഇല്ലാത്തവരും കഷ്ടപ്പെടുന്നവരുമായ സഹോദരങ്ങാംക്കുകൂടി നൽകാനായി ദൈവം നമ്മെ ഏല്പിച്ചതാണെന്നോർക്കണം, ഭിക്ഷക്കാരെയും വായ്പാക്കാരെയും ഉപേക്ഷിക്കരുത്. ഒന്നിനും ഒന്നിലും ആത്യാഗ്രഹം ആകരുത്. മററുള്ളവരുടേതു നമുക്കു വേണമെന്നും, നമ്മുടേതു മററാക്കും കൊടുക്കുകയില്ലെന്നും ഉള്ള

www.malankaralibrary.com



ചിന്ത ഉണ്ടാകരുത്. അതുപോലെ മററൊരുടേതും എനി ക്ക വേണ്ടാ എന്നോർത്തു മററാക്കും കൊടുക്കുകയുമില്ല എന്ന മനോഭാവവും ശരിയല്ല.

മററൊരാറം നമ്മോട്ട് എങ്ങനെ വർത്തിക്കണമെന്നു നാം ആഗ്രഹിക്കുന്നുവോ അതുപോലെ നാം അവരോടും വർത്തിക്കണം. ആരുടെയും കുററംകുറവുകറം പറയരുത് ആരെയും ഒന്നും വിധിക്കരുത്. കള്ളംപറയരുത് പ്രവൃത്തിക്കരുത് എല്ലാം എന്തും സത്യത്തെ നിലനിർത്തി ചെയ്യണം. ഹൃദയം നിർമ്മലവും മനസ്സു ശുദ്ധവുമായിരിക്കണം. വക്രത-കാപട്യം സൂത്രം, ചതിവ് ഇവ ഒരിക്കലും ഒരു പ്രവർത്തനത്തിലും വരാതെ സൂക്ഷിക്കണം. ഒന്നിലും അവിശ്വസ്തനായിരിക്കരുത്. കളങ്കമില്ലായ്മയും ശുദ്ധതയും നിർമ്മലതയും എല്ലാ പ്രവൃത്തനങ്ങളിലും ഉണ്ടായിരിക്കണം. ഏതിനും സത്യംതന്നെ ചിന്തിക്കണം. പറയണം. പ്രവർത്തിക്കണം. മോഷ്ടിക്കരുത്, കബളിപ്പിച്ചെടുക്കരുത്, സൂത്രം പറഞ്ഞും, സൂത്രം പ്രയോഗിച്ചും മററാരുടെയും ഒന്നും എടുക്കരുത്; കൈവശമാക്കരുത്, ചതിക്കരുത്. കള്ളത്തിനു കൂട്ടുനില്ക്കരുത്. സഹോദരങ്ങറംക്ക് മറെറാരാളിനുതന്നെയും ദോഷവും നഷ്ടവും വരുന്ന യാതൊന്നും പ്രവർത്തിക്കരുത്. മററുള്ളവർക്ക് നാം ഉപദ്രവികളും ഉപദ്രവക്കാരും ആകരുത്. മററുള്ളവരുടെ മുതലിനെ ആഗ്രഹിക്കരുത്. ആരുടെയും യാതൊന്നും നഷ്ടമാക്കരുത്. ദൈവം നമുക്കു തന്നിരിക്കുന്ന എല്ലാ സ്വാധീനങ്ങളും കഴിവുകളും ശക്തികളും നമ്മെ സമീപിക്കുന്നവർക്കും ആവശ്യമെന്നു നാം അറിയുന്നവർക്കും നൽകണം. കൈക്കൂലിയോ സമ്മാനമോ പ്രതിഫലമോ വാങ്ങരുത്. ആരോടും വിദ്വേഷമരുത്, വെറുക്കരുത്, ശപിക്കരുത്, ആക്ഷേപിക്കരുത്.

www.malankaralibrary.com


വില്ക്കുന്ന സാധനങ്ങൾക്കു് അങ്ങേ അററത്തെ കാശുവരെ കിട്ടണമെന്നും വാങ്ങുന്നവർക്ക് എത്ര കുറച്ചു കിട്ടുമോ അതിനു മാത്രമെ വാങ്ങാവൂ എന്നും ശഠിക്കരുതു്. നമ്മെക്കൊണ്ടു വാങ്ങുന്നവർക്കും വില്ക്കുന്നവർക്കും അല്പ ആദായമെങ്കിലും നാം അറിഞ്ഞു നൽകണം. വേലക്കാരുടെ കൂലി ഒരിക്കലും കുറയ്ക്കരുത്. വേലക്കാരൻ വിശ്രമമില്ലാതെ കഴിവിനപ്പുറം ചെയ്യണമെന്നും നിർബ്ബന്ധിക്കരുത്. വേലക്കാരും ആത്മാർത്ഥമായി തങ്ങളാലാവുന്ന ജോലിചെയ്യണം.

ഉന്നതങ്ങളായ രമ്യഹർമ്മ്യങ്ങൾ ഉണ്ടാക്കരുത്. സുഖോപകരണങ്ങളും പരിമിതമാക്കണം. രോഗിയായി തറയിൽ കിടന്നുരുളുന്ന സാധുവിന് ഒരു കട്ടില് കൊടുക്കണം. ഓല കെട്ടാത്ത വീടിനു മേച്ചിലും—അടവില്ലാത്ത ചെററക്കുടിലിനു അടവും ഉണ്ടാക്കിക്കൊടുത്തു് അത്രയുമെങ്കിലും കുറച്ചു മാളിക പണിയണം.

കരുണ_വിനയം, താഴ്മ സൗമ്യത—എന്നിവ ശരീരാവയവ ഘടകമായി മാറണം—വേദനപ്പെടുന്നവരെക്കണ്ടാൽ നമുക്കും വേദന തോന്നണം മററുള്ളവരുടെ ആപത്തിൽ അതു നമുക്കു വന്നാലെങ്ങനെ—എന്ന ചിന്തയിൽ നാം വർത്തിക്കണം. അഹന്ത, അഹങ്കാരം, ഗർവ്വ് ഞാൻ എല്ലാം ഞാൻ എൻെറ മിടുക്ക് എൻെറ ബുദ്ധി എന്ന തോന്നലും ഭാവവും ഉണ്ടാകരുതു്. എല്ലാററിലും സംതൃപ്തിയും സമാധാനവും വേണം. ഉള്ളതിൽ ഉള്ളതുകൊണ്ടു് സംതൃപ്തനാകണം. സുഖത്തിലും ദുഃഖത്തിലും ഞെരുക്കത്തിലും പ്രയാസത്തിലും പട്ടിണിയിലും സമൃദ്ധിയിലും ഒന്നുപോലെ സംതൃപ്തനാകണം. ദൈവം നമുക്കു നല്കുന്ന ഓരോ അവസ്ഥയും നമ്മുടെ നന്മയ്ക്കെന്നുള്ള

www.malankaralibrary.com


ചിന്ത-സത്യം, യാഥാർത്ഥ്യം മറക്കരുതു്, അതിനാൽ എല്ലാ അവസ്ഥയിലും സംതൃപ്തിയും സന്തുഷ്ടിയും ഉണ്ടാകണം.

മനുഷ്യരെ അശുദ്ധമാക്കുന്ന—ദുശ്ചിന്ത—കൊലപാതകം—വ്യഭിചാരം, പരസംഗം, മോഷണം, കള്ളസാക്ഷ്യം, ദൂഷണം എന്നിവ ഹൃദയത്തിൽനിന്നു പുറപ്പെടരുതു്. ചിന്തിക്കരുതു്. പ്രവർത്തിക്കരുത്. മററുള്ളവക്ക് ഇടർച്ചയ്ക്കും ഉതപ്പിനും ഒരിക്കലും ഇടം നൽകരുതു്. എല്ലാ ചിന്താവാക്കും പ്രവർത്തനങ്ങളും കഴിവുള്ളത്ര മാതൃകാപരമായിരിക്കണം.

പൗരോഹിത്യം. കച്ചവടം, വ്യവസായം, കൈത്തൊഴിലുകരം, അദ്ധ്യാപകവൃത്തി, കാർഷികവൃത്തി, സർക്കാർ ഉദ്യോഗങ്ങരം, രാജ്യഭരണം, തുടങ്ങിയ എല്ലാ തൊഴിലുകളിലും വിശ്വസ്തതയും ആത്മാർത്ഥതയുമുണ്ടായിരിക്കണം. ഭരണീയരും ഭരണാധിപരും തൊഴിലാളിയും തൊഴിലുടമയും, മുതലാളിയും, വേലക്കാരും, ദാസരും, യജമാനന്മാരും എല്ലാം അന്യോന്യം ദൈവമക്കളും സഹോദരങ്ങളുമാണെന്നുള്ള സത്യം മനസ്സിലാക്കി അന്യോന്യം സ്നേഹിച്ചു്, അവരവരുടെ തൊഴിൽ, ആത്മാർത്ഥമായി വിശ്വസ്തതയോടെ ചെയ്യുകയും, കൂലി, ശമ്പളം ആദായം എന്നിവയിൽ കുറവു വരുത്താതെ നൽകുകയും ചെയ്യണം. സേവന മനസ്ഥിതിയിലായിരിക്കണം ഓരോരുത്തരും താന്താങ്ങളുടെ തൊഴിൽ ചെയ്യേണ്ടതു്. ആത്മീകവൃത്തിയിലേർപ്പെട്ടിരിക്കുന്ന പുരോഹിതവൃന്ദം—ആത്മീക വൃത്തിക്കു മുൻതൂക്കവും പ്രഥമ സ്ഥാനവും നല്കി—ലൗകികമായ എല്ലാററിനെയും ഉപേക്ഷിച്ചു് ആത്മാർത്ഥമായി ലോകനന്മയ്ക്കുവേണ്ടി എല്ലാ

www.malankaralibrary.com



മനുഷ്യരും നല്ലവരാകുന്നതിനുവേണ്ടി സമയം മുഴുവനും തപശ്ചര്യയിലും പ്രാർത്ഥനാ ധ്യാനത്തിലുമായി ജീവിക്കണം.

എല്ലാവരും പ്രഥമസ്ഥാനം ആത്മാവിൻെറ വളർച്ചയ്ക്കും പരിശുദ്ധിക്കും നൽകണം. സൃഷ്ടാവും പിതാവുമായദൈവത്തെയുംദൈവരാജ്യത്തെയുംദൈവ നീതിയെയും അറിഞ്ഞു ജീവിക്കണം. ഓരോരുത്തരും സൃഷ്ടാവും പിതാവുമായ ദൈവത്തിൽ ഉറപ്പായി വിശ്വസിച്ച് അവിടുത്തെ സ്നേഹിച്ച ജീവിക്കണം. തന്നെപ്പോലെ തന്നെ മററുള്ള എല്ലാ മനുഷ്യരെയും സ്നേഹിക്കണം അനുദിനം മരണത്തെപ്പററി ചിന്തിക്കണം. തൻെറ അന്ത്യത്തെപ്പററി ഓക്കണം. മരണാനന്തര ജീവിതം ഒരിക്കലും അവസാനമില്ലാത്ത നിത്യ ജീവിതമാണെന്നുള്ളതു മറക്കരുത്. നിത്യജീവിതത്തിൽ നിത്യാനന്ദ സ്ഥാനവും നിത്യ ദുഃഖസ്ഥാനവുമുണ്ട്. ലോകം മുഴുവൻ ഒന്നിച്ചുള്ള സുഖം ഒന്നായി ലഭിക്കുന്നതിൽ വലുതായിരിക്കും നിത്യതയിലെ ചെറിയ സുഖം. മറിച്ച അതുപോലെ തന്നെ—ലോകം മുഴുവനുമുള്ള ദുഃഖദുരിതങ്ങറം ഒന്നിച്ച കൂട്ടുന്നതിനേക്കാറം വലുതായിരിക്കും നിത്യതയിലെ ചെറിയ ദുഃഖം. അതിനാൽ—ആത്മാവിൻെറ മരണാനന്തര ജീവിതത്തിൽ നിത്യാനന്ദം ലഭിക്കുന്നതിനു് അതിൻെറ ഉടമയായ ദൈവത്തോടു സദാ പ്രാർത്ഥിച്ച അവിടുത്തെ കല്പനകളനുസരിച്ചു ജീവിക്കണം.

തന്നെപ്പോലെ തന്നെ മററുള്ളവരെ സ്നേഹിച്ചു ജീവിക്കുന്നതാണ്. ദൈവ കല്പന നിറവേററുന്നതു—മററുള്ളവക്കു കഴിവുള്ളതു സഹായങ്ങറം നല്കി നന്മകറം പ്രവർത്തിക്കുക—ഇല്ലാത്തവരും ഉള്ളവരും അവരവ

www.malankaralibrary.com



രിൽ കുറഞ്ഞവരെ സഹായിക്കുക. ഇല്ലെന്നു പറഞ്ഞു മാറി നില്ക്കാതെ—ഇല്ലായ്മയിലെ ഇല്ലാ വിഹിതത്തി ലൊരംശം അതിൽ കുറഞ്ഞവർക്കു നല്കുക. ഉന്നത ജീവിത സുഖങ്ങൾ പരിമിതമാക്കി മററുള്ളവരെ സഹാ യിക്കുക. സ്വാർത്ഥത വെടിയുക നിസ്വാർത്ഥ ജീവിതം നയിക്കുക. ഉള്ളതിൽ പൂർണ്ണ സംതൃപ്തനും സന്തോഷവാ നും ആകുക. സുഖത്തിലും ദു:ഖത്തിലും സമാധാനവും ശാന്തതയും കൈവിടാതിരിക്കുക എല്ലാം ദൈവത്തിൽ ഭരമേല്പിച്ച് ശരണപ്പെട്ടു ദൈവത്തോടു പ്രാർത്ഥിച്ചും സഹോദരങ്ങളെ സ്നേഹിച്ചും തന്നിക്കും മററുള്ളവർക്കുമാ യി തന്റെ ജീവിതത്തെനയിക്കുക—ദൈവത്തെ സ്നേ ഹിച്ചു വർത്തിക്കുക, സഹോദരങ്ങളെ സ്നേഹിച്ചു വർ ത്തിക്കുക.

തന്റെ സ്രഷ്ടാവും പിതാവുമായ ദൈവത്തിൽ ഉറപ്പായി വിശ്വസിക്കുക. സർവ്വത്തെയുംകാൾ ഉപരി യായി യഥാർത്ഥമായി ആത്മാർത്ഥമായി ദൈവത്തെ സ്നേഹിക്കുക. വാക്കുകൊണ്ടു മാത്രമല്ല പ്രവൃത്തി കൊണ്ടാണ് സർവ്വ പ്രധാനമായി ദൈവത്തെ സ്നേ ഹിക്കേണ്ടതു്. നാം മാത്രമല്ല ലോക ജനത മുഴുവനും— സ്വർഗ്ഗീയ പിതാവിന്റെ മക്കളാണ്. എല്ലാവരുടെ യും പിതാവു് സ്വർഗ്ഗസ്ഥനായ അവിടുന്നാകുന്നു. അതി നാൽ മനുഷ്യരായ നാം എല്ലാം ലോക ജനത മുഴുവനും അന്യോന്യം സഹോദരങ്ങളാണ്.

ദൈവത്തെ സ്നേഹിക്കുന്നതു്—അവിടുത്തെ മക്ക ളായ നമ്മുടെ സഹോദരങ്ങളെ സ്നേഹിച്ചുള്ള നമ്മുടെ ജീവിത പ്രവർത്തനങ്ങളിൽക്കൂടി മാത്രമാണ്. നമ്മുടെ സഹോദരങ്ങളെ ആത്മാർത്ഥമായി സ്നേഹിക്കുന്നതിൽ, ജാതിമത വർഗ്ഗ, വർണ്ണ ചിന്തകളോ, സ്വന്തബന്ധ

www.malankaralibrary.com


ങ്ങളോ ഒരിക്കലും തടസ്സമാകരുത്. നമ്മുടെ വ്യാപാര മണ്ഡലത്തിൽ പ്രവൃത്തന മണ്ഡലത്തിൽ, നാം സദാ ഇടപ്പെടുന്നവരെ മാത്രമല്ല—നാം അറിയപ്പെടുന്ന വരെയെല്ലാം ആത്മാർത്ഥമായി സ്നേഹിച്ചും സഹായിച്ചും ആവുന്നത്ര പരോപകാര നന്മ പ്രവർത്തനങ്ങൾ നല്കിയും ജീവിക്കണം—ദൈവ സ്നേഹത്തെ അനപർത്ഥമാക്കേണ്ടതു് ദൈവത്തെ ആത്മാത്ഥമായി സ്നേഹിക്കേണ്ടതു് കാണപ്പെടുന്ന അവിടുത്തെ മക്കളായ നമ്മുടെ സഹോദരങ്ങളെ സ്നേഹിച്ച സഹായിച്ചുള്ള ജീവിത പ്രവർത്തനങ്ങളിലൂടെയാണ്.

കള്ളനും, കൊള്ളക്കാരനും, അടിമയും, കൊലയാളിയും ദുഷ്ടനും എന്ന പറഞ്ഞു നമ്മുടെ സഹോദരങ്ങളിൽ ആരെയും നമ്മുടെ സ്നേഹവലയത്തിൽനിന്നും തള്ളരുതു്. വെറുക്കരുതു്. അകററരുതു്. അവരെല്ലാം നല്ലവരായിതീരാൻ, നാം അവരെ ആത്മാർത്ഥമായി സ്നേഹിച്ച് അവരുമായി സഹവസിച്ചു കഴിവുള്ള നന്മകൾ നല്കി ശ്രമിക്കണം. നമ്മുടെ സ്നേഹ പ്രവൃത്തന ത്താൽ പരിത്യാഗത്താൽ ഒരു ദുഷ്ടസോദരനെ നല്ലവനാക്കാൻ കഴിഞ്ഞാൽ—അതിനു നമുക്കു ദൈവം നല്കുന്ന സമ്മാനം വിലയററതായിരിക്കും. ത്യാഗപൂർണ്ണവും പരോപകാര പ്രദവുമായ, നന്മപ്രവൃത്തനങ്ങളിലൂടെയും ശാന്തവും, സമാധാനപരവുമായ, സഹവാസ, സംസർഗ്ഗോപദേശങ്ങളാലും, ആത്മാർത്ഥമായ സ്നേഹ പ്രകാശനത്താലും ഏതു തരക്കാരെയും കുറഞ്ഞൊരുനാളിനകം നല്ലവരാക്കാൻ സാധിക്കും അതിലേക്കു ശ്രമിക്കണം.

ധനവാനെയും, ദരിദ്രനെയും, പണ്ഡിതനെയും, പാമരനെയും. നാസ്തികനെയും, ആസ്തികനെയും, ദുഷ്ടനെയും, നല്ലവനെയും ഉപകാരിയേയും, അപകാ

www.malankaralibrary.com



രിയേയും, സ്വാർത്ഥനേയും നിസ്വാർത്ഥനേയും, ഗുണവാനെയും ദോഷവാനെയും എന്നല്ല ലോക ജനതയാകുന്ന സഹോദരങ്ങളെ ആകമാനം, ഹൃദയം കൊണ്ടു് സ്നേഹിക്കുകയും, എല്ലാവരും നല്ലവരാകാൻ കിണഞ്ഞു പരിശ്രമിക്കുകയും ചെയ്യണം. നമ്മുടെ പ്രവർത്തന മണ്ഡലത്തിൽ, വ്യാപാര മണ്ഡലത്തിൽ, സഹവാസ, സംസർഗ്ഗ മണ്ഡലത്തിൽ–നാം ഇടപെടുന്നവരായിട്ടു മാത്രമല്ല, അറിയപ്പെടുന്നവരായിട്ടുള്ള എല്ലാവരോടും–നല്ലനിലയിൽ കഴിവുള്ളത്ര നന്മ പ്രവൃത്തനങ്ങളോടെ, നല്ല മാതൃകകളോടെ വർത്തിച്ചു് അവക്കും നമുക്കും, ഇഹപരലോക നന്മകറംക്കിടയാക്കണം. നമ്മുടെ എല്ലാ ജീവിത പ്രവൃത്തനവും നമുക്കായി മാത്രം ഒതുക്കി നിർത്തരുതു്. ഓരോ ദിവസവുമുള്ള നമ്മുടെ ജീവിത പ്രവൃത്തനങ്ങളിൽ നമ്മുടെ ഒരു ചെറു വിരലിൻെറ ചലനമെങ്കിലും നമ്മെ സമീപിക്കുന്ന, നാം ഇടപെടുന്ന, അറിയപ്പെടുന്ന സഹോദരങ്ങറംക്കു നൽകണം.

ആരോടും പ്രതികാര വൈരാഗ്യ നടപടികറം വർത്തിക്കരുതെന്നുമാത്രമല്ല–അതിനുള്ള ചിന്തപോലുമുണ്ടാകരുതു്. ക്ഷമ, കരുണ, നീതി, സത്യം, പരോപകാരം, നന്മ, പ്രവർത്തനാസക്തി എന്നിത്യാദികറം നമ്മുടെ ശരീരഘടകങ്ങളാക്കണം. നമ്മെ സമീപിക്കുന്ന ആരെയും ഒരിക്കലും ഒരു കാര്യത്തിലും നിരാശരാക്കരുതു്. നാം ഇടപെടുന്നവരോടും സന്തോഷമായി വർത്തിക്കണം. ഒരിക്കലും ആരോടും വിരോധമോ, വിദ്വേഷമോ ഉണ്ടാകരുതു്. മററുള്ളവർ–എത്ര ക്രൂരമായി നമ്മോടു വർത്തിച്ചാലും– നാം ക്ഷമയോടെ അതെല്ലാം സഹിക്കയും അവരോടെല്ലാം സ്നേഹമായിരിക്കയും, ചെയ്യണം അവശരെയും ആർത്തരേയും ആലംബഹീനരെയും കൂടുതലായി നാം സ്നേഹിക്കണം. ഉള്ളതിൽ നാം സദാ

www.malankaralibrary.com



സംതൃപ്തരാകണം. സുഖ ദുഃഖാനുഭവങ്ങളിലും ഒന്നുപോലെ സംതൃപ്തിയും, സന്തോഷവും ശാന്തതയും അനുഭവമാകണം. അസൂയാലുവാകരുത്. ഉന്മത്തനാകരുത്. ധനം കൂട്ടിവയ്ക്കരുത്. ഉള്ളതിലോഹരി ഇല്ലാത്തവർക്കു നല്കണം. ഓരോ കാര്യ പ്രവർത്തനങ്ങളും, മററാർക്കും യാതൊരുവിധ ഉപദ്രവത്തിനും ഇടയാകരുത്. എല്ലാവരെയും ആത്മാർത്ഥമായി സ്നേഹിക്കണം —ബഹുമാനിക്കണം. ഈശ്വരനിൽ ഉറപ്പായി വിശ്വസിച്ച് സ്നേഹിച്ച് തന്റെയും ലോകത്തിന്റെയും നന്മയ്ക്കുവേണ്ടി ഈശ്വരനോടു പ്രാർത്ഥിക്കണം. എല്ലാ സോദരങ്ങളെയും ആത്മാർത്ഥമായി സ്നേഹിച്ചു സ്വാർത്ഥ ത്യാഗത്തിലൂടെ, പരോപകാര നന്മ പ്രവർത്തനങ്ങൾ കഴിവുള്ളത്ര ചെയ്യണം. നമ്മുടെജീവിതം നമുക്കും മററുള്ളവർക്കും നന്മയ്ക്കിടവരത്തക്കവിധമായിരിക്കണം. ആത്മശാന്തിക്കിടവരത്തക്കവിധം എല്ലാ പ്രവർത്തനങ്ങളും നടത്തി ജീവിതം വിജയിക്കാൻ പ്രത്യേകം ശ്രദ്ധിക്കണം. ദൈവത്തെ അറിഞ്ഞു സ്നേഹിച്ചു് അവിടുത്തെ തിരുവിഷ്ടാനുസരണം, സോദരങ്ങളെ ആത്മാർത്ഥമായി സ്നേഹിച്ചു സഹായിച്ച് ഒരു നല്ല ജീവിതത്തിലൂടെ സമാധാനപരവും ശാന്തസുന്ദരവുമായ ജീവിതാന്ത്യം പ്രാപിച്ച്, സ്വദേശമായ നിത്യ രാജ്യത്തിലെ, നിത്യാനന്ദ ജീവിതം തുടരുന്നതിനു ഓരോ സോദരങ്ങളും ശ്രമിച്ചിടയാക്കി ജീവിത സാഫല്യം കൈവരുത്തണം. അതിലേക്കു സർവ്വശക്തനായ സ്വർഗ്ഗീയ പിതാവിന്റെ തൃപ്പാദ ചേവടികളിൽ ഏവരും തങ്ങളെ തന്നെ മുഴുവനായി സമർപ്പിച്ചു ശരണീകരിച്ചു ജീവിക്കണം.

www.malankaralibrary.com


## 19 ജീവിതസാരം

### III

ധനം സമ്പാദിച്ചു കൂട്ടി രമ്യഹർമ്മ്യങ്ങളായ സൗധങ്ങളിൽ, സുന്ദരികളായ തരുണീമണികളുമൊത്തു തിന്നു കുടിച്ചു സുഖിച്ചാനന്ദിച്ചു. എല്ലാ സ്ഥാനങ്ങളിലും എല്ലാ രംഗങ്ങളിലും, പേരും പെരുമയും പ്രശസ്തിയും—ആർജ്ജിച്ചു, കാൽ, അര, മുക്കാൽ, അഥവാ ഒരു ശതവർഷക്കാലംവരെ—ഈ ലോകത്തിൽ, ജീവിച്ച ജീവിതം, അവസാനിപ്പിക്കുക, എന്നുള്ളതു നമ്മുടെ ജീവിതത്തിന്റെ പ്രധാന ലക്ഷ്യമോ. ഉദ്ദേശ്യമോ അല്ല. കണ്ണുകൊതിച്ചതും ഹൃദയം ആഗ്രഹിച്ചതുമായ, സുഖസൗഭാഗ്യങ്ങൾ അംശമാത്രം പോലും ഒരു നിമിഷമെങ്കിലും അനുഭവിക്കാനിടവരാതെ ക്ലേശകരവും ദുഃഖഭൂയിഷ്ടവും, ദരിദ്രവുമായ ജീവിതത്തിലൂടെ, ജീവിതം അവസാനിക്കുന്നതും—മറിച്ചുള്ള അനുഭവത്തിനു തുല്യം തന്നെയാണ്. ഏതാനും, നിമിഷങ്ങൾ. മണിക്കൂറുകൾ, ദിവസങ്ങൾക്കകം—കൃമിയും, പുഴുവും ചിതലുമായി. മണ്ണും പൊടിയുമാകുന്ന, ശരീരം. വെന്തു വെണ്ണീറായി, പൊടിയാകുന്ന ശരീരം. ആത്മാവു ശരീരത്തിൽ നിന്നും, പറന്നു കഴിഞ്ഞാൽ തുല്യനിലയിലെത്തുന്നു.

ജീവിതത്തിൽ കഴിഞ്ഞു പോകുന്ന നിമിഷങ്ങൾ, എല്ലാവർക്കും തുല്യ നിലയാണു നൽകുന്നതു്. എല്ലാവിധ സുഖങ്ങളനുഭവിച്ച ശരീരവും—മറിച്ച സർവദാ—ദുഃഖമനുഭവിച്ച. ശരീരവും, മരണ നിമിഷശേഷം—ഒരേനിലയിലെത്തുന്ന ശരീരത്തിൽനിന്നും വിട്ടുപോകുന്ന ആത്മാവിന്റെ, നിത്യ ജീവിതാനുഭവത്തിൽ മാത്രം_മരണശേഷം വ്യത്യസ്ത നില കൈവരുന്നു. ജീവിതത്തിൽ കൈവരിച്ച, അനുഭവിച്ച, സുഖദു:ഖാനുഭവങ്ങളുടെ—മാനദണ്ഡ

www.malankaralibrary.com



ത്തിലല്ല. പ്രവർത്താനാനുഷ്ഠാനങ്ങളുടെ നിലയനുസരിച്ചായിരിക്കും—മരണശേഷം—ആത്മാവു നിത്യകാലസുഖത്തിലോ ദുഃഖത്തിലോ പ്രവേശിക്കുന്നതു്—അതിനാൽ ഈ ലോക ജീവിതത്തിൽ, ശരീര സുഖദുഃഖങ്ങൾക്കു്—പ്രഥമമായ സ്ഥാനം നല്കാതെ—അനശ്വര ജീവിതത്തിലേക്കായി—ശരീരത്തിലധിവസിക്കുന്ന ആത്മാവിന്റെ നിത്യാനന്ദാനുഭവ സുഖസ്ഥാന ലക്ഷ്യപ്രാപ്തിക്കായി-ഒന്നാമത്തേതും സർവ്വപ്രധാനവുമായ സ്ഥാനം സദാ നല്കി ജീവിക്കണം.

എന്തിന്, എന്തിനായി—എന്തിലേയ്ക്കു, നാം ഈ ലോകത്തിൽ ജാതരായി—ജനിക്കപ്പെട്ടു. ഏതാനും വർഷകാലം, ഇവിടെ നല്ലവരായി ജീവിച്ചശേഷം നമ്മുടെ സ്വദേശമായ നിത്യ ലോകത്തിലെത്തി ദൈവത്തോടൊത്തു്—എന്നന്നേക്കും നിത്യകാലം ആനന്ദിച്ചു സൗഭാഗ്യത്തോടെ ജീവിതം തുടരുന്നതിനായിട്ടാണ് ദൈവം നമ്മെ സൃഷ്ടിച്ചിരിക്കുന്നതെന്നുള്ള സത്യം ഒരിക്കലും വിസ്മരിക്കാതെ—ദൈവ സ്നേഹത്തിലും പരസ്നേഹത്തിലും കഴിവുള്ളത്ര നന്മ പ്രവർത്തിച്ചു ജീവിത സാഫല്യത്തിലെത്താൻ ശ്രമിക്കണം. ലോകം മുഴുവൻ നേടിയാലും ആത്മാവു നശിച്ചാൽ എന്തു പ്രയോജനം—വന്നുചേരുന്ന അനുഭവിക്കേണ്ടി വരുന്ന ദുഃഖ ദുരിതങ്ങൾ എത്ര അവർണ്ണനീയം ഒരിക്കലും അവസാനമില്ലാതെ— നിത്യകാലം, ദുഃഖദുരിത ദൗർഭാഗ്യം നിറഞ്ഞ് നരക ജീവിതത്തിനു ഇടയാകാതിരിക്കത്തക്കവിധം, എല്ലാ വിധത്തിലും നന്മകൾ പ്രവർത്തിച്ചു ദൈവത്തെ സ്നേഹിച്ചു്, ഈ ലോക ജീവിതം നയിക്കണം.

മനുഷ്യൻ. സൃഷ്ടാവായ തന്നെ അറിയുന്നതിനും—തന്നെ സ്നേഹിച്ചു്, സദാ താനുമായി സംസർഗ്ഗം

www.malankaralibrary.com


ചെയ്ത്ത ഏതാണ്ടം, വർഷം ഇവിടെ കഴിയുന്നതിനും തുടർന്നു തന്നോടൊത്തു ആനന്ദ ജീവിതം നിത്യകാലം അനുഭവിക്കുന്നതിനും വേണ്ടിയാണ് ഇല്ലായ്മയിൽ നിന്നു അവനെ സൃഷ്ടിച്ചതും അവനായി ഈ കാണുന്നതെല്ലാം ഉളവാക്കിയതും. ജീവിത ലക്ഷ്യം മനസ്സിലാക്കാതെ വെറും ശാരീരിക മനുഷ്യനായി, ഈ ലോക സുഖത്തിനായി മാത്രം ജീവിച്ചാൽ—തനിക്കു കൈവശമാക്കാവുന്ന തനിക്കായി ഒരുക്കിയിരിക്കുന്ന വിലപ്പെട്ട—വിലമതിക്കാനാവാത്ത സ്വർഗ്ഗീയ സമ്മാനം നിരസിച്ചു നഷ്ടമാക്കി, ജീവിച്ചാൽ—അതിൽപ്പരം നികത്താനാവാത്ത, നഷ്ടം, പിന്നീടൊരിക്കലും കരഗതമാകാത്ത നഷ്ടം അവർണ്ണനീയമായ നിത്യകാല ദുഃഖം ബുദ്ധിശൂന്യതാപ്രവർത്തന സമ്മാനം നിത്യനരകവാസം ലഭിക്കുന്നതിനിടയാകും—സ്വർഗ്ഗ സമ്മാനം ലഭ്യമാക്കേണ്ടതു്—ഈ ലോക ജീവിതത്തിലൂടെ മാത്രമാണ്—ആ ലക്ഷ്യത്തെ മുൻനിർത്തിയുള്ളതായിരിക്കണം നമ്മുടെ ജീവിതാനുഷ്ഠാന പ്രവർത്തനങ്ങൾ.

മനുഷ്യ ജീവിതം അനശ്വരവും നിത്യവുമാണ്. അവന്റെ സ്വദേശം ഈ ലോകമല്ല. ഈ ലോകം മനുഷ്യന്റെ താല്ക്കാലിക വസതിയാണ്. സ്വദേശമായ നിത്യലോകത്തിലേക്കുള്ള യാത്രയിലെ വിശ്രമസ്ഥാനം മാത്രമാണ് ഈലോക-ലോകജീവിതം മനുഷ്യനെ സംബന്ധിച്ചിടത്തോളം—ഒരുവഴിയമ്പലവും ഒരുയുദ്ധക്കളരിയും, നിത്യാനന്ദ ജീവിതത്തിനു കളമൊരുക്കുന്ന ഒരു അഭ്യാസശാലയും മാത്രമാണ്— നിത്യ സുഖത്തിനു് അഥവാനിത്യ ദുഃഖത്തിനു്—അവനെ തയ്യാറാക്കണം. ഈ കളരിയിൽ, ഈ അഭ്യാസശാലയിൽ—ജീവിതായോധനത്തിൽ വിജയിക്കുന്നില്ലെങ്കിലുണ്ടാകുന്ന നിത്യദു;ഖത്തിന്റെ കഠോരത അവർണ്ണനീയം തന്നെസ്വർഗ്ഗ നരകാവകാശികളായി

www.malankaralibrary.com


തീർന്നിട്ടുള്ളവരുടെ അനുഭവസാക്ഷ്യം. ഇതിലേക്കുണ്ട് സത്യാന്വേഷകർക്കുള്ള മനസ്സിലാക്കാൻ പ്രയാസമില്ല. ആത്മാർത്ഥതയോടെ മതഗ്രന്ഥങ്ങൾ പഠിക്കുകയോ മതപണ്ഡിതരെ സമീപിക്കുകയോ ചെയ്താൽമതിയാകും.

വെറും പക്ഷിമൃഗാദികളെപ്പോലെ ചിന്തകൂടാതെ തിന്നുകുടിച്ചാനന്ദിച്ചു വിഹരിച്ച് ജീവിതം അവസാനിപ്പിക്കേണ്ടതല്ല മനുഷ്യന്റേത്. മനുഷ്യ ജീവിതം മററു ജീവജാലങ്ങളെപ്പോലെ, ഈ ലോകത്തിൽവച്ച് അവസാനിക്കുന്നില്ല ഏതാനും വർഷത്തെ ജീവിതശേഷം മനുഷ്യൻ ഈ ലോകത്തോടു യാത്ര പറഞ്ഞു അവന്റെ സ്ഥിര വാസസ്ഥാനമായ, പരലോകത്തിൽ, സൃഷ്ടാവും പിതാവുമായ, ദൈവത്തോടൊന്നിച്ചു നിത്യകാലം സദാ സുഖസംതൃപ്തിയിൽ കഴിയേണ്ടവനാണ്. അതിലേക്കു തയ്യാറാകേണ്ടത് ഇവിടെ വച്ചാകുന്നു. മറിച്ചു മരണാനന്തരം ദു:ഖദുരിതദൗർഭാഗ്യം നിറഞ്ഞ നിത്യ നരക യാതനാ ജീവതത്തിനർഹനാകുന്നതും ഇവിടത്തെ പോരാട്ട ജീവതത്തിൽവച്ചുതന്നെയാകുന്നു. ഈ ലോക ജീവിതത്തിൽ ശരീരത്തെ സുഖിപ്പിച്ചോ ക്ളേശിപ്പിച്ചോ ജീവിക്കുന്നതിനു പ്രഥമസ്ഥാനം നല്കാതെ നിത്യ ജീവിതം ആനന്ദ പ്രദമാകുന്നതിന് ഒന്നാം സ്ഥാനം നല്കി വർത്തിച്ചു ജീവിക്കണം.

www.malankaralibrary.com



## 20 ജീവിതസാരം

### IV

നമ്മുടെ, എല്ലാ കഴിവുകളും, ശക്തികളും, ധനസമ്പത്തുകളും, ദൈവം നമുക്ക നല്കിയിരിക്കുന്നതു്, നമ്മുടെ സുഖത്തിനും, ഉയർച്ചക്കും സ്വാത്ഥപരമായ ജീവിതത്തിനും മാത്രമായിട്ടല്ല, നമ്മെ, സമീപിക്കുന്ന, നാം അറിയുന്ന, അറിയാത്തവരെങ്കിലും അർഹിക്കുന്ന. ആവശ്യപ്പെടുന്ന, നമ്മുടെ അസ്ഥിയിൽ നിന്നുള്ള അസ്ഥിയും, മാംസത്തിൽ നിന്നുള്ള മാംസവുമായ, നമ്മുടെ, സാധു സഹോദരങ്ങൾക്കുകൂടി നല്കണം. വിനിയോഗിക്കണം. ഒരിക്കലും ഒരു കാരണവശാലും അസത്യം പറയരുതു്. ദൈവം നമുക്ക തന്നിരിക്കുന്ന, നാക്കും സംസാര ശക്തിയും, സത്യം സംസാരിക്കുതിനുമാത്രമാണ്. നമ്മുടെ എല്ലാ പ്രവർത്തന ശക്തികളും, കഴിവുകളും ദൈവം നല്കിയിരിക്കുന്നതു്, സൂത്രവും, ചതിവും. വഞ്ചനയും പ്രവൃത്തിക്കുന്നതിനല്ല. കള്ളവും, ചതിയും പ്രവൃത്തിച്ചവക്കാക്കും. ഒരിക്കലും വിജയിക്കാൻ സാധിച്ചിട്ടില്ല. താല്കാലിക വിജയമുണ്ടായാലും അതു പിന്നീടു വലിയ ആപത്തിനിടയാകും, കൂടാതെ മരണാനന്തര ജീവിതത്തിൽ, നിത്യ ദുഃഖത്തിനു കാരണവുമാകും.

നമ്മുടെ ഹൃദയാഗ്രഹവും, ചിന്തയും സദാനന്നായിരിക്കണം, വക്രതയും, സൂത്രവും, കാപട്യവും, ഒരിക്കലും ഉണ്ടാകരുതു്. നല്ല കാര്യങ്ങളെപ്പററിയും അതിൻെറ പ്രവർത്തനങ്ങളെപ്പററിയും ചിന്തിക്കണം. നടക്കാത്തതും അസാധ്യവുമായ കാര്യങ്ങളെക്കുറിച്ചും ചിന്തിക്കരുതു്. വേണ്ടാത്തതും, കൊള്ളരുതത്താത്തും, അനാവശ്യവും അക്രമപരവും, പരോപദ്രവകരവും, തിന്മയ്ക്കിട നല്ക

www.malankaralibrary.com


ന്നതുമായ തോന്നലുകൾ, മനസ്സിലുണ്ടാകുമ്പോൾ തന്നെ അവയെ തള്ളി. മറന്ന്, ഉള്ളിന്റെ ഉള്ളിൽ നിന്ന് എന്റീശ്വരാ, ദൈവമെ; എന്നുച്ചരിക്കണം. കൂടാതെ വിശ്രമവേളകളിലും. നടക്കുമ്പോഴും, ഉറക്കമില്ലാതെ കിടക്കുമ്പോഴും, സമയം കിട്ടുമ്പോഴെല്ലാം ദൈവമേ, ഈശോ എന്നു തുടരെ, പതുക്കെ ഉച്ചരിക്കണം. അതു നമ്മുടെ ആത്മാവിന് എന്നന്നേക്കും ഒരു മുതൽ കൂട്ടായിരിക്കും.

നാളത്തെപ്പററി ചിന്തിച്ചു വ്യാകുലപ്പെടരുത്. നാളെ നാം ജീവിക്കുമെന്നുള്ളതിനു തന്നെ ഉറപ്പില്ലല്ലോ. മരണം നമുക്കെല്ലാം ഉണ്ടെന്നും, അതിന്റെ സമയം എപ്പോഴെന്നു തീർച്ചയില്ലെന്നും നിശ്ചയമാണ്. കഴിയുന്നതും. കഴിഞ്ഞതുമായ നിമിഷങ്ങളല്ലാതെ, വരുന്ന, വരുവാനുള്ള നിമിഷങ്ങളിൽ, നാം ജീവിക്കുമെന്നുറപ്പുതരാൻ ആരാലും സാധ്യമല്ല. നമ്മുടെ സ്വന്തക്കാർ. ബന്ധുക്കൾ സ്നേഹിതർ. തുടങ്ങി നിരവധി സോദരങ്ങൾ, ശിശുക്കൾ, യൗവ്വനക്കാർ, വൃദ്ധമാർ, തുടങ്ങി പല പ്രായക്കാരും അനുദിനം, ഓരോ മണിക്കൂറിലും പെട്ടെന്നു നമ്മെ വിട്ടു പോകുന്നതായി നാം അറിയുന്നു, കേൾക്കുന്നു, നടന്നുകൊണ്ടിരിക്കുമ്പോൾ, ഭക്ഷിച്ചുകൊണ്ടിരിക്കുമ്പോൾ കുളിച്ചു നില്ക്കുമ്പോൾ, ഉറങ്ങിക്കിടക്കുമ്പോൾ, വിശ്രമവേളയിൽ, യാത്രയിൽ. ബസ്സിൽവച്ച്, ട്രെയിനപകടത്തിൽ വിമാനം മൂലം, മരത്തിൽനിന്നു വീണു്, രോഗ കിടക്കയിൽ കിടന്നു്, ഇടിമിന്നലിനാൽ, വെടിയേററ്, അടിയാൽ. കുത്തിക്കുത്തിനാൽ, രക്തം ഛർദ്ദിച്ച്, ഹൃദയസ്തംഭനത്താൽ. വിചാരിക്കാത്ത സമയത്തും, നിനയ്ക്കാത്ത നാഴികയിലും, അനേകർ അകാല മൃത്യുവിരനിയാകുന്നതായി നാം കേൾക്കുന്നു അറിയുന്നു നാം ആരും ഇതിൽ നിന്നൊന്നും വ്യത്യസ്തരല്ല

www.malankaralibrary.com



മരണത്തിൽ നിന്നും ആരും ഒഴിവാക്കപ്പെട്ട ജീവിച്ചിരിക്കുന്നതായി അനുഭവമുമില്ല. അതിനാൽ വരുവാനുള്ള സമയ കാലങ്ങളെയോ, ദിവസങ്ങളെയോപ്പററി ചിന്തിച്ച് ആകുലരാകേണ്ട ആവശ്യമില്ല. വരുന്ന സമയങ്ങൾ, കാലങ്ങൾ, ദിവസങ്ങൾ, അന്നന്നുള്ള കാര്യങ്ങൾ നടത്തിക്കൊള്ളും. ഈ ലോകത്തിലെ സമസ്തവും നമ്മുടെ ശരീരവും കൂടി വിട്ടൊഴിഞ്ഞു വിചാരിക്കാത്ത സമത്തു നാം, നമ്മുടെ നിത്യ ഭവനത്തിലേക്ക പോകേണ്ടിവരും. ഈ അനുഭവ സത്യം ആരും, ഒരിക്കലും മറക്കാതെ ദിവസവും ചിന്തിക്കണം, സ്മരിക്കണം, ഓരോ നിമിഷത്തിലും. അടുത്ത നിമിഷം നമുക്ക് കിട്ടുകയില്ലെന്നുള്ള സുനിശ്ചിത ചിന്തയിൽ, സദാ, നാം വ്യാപരിക്കണം, വർത്തിക്കണം, ജീവിക്കണം.

ഈ ലോക ജീവിതം, ക്ഷണികം, ഈ ലോകം, ഒരു വഴിയമ്പലം ഈ ലോകം ഒരു സത്രം, ഈ ലോകം ഒരു ടൂറിസ്റ്റു ബംഗ്ളാവ്, യാത്രക്കാർ, വഴിപോക്കർ, ടൂറിസ്റ്റുകൾ, വരുന്നു വിശ്രമിക്കുന്നു പോകുന്നു. അതുതന്നെ വീണ്ടും വീണ്ടും ആവർത്തിക്കുന്നു. ഈ ലോകം ഒരു നാടകശാല. ഓരോ നടനും അണിയറയിലെത്തി വേഷം കെട്ടുന്നു ചുട്ടി കുത്തുന്നു, മേക്കപ്പു നടത്തി. രംഗത്തു പ്രത്യക്ഷനായി അഭിനയിക്കുന്നു. കാണികളുടെ മുമ്പിൽ, ചിലർ വിജയിക്കുന്നു ചിലർ അപഹർഷരാകുന്നു. നാടകം തീർന്നു തിരശ്ശീലയും കഴിഞ്ഞുപോയി. വിജയിച്ചവർ ആഹ്ളാദതിമിർപ്പോടെ വിലപ്പെട്ടവിജയസമ്മാനവുമായും തോററവർ ഖേദഭാരത്തോടെ ദുഃഖ സങ്കട സമ്മാനവുമായും മടങ്ങുന്നു. ഈ ലോക ജീവിതം അന്നന്നു വിരിഞ്ഞു നശിക്കുന്ന പൂക്കൾക്കു തുല്യം. പൂവിരിഞ്ഞു വെയിലേററു വാടി വൈകുന്നേരം പൊഴിഞ്ഞു ജീവിതം അസ്തമിച്ച

www.malankaralibrary.com



ഈ ലോക ജീവിതവും ലോകം തന്നെയും മായ മായ കളുടെ മായ അത്ഭുതം.

ജീവിതത്തിനു വേണ്ടി, ജീവിക്കുന്നതിനു വേണ്ടി, തത്രപ്പെട്ട്, വെരളി പിടിച്ച് സംഭ്രാന്തിയോടെ, ഓടരുത്, ചാടരുത്, പരക്കം പായരുത്. സമാധാനപരമായി, ശാന്തരായി, വളർന്നു വന്ന ചുററുപാടുകളും, സാഹചര്യങ്ങളുമനുസ്സരിച്ച്, അധ്വാനിച്ചാൽ മതി. ദരിദ്ര ജീവിതം സമ്പന്ന ജീവിതത്തേക്കാറം ഉത്തമം. സമാധാനത്തോടും സംതൃപ്തിയോടുംകൂടിയ ദരിദ്ര ജീവിതം എത്ര ആനന്ദപ്രദവും മനോഹരവുമായിരിക്കുമെന്ന് അനുഭവത്തിലൂടെ ഏതെങ്കിലും ഒരു കാര്യത്തിൽ ഒരവസരമെങ്കിലും പരീക്ഷിച്ചാലറിയാൻ കഴിയും. സമാധാനവും, സംതൃപ്തിയുമില്ലാത്ത സമ്പന്ന ജീവിതം, എത്ര ദുഃഖകരമാണെന്നുള്ളതും അനുഭവത്തിലൂടെ—

എല്ലാ അധ്വാനങ്ങളും പ്രവൃത്തികളും, ദൈവസ്നേഹത്തോടെ, പരസ്നേഹത്തോടെ സ്വാർത്ഥരഹിതമായി, സത്യസന്ധമായി നടത്തണം. കരുണയില്ലാതെയും, നീതിരഹിതമായും ഒന്നുംചെയ്യരുത്. ഹൃദയം കളങ്കരഹിതവും പരിശുദ്ധവുമായിരിക്കണം ദോഷത്തിനും, തിന്മയ്ക്കും ഇടവരുന്നതൊന്നും ഒരിക്കലും പ്രവർത്തിക്കരുത്. നമ്മുടെ ഓരോ പ്രവൃത്തിയും, നമ്മുടെ മാതാപിതാക്കളെയും, ഗുരുനാഥന്മാരെയും ദൈവത്തെയും മുന്നിൽ കണ്ടുകൊണ്ടായിരിക്കണം ചെയ്യേണ്ടതു്.

ധനം സമ്പാദിച്ച കൂട്ടിവയ്ക്കുന്നതിനും അമിതസുഖഭോഗാനുഭവങ്ങറക്കും ആഗ്രഹിക്കരുത്, ആവശ്യങ്ങറം പരിമിതമാക്കണം. ജനിച്ച വളർന്ന ചുററുപാടിനും, സാഹചര്യത്തിനും അനുസ്സരിച്ചുള്ള ഒരു ജീവിതം

www.malankaralibrary.com



സ്വീകരിക്കുകയും, അതിൽ കൂടുതലായി വരുന്ന വരവു കാം, നമ്മിൽ കുറഞ്ഞ സാധുക്കാംക്കു നല്കുകയും ചെയ്യണം. വീടിനും, വീട്ടലങ്കാരത്തിനും, സുഖോപകരണങ്ങാംക്കും അമിതമായി ചെലവു ചെയ്യാതെ, പരനന്മക്കായിസഹായിക്കണം. നമ്മുടെ സമീപസ്ഥാനങ്ങളിലുള്ള പട്ടിണിപ്പാവങ്ങളെ നാം കാണണം, അറിയണം. നോക്കണം. സഹായം ആവുന്നത്ര നല്കണം. കൂലിക്കാരോടു ദയവായി പെരുമാറണം. അവരും ജോലിയിൽ ആത്മാത്ഥത കാണിക്കണം. കൂലി ശമ്പളം കുറയ്ക്കരുത്. ത്രാസും പടിയും, അളവും, തൂക്കവും ഒത്തതായിരിക്കണം.

ഏഷണിയും, നുണയും, കള്ളവും പറഞ്ഞു വഴക്കിനിടയാക്കരുത്. കാണുന്നതും കേംക്കുന്നതുമെല്ലാം പറഞ്ഞു പറത്തരുത്. നുണ കൂട്ടിക്കെട്ടി ആരുമായും ശണ്ഠക്കിടവരുത്തരുത് അസഭ്യങ്ങളും. ചീത്ത വിളികളും കേട്ടു രസിക്കാതെ. അതു വർദ്ധിപ്പിക്കുന്നതിനിടം കൊടുക്കാതെ ഓടിയകലണം. മററുള്ളവരുടെ രഹസ്യ കാര്യങ്ങാം അറിയാൻ ആഗ്രഹിക്കരുത്. ഭിക്ഷ, രഹസ്യത്തിൽ കൊടുക്കുന്നതാണ് നല്ലത്. തന്നെ സംബന്ധിക്കാത്തതും മററുള്ളവക്കു അനിഷ്ടമാകുന്നതും, ആക്കും ഒരു പ്രയോജനവുമില്ലാത്തതുമായ കാര്യങ്ങളിലിടപെടരുത്, മററുള്ളവക്കു ഒരു വിധത്തിലും നഷ്ടത്തിനിടവരുത്തരുത്. ആക്കും നാം ഉപദ്രവകാരികളാകയുമരുത്. സഹോദരങ്ങളെ ആക്ഷേപിക്കരുത്, തുഛീകരിക്കരുത്, ആരെയും നിസ്സാരന്മാരായി കരുതരുത്. എല്ലാവരേക്കാളും താൻ നിസ്സാരനാണെന്നു കരുതണം പ്രായമുള്ളവരെ ആദരിക്കണം. അവരുടെ അഭിപ്രായങ്ങാം കേംക്കണം. അതിനു വില കല്പിക്കണം. പ്രതിപക്ഷ ബഹുമാനത്തോടെ എല്ലാററിലും വർത്തിക്കണം.

www.malankaralibrary.com


ഓരോരുത്തരും അവരുടെ അന്തസ്സിനടുത്ത ജീവിതം നയിക്കണം. വ്യഭിചാരം, ആരും ഒരിക്കലും ചെയ്യരുത്. അതിലേക്ക് ആരുടെയും ഹൃദയം ആഗ്രഹിക്കരുത്, കണ്ണിൻെറ നോട്ടം എത്തരുത്. പതുങ്ങിയു, സാവധാനത്തിലും, വേഗതയിലും കാല്പാദങ്ങൾ അതിലേക്ക നീങ്ങരുത്. അംഗവിക്ഷേപങ്ങൾപോലും ഉണ്ടാകരുത്, ചലിക്കരുത്, ചലിപ്പിക്കരുത്. ഏവരും അവരവരുടെ അന്തസ്സിനടുത്ത ജീവിതചര്യകളും, ചുമതലകളും കൃത്യമായും, കർത്തവ്യാമബോധത്തോടെയും നടത്തണം. എല്ലാററിനും, എല്ലാററിലും ആദ്യന്തം ദൈവത്തെ സ്മരിച്ച്, ദൈവത്തെ മുൻനിർത്തി. ദൈവത്തെ ഭയപ്പെട്ട്, ദൈവത്തെ സ്നേഹിച്ച്, ഭക്തിവിചാരത്തോടെ ദൈവകല്പനയ്ക്കും ലോകനീതിയ്ക്കും ചേർന്നവിധം ജീവിതം നയിച്ചാൽ, ആ ജീവിതം തനിയ്ക്കും, മററുള്ളവക്കും നന്മ കൈവരുത്തി. ശുഭമായ അന്ത്യത്തിലെത്തി ജീവിതലക്ഷ്യമായ, നിത്യാനന്ദ ജീവിതം നിത്യ ലോകത്തിൽ തുടരുന്നതിന് ഇടയാകും. അതിലേക്ക നമുക്കു ശ്രമിക്കാം.

www.malankaralibrary.com



## 21 ജീവിതസാരം

V

രാവിലെ ഉണർന്നെഴുന്നേല്ക്കമ്പോഴും, വേല ജോലിയുടെ ആരംഭത്തിലും, വൈകിട്ടു പണി നിർത്തുമ്പോഴും, രാത്രി കിടക്കുന്നതിനു മുമ്പും ദിവസാഹാര സമയങ്ങളിലും ദൈവത്തെസ്മരിക്കണം, ധ്യാനിക്കണം, സ്തുതിക്കണം, നന്ദി പറയണം. ദൈവ മുമ്പിലും, സഹോദരങ്ങളുടെ മുമ്പിലും വന്നു പോയിട്ടുള്ള തെറ്റുകളെ തിരുത്തുകയും, മേലിൽ തെറ്റുകളൊന്നും വരാതിരിക്കാൻ ശ്രമിക്കുകയും ചെയ്യണം, സഹോദരങ്ങളുടെ നേരെ വന്ന തെററിനു്, അവരോടും, ദൈവമുമ്പാകെ വന്ന തെററിനു്, ദൈവത്തോടും മാപ്പു് അപേക്ഷിക്കണം. ആരേപററിയും, ആരോടും അസൂയ ഉണ്ടായിരിക്കരുതു്. സഹോദരങ്ങളുടെ ഉയർച്ചയിൽ അസൂയപ്പെടാതെ, സന്തോഷിക്കണം. എല്ലാവർക്കും നന്മവരാനാഗ്രഹിക്കുകയും, അതിലേക്കു നമ്മാൽ കഴിവതു ചെയ്യുകയും ചെയ്യണം. മററുള്ളവരുടെ ആപത്തിലും, ദുഃഖത്തിലും നാം പങ്കുചേർന്നു കഴിയുന്ന സഹായം അവർക്കു നൽകണം.

പണത്തിൽ, വസ്തുവകകളിൽ, സുഖഭോഗങ്ങളിൽ അമിതമായ ആശയും, ആഗ്രഹവും, ചിന്തയും ഉണ്ടാകരുതു്. മററുള്ളവർക്കു ചെയ്യുന്ന സഹായങ്ങൾക്കു പ്രതിഫലമോ, കൈക്കൂലിയോ വാങ്ങരുതു്. പ്രശംസയും, പുകഴ്ചയും സ്തുതികളും ആഗ്രഹിക്കരുതു്. പല വിചാരത്തോടെ പ്രാർത്ഥിക്കരുതു്. പ്രാർത്ഥനയിൽ ചുമട്ടു കണക്കിനുള്ള തൻെറ ഈ ലോകാവശ്യങ്ങളും. പ്രശ്നങ്ങളും ഉന്നയിക്കരുതു്. ദൈവത്തെ ഒന്നിലും പരീക്ഷിക്കരുതു്. ദൈവത്തിൽ ഉറപ്പായി വിശ്വസിക്കണം, ആത്മനിയന്ത്രണ

www.malankaralibrary.com



ത്തിലൂടെയല്ലാതെ, കൃത്രിമ മാർഗ്ഗേണ സന്താന നിയന്ത്രണത്തിനു ശ്രമിക്കരുതു്. യാതൊരു കാരണവശാലും വിവാഹ മോചനം നടത്തരുതു്. ഭാര്യയെ ഭർത്താവോ ഭർത്താവിനെ ഭാര്യയോ, ഒരിക്കലും ഉപേക്ഷിക്കരുതു്. നമ്മുടെ കൈവശമുള്ളതും, വന്നുചേരുന്നതുമായ ധനധാന്യങ്ങളും, വസ്തുവകകളും നമുക്കായിമാത്രം വിനിയോഗിക്കാനായിട്ടല്ലാ ദൈവം നമ്മെ ഏല്പിച്ചിരിക്കുന്നതെന്നുള്ളതൊരിക്കലും മറക്കാതെ, നമ്മുടെ സുഖജീവിതം പരിമിതപ്പെടുത്തി മററുള്ളവക്കുകൂടി നല്കണം. ഇല്ലായ്മയിൽ പോലും ഉള്ളതിൻെറ ഓഹരി സാധുക്കൾക്കു നല്കണം.

വേദനിക്കുന്നവരെ കണ്ടാൽ നമുക്കും വേദനയുണ്ടാകണം. വിശക്കുന്നവരെ കണ്ടാൽ, ആ വിശപ്പു നമ്മിലേക്കും വ്യാപിപ്പിക്കണം. ഗുരുക്കന്മാരേയും, ആചാര്യരേയും ബഹുമാനിച്ചാദരിക്കണം. ദുശ്ചിന്ത, കൊലപാതകം, പരസംഗം, വിടക്കണ്ണു്, മോഷണം, കള്ളസാക്ഷ്യം, അത്യാഗ്രഹം, ദ്രവ്യാഗ്രഹം, മദ്യപാനം, അഹങ്കാരം, പ്രതികാരം. വൈരാഗ്യം, വാശി വക്രത, ചതിവു്, സൂത്രം, കാപട്യം. അസത്യം. കററം പറച്ചിൽ, അധികാര ദുർവിനിയോഗം, ഗർവ്വു്, അലസത, അതിഭാഷണം. ജല്പനം, ഗുരുനിന്ദ. പരദ്രോഹം. പരസ്നേഹമില്ലായ്മ, സ്വാർത്ഥത, കൈക്കൂലി, അമിതഭോജനം, അമിതസുഖാനുഭവം, അസൂയ, സാധുത്തുഛീകരണം, പ്രതിപക്ഷബഹുമാനമില്ലായ്മ, ക്ഷിപ്രകോപം, പിരാക്കു്, ശാപോച്ചാരണം. അസഭ്യസംഭാഷണം, അശ്ളീല വായന, ചീത്തപറച്ചിൽ. ശണ്ഠ, വഴക്കു്, കലഹം, മാതൃകാപരമല്ലാത്ത പ്രവർത്തനവും ജീവിതചര്യകളും എല്ലാം പാടേ ഉപേക്ഷിച്ചു് സൽഗുണ പൂർണ്ണരായി, സദാ നല്ല മനുഷ്യരായി ജീവിക്കാൻ ശ്രമിക്കുകയും, ജീവിതം തുടരുകയും ചെയ്യണം.

www.malankaralibrary.com



ഈശ്വരൻ, പക്ഷഭേദക്കാരനാണ്, ചിലക്ക് അമിത സുഖവും, ചിലക്ക് അങ്ങേയററത്തെ ദുഃഖ ജീവിതവും നല്കുന്നു, ചിലരെ അംഗഹീനരായും, വിരൂപരായും, സുന്ദരരൂപികളായും, ചിലരെ ആരോഗ്യവാന്മാരായും സൃഷ്ടിക്കുന്നു. അംഗ സൗഷ്ടവത്തിലും. ശരീരഘടന കളിലും വലിപ്പ ചെറുപ്പവും പൂർണ്ണതയും, അപൂർണ്ണതയും നൽകി അവസാനംവരെ സുഖജീവിതം ലഭിക്കുന്നവരും, ദുഃഖിതരും, രോഗികളും, ദരിദ്രരും ഉണ്ട്. മരണത്തിലും ക്ഷണികമായും, ദീർഘകാലസുഖങ്ങളിലുമുള്ള അനുഭവം നല്കുന്നു. ആയുസ്സ ദൈർഘ്യത്തിലും ഏററം കുറഞ്ഞ കാലം, മുതൽ, ജനനമാത്ര മുതൽ, ശതവർഷത്തിനപ്പുറം വരെ ജീവിതം നല്കുന്നു. ഈ വിധമായ അനുഭവ വ്യത്യാസങ്ങരം, നല്കുന്നതു്, ദൈവ നീതിക്കു ചേർന്ന താണോ, ഈശ്വര വിശ്വാസത്തിൽ ഉറപ്പില്ലാത്തവർ, ഒരു സങ്കല്പ ജീവിയായി ഈശ്വരനെ സങ്കല്പിക്കുന്നവർ, ഈശ്വര വിശ്വാസം കെട്ടുകഥപോലെ, കരുതുന്നവർ തൊടുത്തി വിടാറുള്ള ചോദ്യങ്ങളാണിവയെല്ലാം.

സംശയാലുക്കളേ! എല്ലാററിൻേറയും, എല്ലാവരുടേയും സൃഷ്ടാവ്, ദൈവം തന്നെയാണ്, അവിടുന്നു മനുഷ്യനെ സൃഷ്ടിച്ചിരിക്കുന്നതു്, ഈ ലോകത്തിലെ ഹ്രസ്വകാല ജീവിതത്തിനായിട്ടല്ല. നിത്യ ലോകത്തിൽ നിത്യകാലം തന്നോടൊത്തു ആനന്ദിച്ചു ജീവിക്കാനാണ്. അതിലേക്കുള്ള ഒരു പരീക്ഷണ ജീവിതമാണിവിടെയുള്ളതു്, അതിൻെറ ദൈർഘ്യം നിത്യ ജീവിതത്തോടു തുലനം ചെയ്താൽ, ഏതുമില്ല, ഒട്ടുമില്ല, അല്പം മാത്രം. ആ അല്പകാല ജീവിതത്തിൽ. സുഖിച്ചാലും, ദുഃഖിച്ചാലും വലിയ കാര്യമായി ഗൗനിക്കേണ്ടതില്ല. പിന്നീടു ലഭിക്കുന്ന സൗഭാഗ്യത്തോടും, അതിൻെറ അവസാനിക്കാത്ത കാലദൈർഘ്യത്തോടും, തുലനംചെയ്യുമ്പോരം, ഈ

www.malankaralibrary.com


ലോക സുഖ ദുഃഖങ്ങളിൽ വലിയ പ്രാധാന്യം നല്കേണ്ടതില്ല.

ദുഃഖിതരും, രോഗികളും, ദരിദ്രരും, മററുള്ളവരുടെ. പരീക്ഷണ ഉരക്കല്ലുകളാണ് അവക്കിവിടം വിട്ടുള്ള നിത്യ ജീവിതത്തിൽ ഉന്നതസ്ഥാനം ലഭിക്കും. അതുപോലെ സമ്പന്നരും, അവരുടെ ജീവിതം പരോപകാരജീവിതത്തിലൂടെ സ്വാർത്ഥരഹിതമായി തുടർന്നവസാനിപ്പിച്ചാൽ അവക്കും നിത്യ ജീവിത സുഖാനുഭവലബ്ധിക്ക തടസ്സമില്ല. എല്ലാ വിധക്കാരുടെയും, ജീവിത പരീക്ഷണത്തിനായിട്ടാണ്, ഈ വ്യത്യസങ്ങരം നല്കിയിരിക്കുന്നതു്, എല്ലാവിധക്കാരും അവരവരുടെ നിലയിൽ സഹോദര സ്നേഹത്തോടെ സ്വാർത്ഥ ത്യാഗ ജീവിതം, ഒരു നല്ല ജീവിതം നയിച്ച്, ഇവിടെനിന്നും വിട്ടുപോയാൽ, നിത്യാനന്ദ ജീവിതം ലഭിക്കും.

ആത്മീക ജ്ഞാനമില്ലാതെ, ലൗകീക ജ്ഞാനം മാത്രം ലഭ്യമാകുന്നവർ, യഥാർത്ഥ ജ്ഞാനികളല്ല. ശരിയായ ജ്ഞാനം മനുഷ്യരുടെ നിത്യ ജീവിതവും, അതിനെ നല്കുന്ന സൃഷ്ടാവിനെ കുറിച്ചുള്ള അറിവുമാണ്. ദൈവത്തെ പററിയും, മനുഷ്യൻെറ നിത്യകാല ജീവിതത്തെ പററിയും അറിവില്ലാത്തവർ, ലൗകീക ജ്ഞാനത്തിൽ, എത്ര തന്നെ ഉന്നതരായാലും, സത്യത്തിൽ അജ്ഞരും, ഇരുളിൽ, കൂരിരുട്ടത്തു ജീവിക്കുന്നവരുമാകുന്നു ലോകം പരിഷ്ക്കാരത്തിൽ, ലൗകീകജ്ഞാനത്തിൽ വികസിക്കുന്തോറും കൂരിരുളാകുന്ന അന്ധകാരത്തിൽ നിപതിക്കുകയാണ് ചെയ്യുന്നതു് മനുഷ്യജീവിതത്തിൻെറ യാഥാർത്ഥമായ ഉദ്ദേശ്യവും ലക്ഷ്യവും മനസ്സിലാക്കാതെ, ലോകജ്ഞാന വികാസത്തിൻെറ പരമോന്നതിയിലെത്തി ഞെളിയുന്നവർ, അജ്ഞാനമാകുന്ന കൂരിരുളിൽ നിമഗ്നരായി ജീവിക്കുകയാണു്. ആദ്യമായും പ്രധാനമായും സൃഷ്ടാവിനെയും, തന്നെയും പററി

www.malankaralibrary.com



അറിയണം. തന്നെ, ആരാണു സൃഷ്ടിച്ചതു്, മരണത്തോടെ ജീവിതം അവസാനിക്കുന്നോ. തുടരുന്നെങ്കിൽ അതെവിടെ, എന്നുവരെ. ആ ലോകം സുഖകരമോ ദു:ഖഭൂയിഷ്ടമോ, ഇത്യാദി സർവ്വ പ്രധാനമായ, നിത്യകാല ജീവിതക്കാര്യം അന്വേഷിക്കാതെ, അറിയാതെ, ചിന്തിക്കാതെ, ക്ഷണികമായ, നശിക്കുന്ന ഈ ലോകജീവിതത്തിനെപ്പററി, എത്രകൂടുതലായ അറിവു സമ്പാദിച്ചാലും യഥാർത്ഥ ജ്ഞാനമാകയില്ല. ആകയാൽ, നാം ലൗകികജ്ഞാനം, അല്പം സമ്പാദിച്ചാലും മതി. ഇവിടത്തെ ജീവിതം സുഖമോ, ദു:ഖമോ, സുഭിക്ഷതയോ, ദുർഭിക്ഷതയോ, ഏതു വിധമായാലും അതു കാര്യമാക്കാനും അതിൽ ക്ലേശിക്കാനുമില്ല. എല്ലാ അവസ്ഥയിലും സമാധാനവും, സംതൃപ്തിയും, സ്വാർത്ഥത്യാഗവും സഹോദര സ്നേഹവും, പരോപകാരവും ശരീരാവയവ ഘടകമായി രൂപപ്പെടുത്തി ജീവിതം തുടർന്നവസാനിപ്പിച്ചാൽ മതി. എല്ലാററിനും മുമ്പേ, ദൈവത്തെ അറിയുക, ദൈവത്തെ വിശ്വസിക്കുക. ദൈവത്തെ സ്നേഹിക്കുക, ദൈവേഷ്ട പ്രകാരം ജീവിക്കുക. രണ്ടാമതായി നമ്മുടെ സഹോദരങ്ങളെ– തന്നെപ്പോലെ തന്നെ സ്നേഹിക്കുക.

പ്രവൃത്തി കൂടാതെയുള്ള ജീവിതം ചത്തതാകുന്നു–എത്ര വിജ്ഞാനം സമ്പാദിച്ചാലും പ്രവൃത്തികളിൽ–സ്വാർത്ഥതയും ദുഷ്ടതയും പരസ്നേഹമില്ലായ്മയും പരോപദ്രവമാണുണ്ടാകുന്നതെങ്കിൽ തൻ സ്വാർത്ഥതയ്ക്കായി എന്തും ചെയ്യാൻ മടിക്കുന്നില്ലെങ്കിൽ–വിജ്ഞാന സമ്പാദനം കൊണ്ടു് യാതൊരു ഫലവുമില്ല–ഒരു ടൺ ശക്തിമത്തായ പ്രസംഗത്തേക്കാറും വിജ്ഞാന സമ്പാദനത്തേക്കാറും നല്ലതു ഒരു മില്ലിഗ്രാം പ്രവർത്തനമാണു് വിജ്ഞാനത്തിൽനിന്നുള്ള പ്രസംഗത്തിനനുസരണമായി പ്രവൃത്തിക്കണം–പ്രവൃത്തിയില്ലാത്ത പണ്ഡിതനേ

www.malankaralibrary.com


ക്കാരം കഴിവിനും അറിവിനും അനുസരിച്ച നല്ല ജീവിതം നയിക്കുന്ന പാമരനാണ്—തനിക്കും ലോകത്തിനും നന്മ യുളവാക്കുന്നത്.

തെററുകുററങ്ങരം, പരോപദ്രവങ്ങരം—ശക്തിമത്തായി ആസൂത്രിത പ്ളേനോട്ട കൂടി മററുള്ളവരറിയാത്ത വിധം അങ്ങെയററം—പ്രവൃത്തിച്ച നല്ലപിള്ള ചമഞ്ഞു നടക്കാൻ കഴിയുന്നതും—വിജ്ഞാന വിഭാഗത്തിലുരംപ്പെട്ടന്നവക്കാണ്—പാമരന്മർ തൻ സ്വാർത്ഥതാ സാദ്ധ്യതക്കായി വാശി വൈരാഗ്യ പ്രതികാരത്തിനായി തൻെറ എതിരാളിയെ നേരിൽ കത്തി കൊണ്ട കുത്തി കൊല്ലുന്നു, വിജ്ഞനാക ട്ടെ കത്തി കൂടാതെ—എതിരാളിയെ തൻെറ സ്വാർത്ഥതാ ലക്ഷ്യ പ്രാപ്തിക്കായി ആയുസ്സ് പര്യന്തം കൊല്ലാ കൊല അനുദിനം നടത്തുന്നു—സ്വാർത്ഥനും പരോപദ്രവിയുമായ വിജ്ഞനേക്കാരം ലോകത്തിനുഏററം നല്ലതു് സാധുവും അറിവിനും കഴിവിനും അനുസരിച്ച നല്ല ജീവിതം നയിക്കുന്നവനുമായ അനഭിജ്ഞാനാണ്. ലൗകീക ജ്ഞാനത്തിൽ ഉന്നതിയെപ്രാപിക്കുകയും തൻെറ മരണാനന്തര, നിത്യകാല ജീവിത ഭാവിയെപ്പററിയും—ഈശ്വരനെപററിയുമുള്ള ആധ്യാത്മീക വിജ്ഞാനം കൈവരിക്കാതിരിക്കുകയും ചെയ്യുന്ന—വിദ്യാസമ്പന്നരായ, ഇരുകാലി മൃഗങ്ങളാണ്—ലോകോപദ്രവകാരികളായി വർത്തിക്കുന്നതു്. അതിനാൽ ലൗകീക ജ്ഞാന സമ്പദനേത്തോടൊപ്പം ഈശ്വരനെപ്പററിയും തൻെറ ആത്മാവിനെപ്പററിയുമുള്ള അറിവു സമ്പാദിക്കേണ്ടതാകുന്നു. ലൗകീക ബിരുദധാരികരം ആത്മീക വിജ്ജ്ഞാനം കൂടി സമ്പാദിച്ചാൽ—അവരിൽ നിന്നും ഒരിക്കലും_ലോകോപദ്രവത്തിനിട വരുന്നതല്ലാത്തതും മറിച്ചു് ലോക നന്മക്കും ലോകസമാധാനത്തിനും ഇടയാകുന്നതുമാണ്-മാതാപിതാക്കളെ—മക്കളെ—ലൗകീക ബിരുദ ധാരികളാക്കുന്നതിനുള്ള ശ്രമത്തോടുകൂടിത്തന്നെ-ആത്മീക വിജ്ഞാനത്തിലും അവർക്കു് അറിവു തൽകുന്നതിലേക്കു ശ്രമിച്ചാലും.

www.malankaralibrary.com

# ഭാഗം II

## 22 ലോകാന്ത്യം

### I

മനുഷ്യരായ നമ്മുടെ ഓരോരുത്തരുടെയും അന്ത്യം—പക്ഷിമൃഗാദി ജന്തുക്കൾ തുടങ്ങി അതിസൂക്ഷ്മങ്ങളായ പരമാണുക്കൾവരെ ചരിക്കുന്ന ഓരോ ജീവികളുടെയും അന്ത്യം. ചരിക്കുന്നില്ലെങ്കിലും ജീവനുള്ള വൃക്ഷലതാദി തരുണികരങ്ങളിൽ ഓരോന്നിൻേറയും അന്ത്യം, കാലാകാലങ്ങളിലായി മുറയ്ക്കു നടന്നുകൊണ്ടിരിക്കുന്നു. മനുഷ്യരും സർവ്വ ജീവരാശികളും, ചരിക്കുന്നതും ചരിക്കാത്തതും ചേതനങ്ങളും, അചേതനങ്ങളുമായ, സകലതും—സർവ്വതും. ഈ ലോകവും, ഭൂമണ്ഡലവും, പ്രപഞ്ച പ്രകൃതികളും നഭോമണ്ഡലവും സൂര്യചന്ദ്ര നക്ഷത്രാദി ജ്യോതിസ്സുകൾ ഉൾപ്പടെ കാണപ്പെടുന്നതും—കാണപ്പെടാത്തതും അറിയപ്പെടുന്നതും അറിയപ്പെടാത്തതുമായ സൗരയൂഥഗ്രഹ വ്യൂഹങ്ങളും ഒന്നോടെ, ഒന്നായി, ഒരിക്കലായി—നശിക്കുന്ന ലോകാന്ത്യം—ലോകാവസാനം—ഇന്നെന്നപോലൊരു ദിനം സംഭവിക്കുന്നതാണ്.

ലോകാവസാനം—എല്ലാററിൻേറയും ഒന്നായുള്ള അന്ത്യം—എപ്പോഴായിരിക്കുമെന്നു, പ്രവചിക്കാനോ നിശ്ചയിക്കാനോ—ആരാലും സാദ്ധ്യമല്ല. ഒന്നോടെ എല്ലാം ഒരിക്കൽ നശിക്കുമെന്നുള്ളതു തീർച്ചയാകുന്നു. ദൈവീക വെളിപാടിൻെറ ആവിഷ്ക്കരണത്തിൽ, മതഗ്രന്ഥസാരാംശത്തിൽ ഈ സംഗതി നിസ്തർക്കമായി വ്യക്തമാക്കിയിരിക്കുന്നു. അതു് ആ–ആ–അന്ത്യം–എന്നു് എപ്പോൾ സംഭവിക്കുമെന്നു വിശദമാക്കിയിട്ടില്ല. ഹൈന്ദവ മതഗ്രന്ഥം—ഇതു നാലാംയുഗമായ കലിയുഗമാണെന്നും—അതു് അവസാനയുഗമാണെന്നും രേഖപ്പെടുത്തിയിരിക്കുന്നു. ക്രൈസ്തവ മതഗ്രന്ഥം, ലോകാവസാനത്തെപ്പ

www.malankaralibrary.com



ററി ഉറപ്പിച്ചും തറപ്പിച്ചും വ്യക്തമാക്കിയിരിക്കുന്നു. കൂടാതെ ലോകാവസാനത്തിന്റെ മുൻകുറിയായി, അതിനടുത്തു നടക്കുന്ന സംഭവ വികാസങ്ങളെയും ആ ഗ്രന്ഥം വിവരിക്കുന്നു. തദനുസരണം ഈ തലമുറയിൽ ഇതിനകം നടന്നു കഴിഞ്ഞിരിക്കുന്നതും ഇപ്പോഴം നടന്നു കൊണ്ടിരിക്കുന്നതുമായ സംഭവങ്ങളിലൂടെ, ലോകാന്ത്യം എ. ഡി. രണ്ടായിരത്തിനടുത്തുണ്ടാകുമെന്നു വിശ്വസിച്ചു പ്രവചിക്കുന്നവർ ലോകത്തിന്റെ വിവിധ ഭാഗങ്ങളിലായി ഇന്നു ധാരാളമുണ്ട്. ഈ കാണുന്നതും കാണാത്തതുമായ, സകലതും സർവ്വവും, അടുത്ത ഭാവിയിലോ വിദൂര ഭാവിയിലോ—ഒന്നായി നശിക്കുന്ന ലോകാന്ത്യം സംഭവിച്ച് എല്ലാം അവസാനിക്കുമെന്നുള്ളതു നിശ്ചയമാകുന്നു.

ലോകാന്ത്യം, സർവ്വത്തിന്റെയും അന്ത്യം അടുത്തോ—വിദൂര കാലഘട്ടങ്ങൾക്കു ശേഷമോ സംഭവിക്കട്ടെ നമ്മെ സംബന്ധിച്ചു നാം ഓരോരുത്തരും ചിന്തിക്കേണ്ടതു നമ്മുടെ അന്ത്യത്തെപ്പററിയായിരിക്കണം. നമ്മുടെ സ്വന്തക്കാരും ബന്ധുക്കളും സ്നേഹിതരും അയൽക്കാരും ദേശവാസികളും ഓരോരുത്തരായി അനുദിനം അന്ത്യത്തെ പ്രാപിക്കുന്ന അനുഭവത്തിലൂടെയാണല്ലോ നാം ജീവിക്കുന്നത്. നമ്മെ ചുററിയുള്ള ചരിക്കുന്നതും ചരിക്കാത്തതുമായ സർവ്വ ജീവരാശികളും ഓരോന്നായി ഓരോരിക്കലായി അവസാനിക്കുന്ന അനുഭവവെളിച്ചത്തിൽ—നമ്മളും ഓരോരുത്തരായി വിചാരിക്കാത്ത സമയത്തും നിനയ്ക്കാത്ത നാഴികയിലും കടന്നുപോകും അന്ത്യത്തെ പ്രാപിക്കും. അതിനാൽ ലോകാന്ത്യത്തെപ്പററിയുള്ള ചിന്തയേക്കാൾ നമ്മുടെ ഓരോരുത്തരുടെയും അന്ത്യത്തെപ്പററി അനുദിനം നാം ചിന്തിച്ചു സമാധാനപരമായ, സൽഗുണ സമ്പന്നമായ ശാന്തസുന്ദരമായ നല്ലൊരന്ത്യം ലഭിക്കുന്നതിനു ശ്രദ്ധിക്കുകയും ശ്രമിച്ചു വർത്തിക്കുകയും ചെയ്യണം.

www.malankaralibrary.com



മനുഷ്യരായ, നമ്മുടെ അന്ത്യം—നമ്മുടെ സ്വദേശമായ, പരലോകത്തിലെ നിത്യ ജീവിത പ്രവേശനത്തിലേക്കുള്ള യാത്രയാകുന്നു. നാം മനുഷ്യർ, എന്നും നിത്യം ജീവിക്കുന്നു. നമ്മുടെ ജീവിതം ഒരിക്കലും അവസാനിക്കുന്നില്ല. ഈ ലോകത്തിൽ നിന്നും മരണമാകുന്ന പ്രസവത്തിലൂടെ—നാം നിത്യ ലോകത്തിലെ നിത്യ ജീവനിൽ പ്രവേശിക്കുന്നു. മററുള്ള സർവ്വ ജീവ രാശികളും ഈ ലോകത്തിൽ ജനിച്ചു വളർന്നിവിടെ അവസാനിക്കുന്നു. അവററകൾക്കെല്ലാം ഇവിടെ വച്ചുള്ള ഒരു ജീവിതം മാത്രമാണുള്ളത്. ദൈവം തൻെറ പിതൃത്വം നമുക്കു നല്കി ജന്മം തന്നിരിക്കുന്നതിനാലാണ് നാം എന്നും നിത്യകാലം ജീവിക്കുന്നത്.

നിത്യലോകത്തിൽ, രണ്ടു ജീവിതാവസ്ഥകളാണുള്ളത്. ദൈവത്തോടൊന്നിച്ചുള്ള സ്വർഗ്ഗവാസവും. ദൈവത്തിൽ നിന്നു ദൈവത്തെ കാണാതുള്ള നരകവാസവും. അവർണ്ണനീയവും അളവററ സുഖസൗഭാഗ്യാനന്ദ ജീവിതവുമാകുന്ന സ്വർഗ്ഗത്തിലേതു—ഈ ലോകത്തിലെ എല്ലാം സുഖാനുഭവ സൗഭാഗ്യങ്ങളും ഒന്നിച്ചു കൂടിയാലുള്ളതിനേക്കാൾ ഏററവും കൂടുതലായിട്ടുള്ളതാകുന്നു സ്വർഗ്ഗത്തിലെ എററം ചെറിയ സുഖാനുഭവ ജീവിതം ഈ ലോകത്തിലെ സർവ്വ കഷ്ടതകളും, ദു:ഖദുരിതങ്ങളും ഒന്നുചേർന്നാലുണ്ടാകുന്നതിനേക്കാൾ, അനവധിമടങ്ങു വലുതാകുന്നു നരകത്തിലെ ഏററവും ചെറിയ, യാതനാനുഭവ ജീവിതം ഈ രണ്ടു സ്ഥാനങ്ങളിലെയും ജീവിതം ഒരിക്കലും അവസാനിക്കുന്നില്ല നിത്യകാലം അഭംഗുരം തുടരുന്ന നമ്മുടെ മരണാന്തര ജീവിതം, നിത്യയാതനാനുഭവവും ദുഃഖദുരിത പൂർണ്ണവുമാകാതിരിക്കത്തക്കവിധം നല്ല അന്ത്യം പ്രാപിക്കുന്നതിലേക്കു ഈശ്വരനിൽ ശരണപ്പെട്ടു സഹോദര സ്നേഹത്തോടെ നിസ്വാർത്ഥ ജീവിതം നയിക്കണം.

www.malankaralibrary.com



## 23 ലോകാന്ത്യം

### II

ഈശ്വര വിശ്വാസികളായ സകലരും ഒന്നുപോലെ ഉറപ്പായി വിശ്വസിക്കുന്ന ഒരു സത്യമാണ് ലോകവസാനം_പുരാതനവും അധുനാതനവുമായ എല്ലാ മതഗ്രന്ഥങ്ങളും— ഈ വിശ്വാസത്തെ ഉറപ്പിച്ചു പ്രസ്താവിക്കുന്നു—ഹൈന്ദവമതം നാലു യുഗങ്ങളെപ്പററി വിവരിക്കുന്നു—കൃത, ത്രേത, ദ്വാപര കലി എന്നിങ്ങനെ, നാലു യുഗങ്ങളും, അതിൽ കഴിഞ്ഞു പോയ മൂന്നു യുഗങ്ങളുടെ, കാലഘട്ടങ്ങളും, നിർണ്ണയം ചെയ്തിട്ടുണ്ട്. ഇപ്പോഴത്തെ കലിവർഷവും ആണ്ടു മാസ തീയതി കണക്കാക്കിമുന്നേറുകയാണ്—ഈ യുഗാവസാനം എന്നായിരിക്കുമെന്നു പറയുന്നില്ലെങ്കിലും, കഴിഞ്ഞു പോയ യുഗങ്ങളെപ്പോലെ—തന്നെ ഒരു ദിനത്തിൽ, അടുത്തോ—അനതിവിദൂര ഭാവിയിലോ, അവസാനിക്കുമെന്നും, അതോടെ എല്ലാം ശൂന്യമാകുമെന്നും പറഞ്ഞിരിക്കുന്നു കലിയുഗം അവസാന യുഗമാണെന്നു, പറഞ്ഞിട്ടുണ്ട്.

ക്രിസ്തുമതം ഈ യുഗാവാസാനത്തെപ്പററി— സുവ്യക്തമായി പ്രസ്താവിക്കുന്നു—ലോകാന്ത്യം സുനിശ്ചിതമാണെന്നും, എന്നാൽ അതിന്റെ ആണ്ടു മാസ തീയതി- എപ്പോഴാണെന്നുള്ളത്, ദൈവ പുത്രനായ തനിക്കോ മററാർക്കെങ്കിലുമോ പറയാവുന്നതല്ലെന്നും പ്രപഞ്ച സൃഷ്ടി കർത്താവായ, സ്വർഗ്ഗീയ പിതാവിന്റെ, തിരുവിഷ്ടത്തിലിരിക്കുന്ന കാര്യമാണെന്നും പറയുന്നു.

ക്രിസ്തുമത സ്ഥാപകനായ ക്രിസ്തു ഒരു ചരിത്രപുരുഷനും സത്യത്തിന്റെ മൂർത്തിമത്തുമാണ്—മനുഷ്യായുസ്സ് എൺപതു വർഷം വച്ചു കണക്കാക്കിയാൽ—ഇന്നേക്കു

www.malankaralibrary.com



പുറകോട്ടു ഇരുപത്തഞ്ചാം തലമുറക്കാരനും, എഴുപതിന്റെ കണക്കിൽ ഇരുപത്തെട്ടാം തലമുറക്കാരനും അറുപതുവർഷം കണക്കിൽ മുപ്പത്തിമൂന്നാം തലമുറക്കാരനുമാണ്. ഏതായാലും അദ്ദേഹത്തിന്റെ ജീവിതക്കാലം മുപ്പതു തലമുറയിലധികമായിട്ടില്ല. അദ്ദേഹം ജനിച്ചു വളർന്നുവീടും തന്റെ പാദപത്മപാംസുക്കളാൽ പരിപാവനമാക്കപ്പെട്ട സ്ഥലങ്ങളും ഇന്നും വ്യക്തമായി കാണ്മാൻ കഴിയും— അദ്ദേഹത്തിന്റെ പ്രധാനപ്പെട്ട ജീവിത സംഭവങ്ങളും അതിന്റെ സ്ഥാനങ്ങളും, ഇന്നും ദൃശ്യമാണ്—ആ ജഗൽഗുരുവിന്റെ ഉപദേശ സംഹിതയും. കർമ്മാനുഷ്ഠാന പരിപാടികളും അന്നു മുതൽ ഇന്നേയോളം ലോക ജനതയുടെ ഒരു നല്ല പങ്ക് അഭംഗുരം തുടർന്നുകൊണ്ടിരിക്കുന്നു— അന്നു മുതൽ ഇന്നെയോളമുള്ള—എല്ലാ നല്ല മനുഷ്യരും ലോകജനത ഒന്നടങ്കം തന്നെ അദ്ദേഹത്തെ ലോകഗുരുവായും സത്യത്തിന്റെ സാക്ഷിയും മൂർത്തിയുമായി അംഗീകരിക്കുന്നു. അദ്ദേഹം ഒരിക്കലും ഒന്നിനു വേണ്ടിയും വ്യാജ പ്രസ്താവന—നടത്തുകയുമില്ല നടത്തീട്ടുമില്ല തന്നെ പൂർണ്ണ ദൈവവും പൂർണ്ണ മനുഷ്യനും, ദൈവ പുത്രനുമാണെന്നു പല തവണ ഉറപ്പിച്ചു പ്രസ്താവിച്ചിട്ടുണ്ട്. തന്റെ ജീവിതമാതൃകയാലും ദിവ്യോപദേശങ്ങളാലും പ്രകൃത്യാതീതമായ അത്ഭുത പ്രവർത്തനങ്ങളാലും അതു സ്ഥിരീകരിച്ചിട്ടുമുണ്ട് അദ്ദേഹം ലോകാന്ത്യത്തെപ്പററി പറയുന്നതിപ്രകാരമാണ്.

പ്രസവ വേദനയുടെ ആരംഭംപോലെ ലോകാവസാനത്തിനടുത്തു മുമ്പായി ഭീകര ദുരന്ത ദുഃഖദുരിതങ്ങളുണ്ടാകും. ലോക ജനത, സമാധാനമില്ലാതെ അന്യോന്യം പടവെട്ടും യുദ്ധങ്ങളും യുദ്ധ ശ്രുതികളും പല രാജ്യത്തുമുണ്ടാകും—ഭയങ്കരക്ഷാമത്തലും ഭൂകമ്പത്തിലും അവിടവി

www.malankaralibrary.com



ടെ അനേകൎക്കു ജീവനാശം സംഭവിക്കും സുഖലോലുപത, അമിതാനന്ദ സുഖാനുഭവം മദ്യാസക്തി പണദാഹം വ്യഭിചാര ചിന്തയും അമിതഭോഗാസ്ക്തിയും ജീവിത വ്യഗ്രത എന്നിവയാൽ ഏവരുടെയും മനസ്സ് ദുർബലമാകും—ലോക ജനതയിലെ ഒരു വലിയ വിഭാഗം, സ്വാൎത്ഥരും അതി സ്വാർത്ഥരും ദുഷ്ടരും, സഹോദര സ്നേഹമില്ലാത്തവരും പരദ്രോഹികളുമാകും. ഭാര്യ ഭർത്താവിനെതിരായും ഭർത്താവു ഭാര്യയ്ക്കെതിരായും പിതാവു മക്കൾക്കെതിരായും മക്കൾ പിതാവിനെതിരായും, ജനം ജനത്തിനെതിരായും രാജ്യം രാജ്യത്തിനെതിരായും തലയുർത്തുകയും പടവെട്ടുകയും അന്യോന്യം വധിക്കുകയും ചെയ്യും. ദൃശ, ശത സഹസ്ര, നിലകളുള്ള ഉന്നതങ്ങളായ, രമ്യഹർമ്മ്യങ്ങളും ചിത്രവേലകളാലും കൊത്തു പണികളാലും അലംകൃതമായി പടുത്തുയർത്തിട്ടുള്ള, വസതികളും ദേവാലയങ്ങളും, കല്ലു കല്ലോട് ശേഷിക്കാതെ ഒന്നോടെ നശിക്കും കടലിന്റെയും തിരമാലകളുടെയും ഇരമ്പൽ ജനങ്ങളിൽ സംഭ്രാന്തിയുളവാക്കും

സംഭവിക്കാൻ പോകുന്നവയെ ഓർത്തുള്ള ഭയവും ആകുലതയും നിമിത്തം ഭൂവാസികളെല്ലാം സംഭീതരാകും—ഈ പീഡാനുഭവ ദിവസങ്ങളിൽ സൂര്യൻ ഇരുണ്ടു പോകും—ചന്ദ്രൻ പ്രകാശിക്കുകയില്ല—നക്ഷത്രങ്ങൾ ആകാശത്തുനിന്നു നിപതിക്കും—ആകാശ ശക്തികൾ ഇളകുകയും ചെയ്യും—ലോകാരംഭം മുതൽ ഇതുവരെ ഉണ്ടായിട്ടില്ലാത്ത കഷ്ടതകൾ അനുഭവാകും—അപ്പോൾ മനുഷ്യ പുത്രനായ താൻ വലിയ ശക്തിയോടും മഹത്വത്തോടുംകൂടി വാനമേഘങ്ങളിൽ വരുന്നതു ഭൂവാസികളെല്ലാം കാണും. വലിയ കാഹള ധ്വനിയോടു കൂടെ തന്റെ ദൂതരെ അവൻ അയയ്ക്കും—അവർ ഭൂമിയുടെ ഒററം മുതൽ മറെറ അററം വരെ—ആകാശാതൃത്തികളോളം കാഹള ധ്വനി മുഴക്കും

www.malankaralibrary.com


അവൻ മഹിമയുടെ സിംഹാസനത്തിൽ ഉപവിഷ്ടനായി എല്ലാ ജനതകളെയും ഒരുമിച്ചു കൂട്ടും നീതിമാന്മാരെ തന്റെ വലത്തു ഭാഗത്തും നീതികെട്ടവരെ ഇടത്തു ഭാഗത്തുമായി വേർതിരിക്കും—വലത്തു ഭാഗത്തുള്ളവരോടു-എന്റെ പിതാവിനാൽ അനുഗ്രഹിക്കപ്പെട്ടവരേ വരുവിൻ ലോകസ്ഥാപനം മുതൽ നിങ്ങൾക്കായി സജ്ജമാക്കിയിരിക്കുന്ന സ്വർഗ്ഗരാജ്യം അവകാശമാക്കി അനുഭവിപ്പിൻ എന്തെന്നാൽ എനിക്കു വിശന്നപ്പോൾ നിങ്ങൾ ഭക്ഷണം തന്നു ദാഹത്തിനു കുടിക്കാൻ തന്നു ഞാൻ കിടപ്പാടമില്ലാത്തവനായി അലഞ്ഞപ്പോൾ നിങ്ങളെനിക്കു വസതി നൾകി എന്നെ സ്വീകരിച്ചു നഗ്നനായിരുന്നപ്പോൾ നിങ്ങൾ എന്നെ ഉടുപ്പിച്ചു രോഗിയായിരുന്നപ്പോൾ എന്നെ ആശ്വസിപ്പിച്ചു തടവറയിലും നിങ്ങൾ എന്നെ വന്നു കണ്ടു അപ്പോൾ നീതിമാന്മാർ പറയും നിന്നെ വിശക്കുന്നവനായും ദാഹിക്കുന്നവനായും നഗ്നനായും രോഗിയായും തടവറയിലും കാണുകയും സഹായവും ആശ്വാസവും നൽകുകയും ചെയ്തതെപ്പോഴാണ്—ഞങ്ങൾ ഓർക്കുന്നില്ല—അപ്പോൾ ഞാൻ പറയും നിങ്ങളുടെ മുമ്പിൽ സഹായത്തിനു വന്നവരും നിങ്ങൾ കണ്ടു കേട്ടറിഞ്ഞവരുമായ, ആർത്തരും അവശരും ആലംബഹീനരുമായ എന്റെ എല്ലാ എളിയ സഹോദരങ്ങൾക്കും നല്കിയ സഹായവും ആശ്വാസവും എനിക്കാണു ചെയ്തതു്—അതിനാൽ നിങ്ങൾ എന്നോടുകൂടെ നിത്യാനന്ദം അനുഭവിക്കുവിൻ—

ഇടത്തു ഭാഗത്തുള്ളവരോടു, ശപിക്കപ്പെട്ടവരേ നിങ്ങൾ എന്നിൽ നിന്നകന്നു് പിശാചിനും അവന്റെ ദൂതന്മാർക്കുമായി ഒരുക്കിയിരിക്കുന്ന നിത്യാഗ്നിയിലേക്കു പോകുവിൻ—എനിക്കു് വിശന്നപ്പോൾ ആഹാരവും ദാഹിച്ചപ്പോൾ വെള്ളവും തന്നില്ല—കിടപ്പാടമില്ലാതായപ്പോൾ, പാർക്കാൻ സ്ഥലം തന്നില്ല. നാണം

www.malankaralibrary.com



മറയ്ക്കാൻ തുണി തന്നില്ല-രോഗാവസ്ഥയിലും തട വറയിലും നിങ്ങൾ വന്നു എനിക്കാശ്വാസം നൽകി യില്ല. അപ്പോളവരു പറയും നിന്നെ ഒരിക്കലും ഞങ്ങൾ, ആ നിലയിൽ കണ്ടിട്ടില്ലല്ലോ—അതിനു് നിങ്ങളുടെ അടു ത്തു വന്നിട്ടുള്ളവരും നിങ്ങളറിഞ്ഞിട്ടുള്ളവരുമായ ഭിക്ഷ ക്കാരും പാവപ്പെട്ടവരും അവശരും ആർത്തരും ആലംബ ഹീനരുമായ എൻെറ സഹോദരങ്ങളെല്ലാവക്കും നിങ്ങൾ ചെയ്യാതിരുന്നതു—എനിക്കു തന്നെയാണ് നൾകാതിരുന്ന തു്—ഇവർ നിത്യശിക്ഷയിലേക്കും നീതിമാന്മാർ നിത്യ ജീവനിലേക്കും പ്രവേശിക്കും.

ഈ ലോകം-ഇന്നുള്ള നിലയിൽ എന്നും നിത്യകാ ലം തുടരുമെന്നും ഒരിക്കലും അവസാനിക്കാൻ പോകു ന്നില്ലെന്നും. ഈശ്വരനും സ്വർഗ്ഗ നരകവുമില്ലെന്നു വിശ്വസിക്കുന്നു. ലോക വിജ്ഞാനികളുടെ ഒരു ചെറി യ വിഭാഗം അവിടവിടെ ആദ്യന്തം നിലകൊള്ളുന്നുണ്ടു് സംസാര ചക്രം റോള് ചെയ്തു മുന്നേറിത്തുടരുകയാണെ ന്നാണ് അവരുടെ അഭിമതം ഈശ്വരനും, സ്വർഗ്ഗ നരക വുംസ്വാർത്ഥതാ സാധുതയ്ക്കായി കാലാകാലങ്ങ ളിൽമനുഷ്യർ സൃഷ്ടിച്ചതാണെന്നാണ് അവരുടെ അഭി പ്രായം മറ്റൊരുപെറിയ പങ്ക്, ഈശ്വരൻ അചനവനിൽ തന്നെയാണെന്നും സ്വർഗ്ഗ നരകം ഈ ലോകമാണെ ന്നും പ്രസ്താവിക്കുന്നു.

മതഗുരുക്കന്മാരുടെ ഉപദേശങ്ങളെ അവർ മാനിക്കു ന്നില്ല. അവരേക്കാൾ-എല്ലാ വിധത്തിലും, അഭിജ്ഞ രും സ്വാർത്ഥരഹിതരും ത്യാഗികളും സത്യത്തിൻെറ— മാതൃകക്കാരുമായി ജീവിച്ച, ഹിന്ദു. ബുദ്ധ, ജൈന— ക്രൈസ്തവ മതസ്ഥാപകരുടെ ജീവചരിത്രം അവർ

www.malankaralibrary.com



മനസ്സിലാക്കുന്നില്ല—ഈ മത സ്ഥാപക നേതാക്കളെല്ലാം വ്യാജ പ്രസ്താവനയിലൂടെ—ലോക ജനതയെ കബളിപ്പിച്ചതായും, ഈ ഒന്നുമില്ലാ വാദികൾക്ക പ്രസ്താവിക്കാൻ ധൈര്യമില്ല. കാരണം ഷത്രുക്കൾക്കുപോലും, യാതൊരു കന്മഷവും, പ്രണേതാക്കളിൽ കണ്ടെത്താൻ കഴിഞ്ഞിട്ടില്ല. ചരിത്ര പുരുഷനായ ക്രിസ്തുവിൻെറ ജീവിതകാലം ഇന്നേയ്ക്ക മൂപ്പതു തലമുറയ്ക്കകമാണ്—അദ്ദേഹത്തിൻെറ മഹത്തായ ജീവിത സംഭവങ്ങളുടെ—സാക്ഷ്യങ്ങൾ—ഇന്നും ദൃശ്യമാണ്. സത്യമൂർത്തിയായ അദ്ദേഹം വ്യാജോപദേശങ്ങളിലൂടെ ലോക ജനതയെ വഞ്ചിച്ചിരിക്കുന്നതായി, ആക്കും പറയാനും ധൈര്യമില്ല. അദ്ദേഹം ഈശ്വരൻെറ വ്യക്തിത്വത്തേയും സർവ്വവ്യാപകത്വത്തെയും, സ്വർഗ്ഗ നരകാനുഭവങ്ങളെയും പററി സുവ്യക്തമായി ഉറപ്പിച്ചും, തറപ്പിച്ചും പറഞ്ഞിട്ടുണ്ട്. മാത്രമല്ല—സ്വാർത്ഥനും, അമിതസുഖാനുഭവിയുമായ ഒരു ധനാഢ്യൻെറയും, രോഗിയും, ആലംബഹീനനുമായ ഒരു ഭിക്ഷക്കാരൻെറയും. മരണശേഷം അവൎക്കു ലഭിച്ച, സ്വർഗ്ഗനരകാനുഭവവും വിവരിച്ചിട്ടുണ്ട്—ആ ഭാഗം ഈ പുസ്തകത്തിൽ അന്യത്ര ചേർത്തിരിക്കുന്നു. കൂടാതെ ഈശ്വരനെയും സ്വർഗ്ഗ നരക ജീവിതത്തെയും പററി ഈ ചെറുപുസ്തകത്തിൽ ആദ്യന്തം അവിടവിടെയായി വിവരിച്ചിരിക്കുന്നതിലേക്കു ഏവരുടെയും ശ്രദ്ധയെ ക്ഷണിച്ചുകൊള്ളുന്നു.

അവസാനമായി ലോകാന്ത്യത്തെപ്പററി ഓരോരുത്തരും ചിന്തിച്ചും പ്രവചിച്ചും സമയം കളയാതെ തങ്ങളോരോരുത്തരുടെയും ഈ ലോകത്തിൽനിന്നുള്ള വേർപാടിനെപ്പററി ചിന്തിച്ചാലും നാം ഓരോരുത്തരുടെയും, ഈ ലോകത്തിൽനിന്നു വേർപിരിയുന്ന അന്ത്യം ഈ നിമിഷത്തി

www.malankaralibrary.com



ലോ മണിക്കൂറിലോ, ദിവസത്തിലോ ആഴ്ചയിലോ മാസത്തിലോ, വർഷത്തിലോ അടുത്തോ അകന്നോ സംഭവിക്കുമെന്നതു തീർച്ചയാണ് നമ്മുടെ ഇവിടെ നിന്നുമുള്ള വേർപാട് നിത്യ ലോകത്തിലെ സൗഭാഗ്യ വസതിയിലെത്തി ആനന്ദകരമായിത്തീരുന്നതിനു നാം ശ്രമിക്കണം ആഗ്രഹിക്കണം അതിലേക്കായി, ജീവിക്കണം.

ധനാഢ്യർ, അമിത സുഖാനുഭവികളാകാതെയും ധനം കൂട്ടി വയ്ക്കാതെയും പാവങ്ങളെ സഹായിക്കണം മധ്യസ്ഥിതരും അതിൽ കുറഞ്ഞവരും, തങ്ങളിൽ കുറഞ്ഞവരെ സഹായിക്കണം എല്ലാവരെയും – ലോക ജനതയെ മുഴുവനും സഹോദരങ്ങളായി സ്നേഹിച്ചു വർത്തിക്കണം പരോപകാര പ്രവർത്തനങ്ങൾ പ്രത്യേകിച്ചു പട്ടിണിപ്പാവങ്ങൾക്കും ആലംബഹീനക്കും നല്കണം സ്വാർത്ഥത വെടിയണം അനുകമ്പ, ക്ഷമ, ത്യാഗം, ഈശ്വര ഭക്തി എന്നിവ, ശരീരഘടകങ്ങളാകണം. സമാധനപരമായ, നന്മ പ്രവർത്തനങ്ങളിലൂടെ, നിസ്വാർത്ഥ ജീവിതത്തിലൂടെ ആർത്തരെയും അവശരെയും ആലംബഹീനരെയും കഴിവുള്ളത്ര സഹായിച്ച്, ശാന്തസുന്ദരമായ ജീവിതാന്ത്യത്തിലേക്ക് ഓരോരുത്തരും ശ്രമിക്കണം.

www.malankaralibrary.com

# ഭാഗം III

## 24 ജീവിതമാററം

### I

പ്രപഞ്ച പ്രകൃതിയിലെ സർവ്വ ജീവരാശികളും പ്രപഞ്ച പ്രകൃതിയിൽ നിന്നുതന്നെ ശരീര ജീവനോടുകൂടി ജനിക്കുന്ന പഞ്ചഭൂത നിർമിതമായ ശരീര ജീവനാണ് എല്ലാം ജീവികൾക്കും ലഭിക്കുന്നത്. മനുഷ്യനും മററെല്ലാ ജീവികളെപ്പോലെ പഞ്ചഭൂത നിർമ്മിതമായ ശരീര ജീവനോടുകൂടി ഉള്ളവരാകുന്നു. എന്നാൽ മനുഷ്യനിൽ ദൈവം തൻെറ രൂപസാദൃശ്യമായ ഒരിക്കലും നശിക്കാത്ത ആത്മാവിനെക്കൂടി പ്രദാനം ചെയ്യുന്നു. തന്നിമിത്തം മനുഷ്യർ—ദൈവപുത്രരായി ജാതരാകുന്നു. എല്ലാ ജീവികൾക്കും ജനനം, വളർച്ച, നാശം എന്ന ത്രിവിധ അവസ്ഥകളുണ്ട്. മനുഷ്യരും ജനിക്കുകയും വളരുകയും നശിക്കുകയും ചെയ്യുന്നു. എന്നാൽ സർവ ജീവജാലങ്ങളും പഞ്ചഭൂത നിർമ്മിതമായ ശരീര ജീവനുകളെ പ്രപഞ്ച പ്രകൃതിയിൽ നിന്നെടുത്തതുപോലെതന്നെ തിരിച്ചിവിടെത്തന്നെ ലയിപ്പിക്കുന്നു. മനുഷ്യരും മററു ജീവികളെപ്പോലെ ഇവിടെത്തന്നെ നിക്ഷേപിക്കുന്നു. എന്നാൽ ഒരിക്കലും നശിക്കാത്ത, അവസാനമില്ലാത്ത ദൈവത്തിൽ നിന്നു ലഭിച്ച അവൻെറ ആത്മാവ്—മരണാനന്തര ലോകത്തിൽ നിത്യം വാഴുകയും ചെയ്യുന്നു. അതിനാൽ മനുഷ്യാത്മാവിൻെറ ഏതാനും നാളത്തെ അധിവാസസ്ഥാനം മാത്രമാണ് പ്രപഞ്ച പ്രകൃതിയിൽ നിന്നു ലഭിച്ച പഞ്ചഭൂത നിർമിതമായ ശരീരം.

മനുഷ്യ ജീവിതം മരണത്തോടുകൂടി അവസാനിക്കുന്നില്ല. മരണം അവനെ നിത്യകാല ജീവിതത്തിനായി നിത്യ ലോകത്തിലേക്കു പ്രസവിക്കുന്നു. മററു സർവ്വ

www.malankaralibrary.com



ജീവരാശികളും ഈ ലോകത്തിൽ നിന്നും ജനിച്ചു വളർന്നു നശിക്കുമ്പോഠം. മനുഷ്യൻ ഈ ലോകത്തിലെ ജനനം, വളർച്ച, നാശം, അഥവാ മരണത്തോടെ നിത്യജീവിതത്തിലേക്കു മനുഷ്യനെ തയ്യാറാക്കുന്നതാണ് ഈ ലോകജീവിതം. നിത്യലോകത്തിൽ, നിത്യസുഖത്തിനും നിത്യ ദുഃഖത്തിനും അർഹമാകുന്നതു മരണത്തോടുകൂടിയാണ്. ഈ ലോക ജീവിതത്തിൻെറ മാനദണ്ഡം—പ്രവർത്തനഗതി—അനുസരിച്ചായിരിക്കും അതിലൊരു സ്ഥാനം ലഭ്യമാകുന്നത്.

ഈ ലോക ജീവിതത്തിൽ ദൈവത്തെ അറിഞ്ഞു സ്നേഹിച്ചു തന്നെപ്പോലെ തന്നെ മററുള്ളവരെയും കണക്കിലെടുത്തു തൻെറ കഴിവിനനുസരിച്ചുള്ള പരോപകാര പ്രവർത്തനങ്ങളിലൂടെ, സ്വാർത്ഥ ത്യാഗത്തിലൂടെ, സഹോദര സ്നേഹത്തിലൂടെ ആത്മാർത്ഥമായി നല്ല ജീവിതം നയിച്ച നല്ല മനുഷ്യർക്കു മരണത്തെ ഭയപ്പെടേണ്ടതില്ല. മറിച്ചു മരണം അവരെ നിത്യജീവിതത്തിലെ നിത്യ സമ്മാനർഹമരാക്കുന്നതിനാൽ— സന്തോഷത്തോടും സമാധാനത്തോടും ഇവിടെ നിന്നും യാത്രയാകുന്നതാകുന്നു. നല്ല മനുഷ്യരുടെ മരണത്തിൽ സ്വന്തക്കാരും ബന്ധുക്കളും സ്നേഹിതരും ഒരിക്കലും വിലപിക്കരുത്. സുഖ ദുഃഖസമ്മിശ്രിമായ ലോക ജീവിതത്തിൽനിന്നും അവർ രക്ഷപ്പെടുകയാണ് മരണം മൂലം സംഭവിക്കുന്നതു്, അവിശ്രമമായ അവരുടെ സ്വാർത്ഥത്യാഗ ജീവിതത്തിൻെറ സമ്മാനമായ നിത്യാനന്ദ ജീവിതത്തിനവർ പോകുകയാണ്: അവരെ സംബന്ധിച്ചിടത്തോളമുള്ള അനന്തരഫലം.

മാതാപിതാക്കളുടെ സുഖേഛാപൂർത്തീകരണത്തിൻെറ ഫലമായിട്ട് മാത്രമല്ല. നാം ജാതരാകുന്നതു്. മനുഷ്യരാംപ്പെടെ സർവ ജീവരാശികഠംക്കും സന്തതിപരമ്പര

www.malankaralibrary.com



യെ നിലനിർത്തുന്നതിനുള്ള സന്താനോല്പാദന ശക്തി സ്രഷ്ടാവായ ദൈവം പൊതുവെ നൽകിയിട്ടുണ്ട്. എന്നാൽ മനുഷ്യർക്ക് മാത്രമായി, മററ് ജീവികളെപ്പോലെ പഞ്ചഭൂത നിർമ്മിതമായ ശരീര ജീവനോടുകൂടി ഉരുവാകുമ്പോൾ തന്നെ—തൻെറ രൂപസദൃശ്യമായ ആത്മാവിനെക്കൂടി നൽകുന്നു. ശരീര ജീവനോടുകൂടി, ആത്മാവിനെ സംയോജിപ്പിക്കുന്നതു ദൈവമാണ്, ദൈവം സംയോജിപ്പിക്കുന്നതിനെ വേർപിരിക്കാൻ, നശിപ്പിക്കാൻ ആർക്കും അവകാശമില്ല. ദൈവം നല്കിയിരിക്കുന്ന കഴിവും സ്വാതന്ത്ര്യവും ദുരുപയോഗപ്പെടുത്തി സൃഷ്ടാവിനെ മറന്നു് ജീവിതത്തെ ആരും അവസാനിപ്പിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതും ആ വിധമാകുന്ന ആത്മഹത്യാ മരണത്തിനു് ആരും സന്നദ്ധരാകാതിരിക്കുവാൻ വേണ്ടതെല്ലാം ചെയ്യേണ്ടതും നമ്മുടെ കടമയാകുന്നു. തീരാ ദു:ഖം—സദാ അതിവേദന—ശരീരമാകമാനം വ്രണവ്രണിതമായ പരുക്കളും പഴപ്പും, ക്ഷയം, ആസ്തമാ, കാൻസർ തുടങ്ങിയ മഹാവ്യാധികൾ—കൊടും പട്ടിണി എല്ലാവിധത്തിലും അസുഖങ്ങളും അനാരോഗ്യവും, ജീവിക്കുവാനുള്ള ധനമില്ലായ്മ; നിത്യദാരിദ്രം; കിടപ്പാടമില്ലാത്ത അവസ്ഥ: ആഗ്രഹാനുസരണമുള്ള വിവാഹം നടക്കാതെ വന്നതു്. വിചാരിച്ചത്ര ഉന്നതബിരുദം ലഭിക്കാത്തത്, പേരും പെരുമയും പ്രശസ്തികളും ഇടയാക്കാഞ്ഞതു്, അക്ഷീണശ്രമം ചെയ്ത കാര്യം അപജയമായി കലാശിച്ചതു്, ഇങ്ങനെ അനേകമനേകം മോഹഭംഗങ്ങൾ, നിരാശകൾ, നിത്യദു:ഖങ്ങൾ, എല്ലാം ക്ഷമയോടെ സഹിക്കണം. എല്ലാം ദൈവം നമ്മുടെ നന്മയ്ക്ക് തരുന്ന കുരിശുകളായി കരുതി സന്തോഷത്തോടെ വർത്തിക്കണം. സഹിക്കണം. ഒരു പക്ഷേ, ക്ഷണഭംഗുരമായ ഈ ലോക ദു:ഖങ്ങളും കഷ്ടങ്ങളും നിത്യലോകത്തിലെ, നിത്യാനന്ദ ജീവിതത്തിൽ

www.malankaralibrary.com



ഏററം വലിയ സമ്മാനത്തിനു നമ്മെ അർഹരാക്കുന്നതിലേക്കുള്ളതാണെന്നു് നാം ഓർക്കണം. അതിനാൽ സുഖത്തിലും ദു:ഖത്തിലും നാം ഒന്നുപോലെ സമാധാനമുള്ളവരായി, സമനില, ശാന്തത സംതൃപ്തി ഒരിക്കലും കൈവെടിയാതെ, സഹോദരസ്നേഹത്തോടെ, ദൈവീകചിന്തയോടെ, പരമാർത്ഥമായി ജീവിതത്തെ നയിച്ചു ജീവൻ നമുക്കു നൽകിയ നമ്മുടെ പിതാവു് നമ്മെ വിളിക്കുന്നതുവരെ വളരെ സന്തോഷമായി ജീവിക്കണം. സമാധാനപരമായ ഒരന്ത്യം—മരണം—ലഭിക്കുന്നതു്. ജീവിതത്തിലെ ഏററവും വലിയ നേട്ടമാണ്, സമാധാനപരമായ ഒരു നല്ല മരണം ലഭിക്കാൻ നാം ആഗ്രഹിക്കണം. അതിനായി സൃഷ്ടാവായ പിതാവിനോടു് നാം പ്രാർത്ഥിക്കണം. മരണമാകുന്ന മരണം ഓരോരുത്തർക്കും വന്നുചേരുമെന്നുള്ളതു് തർക്കമില്ലാത്ത ഒരു വസ്തുതയും, അനുഭവവുമാണ്. മരണമുണ്ടെന്നതു നിശ്ചയം. അതുപോലെ മരണ സമയം—നാഴിക—എപ്പോഴെന്നാർക്കും നിശ്ചയമില്ലാത്ത സുനിശ്ചിത കാര്യമാണ്. അതിനാൽ ഓരോരുത്തരും സദാ മരണത്തെ മുന്നിൽ കണ്ടുകൊണ്ടു ജീവിക്കണം. ഓരോ ദിവസവും രാവിലെ എഴുന്നേൽക്കുമ്പോൾ വൈകുന്നേരംവരെയും വൈകുമ്പോൾ വെളുക്കും വരെയും ജീവിക്കുമെന്നു നിശ്ചയിക്കരുതു്. ഒരോ ദിവസവും, നാഴികയും വിനാഴികയും കഴിയുന്തോറും നാം ശവകുടീരത്തോടു് അടുക്കുകയാണ്. കഴിഞ്ഞുപോകുന്ന നിമിഷങ്ങൾ നമ്മുടെ ജീവിതയാത്രയുടെ ദൂരം കുറയ്ക്കുന്ന—അന്ത്യത്തോടടുക്കുന്നു എപ്പോൾ മരണം നമ്മെ പിടികൂടിയാലും സമാധനാപരമായി സംതൃപ്തിയോടെ, സന്തോഷത്തോടെ ഇവിടെ നിന്നും വിട്ടുപിരിഞ്ഞു നമ്മുടെ സ്വദേശമായ നിത്യലോകത്തിൽ നമ്മുടെ പിതാവിന്റെ സന്നിധിയിലെത്തി—നിത്യാനന്ദവിശ്രമ ജീവിതം നയി

www.malankaralibrary.com



കുന്നതിന് നാം സദാ തയ്യാറാകണം. ഒരുക്കമുള്ളവരായിരിക്കണം. ഈ ലോക ജീവിതത്തിന്റെ വിജയം—നേട്ടം ജന്മസാഫല്യം—സമാധാന മരണത്തിലൂടെ നിത്യ സൗഭാഗ്യത്തിൽ എത്തുന്നതുമാത്രമാണ്.

## 25 ജീവിതമാററം

### II

മരണത്തെ കണ്ടിട്ടില്ലാത്തവർ മരണം കാണുന്നത് നല്ലതാകുന്നു. തങ്ങൾക്കും വന്നുചേരുന്ന ഈ മരണത്തെ നേരത്തെ തന്നെ ദർശിക്കുന്നത് പിന്നീടുള്ള ജീവിതം ക്രമപ്പെടുത്തുന്നതിനും, തയ്യാറാകുന്നതിനും സഹായകമാണ്. അതിനാൽ സമാധാനപരമായ ഒരു മരണമെങ്കിലും നാം കണ്ടിരിക്കണം. മരണക്കിടക്കയുടെചുററും സ്വന്തക്കാരും ബന്ധുക്കളും സ്നേഹിതരും നോക്കി നിൽക്കുന്നതു. തലയ്ക്കലും കാൽക്കലും ഇരുന്നുകൊണ്ട് ശയ്യാവലംബിയുടെ ശരീരത്തെ സ്പർശിക്കുന്നതും കാണാം. അങ്ങനെ നോക്കി നിൽക്കെ തന്നെ നിരവധി കാര്യങ്ങൾക്ക് നല്ലതും തീയതുമായ പ്രവർത്തനങ്ങൾക്ക് ഓടിച്ചാടിയ കാൽപ്പാദങ്ങൾ രക്ത ഓട്ടം നിലച്ച് തണുത്തു മരവിക്കുന്നതും, നിമിഷന്തോറുമായി കാൽ മുട്ടുകൾവരെ, അരവരെ. കഴുത്തുവരെ, രക്ത ചലനം നിലച്ച് തണുത്തു നിർജീവമാകുന്നു. തുടർന്ന് അധരങ്ങൾ തുറക്കുകയും കൺദൃഷ്ടി തുറിച്ച് നോക്കുകയും ചെയ്യുന്നു. അൽപ നിമിഷത്തിനുള്ളിൽ വായിൽകൂടിയോ. മൂക്കിൽ ചെവി വഴിയോ, നയനങ്ങൾ മാർഗമോ, തലയുടെ ഉച്ചി

www.malankaralibrary.com



യിൽ കൂടിയോ, അവസാനശ്വാസം ജീവന്റെ ജീവൻ വിട്ടുപിരിയുന്നു.

ശരീരം ആകമാനം തണുത്തു നിർജീവമാകുന്നു. സ്വന്തക്കാർ വായും കണ്ണും തിരുമ്മി, കരഞ്ഞു നിലവിളി കൂട്ടുകയും ചെയ്യുന്നു. നിരവധി നന്മതിന്മാ പ്രവർത്തനങ്ങളുടെ ഉടമ, പണ്ഡിതാഗ്രേസരൻ, പാമരകോമരം, പ്രശസ്താ പ്രശസ്തൻ, സമ്പന്നരും നിർദ്ധനരും, വാശിവൈരാഗികളും വീരപരാക്രമികളും പുലർത്തിയ ധീരവീരകേസരി, സൗമ്യനും സമധേന പ്രിയനുമായി വർത്തിച്ച ആൾ. കുറെ ദശവർഷക്കാലം പ്രപഞ്ചത്തിൽ ചലനാത്മകമായി സഞ്ചരിച്ചുകൊണ്ടിരുന്ന വ്യക്തി, പ്രപഞ്ചത്തിരയ്ക്കുള്ളിൽ അങ്ങ് എവിടെയോ പറന്നു മറയുന്നു. ചുരുങ്ങിയ നാളിനുള്ളിൽ ലോകത്തിൽ നിന്നും വിസ്മൃതനാകുന്നു. ചിന്തിച്ചാലും!

അമ്പോ, ഗംഭീര പുരുഷാ നിന്റെ പ്രതാപവും പ്രശസ്തിയും ഇപ്പോൾ എവിടെ? വമ്പും കൊമ്പും എവിടെ? സുഗന്ധലേപനത്താൽ മണമണുത്ത് മിനുങ്ങിയ സുന്ദരഗാത്രം എവിടെ? നാടും വീടും തുടങ്ങി വ്യാപാര മണ്ഡലംമുഴവനുംശബ്ദകോലാഹലത്താലും, ധീരവീരപരാക്രമ പ്രവർത്തനത്താലും മാറ്റൊലി കൊള്ളിച്ച് മുഖരിതമാക്കിയ നീ ഇപ്പോൾ എവിടേയ്ക്ക് മറഞ്ഞു? നിന്റെ ശബ്ദമുഖരിതമായ പ്രസംഗ ധോരണിയാൽ ആയിരക്കണക്കിനാളുകളെ ആകർഷിച്ച നീ ഇപ്പോൾ എവിടെയാണ്? സൈക്കിളിൽ, സ്ക്കൂട്ടറിൽ കാറിൽ ഇരുന്നു റോഡിൽ പൊടിപടലം പരത്തി അതി വേഗം ഓടിച്ചുപോയ നിന്റെ വാഹനങ്ങൾ, ഇപ്പോൾ ആരോടിക്കുന്നു? യാത്രചെയ്യുന്നു? എന്നറിയാമോ? നിന്റെ

www.malankaralibrary.com



വ്യവസായ ശാലകരം, തൊഴിൽ ശാലകരം, കച്ചവടക്കേന്ദ്രങ്ങൾ, വസ്തു വകകൾ, നിലം പറമ്പുകൾ, ഇപ്പോൾ ആരുടെ കൈവശം? ഉദ്യോഗമണ്ഡലങ്ങളിൽ, തൊഴിൽ രംഗങ്ങളിൽ, നിന്റെ കീഴ്മേലുള്ളവരോട് കാണിച്ച ഔദാര്യമര്യാദകൾ, അഥവാ അധികാര പ്രമത്തത, ഗർവ്, ഇപ്പോഴെവിടെ? എല്ലാമെല്ലാം എന്റേത്! എന്റെ മിടുക്ക്! ഞാൻ, ഞാനാരെന്നറിയാമോ? എന്നിത്യാദികളെല്ലാം എവിടെ പോയി മറഞ്ഞു?

നീ ആർജ്ജിച്ച വസ്തുവകകൾ, ധനം, സുഖോപകരണങ്ങൾ, എല്ലാമനുഭവിക്കുന്നവർ നിന്നെ സ്മരിക്കുന്നുണ്ടോ? നിന്റെ നന്മപ്രവർത്തനങ്ങൾക്ക്, ഉപകാര സഹായങ്ങൾക്ക്, അർഹമായവർ നിശ്ചയമായി നല്ല നിലയിലും, നിന്റെ തിന്മ പ്രവർത്തനങ്ങളാൽ കഷ്ടതകൾക്കിടയായവർ നിന്നെ ശപിച്ചും കഴിഞ്ഞുവരുന്നുണ്ടെന്ന് നിനക്കറിയാമോ? അതെ, അത് നിനക്കറിയാം. ആ നന്മ, തിന്മ പ്രവർത്തനങ്ങളുടെ പ്രതിഫലം ഇപ്പോൾ നിന്നെ അനുഗമിച്ചിരിക്കയാണല്ലോ? നന്മ പ്രവർത്തനത്തിന്റെ വിലപ്പെട്ട സമ്മാനം, നിത്യാനന്ദം, അഥവാ തിന്മ പ്രവർത്തനത്തിന്റെ പ്രതിഫലം ദുഃഖദുരിതമായ നിത്യനരക സമ്മാനം. നീ ഇപ്പോൾ അതിലൊന്നിന്റെ ഉടമയാണല്ലോ?

ജീവിതത്തിലെ ഏററം വലിയ അതിപ്രധാനവും അവിസ്മരണീയവുമായ സംഭവമാണ് മരണമാകുന്ന മാരണം. ഇതിൽ നിന്നാരും ഒഴിവാക്കപ്പെടുന്നില്ല. ഒഴിവാകാനാഗ്രഹിച്ചാൽ സാധ്യവുമല്ല. പ്രപഞ്ചത്തിലെ ജീവനുള്ള എല്ലാ ജീവികൾക്കും, സർവ്വ ജീവരാശികൾക്കും മരണത്തിനു വിധേയമാകാതെ സാധ്യമല്ല. എന്നാൽ മനു

www.malankaralibrary.com



ഷ്യനൊഴികെയുള്ള ജീവരാശികളുടെ നാശത്തെ, അവസാനത്തെക്കുറിച്ചാരും ഗൗനിക്കാറില്ല; വിലപിക്കാറില്ല; വർണ്ണിക്കാറുമില്ല; സംഭവബഹുലമായ ഒരു ജീവിതാവസാന സംഭവമായി കണക്കാക്കപ്പെടുന്നില്ല. എന്താണിതിനു കാരണം ? മനുഷ്യനെപ്പോലെ തന്നെ ജനനവും വളർച്ചയും; ശരീരാവയവങ്ങളും മാംസരക്തവും, ശ്വാസവും ജീവനും, എല്ലാമെല്ലാം. മററും ജീവികൾക്കും ഉള്ളതില്ലേ, പട്ടി, പൂച്ച, എലി, ആന, കടുവ, സിംഹം, എറുമ്പ്, പുഴു ഇത്യാദി കരയിലും കടലിലും, ആകാശത്തും വായുമണ്ഡലത്തിലും ഉള്ള കോടാനുകോടി ജീവികളിൽ ഓരോന്നിന്റെയും മരണം, നാശം, സദാ നടന്നുകൊണ്ടിരിക്കുന്നു, സംഭവിക്കുന്നു.

അതുപോലെ തന്നെ, സഞ്ചാര സംസാരശക്തിയില്ലെങ്കിലും, ജീവനുള്ളവയായ വൃക്ഷഫലലതാദികളും നശിക്കുന്നു. എന്നാൽ ഇവകളുടെയെല്ലാം നാശം, മരണം ജീവിതത്തിലെ ഒരു സുപ്രധാന സംഭവമായി ആരും അംഗീകരിക്കാറില്ല. ഗൗനിക്കാറില്ല. ഇതിൽ നിന്നുതന്നെ, മനുജീവിതത്തിന്റെ പ്രത്യേകതയും മനുഷ്യൻ ഒരിക്കലും നശിക്കാത്ത എന്നെന്നേക്കും ജീവിക്കുന്നആത്മാവു കൂടിയവനുമാണെന്നും മനസ്സിലാക്കാം. മനുഷ്യൻ ഒരിക്കലും മരിക്കുന്നില്ല നശിക്കാത്ത എന്നെന്നേക്കും ജീവിക്കുന്ന ആത്മാവോടുകൂടിയവനാണ് മനുഷ്യൻ.

ജനനാരംഭം തുടങ്ങി പത്തുമാസക്കാലം ഗർഭാലയ ലോകത്തിൽ വസിക്കുന്നു. അതിനുശേഷം ഒരു നൂററാണ്ടിൽ താഴെയോ, അല്പംകൂടി ജീവിച്ചിട്ട് ഇവിടെനിന്നും ലഭിച്ച ഈ ശരീരത്തെ ഇവിടെ ഉപേക്ഷിച്ചിട്ട് തന്റെ ഒരിക്കലും നശിക്കാത്ത എന്നെന്നേക്കും ജീവിക്കുന്ന നിത്യവസതിയിലേക്കു പോകുന്നു. ഗർഭാലയ ലോകത്തെ വിട്ടു ഭൂമണ്ഡലത്തിലേയ്ക്കുവന്നതുപോലെ, ഭൂതലത്തെവിട്ട്. എന്നന്നേക്കും ജീവിക്കുന്നതിനായി ജീവിതം അനശ്വരമായി തുടങ്ങുന്നതിനായി

www.malankaralibrary.com



നിത്യലോകത്തിലേക്കു മനുഷ്യൻ പോകുന്നു, അതിനാൽ, പ്രപഞ്ചത്തിലെ കോടാനുകോടി ജീവരാശികളിൽ ഒരിക്കലും നാശമില്ലാത്ത, നശിക്കാത്ത, മരണമില്ലാത്ത, മനുഷ്യാത്മാവു് മരണമാകുന്ന സംഭവത്താൽ ശരീരം വിട്ടു അടുത്ത സൗഭാഗ്യ ജീവിതത്തിലേക്കു പ്രവേശിക്കുന്നു.

സൗഭാഗ്യകരവും ആനന്ദതുന്ദിലവുമായ സൗഭാഗ്യ നിത്യജീവിതത്തിലേക്കു മനുഷ്യനെ പ്രസവിക്കുന്ന, മരണമാകുന്ന മാതാവിനെ സന്തോഷസമേതം മരണനാഴികയിൽ കരഞ്ഞു പ്രലപിക്കാതെ സ്തുതി കീർത്തനങ്ങളാൽ വാഴ്ത്തി പുകഴ്ത്തിയാണു് നിത്യലോകത്തിലെ സൗഭാഗ്യസ്ഥാനത്തേക്കു ആ ആത്മാവിനെ സ്വീകരിക്കുന്നതിനു്, സർവ്വലോക ഉടമയായ പിതാവിനോടു പ്രാർത്ഥിക്കേണ്ടതു്, അത്യാനന്ദകരമായ നിത്യജീവിതത്തിലേക്കു് എന്നെ കടത്തിവിടുന്ന മരണമേ നിനക്കു ഞാൻ ഹൃദയംനിറഞ്ഞ നന്ദി പറയുന്നു. സ്വാഗതശംസകളോടെ കൃതജ്ഞതാനിർഭരമായ ഹൃദയത്തോടെ നിന്നെ ഞാൻ സ്വീകരിക്കുന്നു. ആലിംഗനം ചെയ്യുന്നു.

നല്ല മരണം, ഭാഗ്യകരമായ ഒരു നിത്യാനന്ദ ജീവിതത്തെ നമുക്കു പ്രദാനം ചെയ്യുന്നു. മരണം നമ്മുടെ ഈ ലോക ജീവിത പ്രയാസങ്ങളെ, ദുഃഖദുരിതങ്ങളെ ഇല്ലാതാക്കുന്ന മരണം. നമ്മുടെ ശാരീരിക വേദനകളെയും അസുഖങ്ങളെയും അവസാനിപ്പിക്കുന്നു. മരണം നമ്മുടെ ഇവിടത്തെ ഏതാനും ദശവത്സരകാലത്തെ ക്ലേശഭൂയിഷ്ഠമായ ജീവിതം തന്നെ അവസാനിപ്പിക്കുന്നു മരണം ഇവിടെ നമ്മുടേതായിരുന്ന സകലത്തേയും നമ്മിൽനിന്നപഹരിച്ചു മറ്റുള്ളവർക്കു നൽകുന്നു, മരണം, സ്രഷ്ടാവിങ്കലേക്കു നമ്മുടെ നിത്യപിതാവിന്റെ തിരുസന്നിധിയിലേക്കു നമ്മെ എത്തിക്കുന്നു. ദൈവത്തോടും എന്നു

www.malankaralibrary.com



മററ വാനദൂതഗണത്തോടും പിൻതലമുറക്കാരിൽ നിന്നും എത്തിച്ചേർന്നു ആനന്ദിച്ചുകൊണ്ടിരിക്കുന്ന നമ്മുടെ സോദരങ്ങളോടും നമ്മെ സംയോജിപ്പിക്കുന്നു. അവർണ്ണനീയവും, ഊഹാതീതവുമായ സുഖസൗഭാഗ്യങ്ങൾക്ക നിത്യകാലം നമ്മെ, അവകാശികളാക്കുന്നു.

ഈ ആനന്ദസൗഭാഗ്യജീവിതം, സ്രഷ്ടാവായ സ്വർഗീയ പിതാവിനെ ഈ ഭൗതികജീവിതത്തിൽ അറിഞ്ഞും സ്നേഹിച്ചും, അവിടുത്തെ കല്പനകൾ പ്രമാണിച്ചും സഹോദരങ്ങളെ സ്നേഹിച്ചു നൻമയും പരോപകാരവും, സ്വാർത്ഥത്യാഗത്തിലൂടെ നിസ്വാർത്ഥ സേവനത്തിലൂടെ നൽകി ജീവിച്ചവർക്ക മാത്രം നൽകുന്ന വിലപ്പെട്ട സമ്മാനമാണ്. സഹോദരസ്നേഹത്തോടെ നൻമയിൽ വർത്തിക്കുകയും, തിൻമയെ വെറുക്കുകയും, പരോപകാരം ചെയ്യുകയും സ്വാത്മത്യാഗിയായി നിസ്വാർഥസേവനം ചെയ്യുകയും തൻെറ സുഖാനുഭവങ്ങൾക്ക് പരിമിതി വരുത്തി ഞെരുങ്ങുന്നവരെയും കഷ്ടപ്പെടുന്നവരെയും അവശരെയും ആർത്തരെയും ആലംബഹീനരെയും കഴിയും വിധം സഹായിച്ച് ജീവിക്കയും, ചെയ്തവർക്കമാത്രം മരണം അവർക്ക് നൽകുന്ന ഈ ലോകജീവിതത്തിൻെറ വിജയക്കിരീടമാണ്; ആ വിധക്കാരുടെ മരണം ഒരു നല്ല മരണം. സമാധാന മരണം. വിലപ്പെട്ട നിത്യാനന്ദജീവിത പ്രാപ്തിക്കുള്ള മരണപ്രസവമാകുന്ന ജനനം, ഒരു ജീവിതത്തിൻെറ സുപ്രധാനസംഭവമാകുന്ന മരണം. ഈ ലോകജീവിതത്തിൻെറ അവസാനത്തോളം നിത്യലോകജീവിതത്തിൻെറ ആരംഭനിമിഷത്തിലേയ്ക്കു പ്രവേശനം നൽകുന്നതുമാകുന്ന മരണം.

www.malankaralibrary.com



ഒരു വിഭാഗക്കാക്ക് മരണം നിത്യകാലദുഃഖ ജീവിതത്തിനിടയാകുന്നു. ദൈവത്തിൽ വിശ്വസിക്കാതെ ദുഷ്ട ജീവിതം നയിച്ചവരും ദൈവവിശ്വാസികളിൽതന്നെ. ദൈവമില്ലന്നു് പറയുന്നവരേക്കാറം മോശമമായി, ദുഷ്ടമായി, പരോപദ്രവികളായിജീവിച്ചവരും മരണാനന്തരം നിത്യദുഃഖമാകുന്ന നരകജീവിതാവകാശികളായി ഭവിക്കുന്നു നരകത്തിലെ കൊടും യാതനകളിൽ അവർ നിത്യം ജീവിക്കുന്നു. ഈ വിധക്കാരിൽ ഭൂരിപക്ഷക്കാരും ജീവിതനിരാശയോടെയാണു് മരിക്കുന്നതു്. മരണം അവരെ സംബന്ധിച്ചിടത്തോളം അതിദയനീയവും അതിഭങ്കരവുമായ ഒരു സംഭവവികാസമാണു്.

ആത്മഹത്യയാകുന്ന മരണം. ദൈവനീതിക്കും മനുഷ്യ നീതിക്കുതന്നെയും എതിരായിട്ടുള്ള ദുഷ്ട മരണമാണു്, ദൈവം നമുക്കു് മഹാദാനമായി തന്നിരിക്കുന്ന ഈ ശരീരവും ജീവനും യാതൊരു കാരണവശാലും നമ്മുടെ അഭിപ്രായമനുസരണം തോന്നലിന്നു് വിധേയമാക്കി നശിപ്പിക്കാൻ പാടില്ല, നമ്മുടെ ശരീരജീവനുകളുടെ സാക്ഷാൽ ഉടമ നാം അല്ല ആത്മാവിൻെറ, ഈ ലോകത്തിലെ അധിവാസത്തിനായി ഈശ്വരൻ ദാനമായി നൽകിയിരിക്കുന്ന ശരീരവും ജീവനും ഈ ലോകത്തിൽ ജീവിക്കാവുന്നകാലത്തോളം ഇവിടെതന്നെ വസിക്കണം. ജീവിക്കണം അതിന്നെതിരായി നമ്മുടേതല്ലാത്ത നമ്മുടെ ശരീരജീവനെ അതിൻെറ ഉടമയുടെ അനുവാദമില്ലാതെ നശിപ്പിക്കുന്നതു്, ആത്മഹത്യാമൂലം, മരിക്കുന്നതു് ആകാരണത്താൽതന്നെ അതിലധിവസിക്കുന്ന ആത്മാവിന്നു് നിത്യകാലം അനന്തവും അവർണ്ണനീയവുമായ നരകയാതനകറംക്കിടയാകും, ആകയാൽ നമ്മുടെ സഹോദരങ്ങളായ ആരും ആത്മഹത്യമൂലം മരിക്കാതിരിക്കുന്നതി

www.malankaralibrary.com



ലേക്ക് ശ്രദ്ധിക്കണം. ഏതു് വിധമായാലും എങ്ങനെയായാലും പെട്ടെന്നുള്ള മരണത്തിനും ആത്മഹത്യക്കും ഇടവരാതെ, സമാധാനപരമായ സ്വൽപ ദിവസത്തെ സ്വാസ്ഥതക്ക് ശേഷം മരണത്തെ, സ്വാഗതത്തോടെ, സന്തോഷത്തോടെ, അറിഞ്ഞുകൊണ്ട നോക്കിപ്പാർത്തു് എല്ലാം വിട്ടൊഴിഞ്ഞു് എല്ലാവരോടും എല്ലാററിനോടും യാത്രപറഞ്ഞു് സ്രഷ്ടാവിങ്കലേക്ക് കണ്ണുയർത്തി ധ്യാനനിരതനായി, ആത്മാവിനെ തനിക്ക ദാനമായി നൽകിയ ഉടമസ്ഥനായ പിതാവിനെ ഭരമേൽപ്പിക്കത്തക്ക വിധമുള്ള സൗഭാഗ്യ മരണം ലഭിക്കുവാനാണ് നാം ആഗ്രഹിക്കേണ്ടത്. അതിലേക്ക് ആത്മാവിൻെറയും ശരീരത്തിൻെറയും ജീവൻെറയും മരണത്തിൻെറ നിത്യ ലോകത്തിൻെറയും നിത്യ ജീവിതത്തിൻെറയും ഉടമസ്ഥനായ സ്രഷ്ടാവിനോട നമുക്കെല്ലാം പ്രാർത്ഥിക്കാം.

മാതാപിതാക്കളുടെയും സ്വന്തക്കാരുടെയും ബന്ധുക്കളുടെയും, സ്നേഹിതരുടെയും ഓമന ലീലകൾക്കും താരാട്ട പാട്ടുകൾക്കും പാത്രവാനായി ശിശു പ്രായത്തിലൂടെ, കൗമാരത്തിലെത്തി കൂട്ടുകാരുമൊത്തുല്ലസിച്ച് ഗുരുഭൂതരിൽ നിന്നും മതാചാര്യരിൽ നിന്നും വിദ്യാലയം വഴിയും ജ്ഞാനസമ്പാദനം നടത്തി യൗവ്വനദശയിലെത്തി ഗൃഹസ്ഥാശ്രമത്തിലൂടെയോ, സന്യാസ ബ്രഹ്മചാരിയായോ, യൗവ്വന പ്രസരിപ്പിൻെറ, രക്തത്തിളപ്പിൻെറ ഊർജസ്വലതയിൽ തൻെറ ആത്മാവിനു മുതൽക്കൂട്ടു ലഭിക്കുംവിധം മററുള്ളവർക്ക നന്മ ലഭിക്കുംവിധം സൃഷ്ടാവിങ്കൽ തൻെറ ഓരോ ചെയ്തികളും ഭാരമേല്പിച്ച്, സ്വാർത്ഥ ത്യാഗിയായി പരോപകാരിയായി, തനിക്കും മററുള്ളവർക്കും നന്മയ്ക്കിടയാകുന്ന പ്രവർത്തനങ്ങളിൽ മാത്രം ഇടപെട്ടു പ്രവർത്തിച്ച് പരോപദ്രവ

www.malankaralibrary.com



ങ്ങൾക്കും തിന്മയ്ക്കും ഇടവരാതെ തന്റെ കഴിവിനും ശക്തിക്കും അന്തസ്സിനും അനുസൃതമായി തന്റെ ചുററു പാടിലും വ്യാപാരമണ്ഡലങ്ങളിലും നിശ്ശബ്ദ സുന്ദരവും നിസ്വാർത്ഥവും ഫലദാത്മകവുമായ പ്രവർത്തനങ്ങളിലൂടെ വാർദ്ധക്യ ദശയിലെത്തി ഓടി ച്ചാടി നടന്ന കാലുകളുടെ, കൈകളുടെ, അധരങ്ങളുടെ, ശരീരാവയവങ്ങളോരോന്നിന്റേയും, ശക്തി ക്ഷയിച്ച് അവസാനം ഹൃദയസ്പന്ദനം മാത്രമുള്ളവനായി സമയം മണിക്കൂറുകൾ, നിമിഷങ്ങൾ, കാത്തു കാത്തു കിടക്കുന്നു.

തന്റെ സ്വന്തക്കാരും ബന്ധുക്കളും സ്നേഹിതരും പ്രത്യേകിച്ച് തന്റെ നന്മപരോപകാര പ്രവർത്തനങ്ങൾ ക്കർഹരായവരും തന്നെ ഒരുനോക്കു കാണുന്നതിനും കിട ക്കയുടെ ചുററിലും വളഞ്ഞു വട്ടംകൂടി, നിർന്നിമേഷ രായി, ശോകമൂകരായി, ബാഷ്പകണങ്ങളോടെ നില കൊള്ളുന്നു. ചിലരെല്ലാം തന്റെ കൈ കാലുകളിലും, നെററിത്തടങ്ങളിലും നെഞ്ചിലും കൈ സ്പർശിച്ച് ഹൃദയസ്പന്ദനവും ചൂടും നിലച്ചോഎന്നു നോക്കുന്നു. നിമിഷ മാത്രയിൽ, കൈകാലുകളും ശരീരമാകെമാനം തണുത്തു മരവിക്കുന്നു. ഈ വിധമായ ഒരു സമാധാന മര ണം ലഭിക്കുന്നതിലേക്കായി, നമുക്കു സദാ ചിന്തിച്ച സഹോദരസ്നേഹത്തോടെ, നന്മപ്രവർത്തനങ്ങൾ ചെ യ്ത്തും ദൈവത്തെ സ്നേഹിച്ചു സേവിച്ചു പ്രാർഥിച്ചും ജീവിതം തുടരാം.

www.malankaralibrary.com

# 26 മരണാനന്തര ജീവിതം

മനുഷ്യക്ക് മരണാനന്തര ജീതിതമില്ലെന്നും പക്ഷി മൃഗാദിജന്തുക്കളെപ്പോലെ - ഈ ലോകജീവിതത്തോടെ എല്ലാം അവസാനിക്കുന്നുവെന്നും, വിശ്വസിക്കുന്ന, ഒരു വിഭാഗക്കാർ. ഉണ്ട്—ലോക വിജ്ഞാന വികാസത്തിൽ ഈ വിഭാഗക്കാരുടെ എണ്ണം വർദ്ധിച്ചുകൊണ്ടിരിക്കയാണ്. ഈശ്വരാസ്തിക നിഷേധകർ മാത്രമല്ല—ഈശ്വര വിശ്വാസികളിൽതന്നെയും, ഒരു ന്യൂനപക്ഷം ഈ ഗണത്തിൽ ഉൾപ്പെടുന്നുണ്ട്—ഈശ്വരനെപ്പററിയും, ഈശ്വര പ്രകാശിത—മതത്തെയും, മതഗ്രന്ഥങ്ങളെയും, പണ്ഡിതോചിതമായ പഠനം നടത്തി സംശയ നിവാരണം വരുത്താനും അവർ ഉത്സുകരാകാതെ, ലൗകായിതത്തമമായി അവരവരുടെ ധാരണയിൽ, ജീവിതത്തെ അവസാനിപ്പിക്കുന്നു—

നാസ്തികർ, ഈശ്വരനില്ലെന്നും—ഈ പ്രപഞ്ചം ഉൾപ്പെടെ കാണപ്പെടുന്നതും അറിയപ്പെടുന്നതും അറിയപ്പെടാത്തതുമായ—എല്ലാ വസ്തുക്കളും ശക്തികളും താനേ അനേകമനേക ശതസഹസ്രാബ്ദങ്ങൾക്കപ്പുറം ഒരിക്കലോയോ പലപ്പോഴായോ ഉണ്ടായി വീണ്ടു വീണ്ടുമുള്ള പ്രകൃതി ശക്തി വിശേഷതയിൽ ഇന്നത്തെ നിലയിലെത്തിയിട്ടുള്ളതായും വിശ്വസിക്കുന്നു—പ്രകൃതിയിലുള്ള മേധാ ശക്തിളെല്ലാം താനെ ഉളവായിട്ടുള്ളതും ഉളവായിക്കൊണ്ടിരിക്കുന്നതുമാണെന്നു ഉറപ്പിച്ചും തറപ്പിച്ചും പ്രസ്താവിച്ചു സംതൃപ്തരാകുന്നു.

ഈശ്വര വിശ്വാസികളിലും ഒരു വിഭാഗങ്ങൾ—മനുഷ്യന്നു മരണാനന്തരം ജീവിതമില്ലെന്നും—ഈശ്വരൻ—അവനവനിൽതന്നെയാണ് വസിക്കുന്നതെന്നും, സ്വർഗ്ഗനര

www.malankaralibrary.com



കണ്ടാം—ഈ ലോകവും ഭൗതിക ജീവിതവും മാത്രമാണെന്നു. വിശ്വസിക്കുന്ന—മതസമൂഹങ്ങളാണ് ഈശ്വരനെ സൃഷ്ടിച്ചതെന്നും—അതു തങ്ങളുടെ നിലനില്പിനും ഉയർച്ചയ്ക്കും വേണ്ടിയും, സാധുക്കളെ കബളിപ്പിച്ചു തങ്ങൾക്കു സുഖിക്കാൻ വേണ്ടി മത, നേതാക്കളുടെ ശ്രമഫലമാണെന്നും ഈശ്വരനോ—മരണാന്തര ജീവിതമോ മനുഷ്യർക്കില്ലെന്നുമാണ് അവരുടെ വിജ്ഞാന വെളിപ്പെടുകൾ—ഈശ്വരനെ, മനുഷ്യരും-മതങ്ങളും കൂടിയാണു സൃഷ്ടിച്ചതെന്നു പറയുന്നവർ തങ്ങളാണ്, മക്കളാണ് അച്ഛനെ പിതാവിനെ സൃഷ്ടിച്ചതെന്നു പറയുന്നതിനു തുല്യമാണ്_സ്വർഗ്ഗ, നരക, സുഖദുഃഖാനുഭവമെല്ലാം ഈ ലോക ജീവിതത്തിൽ തന്നെയാണെന്നും മരണത്തോടെ എല്ലാം അവസാനിക്കുന്നുവെന്നും പിന്നീടൊരു ജീവിതമില്ലെന്നും പറയുന്നവരും ഉണ്ട് പക്ഷിമൃഗാദികളെപ്പോലെ പഞ്ചഭൂതനിർമ്മിതമായ ശരീരവും ജീവനും മരണത്തോടെ പ്രകൃതിയിൽ ലയിക്കുന്നു. പിന്നീടൊന്നുമില്ല. എന്നുള്ള വിശ്വാസക്കാരും ഉണ്ട്-പ്രകൃതി ശക്തികളെ ഈശ്വരനായി സങ്കല്പിച്ചു വിശ്വസിക്കുന്ന പ്രകൃതിമതക്കാരും—രാജാക്കന്മാർ, ചക്രവർത്തിമാർ—ലോകോപകാരികളായി ത്യാഗോജ്ജ്വല ജീവിതം നയിച്ചവർ—വിജ്ഞാനോപദേശങ്ങൾ, നല്കിയവർ എന്നിങ്ങനെയുള്ളവരെ ഈശ്വരനായും ഈശ്വരാവതാരമായും വിശ്വസിക്കുന്ന മനുഷ്യമതക്കാരും മരണാനന്തരജീവിതത്തിൽ വിശ്വസിക്കുന്നില്ല—ഈ വിഭാഗക്കാരെല്ലാം ഈശ്വരപ്രകാശിതമായ, മതത്തേയും മതോപദേശത്തെയും മതോപദേശത്തെയുംപററി പഠിച്ചു ജീവിത ലക്ഷ്യമായ മരണാനന്തരജീവിതം നിത്യാനന്ദപ്രദമായി ലഭിയ്ക്കുന്നതിനിടയാക്കിയാലും.

ഏററവും പുരാതനമെന്നാവകശപ്പെടുന്ന-ഹിന്ദുമതം മരണാനന്തര. നിത്യജീവിതത്തിൽ ഉറപ്പായി വിശ്വസി

www.malankaralibrary.com



ക്കുന്നുവെന്നു ആ മതഗ്രന്ഥങ്ങൾ പഠിച്ചാൽ മനസ്സിലാക്കാവുന്നതാണ് ബി സി നാലായിരം മുതൽ ചരിത്രമുള്ള യഹൂദമതവും ക്രിസ്തുമതവും, മനുഷ്യന്റെ മരണാനന്തരമുള്ള നിത്യജീവിതത്തെ സുവ്യക്തമായി ഉറപ്പിച്ചും തറപ്പിച്ചും വ്യക്തമാക്കുന്നു ബുദ്ധ, ജയിനമതങ്ങളും, മഹമ്മദുമതവും സിക്കുമതവും, മരണാനന്തരജീവിതത്തെ സുവ്യക്തമായി ഉറപ്പിക്കുന്നു ഈ മതങ്ങളെല്ലാം ചരിത്രമുള്ളവയുമാണ് അന്ധമായി; അലസമായി ശരീരജീവനെ മാത്രം ശരണീകരിച്ചു ജീവിക്കുന്നവർ നിത്യകാലദുഃഖമനുഭവിക്കേണ്ടിവരും.

ഏകദേശം ഇന്നേക്ക് മുപ്പതു മുപ്പത്തഞ്ചു തലമുറകൾക്കുമുമ്പാണ് ലോകാത്ഭുതവും ലോകരക്ഷകനുമായ ക്രിസ്തുദേവന്റെ ജീവിതകാലം അദ്ദേഹത്തിന്റെ ജനന, ജീവിതത്തെപ്പററി, ജനനത്തിനുമുമ്പുള്ള നാലായിരം വർഷത്തെ ഈശ്വര പ്രോക്തങ്ങളായ വെളിപാടുകളുണ്ട്. അദ്ദേഹത്തിന്റെ ജനനം ജീവിതം—ജീവിത സംഭവങ്ങളിലെ ഓരോ ചലനങ്ങളും മുൻകൂർ ഈശ്വര വെളിപാടുകളിൽ നിന്നും ലഭിക്കുന്നുണ്ട്—ക്രിസ്തുവിന്റെ സുപ്രധാനമായ ഓരോ ജീവിത —സംഭവങ്ങൾക്കും ചരിത്രത്തിനു പുറമെ ഇന്നും സാക്ഷ്യങ്ങളുണ്ട്—ക്രിസ്തുവിനെ അന്നുമുതൽ ഇന്നുവരെ സത്യവാനും നിർമ്മലനും പരിശുദ്ധനും നീതിതല്പരനും സത്യമൂർത്തിയുമായി ലോകം മുഴുവൻ അംഗീകരിക്കുന്നു സമ്മതിക്കുന്നു അദ്ദേഹം പൂർണ്ണ ദൈവവും ദൈവപുത്രനുമാണെന്നു അദ്ദേഹം തന്നെ സുവ്യക്തമായി പ്രസ്താവിച്ചിട്ടുണ്ട്. അദ്ദേഹം മരണനാന്തര നിത്യജീവതത്തെയും സ്വർഗ്ഗനരകത്തെയും വിശദമാക്കുളും സ്വർഗ്ഗനരകത്തിലെ ഒരനുഭവം വിവരിക്കുകയും ചെയ്യുന്ന അതിപ്രകാരമാണ് (സെ: ലൂക്കോസിന്റെ

www.malankaralibrary.com



സുവിശേഷം 16—ാം അധ്യായം 19 മുതൽ 31 വരെ വാക്യങ്ങൾ)

ധനവാനായൊരു മനുഷ്യൻ ഉണ്ടായിരുന്നു. അവൻ ധൂമവസ്ത്രവും പട്ടും ധരിച്ചു ദിനംപ്രതി ആഡംബരത്തോടെ സുഖിച്ചുകൊണ്ടിരുന്നു. ലാസർ എന്ന പേരുള്ളൊരു ദരിദ്രൻ വ്രണം നിറഞ്ഞവനായി അവന്റെ പടിപ്പുരയ്ക്കൽ കിടന്നു ധനവാന്റെ മേശയിൽ നിന്നു വീഴുന്നതു തിന്നു വിശപ്പടക്കാനാഗ്രഹിച്ചു. നായ്ക്കളും വന്നവന്റെ വ്രണം നക്കും. ആ ദരിദ്രൻ മരിച്ചപ്പോൾ ദൂതൻമാർ അവനെ അബ്രഹാമിന്റെ മടിയിലേക്കു കൊണ്ടുപോയി ധനവാനും മരിച്ചടക്കപ്പെട്ടു പാതാളത്തിൽ യാതന അനുഭവിക്കുമ്പോൾ മേലോട്ടുനോക്കി ദൂരത്തുനിന്നും അബ്രഹാമിനെയും അവന്റെ മടിയിൽ ലാസറെയും കണ്ടു: അബ്രഹാം പിതാവേ, എന്നോടു കനിവുണ്ടാകണമേ; ലാസർ വിരലിന്റെ അററം വെള്ളത്തിൽ മുക്കി എന്റെ നാവിനെ തണുപ്പിക്കേണ്ടതിനു അവനെ അയക്കേണമേ; ഞാൻ ഈ ജ്വാലയിൽ കിടന്നു വേദന അനുഭവിക്കുന്നു എന്നു വിളിച്ചുപറഞ്ഞു: അബ്രഹാം: മകനേ, നിന്റെ ആയുസ്സിൽ നീ നന്മയും ലാസർ അവ്വണ്ണം തിന്മയും പ്രാപിച്ചു എന്നു് ഓർക്ക; ഇപ്പോൾ അവൻ ഇവിടെ ആശ്വസിക്കുന്നു: നീയോ വേദന അനുഭവിക്കുന്നു. അത്രയുമല്ല ഞങ്ങൾക്കും നിങ്ങൾക്കും നടുവെ വലിയൊരു പിളർപ്പുണ്ടാക്കിയിരിക്കുന്നു. ഇവിടെനിന്നു നിങ്ങളുടെ അടുക്കൽ കടന്നുവരുവാൻ ഇച്ഛിക്കുന്നവർക്ക് കഴിവില്ല; അവിടെ നിന്നു ഞങ്ങളുടെ അടുക്കൽ കടന്നുവരുവാനും പാടില്ല എന്നു പറഞ്ഞു. അതിനു അവൻ: എന്നാൽ പിതാവേ, അവനെ എന്റെ അപ്പന്റെ വീട്ടിൽ അയക്കേണമെന്നു ഞാൻ അപേക്ഷിക്കുന്നു. എനിക്കു അഞ്ചുസഹോദരന്മാർ ഉണ്ടു്. അവരും ഈ യാതനസ്ഥലത്തു വരാതിരി

www.malankaralibrary.com



പ്പാൻ അവൻ അവരോട്ട സാക്ഷ്യം പറയട്ടെ എന്നു പറ ഞ്ഞു. അബ്രഹാം അവനോട്; അവക്കു മോശെയും പ്രവാചകന്മാരും ഉണ്ടല്ലോ; അവരുടെ വാക്ക് അവർ കേൾക്കട്ടെ എന്നു പറഞ്ഞു, അതിനു അവൻ; അല്ലല്ല അബ്രഹാം പിതാവേ, മരിച്ചവരിൽ നിന്നു ഒരുത്തൻ എഴുന്നേററു അവരുടെ അടുക്കൽ ചെന്നു എങ്കിൽ അവർ മാനസാന്തരപ്പെട്ടുമെന്നു പറഞ്ഞു. അവൻ അവനോട്ട: അവർ മോശെയുടെയും പ്രവാചകന്മാരുടെയും വാക്കു കേൾക്കാഞ്ഞാൽ മരിച്ചവരിൽ നിന്നു ഒരുത്തൻ എഴുന്നേററു ചെന്നാലും വിശ്വസിക്കയില്ല എന്നു പറഞ്ഞു.

ഈശ്വരൻ സ്വർഗ്ഗം, നരകം മനുഷ്യൻെറ മരണാനന്തര, നിത്യകാല ജീവിതം- എന്നിവയിൽ അവിശ്വസിക്കുന്ന സോദരങ്ങളേ- നിങ്ങളുടെ സംശയം ഈ ചെറു പുസ്തകത്തിലൂടെ തീരാത്തപക്ഷം കഴിവുള്ളത്ര മതഗ്രന്ഥങ്ങൾ പഠിച്ചും മതപണ്ഡിതരെ സമീപിച്ചും സംശയ നിവാരണം വരുത്തി ജീവിത ലക്ഷ്യം സഫലീകരിച്ചാലും മരണം, നമുക്കെല്ലാമുണ്ടെന്നുള്ളതു് തർക്കമററ കാര്യമാണല്ലോ മനുഷ്യനു മൂന്നു ജീവിത കാലാവസ്ഥയാണുള്ളത്. ഒന്നാമത്തേതു പത്തുമാസക്കാലത്തെ ഗർഭാലയ ലോകവാസം രണ്ടാമത്തേതു് ഈ പ്രപഞ്ചനഭോമണ്ഡലത്തിലേക്കു ജാതനായി ഏതാനും വർഷക്കാലത്തെ ജീവിതം മൂന്നാമത്തേത് മരണമാകുന്ന പ്രസവത്തിൽക്കൂടിയുള്ള നിത്യകാലവസതിയിലെ ജീവിതം ഒന്നാമത്തെ ജീവിതാരംഭത്തിൽ തന്നെ ദൈവം തൻെറ രൂപ സദൃശമായ ആത്മാവിനെ നമുക്കു നല്കുവാനും ആ ആത്മാവു് രണ്ടാമത്തെ ജീവിതാവസാനംവരെ നമ്മോടുകൂടെ വസിച്ചിട്ടു മൂന്നാം ജീവിതത്തിലേക്ക് നിത്യകാലവസതിയിലേക്കു പ്രവേശിക്കുന്നു.

www.malankaralibrary.com



നിത്യകാലവസതിയിൽ രണ്ടു സ്ഥാനമാണുള്ളതു്. ഒന്നു്, സഹോദര സ്നേഹത്തോടെ, ഈശ്വരചിന്തയോടെ, പരോപകാര പ്രവർത്തനങ്ങളിലൂടെ ജീവിതം നയിച്ചവർക്കു് ഈശ്വരനോടുകൂടി സംഖ്യാതീതമായ വാനദൂതഗണങ്ങളോടുകൂടി തന്നെപ്പോലെ നല്ലവരായി ഈ ലോക ജീവിതം നയിച്ചു ചെന്നെത്തിയിരിക്കുന്നവരോടുകൂടിയുള്ള അത്യാനന്ദ സുഖപ്രദായക ജീവിതം മറെറാന്നു ഈ ലോകത്തിൽ സ്വാർത്ഥമൂർത്തികളായി പരദ്രോഹികളായി ദുഷ്ട ജീവിതം നയിച്ചു ചെന്നെത്തിയവരോടു ചേർന്നുള്ള അവർണ്ണനീയ ദുഃഖദുരിതപൂർണ്ണമായ നിത്യകാല നരകവാസ ജീവിതം. ആ നരകവാസത്തിനിടവരുത്താതെ നാം ഈശ്വരനിൽ ഉറപ്പായി വിശ്വസിച്ചു് ഈശ്വര സ്നേഹത്തെ സഹോദര സ്നേഹംവഴി പ്രത്യക്ഷമായി നിസ്വാർത്ഥ ജീവിതം നയിക്കണം.

www.malankaralibrary.com

# 27 സ്വർഗ്ഗവും നരകവും

ഈശ്വരൻെറ വാസസ്ഥാനമാണ് സ്വർഗ്ഗം. അത് നാം കാണുന്ന ഈ പ്രപഞ്ചത്തിൻെറയും ആകാശ ചക്രവാളത്തിൻെറയും എല്ലാ ജ്യോതിർ ഗോളങ്ങളുടെയും മുകളിൽ ഉയരത്തിൽ, ഉന്നതിയുടെ ഉന്നതിയിൽ, അങ്ങ് അകലെയകലെ പരമോന്നതിയിൽ സ്ഥിതിചെയ്യുന്നു. അതിൻെറ അതിരോ, വിസ്തൃതിയോ, നമ്മുടെ ഊഹാചിന്താമണ്ഡലങ്ങളിൽ ഒതുങ്ങാനാകാത്തെ നിലകൊള്ളുകയാണ്.

അവിടത്തെ പ്രജകളായിഎണ്ണമററവാനദൂതഗണങ്ങളും ഭൂമിയിൽ നന്മ ചെയ്ത് നല്ലവരായി ദൈവേഷ്ട പ്രകാരം ജീവിച്ച മനുഷ്യരും ദൈവത്തോടുകൂടി വസിക്കുന്നു. അവിടത്തെ ജീവിതം ഒരിക്കലും അവസാനമില്ലാതെ നിത്യാനന്ദത്തിൽ തുടരുകയാണു ചെയ്യുന്നത്. ആ സ്വർഗ്ഗ സാമ്രാജ്യത്തിൻെറയും, ഈ ഭൂമണ്ഡലത്തിൻെറയുംഎല്ലാ സൗരയൂഥ ഗ്രഹവ്യൂഹങ്ങളുടെയും, സർവ്വ ലോകത്തിൻെറ സർവ്വ സ്വത്തിൻെറയും അധിനായകനും ഉടമസ്ഥനും രാജാവും പരമാധികാരിയും ചക്രവർത്തിയും ദൈവം തന്നെയാകുന്നു.

സ്വർഗ്ഗ സാമ്രാജ്യത്തിൽ സങ്കടമോ, ദു:ഖമോ കഷ്ടതയോ, യാതനകളോ. ഞെരുക്കങ്ങളോ ഒന്നുമില്ല. അവിടെ എല്ലാവരും സുഖവും സന്തോഷവും തൃപ്തിയും ഉല്ലാസവും സദാ ആനന്ദവും നിറഞ്ഞവരായി ആനന്ദ ലഹരിയിൽ മുഴുകി ഉല്ലസിക്കുന്നു. ജരാനരകളോ, വിശപ്പോ, ദാഹമോ. ക്ഷീണമോ, രോഗമോ, അസുഖമോ ഒന്നും, അവിടെയില്ല.

ശിക്ഷാവിധികളുടെയും ദുഷ്ടരുടെയും തിൻമയുടെയും സ്ഥാനം-ആഴിയുടെ ആഴത്തിൽ വിസ്തൃതമായി

www.malankaralibrary.com



കിടക്കുന്ന സർവദു:ഖങ്ങളും കഷ്ടതകളും നിറഞ്ഞ സ്ഥാനം—ഭൂമി, പാതാളങ്ങളുടെ, അടിത്തട്ടിന്റെ അടിത്തട്ടിൽ അങ്ങകലെ അതിവിദൂരതയിൽ വർണ്ണനാതീതമായ കൊടും യാതനകളുടെ നികേതനസ്ഥാനം. ചെറുതും വലുതുമായ എണ്ണമററ, ദുഷ്ട രൂപികളായ, ദുഷ്ടന്മാർ വസിക്കുന്നു. ദൈവകോപം മൂലം നിലംപതിച്ച ദുഷ്ടരൂപികളായപിശാചുക്കളാണവിടെയുള്ളതെല്ലാം. അവർക്കും അവിടെ തലവനും രാജാവും ഉണ്ട്. ഊഹിക്കാവതല്ലാത്ത വർണ്ണനാതീതമായ യാതനകളും ദു:ഖങ്ങളുമാണവിടത്തെ അനുഭവം.

അവിടുത്തെ യാതനാ ദുരിതങ്ങൾക്ക്, വാസത്തിന് ജീവിതാനുഭവത്തിന്. ഒരിക്കലും അവസാനവുമില്ല. എന്നും നിത്യകാലം വർത്തമാനകാലത്തിൽ തുടരുകയാണ്. വർണ്ണനാതീതമായ അവിടുത്തെ ആ നിത്യാഗ്നിജ്വാലയിൽ എന്നും സദാ കിടന്നു നിത്യവേദന അനുഭവിക്കുന്ന നിർഭാഗ്യം വന്നുചേരാതിരിക്കുവാൻ നമുക്കു ശ്രമിക്കാം. കരുണാനിധിയായ നമ്മുടെ സ്വർഗീയ പിതാവിന്റെ തൃപ്പാദത്തിങ്കൽ നമ്മെ മുഴുവനായി സമർപ്പിച്ചു ശരണീകരിച്ച്, അവിടുത്തെ സ്നേഹിച്ച കൽപനകൾ കാത്ത് സ്വാർത്ഥപരിത്യാഗത്തിലൂടെ നന്മപ്രവർത്തനങ്ങളും പരോപകാരങ്ങളും അനുഷ്ടിച്ച നമുക്കു ജീവിതം തുടരാം, വർത്തിക്കാം.

സ്വർഗ്ഗ, നരക, സാമ്രാജ്യങ്ങളുടെ വിസ്തൃതിയോ അതിരോ, നമ്മുടെ ഊഹാ ചിന്താമണ്ഡലങ്ങൾക്കതീതമായി ഒതുങ്ങാനാവാതെ നിലകൊള്ളുന്നു. ഉന്നതിയുടെ ഉന്നതിയിൽ, പരമോന്നതിയിൽ, എണ്ണമററ, സംഖ്യാതീതമായ, ഗ്രഹഗോളവ്യൂഹങ്ങൾ ഒന്നുചേർന്നു സ്ഥിതി ചെയ്യുന്നതാകുന്നു സ്വർഗ്ഗമഹാസാമ്രാജ്യം. അവിടുത്തെ ചക്രവർത്തിയും ഭരണകർത്താവും നമ്മുടെ പിതാ

www.malankaralibrary.com


വായ ദൈവമാകുന്നു. എണ്ണമററ, സംഖ്യാതീതങ്ങളായ, വാനദൂതഗണവും, മനുഷ്യാരംഭം മുതൽ ലോകാന്ത്യംവരെ നല്ല ജീവിതം നയിച്ച നല്ലവരായി അന്ത്യം പ്രാപിച്ചെത്തുന്ന എണ്ണമററ കോടാനുകോടി നല്ല മനുഷ്യരുമാകുന്നു അവിടുത്തെ പ്രജാസമൂഹം. അവരെല്ലാം ഒന്നുചേർന്നു വാനദൂതഗണങ്ങളുമൊത്തു് നിത്യാനന്ദ സുഖസൗഭാഗ്യത്തിൽ ദൈവത്തെ സ്തുതിച്ചുകൊണ്ടു നിത്യം ജീവിക്കുന്നു.

സ്വർഗ്ഗരാജ്യം ആകമാനം, സദാ ദീപ്തിയുടെ ദീപ്തിയിൽ പ്രകാശധോരണിയാൽ, തിളങ്ങി വിളങ്ങി പ്രകാശിക്കുന്നു. അന്ധകാരമോ, ഇരുളോ ഒരിക്കലും അവിടെയില്ല. അവിടുത്തെ ആകാശദേശം, വെണ്മയുടെ വെണ്മനിറഞ്ഞു വെൺമേഘങ്ങളാൽ അലംകൃതമായി മൂടപ്പെട്ടിരിക്കുന്നു.

വെള്ളിപ്രഭയെ വെല്ലുന്ന വെണ്മ നിറമാർന്നു കണ്ണാടിക്കടലുകളും നദികളും—അവിടവിടെ എവിടെയും സദാ ചുററിത്തിരിഞ്ഞൊഴുകിക്കൊണ്ടിരിക്കുന്നു. കടലോരതീരങ്ങളും നദീതീരപ്രദേശങ്ങളും മനോഹരങ്ങളായ പുഷ്പലതാദി തരുനികരങ്ങളാലും ജീവവൃക്ഷങ്ങളാലും നിബിഡീകൃതമാണ്. കുളുമയാർന്ന സുഖപ്രദമായ മന്ദമാരുതൻ സദാ എല്ലായിടത്തും വീശിപറന്നു സഞ്ചരിക്കുന്നു. സ്വർഗ്ഗരാജ്യത്തിൽ എവിടെ നോക്കിയാലും സദാസന്തോഷിച്ചുല്ലസിച്ച് ആനന്ദനൃത്തം ചെയ്യുന്നവരെയും, താളമേള സംഗീതധോരണിയാൽ ദൈവത്തെ വാഴ്ത്തി സ്തുതിക്കുന്നവരെയും ഗണംഗണമായി കാണാം. എവിടെയും എപ്പോഴും ഉല്ലാസവും സന്തോഷനാദവും മുഴങ്ങി കേൾക്കാം. ഇരുളോ അന്ധകാരമോ—ചെളിയോ കന്മഷമോ—അവിടെ ഒരിടത്തും ഒരിക്കലും ഉണ്ടാകുന്നില്ല.

വിശപ്പോ ദാഹമോ, ക്ഷീണമോ അസുഖങ്ങളോ വേദനാ ഞെരുക്കങ്ങളോ സ്വർഗ്ഗവാസികളിൽ ആർക്കും

www.malankaralibrary.com



ഒരിക്കലും ഉണ്ടാകുന്നില്ല. ജരാനരകളോടുകൂടി ആരെയും അവിടെ കാണാൻ സാദ്ധ്യമല്ല. എല്ലാവരും എന്നും യൗവ്വനദശയിൽതന്നെ ജീവിതം തുടരുന്നു. ആഗ്രഹിക്കുന്ന ഏതു സുഖവും ഏതു കാര്യവും ക്ഷണമാത്രയിൽ തന്നെ സിദ്ധിക്കുന്നു. ശരീരത്തോടുകൂടി സുഖിക്കണമെന്നാഗ്രഹിക്കുന്നവർക്കുടനെ—യൗവ്വനയുക്തമായ ഈ ലോകത്തിലുണ്ടായിരുന്ന ശരീരം സിദ്ധമാകുന്നു. എവിടെ പോകുന്നതിനും എവിടെ പ്രവേശിക്കുന്നതിനും ആ ശരീരം തടസ്സമല്ല. ആഗ്രഹിച്ചാലുടനെ അതു സാദ്ധ്യമാകും. സ്വർഗ്ഗവാസികൾ എല്ലാവരും അന്യോന്യം ആത്മാർത്ഥമായ സ്നേഹത്തിലും ഐക്യത്തിലും സന്തോഷസംതൃപ്തിയാലും സദാ വർത്തിക്കുന്നു. അവിടെ എവിടെയും സദാ സന്തോഷവും, സംതൃപ്തിയും, ആനന്ദവും, എല്ലാവിധ സൗഭാഗ്യവും ഓരോരുത്തരിലും എല്ലാവരിലും നിറഞ്ഞു കളിയാടിക്കൊണ്ടിരിക്കുന്നു.

സ്വർഗ്ഗത്തിൽ, നിരവധി എണ്ണമററ, വലുതും ചെറുതുമായ വാസസ്ഥാന വസതികളുണ്ട്. സുഖാനുഭവങ്ങളിലും കൂടുതൽ കുറവുകളുണ്ട്. എന്നാൽ എല്ലാവരും ഒന്നുപോലെ സംതൃപ്തരാണ്. അളവുപാത്രമായ, നാഴി ഇടങ്ങഴി-പറ—എന്നിവയിൽ, ധാന്യം പൂർണ്ണമായി നിറച്ചുവയ്ക്കുമ്പോൾ ധാന്യഅളവിൽ കൂടുതൽ കുറവുകൾ ഉണ്ടെങ്കിലും നിറവ് എന്ന ഗുണം എല്ലാററിലും ഒന്നുപോലെ തുല്യമായിരിക്കുന്നതുപോലെ തന്നെ—സ്വർഗ്ഗവാസികൾ എല്ലാം ഒന്നുപോലെ സംതൃപ്തരാണ്. സ്വർഗ്ഗവാസികളായ ഓരോരുത്തരുടെയും തേജസ്സിനാലും മഹിമയാലും അവിടമെല്ലാം എപ്പോഴും പ്രകാശിതമാണ്.

നമ്മുടെയും സർവ്വത്തിന്റെയും സൃഷ്ടാവും രക്ഷിതാവുംപിതാവുമായ, ദൈവം തലസ്ഥാന നഗരമായ—സ്വർ

www.malankaralibrary.com


ഗ്ഗാധിസ്വർഗ്ഗത്തിൽ വസിക്കുന്നു. വിശുദ്ധനഗരം ദൈവതേജസ്സിനാൽ സദാ പ്രകാശപൂരിതമാണ്. അതിൻെറ ജ്യോതിസ്സ് ഏററവും വിലയേറിയ, രത്നത്തിനു തുല്യമായ സ്ഫടിക സ്വച്ഛതയുള്ള സൂര്യകാന്തംപോലെ പ്രകാശമാനമാണ്. ദൈവകൊട്ടാര നഗരത്തിനു ചുററും പൊക്കമുള്ള വസതിയും, പന്ത്രണ്ടു ഗോപുരവും, ഗോപുരങ്ങളിൽ പന്ത്രണ്ടു ദൂതന്മാരും ഉണ്ട്. കിഴക്കും പടിഞ്ഞാറും തെക്കും വടക്കുമായി മൂന്നുഗോപുരങ്ങൾവീതം നിലകൊള്ളുന്നു. നഗരമതിലിനു പന്ത്രണ്ട് അടിസ്ഥാനമുണ്ട്. നഗരം സമചതുരമായിട്ടാണ് കിടക്കുന്നത്. വീതിയും നീളവും സമമാകുന്നു. മതിലിന് ഇരുനൂററിപതിനാറടി പൊക്കമുണ്ട്. സമചതുരമായ കൊട്ടാര നഗരത്തിൻെറ നീളം വീതി, ഉയരം ആയിരത്തിഇരുനൂറു നാഴിക വീതമാണ് നഗര മതിലിൻെറ പണി സൂര്യകാന്തവും നഗരം സ്വച്ഛ സ്ഫടികത്തിനൊത്ത തങ്കവും ആകുന്നു. മതിലിൻെറ അടിസ്ഥാനങ്ങൾ സകല രത്നംകൊണ്ടും അലങ്കരിച്ചതാണ്. ഒന്നാം അടിസ്ഥാനം, സൂര്യകാന്തത്താലും രണ്ടാമത്തേതു നീല രത്നംകൊണ്ടും മൂന്നാമത്തേതു മാണിക്യത്താലും നാലാമത്തേതു മരതകംകൊണ്ടും— അഞ്ചാമത്തേതു നഖ വർണ്ണിയാലും ആറാമത്തേതു ചുവപ്പുകല്ലുകൊണ്ടും—ഏഴാമത്തേതു പീത രത്നത്താലും എട്ടാമത്തേതു ഗോമേദകംകൊണ്ടു ഒൻപതാമത്തേതു പുഷ്പരാഗത്താലും പത്താമത്തേതു വൈഡൂര്യംകൊണ്ടും പതിനൊന്നാമത്തേതു—പത്മരാഗത്താലും പന്ത്രണ്ടാമത്തേതു സുഗന്ധിരത്നം കൊണ്ടും—മതിലിൻെറ അടിസ്ഥാനങ്ങൾ കെട്ടിപ്പടുത്തലങ്കരിച്ചിരിക്കുന്നു.

പന്ത്രണ്ടു ഗോപുരങ്ങൾ—ഓരോന്നും ഓരോ മുത്തിനാൽ പണിതീരിക്കുന്നതാണ്. നഗര റോഡുകൾ സ്വച്ഛ സ്ഫടിക തുല്യമായ തങ്കത്തകിടുകൾ നിരത്തി വിരിച്ചു

www.malankaralibrary.com



താണ്. നഗരം ദൈവതേജസ്സിനാൽ എപ്പോഴും പ്രകാശിച്ചുകൊണ്ടിരിക്കുന്നു. നഗര മതിലിലെ ഗോപുരങ്ങൾ ഒരിക്കലും അടയ്ക്കാറില്ല. അന്ധരും മ്ളേച്ഛരും ഭോഷ്ക്ക പ്രവർത്തിക്കുന്നവരും ദുഷ്ടരും സ്വാർത്ഥരും ഒരിക്കലും അവിടെ പ്രവേശിക്കുന്നില്ല. നഗരവീഥിയുടെ നടുവിൽക്കൂടി ദൈവ സർഗാസനത്തിൽ നിന്നു പുറപ്പെട്ടന്ന പളുങ്കുപോലെ ശുഭ്രമായ, ജീവജല നദി ഒഴുകുന്നു. നദിയുടെ ഇരുകരകളിലും—ജീവവൃക്ഷം തഴച്ചുവളർന്നവിടവിടെ നില്ക്കുന്നുണ്ട്. ആ ഓരോ മരവും മാസംതോറും പന്ത്രണ്ടു തരത്തിലുള്ള ഫലം കായ്ക്കും. വൃക്ഷത്തിന്റെ ഇലയും, ഫലവും എന്നും യൗവ്വനപ്രദമായ ആരോഗ്യത്തെ നല്കുന്നതാണ്. ഈ ലോകത്തിൽ ദൈവത്തെ അറിഞ്ഞു സ്നേഹിച്ച് സ്വാർത്ഥപരിത്യാഗത്തോടെ, സഹോദര സ്നേഹത്തോടെ. പരോപകാര നന്മപ്രവൃത്തനങ്ങളിലൂടെ ജീവിതം നയിച്ച് അന്ത്യം പ്രാപിച്ചവർക്കു മാത്രമേ—അവിടെ പ്രവേശനമുള്ളു. ഈ ലോക ജീവിതം, അവശർക്കും, ആർത്തർക്കും ആലംബഹീനർക്കുമായി ഒഴിഞ്ഞുവച്ച് സ്വാർത്ഥതയെ മുഴുവനായി തൃജിച്ച് ദൈവീകശരണത്താൽ പൂർണ്ണ പരിത്യാഗികളായി ജീവിച്ച് അന്ത്യം പ്രാപിച്ചവർക്കുമാത്രമേ ദൈവകൊട്ടാരം സ്ഥിതി ചെയ്യുന്ന സ്വർഗ്ഗാധിസ്വർഗ്ഗമായ തലസ്ഥാന നഗരിയിലേക്കു പ്രവേശനാനുവാദം സിദ്ധിക്കയുള്ളു. അതിസ്വാഭാവിക, സ്വാഭാവാതീതമായ, സംഗോപാംഗ പുണ്യ പ്രവർത്തനങ്ങളിലൂടെ- ജീവിതാന്ത്യം പ്രാപിച്ചു സ്വർഗ്ഗാദിസ്വർഗ്ഗത്തിലെത്താൻ കഴിഞ്ഞില്ലെങ്കിലും.-ഒരു നല്ല ജീവിതത്തിലൂടെ, സ്വാത്ഥപരിത്യാഗത്തിലൂടെ, സഹോദരസ്നേഹത്തിലൂടെ, പരോപകാര നന്മ പ്രവൃത്തനങ്ങളിലൂടെ, ദൈവസ്നേഹത്തിലൂടെ പ്രാർത്ഥനാധ്യാനചിന്തിയിലൂടെ, കഴിവതു ശ്രമിച്ചു

www.malankaralibrary.com



പ്രവർത്തിച്ച ഒരു നല്ല അന്ത്യം പ്രാപിച്ച് ദൈവരാജ്യത്തിന്റെ പങ്കാളികളും അവകാശികളുമായി സ്വർഗ്ഗ സൗഭാഗ്യം കൈവരിക്കുന്നതിന് കരഗതമാക്കുന്നതിന്, ഏവരും പരിശ്രമിക്കണം.

സ്വർഗ്ഗരാജ്യത്തിലെ എല്ലാവിധ സ്ഥിതികൾക്കും നേരെ എതിരായി വിപരീതമായിട്ടുള്ള സ്ഥിതിവിശേഷമാണ് നരകത്തിലേത്. അങ്ങ്, അകലെ, വളരെ താഴ്ചയിൽ, അത്യാഗാധതയിൽ; ആഴിയുടെ ആഴത്തിന്റെ ആഴത്തിൽ വിസ്തൃതമായ അനേക രാജ്യങ്ങൾ ചേർന്നുള്ളതാണ് നരകസാമ്രാജ്യം. അവിടുത്തെ രാജാവ്— എല്ലാ പിശാചുക്കളുടെയും കൊടുംപിശാചുക്കളുടെയും തലവനായ വലിയ പിശാചാണ്. മതഗ്രന്ഥമായ, ബൈബിൾ, സാത്താൻ എന്നും ലൂസിപ്പേരനും, ബെയിൽ ബൂസെന്നും നരകാധിപതിക്ക പേരിട്ടിരിക്കുന്നു. ദൈവത്താൽ വെറുക്കപ്പെട്ടു ശപിച്ചു തള്ളിയ വാനദൂതഗണങ്ങളിൽ ചിലരും, മനുഷ്യരിൽ ദുഷ്ടമായ പൈശാചിക ജീവിതം നയിച്ച് അന്ത്യം പ്രാപിച്ചവരും, കള്ളന്മാരും കൊള്ളക്കാരും തട്ടിപ്പുകാരും വെട്ടിപ്പുകാരും മോഷ്ടാക്കളും മദ്യപാനികളും, വ്യഭിചാരികളും കൊലപാതികളും സത്യം, നീതി, കരുണ, ക്ഷമകൂടാതെ ജീവിച്ചവരും സ്വാർത്ഥരും—ദ്രവ്യാഗ്രഹികളും—അഹങ്കാരികളും എല്ലാം അവിടത്തെ പ്രജാ സഞ്ചയമാകുന്നു.

നരകം, അന്ധകാരവും. ഇരുളും നിറഞ്ഞു മൂടപ്പെട്ടിരിക്കുന്നു. അവിടവിടെ അഗ്നിനദികളും തോടുകളും ചൂടേറിയ പുകക്കൂട്ടങ്ങളെ പുറപ്പെടുവിച്ചുകൊണ്ടൊഴുകുന്നു. അഗ്നി കടലിൽ നിന്നു സദാവമിച്ചുകൊണ്ടിരിക്കുന്ന, ചുട്ടുപഴുത്തചൂടേറിയ പുകക്കൂട്ടങ്ങൾ രാജ്യമാസകലം

www.malankaralibrary.com



കറങ്ങിത്തിരിഞ്ഞു ചുററിസഞ്ചരിക്കുന്നു. ഒരിക്കലും നശിക്കാത്ത–സ്പർശനമാത്രയിൽ അതിവേദനയുളവാക്കുന്ന വലുതും ചെറുതുമായ പുഴുക്കളും പാമ്പുകളും എല്ലായിടത്തും സഞ്ചരിച്ചുകൊണ്ടിരിക്കയാണ്. അഗ്നിചൂളകളും തീക്കുണ്ഡങ്ങളും അവിടവിടെ കത്തിയെരിഞ്ഞു ഉയർന്നുകൊണ്ടിരിക്കുന്നു. കൊലവിളികളും കൂട്ടനിലവിളികളും എവിടെയും കേറംക്കാം. വിശപ്പും ദാഹവുംകൊണ്ടു് വീർപ്പുമുട്ടി അതിവേദനപ്പെടുന്നവരും ഒരു തുള്ളി വെള്ളത്തിനായി അത്യാർത്തിയോടെ നിലവിളിക്കുന്നവരും കുറവല്ല.

അവിടമെല്ലാം വൃത്തിഹീനതയുടെ വൃത്തിഹീനതയാൽ നിറഞ്ഞിരിക്കയാണ്. അതിവേദനയുടെ അതിവേദനയിൽ, എല്ലാവിധകഷ്ടതകളുടെയും കഷ്ടതയിൽ, പൈദാഹാർത്തിയാൽ—കൂട്ടനിലവിളിയാൽ സദാ കഴിയുന്നു. നിത്യം ജീവിക്കുന്നു, തീചൂളയിൽ കിടന്നു വെന്തെരിയുന്നവരും കുറവല്ല. ഒരിക്കലും ഒരു ചെറിയ ആശ്വാസംപോലും ലഭിക്കാനിടവരാതെ—അവസാനമില്ലാതെ—നാരകീയമായ എല്ലാ നരകവേദനകളും ദുർഗന്ധപൂരിതമായ ചൂടേറിയ വായു ശ്വസനത്തോടെ നിത്യകാലം—എന്നും ജീവിക്കേണ്ട ദുഃസ്ഥിതിയാണ് നരകവാസികറംക്കുള്ള അനുഭവം—പറഞ്ഞാലൊടുങ്ങാത്ത വർണ്ണിക്കാവാത്ത—ഊഹാമണ്ഡല ചിന്തകറംക്കതീതമായ, എല്ലാവിധ നാരകീയ യാതനകളും അനുഭവിക്കാനിടയാകുന്ന നരകത്തിൽ ചെന്നെത്താതിരിക്കത്തക്കവിധം—നാം ഓരോരുത്തരും ഈ ലോക ജീവിതയാത്ര–ശ്രദ്ധിച്ചു തുടന്നു സ്വർഗ്ഗാവകാശികളാകത്തക്ക നല്ല അന്ത്യം പ്രാപിക്കുന്നതിനട വരുത്തണം.

ഇല്ലായ്മയിൽ നിന്നു നമ്മെ സൃഷ്ടിക്കുകയും ഈ കാണുന്നതെല്ലാം നമുക്കായി മുൻകൂട്ടി തയ്യാർചെയ്തു

www.malankaralibrary.com



ദാനമായി നൽകുകയും—നമ്മുടെ ഇവിടെനിന്നുള്ള അന്ത്യയാത്രയ്ക്കുശേഷം തന്നോടൊത്ത നിത്യാനന്ദ സൗഭാഗ്യജീവിതം അവസാനമില്ലാതെ തുടർന്നനുഭവിക്കുന്നതിനുള്ള സ്വർഗ്ഗീയ സമ്മാനം നമുക്കായി ഒരുക്കിവയ്ക്കുകയും—ചെയ്തിരിക്കുന്നു. സ്നേഹസ്വരൂപനായ നമ്മുടെ സ്വർഗ്ഗീയ പിതാവിന്റെ തിരുച്ചിത്താനുസരണം അവിടുത്തെ തൃച്ചേവടികളെ പിൻതുടർന്നു ഇവിടെനിന്നും അന്ത്യയാത്ര പറഞ്ഞ് അങ്ങേ സന്നിധിയിൽ ചെന്നെത്തുവാൻ ശ്രമിക്കണം. അതിനിടയാക്കുന്നതിനായി അവിടുത്തെ കാരുണ്യത്തിലാശ്രയിച്ച്, ശരണപ്പെട്ട് അവിടുത്തെ സ്നേഹിച്ചു ജീവിക്കണം, അവിടുത്തെ തിരുകല്പനാനുസരണം—നമ്മുടെ സഹോദരങ്ങളെ ആത്മാർത്ഥമായി സ്നേഹിച്ച്, സ്വാർത്ഥത്യാഗത്തിലൂടെ കഴിവുള്ളത്ര പരോപകാര നന്മപ്രവർത്തനങ്ങളിലൂടെ നിസ്വാർത്ഥ ജീവിതം നയിക്കണം. പ്രാർത്ഥനാധ്യാന ചിന്തയിലൂടെ അവിടുന്നുമായി സംസർഗ്ഗം ചെയ്തു. സ്വർഗ്ഗത്തിലെത്തിച്ചേരുന്ന ഒരു നല്ല ജീവിതാന്ത്യത്തിനായി പ്രാർത്ഥിക്കയും ശ്രമിക്കയും ചെയ്യണം.

ഇന്നേയോളം ഉണ്ടായിട്ടുള്ളതും ഇനി ഉണ്ടാകാനിരിക്കുന്നതുമായ സർവത്തിന്റെയും ഉടമസ്ഥനും രക്ഷിതാവും ദൈവവുമാകുന്നു. അവിടുത്തെ പിതൃത്വം നല്കി സൃഷ്ടിച്ചിരിക്കുന്നത് മനുഷ്യരായ നമ്മെ മാത്രമാണ്. നമുക്കു വേണ്ടിയാണ് ഈ ലോകത്തെയും പ്രപഞ്ചപ്രകൃതികളെയും ഉളവാക്കിയതും എല്ലാ ജീവികളും ഈ ലോകത്തിലെ ഒററ ജീവിതത്താൽ എന്നന്നേക്കുമായി അവസാനിക്കുന്നു. മനുഷ്യരായ നാം ഈ ലോകജീവിതശേഷം നിത്യലോകത്തിൽ നിത്യം ജീവിതം തുടരുന്നു. നിത്യലോകത്തിൽ ഒരിക്കലും അവസാനമില്ലാത്ത രണ്ടു ജീവിതാവസ്ഥകളുടെ സ്ഥാനങ്ങളുണ്ട്. ഒന്നു ദൈവത്തോടൊന്നിച്ചുള്ള

www.malankaralibrary.com



ജീവിതസ്ഥാനമായ സ്വർഗ്ഗം. മററൊന്നു ദൈവത്തെ കൂടാതെ അവിടുത്തെ കാണാതെയുള്ള ജീവിതവസതിയായ നരകം, സ്വർഗ്ഗം. സുഖസൗഭാഗ്യ നികേതനവും നരകം ദു:ഖദുരിതദൗർഭാഗ്യങ്ങളാം നിറഞ്ഞതുമാകുന്നു. രണ്ടു സ്ഥാനത്തെ ജീവിതവും ഒരിക്കലും അവസാനമില്ലാതെ എന്നും തുടരുന്നതാണ്.

മനുഷ്യാരംഭ തലമുറമുതൽ ലോകാവസാനംവരെയുള്ള എല്ലാ മനുഷ്യരും ലോകാന്ത്യത്തോടുകൂടി അവരവർക്കുമായ വസതികളിലെത്തി നിത്യ ജീവിതം തുടങ്ങുന്നതിനിടയാകുന്നതാണ്. ദൈവത്തോടൊത്തു വസിക്കുന്നതിനു ലഭിക്കുന്ന സമ്മാനത്തിനു മോക്ഷമെന്നും, നിത്യശാന്തിയെന്നും നിത്യരക്ഷയെന്നും പറയുന്നു. ഹൈന്ദവമതഗ്രന്ഥം മനുഷ്യൻ പരബ്രഹ്മത്തോടൊത്തു ഒന്നിച്ചു വസിക്കുന്നതിനു മോക്ഷമെന്നും നിത്യശാന്തിയെന്നും പറയുന്നു. ക്രൈസ്തവമതം ദൈവത്തോടൊത്തുള്ള വാസത്തിന്— നിത്യ രക്ഷയെന്നും, നിത്യശാന്തിയെന്നും മോക്ഷമെന്നും പറയുന്നു. ദൈവത്തെ കൂടാതുള്ള നിത്യവാസത്തിന്— നിത്യാഗ്നിയെന്നും നിത്യനാശമെന്നും നിത്യനരകമെന്നും പറയുന്നു. നാം ഓരോരുത്തരും വരാൻ പോകുന്ന ലോകാന്ത്യത്തെപ്പററി ചിന്തിക്കാതെ—നമ്മുടെ അന്ത്യത്തെപ്പററി ചിന്തിക്കേണ്ടതാണാവശ്യം, നമ്മുടെ ഈ ലോക ജീവിതാന്ത്യത്തിലൂടെ നിത്യശാന്തി സംപ്രാപ്തമാകുന്നതിനുതകുന്ന ജീവിതം നയിച്ച് മോക്ഷസമ്മാനം കരഗതമാക്കണം. നിത്യതയിലേക്കു പ്രവേശിച്ച ദൈവത്തോടൊത്ത് നല്ല ജീവിതത്തിലൂടെ കടന്നുപോയ നമ്മുടെ സ്വന്തക്കാരോടൊത്ത്, ബന്ധുക്കളോടൊത്ത് സ്നേഹിതരോടു ചേർന്ന് ജീവിതം തുടരണം. മനുഷ്യാരംഭം മുതൽ ലോകാന്ത്യംവരെ നല്ല ജീവിതത്തി

www.malankaralibrary.com



ലൂടെ മോക്ഷസമ്മാനം കരഗതമാക്കുന്ന എണ്ണമററ മനുഷ്യസമൂഹത്തോടു ചേർന്നു. കോടാനുകോടി ദൈവദൂതരോടൊത്ത്, സംഖ്യാതീതമായ സ്വർഗ്ഗീയ സൈന്യങ്ങളോടൊത്തു, നിത്യാനന്ദ സൗഭാഗ്യ ജീവിതം ലഭ്യമാകുന്നതിനു കരുണാനിധിയായ നമ്മുടെ സ്വർഗ്ഗീയ പിതാവിൽ നമ്മെ-മുഴുവനായി സമർപ്പിച്ചു ശരണീകരിച്ചു നല്ല ജീവിതം നയിക്കണം.

## 28 ഈശ്വരനും ഇന്നത്തെ ജനതയും

### I

ലോകാരംഭാദിയിൽ, ഓങ്കാരശബ്ദം മുഴങ്ങിക്കൊണ്ടിരുന്നതായി ഹൈന്ദവമതവും, വചനമുണ്ടായിരുന്നതായി ക്രൈസ്തവമതവും വിവരിക്കുന്നു. ഓങ്കാരശബ്ദം, ബ്രഹ്മാ, വിഷ്ണു, മഹേശ്വരന്മാരായ, ത്രിയേകദൈവമെന്നുള്ള അർത്ഥത്തിലാണ് സർവ്വപ്രധാനമായി വിവക്ഷിക്കുന്നത്; ക്രൈസ്തവമതത്തിലെ, ആദിയിലെ വചനവും, പിതൃസുത, പരിശുദ്ധാത്മാവായ ത്രിയേക ദൈവത്തെയും പ്രത്യേകിച്ചു ത്രിത്വത്തിലെ രണ്ടാം വ്യക്തിയും പൂർണ്ണദൈവവും പൂർണ്ണ മനുഷ്യനുമായി അവതരിച്ച ക്രിസ്തുവിനെയും സൂചിപ്പിക്കുന്നു.

ഹൈന്ദവ, ക്രൈസ്തവ, മതഗ്രന്ഥം, ഈശ്വരൻ ഏകനാണെന്നും എന്നാൽ ഈശ്വരനിൽ മൂന്നു വ്യക്തിത്വമുണ്ടെന്നും, അതിനാൽ ത്രിയേക ദൈവമെന്നും, ഈശ്വരനെ നാമകരണം ചെയ്തിരിക്കുന്നുവെന്നും പഠിപ്പിക്കുന്നു— ത്രിത്വത്തിലെ ഓരോ വ്യക്തിത്വവും ശരി സമാനവുമാണ്.

www.malankaralibrary.com



വെള്ള നിറത്തിൽ, ചെമപ്പ്—നീലം, മഞ്ഞ—എന്ന മൂന്നു നിറങ്ങളുണ്ട്—ആ ഓരോ നിറങ്ങളും അതതിന്റെ പൂർണ്ണതയിൽത്തന്നെ— വെള്ള നിറത്തെ പ്രകാശമാനമാക്കുന്നു. ഏകമായ വെള്ളനിറത്തിനു, പൂർണ്ണതയുള്ള മൂന്നു വ്യക്തിത്വ നിറങ്ങളുള്ളതുപോലെ, ഏകമായ ദൈവത്വത്തിൽ പൂർണ്ണമായ മൂന്നു ദൈവീക വ്യക്തിത്വം സ്ഥിതി ചെയ്യുന്നു. അതിനാൽ—ഈശ്വരൻ—ത്രിയേക ദൈവമാണ്—വെൺമയിലെ ഓരോ നിറങ്ങളും പൂർണ്ണമായിരിക്കുന്നതുപോലെ, ത്രിയേക ദൈവമായി—ത്രിത്വത്തിൽ, ഏകത്വവും, ഏകത്വത്തിൽ, ത്രിത്വവും, വ്യക്തിത്വത്തിൽ കുറവില്ലാതെ—പൂർണ്ണസമത്വ നിലയിൽ—ഒന്നായി സ്ഥിതി ചെയ്തു നിലകൊള്ളുന്നു.

ഈശ്വരൻ ഏകനാണ് ഏകനായ ഈശ്വരനിൽ മൂന്നു വ്യക്തിത്വമുണ്ട്—ഏകത്വത്തിൽ—ത്രിത്വവും ത്രിത്വത്തിൽ, ഏകത്വവുമായി, ത്രിയേക ദൈവമായി, ആദ്യന്തമില്ലാത്തവനായി, സകല നന്മ സ്വരൂപനായി, സർവ്വശക്തനായി, സർവ്വജ്ഞാനിയായി, സദാ വർത്തമാന കാലസ്ഥിത വർത്തിതനായി അവിടുന്നു വർത്തിക്കുന്നു. വാണരുളുന്നു.

ഈശ്വര പ്രകാശിത മതത്തിലൂടെയും കാലാകാലങ്ങളിലുള്ള അരുളപ്പാടുകളാലും, അശരീരിവചനങ്ങളാലും, പ്രത്യക്ഷമായ, അവതാരങ്ങളിലൂടെയും, അവിടുത്തെ തന്നെ ഈ ത്രിത്വരഹസ്യം വ്യക്തമാക്കിട്ടുണ്ട് ഈശ്വരനെയും, അവിടുത്തെ അസ്തിത്വത്തെയും, നിഷേധിക്കുന്നവർ മതഗ്രന്ഥങ്ങൾ പഠിക്കുകയും മത പണ്ഡിതരെ സമീപിക്കുകയും ചെയ്തു—ജീവിത ലക്ഷ്യം സഫലീകരിക്കുന്നതലേക്കായി നമുക്ക ഈശ്വര കാരുണ്യത്തോടപേക്ഷിക്കാം.

www.malankaralibrary.com



പരിമിതിയും പരിണാമവും ഇല്ലാത്ത-സ്നേഹത്തിന്റെയും, കരുണയുടെയും ഉടമയാണ്, മൂർത്തിമത്താണ് ഈശ്വരൻ. വെൺമയും, പരിശുദ്ധിയും, സൗന്ദര്യവും, അവിടുത്തെ. അരൂപതിയിലും സർവവ്യാപകത്വത്തിലും അന്തർലീനമാണ്—സകല നന്മകളിലും, സർവ്വശക്തിയിലും സർവ്വജ്ഞതയിലും, അവിടുന്ന പൂർണ്ണനാണ്—സർവശക്തിക്ക, കുറവു വരുന്ന—വരുത്തുന്ന—കന്മഷവും, പാപവും, വിരൂപതയും, അവിടുത്തെ സർവവ്യാപകത്വത്തിനു പുറത്താണ് നിലകൊള്ളുന്നത്—അതിസ്വാഭാവികമായ എല്ലാം ഗുണവിശേഷങ്ങളുടെയും—മൂർത്തിയും ഉടമയും അവിടുന്ന മാത്രമാണ്.

അതിമനോഹരവും, അതിസുന്ദരവുമായി—ഈ പ്രപഞ്ച നഭോമണ്ഡലത്തെയും മനുഷ്യരുൾപ്പെടെയുള്ള സർവ്വ ജീവരാശികളെയും—ചേതനങ്ങളും അചേതനകളുമായ എല്ലാററിനെയും, കാണപ്പെടുന്നതും കാണപ്പെടാത്തതുമായ സർവത്തെയും അവിടുന്ന സൃഷ്ടിച്ചുണ്ടാക്കി മനുഷ്യനെ തന്റെ പ്രപഞ്ചസൃഷ്ടിയുടെയെല്ലാം ആധീശനും അധിനായകനുമാക്കി—സർവ്വജീവരാശികൾക്കും, മനുഷ്യനും സുലഭമായി, സുഖമായി ജീവിക്കുന്നതിനാവശ്യമായതെല്ലാം പ്രപഞ്ചത്തിലുള്ളടക്കം ചെയ്യുകയും ചെയ്തു പ്രപഞ്ച നഭോമണ്ഡലത്തിന്റെ മാത്രമല്ല, സൗരയൂഥഗ്രഹവ്യൂഹങ്ങളുടെയെല്ലാം, മേൽക്കോയ്മയും സർവാധിപത്യവും അവിടുന്നു മനുഷ്യനു നല്കി തന്റെ സൃഷ്ടിയും മക്കളുമായ മനുഷ്യരെല്ലാം ഏതാനും വർഷം ഇവിടെ ജീവിച്ചശേഷം തന്റെ വാസസ്ഥാനമായ സ്വർഗ്ഗത്തിൽ തന്നോടുള്ള അവസാനമില്ലാത്ത, നിത്യകാല ജീവിതം, തുടരുന്നതിനും അവിടുന്ന കല്പിച്ചനുവദിച്ചിരിക്കയാണ്, വെൺമയുടെ വെൺമയും പരിശുദ്ധിയുടെ പരിശുദ്ധിയു

www.malankaralibrary.com



മായ—സ്വർഗ്ഗത്തിൽ കന്മഷരഹിതമായ ജീവിതം നയിച്ചവർക്കു മാത്രമേ പ്രവേശനാനുവാദമുള്ളൂ—അതിനാൽ പാപരഹിതവും — സ്വാർത്ഥത്യാഗപരവും — സഹോദര സ്നേഹപരവും, പരോപകാരപരവും, ആയ ഒരു ജീവിതയാത്രയിലൂടെ ഈശ്വര സവിധേ ചെന്നെത്തുന്ന തിനു നമുക്കു ശ്രമിക്കാം.

ലോക ജനതയ്ക്കു മുഴുവനും എന്നും എല്ലാക്കാലത്തും സുഖമായി ജീവിക്കുന്നതിനാവശ്യമായതെല്ലാം പ്രകൃതി യിൽ നിക്ഷേപിച്ചശേഷമാണ് മനുഷ്യനെ സൃഷ്ടിച്ച തു് ജീവനെ നിലനിർത്തുന്ന, വായുവും വെള്ളവും ആഹാരവും, ജനസംഖ്യാവർദ്ധനവിനനുസൃതമായി വർ ദ്ധിച്ചുകൊണ്ടിരിക്കും, ലോക വിഭവങ്ങളു, സമധേന പരവും സഹോദര സ്നേഹപരവും, സ്വാർത്ഥ ത്യാഗ പരവുമായ, വിതരണത്തിലൂടെ എല്ലാവർക്കും അനുഭവ മാക്കാം.

ഇന്നത്തെ ജനതതി, ജീവിതത്തിനായി, ജീവിക്കു ന്നതിനായി വെമ്പലോടെ എതിപൊരികൊള്ളുക യാണ്—ഓരോരുത്തർക്കും തന്റെ സുഖം മാത്രമാണു ലക്ഷ്യം, ആ ലക്ഷ്യ സാദ്ധ്യത്സു് എന്തും—ചെയ്യുവാൻ മടിക്കുന്നില്ല. എവിടെയും—അസമാധാനം—മുറവിളി— അങ്കപ്പോരും—പടവെട്ടും—കത്തിക്കുത്ത്—പിടിച്ചുപറി— മോഷണം—ചതി ചൂഷണം-വിഷാണു പ്രയോഗം— മനുഷ്യക്കുരുതി—സഹോദര വധം—എല്ലാമെല്ലാമായി ലോ കം—നാശത്തിലേക്കു മുന്നോറിക്കൊണ്ടിരിക്കുന്നു—ഒരി ടത്തും ഒരിക്കലും സമാധാനമില്ല. ലോകനേതാക്കാം, കിണഞ്ഞു പിണഞ്ഞുള്ള ശ്രമം നടത്തിയിട്ടും സമാ ധാനം എങ്ങും കൈവരുന്നില്ല—കാരണം സമാധാന ത്തിന്റെ ഉടമ ഈശ്വരനാണ് ഈശ്വരനിൽ നിന്നകന്നു് ഈശ്വരനെ—പുറന്തള്ളി—സമാധാനം കൈവരിക്കാൻ സാധ്യമല്ല.

www.malankaralibrary.com

## ഈശ്വരനും ഇന്നത്തെ ജനതയും

### II

തലമുറതലമുറകളായിട്ടുള്ള ശ്രമഫലമായി വിദ്യാഭ്യാസവിജ്ഞാനത്തിലും ശാസ്ത്രജ്ഞാന പുരോഗതിയിലും ഗവേഷണനിരീക്ഷണങ്ങളിലും ഇന്നത്തെ തലമുറ, ഏററവും ഉന്നതനിലയിൽ എത്തിയിരിക്കുകയാണ് അത്യുൽക്കർഷം പ്രാപിച്ചിരിക്കുകയാണ്. പ്രകൃതിനിരീക്ഷണ പരീക്ഷണങ്ങളിലൂടെ പ്രകൃതിയിൽ അടങ്ങിയിരിക്കുന്ന മേധാശക്തികളിൽ ചിലതിനെ എല്ലാം. പലതിനെയും സ്വാധീനിച്ച് എന്തെന്നില്ലാത്ത അൽഭുതാവഹമായ നേട്ടം കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ട്. ഭൂതലത്തിൻെറ ചക്രവാള ഉപരിതലത്തിലും ചന്ദ്രഗോളത്തിലും പറന്ന് എത്തി വിജയക്കൊടിനാട്ടുന്നതിനും കഴിഞ്ഞു. ആ സ്ഥലങ്ങളിലും സൗരയൂഥത്തിലെ ഇതരഗോളങ്ങളിലും പറന്നു എത്തുന്നതിനും, വാസസ്ഥാനവസതികൾ അവിടെയുണ്ടാക്കി, താമസിക്കുന്നതിനും ശ്രമം നടത്തുന്നു. വിദൂരതയിൽ ഇരിക്കുന്നവരെ അന്യോന്യം അഭിമുഖമായി കാണുന്നതിനും അവരുടെ സംഭാഷണം അതേ മാത്രയിൽ ശ്രവിക്കുന്നതിനും, ആകാശമാർഗേണ വാർത്താതരംഗിണിയിലൂടെ ലോകവാർത്തകൾ അപ്പോഴപ്പോൾ അറിയുന്നതിനും സാധിക്കുന്നു.

ഭൂലോകത്തെ ഒന്നോടെ ഒന്ന് നശിപ്പിച്ച് ഭസ്മീകരിക്കുന്നതിനുള്ള വിഷാണുക്കളും വിഷവായുവും ആററംബോമ്പുകളും തയ്യാറാക്കി സൂക്ഷിക്കുന്നതിനും കഴിഞ്ഞിട്ടുണ്ട്. ഈ നേട്ടങ്ങൾമൂലം വന്നിട്ടുള്ളതും വന്നുകൊണ്ടിരിക്കുന്നതുമായ കോട്ടങ്ങൾ, ഭീകരസംഭവങ്ങൾ അത്യധികം ഭയാനകവും മനുഷ്യരാശിയെ മുഴുവനും ഭീതിയിലും

www.malankaralibrary.com



അസംതൃപ്തിയിലും അസമാധാനത്തിലും എത്തിച്ചിരിക്കുകയാണ്. ഇന്ന് അനുദിനം സ്വാർത്ഥ താൽപര്യങ്ങളുടെ സാധ്യതക്കായി, വ്യക്തിഗതമായും സമൂഹമായും നടക്കുന്നപോരാട്ടങ്ങളിൽ എത്ര എത്ര മനുഷ്യജീവനാണ് നിഹനിക്കപ്പെടുന്നത്. കൊല്ലപ്പെടുന്നത്. ഇന്നത്തെ പോലെ സ്വാർത്ഥത, പരസ്നേഹമില്ലായ്മ, അധികാരപ്രമത്തത, പ്രശംസാ, പരസ്നേഹമില്ലായ്മ ഉന്നതസുഖഭോഗതൽപരത എല്ലാം എല്ലാം മുൻതലമുറകളിൽ എങ്ങും ഉണ്ടായിട്ടില്ല. തൻകാര്യ സാധ്യതക്കായി ഏതു കുടില മാർഗ്ഗങ്ങൾ സ്വീകരിക്കുന്നതിനും സോദരങ്ങളെ കൊല്ലുന്നതിനും നരബലി നടത്തുന്നതിനും ഒരു നല്ല വിഭാഗം മനുഷ്യർ മടിക്കുന്നില്ല. പരസ്നേഹത്താൽ വ്യക്തിപരതാൽപര്യങ്ങൾ വേണ്ടെന്നു വയ്ക്കുന്ന നിസ്വാർത്ഥർ മുന്നേക്കാൾ ഇന്ന് വളരെ കുറഞ്ഞിരിക്കുന്നു. സമൂഹം സമൂഹമായി, സംഘം സംഘമായി, സംഘടനാപരമായ നിലയിൽ സ്വാർത്ഥലക്ഷ്യപ്രാപ്തിക്കായി സ്വന്തം മാതാപിതാക്കളെപോലും കൊല്ലുന്നതിന് മടിക്കുന്നില്ല. കൊല്ലുംകൊലയുമാകുന്ന സംഹാരമൂർത്തി എങ്ങുമെങ്ങും നിർത്ത്യതാണ്ഡവം ചെയ്യുന്നു. ഓരോ മനുഷ്യനും തങ്ങളുടെ സ്വാർഥ തല്പര്യങ്ങൾക്കായി, പണം, സുഖം, അധികാരം, പ്രതാപം, പ്രശംസ, എന്നിവക്കായി, വെമ്പലോടെ പരക്കം പാഞ്ഞു ഓടുകയാണ്, ഈ നേട്ടോട്ടം അവസാനിപ്പിക്കാതെ ഓരോരുത്തരും ചിന്തിച്ച് അവസാനിപ്പിക്കാതെ ആർക്കും പൊതുവെ ലോകത്തിനും സമാധാനവും സംതൃപ്തിയും ലഭിക്കുന്നതല്ല.

സോദരങ്ങളെ ക്ഷണഭംഗുരമായ നമ്മുടെ ഈ ലോകജീവിതത്തിൽ, ഒരിക്കലും നശിക്കാതെ നിത്യം ജീവിക്കുന്ന നമ്മുടെ ആത്മാവിനെ നാശകൂപത്തിലേക്ക്

www.malankaralibrary.com



നയിക്കരുതെ, സ്വാർത്ഥതയും പരസ്നേഹമില്ലായ്മയും ദുർമാർഗ്ഗ ജീവിതവും ശരീരത്തെ മാത്രമല്ല ആത്മാവിനെയും നാശത്തിലേക്ക് നയിക്കും. അതിനാൽ വളരെ ശ്രദ്ധിച്ചും ചിന്തിച്ചും നാം ജീവിക്കണം. കുബേരരേ, ധനാഢ്യരേ നിങ്ങളുടെ അമിത സുഖജീവിതത്തിനും ധനത്തിനും പരിമിധി നിശ്ചയിച്ച് എല്ലാററിലും ഒരു അളവ്, ഒരു വിഹിതം നിർദ്ധനരായ നിങ്ങളുടെ സോദരർക്ക് ആയി നൽകിയാലും, ദശലക്ഷങ്ങളുടെ, ഹർമ്മ്യഹർമ്മ്യങ്ങൾ പണിയിക്കുന്നവർ അതിൽ ഒരു നല്ല വിഹിതം കുറവുവരുത്തി വീടില്ലാത്തവർക്കും ചെററക്കുടിലുകാർക്കും നൽകിയാലും. നിങ്ങൾ ലഹരിപദാർത്ഥങ്ങൾക്കായി അനുദിനം ചിലവഴിക്കുന്ന, ആയിരക്കണക്ക് നാണയം ഒരു നേരത്തെ ആഹാരത്തിന് നിവർത്തിയില്ലാത്ത പട്ടിണിപ്പാവങ്ങൾക്ക് നൽകിയാലും മക്കളുടെ വിവാഹത്തിന് ദശലക്ഷങ്ങൾ നൽകുന്നതിൽ അർദ്ധ പകുതിയെങ്കിലും, വിവാഹ പ്രായം കഴിഞ്ഞു നിൽക്കുന്ന പാവപ്പെട്ടവർക്കായി നൽകി സോദര സ്നേഹം പ്രകടിപ്പിച്ചാലും. തോട്ടം ഉടമകളെ, ഭൂഉടമകളെ, നിങ്ങളുടെ വസ്തുക്കളിൽ ഒരു ഭാഗം വീടും പറമ്പും ഇല്ലാത്തവർക്കായി ദാനം ചെയ്താലും, മദ്ധ്യസ്ഥരെ നിങ്ങളും ജീവിതാവശ്യനിർവഹണത്തിൽ പരിമിതി വരുത്തി ഒരു വിഹിതം നിങ്ങളിൽ കുറവുള്ളവർക്ക് നൽകി സംതൃപ്തിവരുത്തുക. പാവങ്ങളെ, പട്ടിണിപ്പാവങ്ങളെ, നിങ്ങളുടെ ഇല്ലായ്മ വിഹിതത്തിലെ ഒരു അംശം നിങ്ങളിൽ കുറവായിട്ടുള്ളവർക്ക് നൽകി സംതൃപ്തിവരുത്തിയാലും, തൊഴിലാളികളെ തൊഴിൽ ഉടമകളെ നിങ്ങളും അന്യോന്യം ആത്മാർത്ഥ സ്നേഹത്തിൽ വർത്തിച്ചാലും. തൊഴിലാളികൾ ശരിയായും കൃത്യമായും ജോലി ചെയ്താലും തൊഴിൽ ഉടമകളും

www.malankaralibrary.com



കമ്പനിമാനേജരന്മാരും ശരിയായ വേതനവും ആദായ വിഹിതവും തൊഴിലാളികൾക്ക് നൽകി സമാധാനവും സംതൃപ്തിയും കൈവരിച്ചാലും. ഉദ്യോഗസ്ഥരെ ഉദ്യോഗ മുഖ്യരെ, ഭരണമേധാവികളെ നിങ്ങളും നിങ്ങളോട് ചേർന്ന് ജോലി ചെയ്യുന്നവരും സ്നേഹത്തിലും ഐക്യതയിലും സത്യസന്ധതയിലും കൃത്യനിഷ്ടയിലും ഉൽസുകരായിവർത്തിച്ച് സമധോനം വരുത്തുക.

സ്കൂൾ കോളേജ് വിദ്യാർഥികളെ നിങ്ങളുടെ പഠനകാലത്ത് അദ്ധ്യാപകർക്കും മാതാപിതാക്കൾക്കും മററുള്ളവർക്കും മനപ്രയാസവും ദുഃഖവും വരുന്നതിന് ഇടയാക്കാതെ ശരിയായ വിധത്തിൽ വിജ്ഞാന സമ്പാദനം നടത്തിയാലും. നിങ്ങളുടെ ഭാവിജീവിതം സുഖപ്രദവും സുരക്ഷിതവുമായി കെട്ടിപ്പടുക്കുന്നതിനുള്ള പരിശീലനകേന്ദ്രമാണ് വിദ്യാലയം നിങ്ങൾ ഗുരുക്കന്മാരെ അനുസരണത്തിലും ഭക്തി ആദരവുകളിലും സ്നേഹിച്ച വർത്തിക്കണം. ഇന്നത്തെ പരിതാപകരമായ നിങ്ങളുടെ നില തുടർന്നാൽ നിങ്ങൾക്കും നാടിനും നന്മക്ക് പകരം തിന്മയാണ് വന്നുചേരുന്നത്. അദ്ധ്യാപകരെ നിങ്ങളും നിങ്ങളുടെ ജോലി ആത്മാർത്ഥമായി ചെയ്താലും നിങ്ങളുടെ മുൻപിൽ വരുന്ന ശിഷ്യഗണങ്ങളെ മക്കളെപ്പോലെ സ്നേഹിച്ചുവർത്തിച്ചാലും. സന്യാസിമാരെ സന്യാസിനികളെ, പാതിരിമാരെ പുരോഹിതശ്രേഷ്ഠരെ, ആശ്രമവാസികളെ നിങ്ങളിൽ അധികപേരുടെയും ഇന്നത്തെ സ്വാർഥപരമായ നിലമാററിവർത്തിച്ചാലും. തൻനാട്ടിലും വിദേശങ്ങളിലും ഊരുചുററി പട്ടിണി പാവങ്ങളുടെ പേരിൽ വാങ്ങുന്ന തുകകൾ ആർത്തർക്കും അവശർക്കും നൽകാതെ നിങ്ങളുടെയും നിങ്ങളുടെ സ്വന്തക്കാരുടെയും അമിതസുഖത്തിനായി മാത്രം വിനിയോഗിക്കുന്നത് തികച്ചും തെററാണ്.

www.malankaralibrary.com



ഓഡിറേറാറിയങ്ങളും കല്യാണമണ്ഡപങ്ങളും ലക്ഷക്കണക്കിന് പണം ചിലവാക്കി പണിയിച്ച് വൻവാടകവാങ്ങിച്ച് നിങ്ങൾ സുഖിച്ചുജീവിക്കുന്നത് ഹ; കഷ്ടം: പ്രസ്സുകൾ, തോട്ടങ്ങൾ, സ്കൂളുകൾ കോളേജുകൾ ഹോസ്റ്റലുകൾ തുടങ്ങിയവയെല്ലാം, നിങ്ങളുടെ സുഖജീവിതത്തിന് വരുമാനമാർഗമായി പരിണമിച്ചിരിക്കുകയാണ്. സുവിശേഷവേലക്ക ആർത്തർക്കും ദരിദ്രർക്കുമായി പ്രസംഗിച്ച് വാങ്ങിയ സംഭാവന ഈ വിധം വിനിയോഗിക്കാതെ സാധുജനസംരക്ഷണത്തിലേക്ക് ചിലവാക്കിയാലും, സംഘടനകളെ, സമൂഹങ്ങളെ, ഇസ്സക്കൂട്ടങ്ങളെ, രാഷ്ട്രീയ പാർട്ടികളെ വർഗീയ പാർട്ടികളെ മതസമൂഹങ്ങളെ നിങ്ങൾ എല്ലാം മനുഷ്യത്വത്തിന്റെ പേരിൽ വർത്തിക്കണമെ സോദരവധം ഒരിക്കലും നടത്താൻ ഇടയാക്കരുതെ.

ഇന്നത്തെ ലോകത്തിൽ നിന്ന് സമാധാനവും സംതൃപ്തിയും, കുറഞ്ഞു കുറഞ്ഞു് അകന്ന് അകന്നു പോകുകയാണ്. ഈശ്വരനിൽ അടിയുറച്ച വിശ്വാസം ഇല്ലാത്തതിനാലാണ് സഹോദരസ്നേഹം ഇല്ലാതെ വർത്തിക്കുന്നതു്. ഈശ്വരനെ സ്നേഹിക്കുന്നതു് കാണപ്പെട്ടന്നു. ഈശ്വരന്റെ മക്കളായ സഹോദരങ്ങളെ സ്നേഹിച്ച് വർത്തിച്ചുള്ള ജീവിതത്തിൽ കൂടിയാണ് കാണപ്പെടുന്ന തന്റെ സഹോദരനെ, സ്നേഹിക്കാത്തവന് കാണപ്പെടാത്ത ദൈവത്തെ സ്നേഹിക്കാൻ ഒരിക്കലും സാധിക്കയില്ല. നാം എല്ലാം കാണപ്പെടുന്ന, നമ്മോട് സഹവസിക്കുന്ന ഇടപെടുന്ന എല്ലാ പേരോടും ലോകജനത മുഴുവനോടും ആത്മാർത്ഥമായ സ്നേഹത്തിൽ വർത്തിച്ച് ജീവിച്ചാൽ സമാധാനവും സംതൃപ്തിയും എല്ല പേർക്കും മാത്രമല്ല. ലോകം സ്വർഗമായി മാറും.

www.malankaralibrary.com

## 29 സമാധാനം–സംതൃപ്തി ആനന്ദം

I

ഈ മൂന്ന കാര്യങ്ങളും അന്യോന്യം ബന്ധപ്പെട്ടവയാണ്. ഏതു കാര്യങ്ങളിലും ഏതു പ്രവർത്തനത്തിലും, എപ്പോഴും സമാധാനത്തോടെ വർത്തിക്കണം—ഏതവസ്ഥയിലും സമാധാനചിത്തരായിരിക്കണം—സുഖദുഃഖങ്ങളിൽ, അനുദിന ജീവിത, പ്രവർത്തനങ്ങളിൽ വ്യാപാര മണ്ഡലങ്ങളിൽ കുടുംബകാര്യങ്ങളിൽ, സമുദായ കാര്യങ്ങളിൽ. രാജ്യകാര്യങ്ങളിൽ—എല്ലാം സദാ ഒന്നുപോലെ, സമാധാനചിത്തരായി വർത്തിക്കണം.

സന്മാർഗ്ഗികമായ, പരോപകാരപരമായ. സഹോദര സ്നേഹപരമായ, സ്വാർത്ഥത്യാഗ പരമായ ചിന്താവാക്ക് പ്രവൃത്തനങ്ങളിലൂടെ മാത്രമേ സമാധാനവും സംതൃപ്തിയും ലഭ്യമാകയുള്ളൂ—ആത്മാർത്ഥവും സഹോദര സ്നേഹപരവുമായ നിസ്വാർത്ഥ പ്രവർത്തനങ്ങളിലൂടെ ലഭ്യമാകുന്ന സമാധാനവും ശാന്തിയും ആനന്ദവും അനുഭവിച്ചറിയേണ്ടതാണ് മററുള്ളവക്ക നമ്മുടെ കഴിവിനനുസരണമായ, സഹായം. നിസ്വാർത്ഥ സേവനം നൽകുമ്പോൾ, നമ്മുടെ ഉള്ളിന്റെ ഉള്ളിൽ നിന്ന തിങ്ങിവിങ്ങിപ്പൊങ്ങി ബഹിർഗമിക്കുന്ന ആനന്ദത്തിന്റെ ആഴവും തൂക്കവും അളവില്ലാത്തതായിരിക്കും. നല്ല പ്രവൃത്തികളിൽ നിന്ന ആനന്ദവും ചീത്തപ്രവൃത്തികളിൽ നിന്ന ദുഃഖവും അസംതൃപ്തിയും സമാധാനമില്ലായ്മയുമാണുണ്ടാകുന്നത്. സമാധാനചിത്തനായ ഒരാൾ. കുടുംബത്തിനും സമുദായത്തിനും രാജ്യത്തിനും ഒരു നല്ല മുതൽക്കൂട്ടാണ്—ധന, ധാന്യങ്ങളുടെ, വസ്തുവകകളുടെ

www.malankaralibrary.com


സമൃദ്ധിയിലല്ല—സമാധാനവും സംതൃപ്തിയും ആനന്ദവും ലഭ്യമാകുന്നതും സ്ഥിതി ചെയ്യുന്നതും ഏതു കാര്യത്തിലും, ഏതു പ്രവർത്തനത്തിലും ഏതവസ്ഥയിലും— നിസ്വാർത്ഥമായി— പരോപകാരപരമായി, സോദര സ്നേഹപരമായി സാന്മാർഗ്ഗപരമായി, ആത്മാർത്ഥതയോടെ വർത്തിച്ചാൽ സമാധാനവും സംതൃപ്തിയും ആനന്ദവും ലഭ്യമാകും.

ഈശ്വരചിന്തയും ഈശ്വരഭക്തിയും സഹോദര സ്നേഹത്തിന്റെ — നിസ്വാർത്ഥ സേവനത്തിന്റെ നിസ്വാർത്ഥ ജീവിതത്തിന്റെ പരോപകാര തല്പരതയുടെ നല്ല പ്രവർത്തനങ്ങളുടെ, നല്ല ജീവിതത്തിന്റെ-- സമാധാനത്തിന്റെ സംതൃപ്തിയുടെ, ശാന്തിയുടെ, ആനന്ദത്തിന്റെ പര്യായങ്ങളാണ്—എന്തുതന്നെയുണ്ടായാലും എത്ര ഉന്നതനും പ്രശസ്തനും ധനാഢ്യനുമായാലും—സമാധാനമില്ലെങ്കിൽ—നരകാനുഭവമാണ് ജീവിതത്തിൽ ലഭ്യമാകുന്നതു്—ഈശ്വരചിന്തയോടെ സ്വാർത്ഥ ത്യാഗത്തോടെ, നിസ്വാർത്ഥ സേവനത്തോടെ സഹോദര സ്നേഹത്തിലൂടെ—ആത്മാർത്ഥതയോടെ, സാന്മാർഗ്ഗിക ജീവിതം, സദാ നയിച്ചാൽ സമാധാനവും ശാന്തിയും ആനന്ദവും ലഭ്യമാകും.

ഈ ലോകത്തിലെ സർവഭാഗ്യങ്ങളിലുംവച്ച് ഏററവും വലിയ മഹാഭാഗ്യമാണ് സംതൃപ്തി. ഇത് വിലകൊടുത്തു വാങ്ങേണ്ടതോ സൗജന്യദാനമായി ലഭിക്കുന്നതോ അല്ല. ആരും ആർക്കും വീതിച്ചുകൊടുക്കേണ്ടതുമല്ല കൈവശമാക്കാൻ പണമോ അദ്ധ്വാനഭാരമോ ആവശ്യമില്ല. ഭൂലോകം മുഴുവൻ കൈവശംവരുന്നതിനേക്കാളും വിലയേറിയതും വിലയററതും ആയ സമ്പത്താണ് സംതൃപ്തി.

www.malankaralibrary.com



ഈ മഹാഭാഗ്യം കൈവരിക്കേണ്ടത് അവരവർ തന്നെയാണ്. ഓരോരുത്തരും അവരവരുടെ എല്ലാവിധകഴിവിലും ശക്തിയിലും ധനസമ്പാദനത്തിലും സുഖഭോഗാതികളിലും അപ്പോഴപ്പോഴുള്ളതും ഉണ്ടാകുന്നതും വന്നുചേരുന്നതുമായ അവസ്ഥകളിലും നിലകളിലും സംതൃപ്തരായി തന്നിൽ അസംതൃപ്തി ആഴമായി ആത്മാർത്ഥമായി ഉറച്ച് ശക്തി പ്രാപിച്ച സന്തോഷചിത്തനായി വർത്തിക്കുക എന്നതു് മാത്രമാണ് എല്ലാററിലും എല്ലായിപ്പോഴും സംതൃപ്തനായി കഴിയുന്ന ഒരാളിനുള്ളആനന്ദവും സമാധനവും, അനുഭവിച്ച് അറിയേണ്ടതാണ്.

ഉള്ളതിൽ, ഉള്ളതുകൊണ്ടു്, എപ്പോഴും തൃപ്തനായിരിക്കുക. എനിക്ക് ഒന്നും ഇല്ലാ സ്വത്തു് ഇല്ല, സ്വത്തു് അൽപം മാത്രമാണുള്ളതു്. കിടപ്പാടം ഇല്ല, വരവില്ല, കുറഞ്ഞവരവാണുള്ളതു്, ജീവിതാവശ്യത്തിനുമതിയാകുന്നില്ല കുറഞ്ഞനിലയിലുള്ള ജീവിതമാണ് എനിക്കുള്ളതു് സ്വന്തക്കാരോടു് ഒപ്പം അയൽവാസികളോട് ഒപ്പം ജീവിതസൗകര്യമില്ല. മണിമാളിക വസതിയില്ല, ഇടത്തരം, ചെറുതരം, മൺപുര, ചെററക്കുടിൽ, വസതികളാണുള്ളത്. തെങ്ങിൻതോപ്പുകളും ധാന്യകൃഷിസ്ഥലങ്ങളും റബ്ബർ തോട്ടങ്ങളുമില്ല. യാത്രക്ക് സൈക്കിറം, കാർ എന്നിവയില്ല. ഇത്യാതി നൂറു നൂറു ചിന്തകറം. തന്റെ അടുത്ത പറമ്പ് കൂടി തനിക്ക്വാങ്ങി തന്റെതിനോട് ചേർക്കാൻ തനിക്ക് കഴിഞ്ഞിരുന്നുവെങ്കിൽ മക്കളെ ഉന്നത നിലയിൽ വിവാഹിതരാക്കാൻ കഴിഞ്ഞിരുന്നുവെങ്കിൽ, മക്കറംക്ക് വലിയ നല്ല ഉദ്യോഗം ലഭിച്ചിരിരുന്നെങ്കിൽ പേരും പ്രശസ്തിയും ലഭിച്ചിരുന്നുയെങ്കിൽ, ഇങ്ങനെ ആയിരം ആയിരം ചിന്തകറം, ആഗ്രഹങ്ങറം ഉണ്ടാകുകയും പരിതസ്ഥിതികറംക്ക് അപ്പുറമായ ആശകറം സാദ്ധ്യമാകാതെവ

www.malankaralibrary.com



രുമ്പോൾ നിരാശയും അതൃപ്തിയും ആശയുടെ കോട്ട കൾ എല്ലാം തകർന്ന് അസ്വാസ്ഥ്യചിത്തനാകുകയും ചെയ്യുന്നു.

ഒരോരുത്തനും തങ്ങൾക്ക് സാധ്യമാകാത്തത് പരി തസ്ഥിതിക്കും കഴിവിനും അപ്പുറമുള്ളത് ആഗ്രഹിക്ക രുത്, ചിന്തിക്കരുത്. മററൊന്നും അനുദിനം അനുനി മിഷം തനിക്ക് ഉണ്ടാകുന്നതും വന്നുചേരുന്നതുമായ സുഖ ദുഃഖ അനുഭവങ്ങളിൽ അസംതൃപ്തരാകരുത്.

ദാരിദ്ര്യം, പട്ടിണി, രോഗം, ഉററവരുടെ അസുഖം മരണം, പ്രകൃതി കോപം, തുടങ്ങി അനുദിനം സംഭവി ക്കുന്നതും സംഭവിക്കാവുന്നതുമായ സംഭവങ്ങളിൽ വന്നു ചേരുന്ന ഓരോ ദുഃഖാനുഭവങ്ങളിലും സമനില തെററി ആകുലചിത്തരാകരുത്. ജീവിതം സുഖദു:ഖ സമ്മിശ്ര മാണ്, അധികം പേർക്ക് ദുഃഖാനുഭവങ്ങൾ കൂടുതലായും സന്തോഷാനുഭവങ്ങൾ കുറവായും ആണ് ലഭിക്കുന്നത്. തനിക്ക് വരുന്ന വന്നുചേരുന്ന ഓരോ അനുഭവങ്ങളും തൻെറ ഭാവിനന്മയ്ക്കായിട്ടുള്ളതാണ് എന്നു ചിന്തിച്ചു റച്ചാൽ സംതൃപ്തിയും സമാധാനവും ലഭ്യമാകും. ദുഃഖാ നുഭവങ്ങൾ ഓർത്ത് ദുഃഖിക്കുന്നവർക്ക് ഒരിക്കലും സംതൃ പ്തിയും സമാധാനവും കൈവരിക്കാൻ സാദ്ധ്യമല്ല.

സംതൃപ്തിയും സമാധാനവും വേർപിരിക്കാൻ ആ വാത്ത അഭേദ്യമായ സ്വഭാവവിശേഷങ്ങളാണ്.

സമാധാനം ലഭ്യമാകുന്നത് ലഭ്യമാക്കേണ്ടത്, കൈ വരിക്കേണ്ടത് സംതൃപ്തിയിൽ നിന്നു മാത്രമാണ്. സംതൃപ്തിക്കും സമാധാനത്തിനും എതിരായി അസൂയ എന്ന ഒരു മഹാവ്യാധി മാറാവ്യാധി, വ്യാപകരിക്കുന്നുണ്ടെ

www.malankaralibrary.com



തന്റെ സ്വന്തക്കാരുടെ, അയൽക്കാരുടെ, പരിചിതരുടെ, സുഖത്തിലും ഉയർച്ചയിലും അധഃപതനത്തിലും, തന്റെ മനസ്സ് എന്തെന്നില്ലാതെ ആകുലപ്പെടുകയും ഹൃദയചാഞ്ചല്യത്തോടെ, അങ്കലാപ്പോടെ അസ്വസ്ഥതയോടെ എല്ലാററിലും സദാ ചിന്തിച്ച് വ്യാപരിച്ച് അസംതൃപ്തനാകുന്നു. മററുള്ളവരുടെ അധഃപതനത്തിലും നാശനഷ്ടങ്ങളിലും കഷ്ടങ്ങളിലും മാത്രമാണ് അസൂയക്കാരന് സന്തോഷവും സംതൃപ്തിയും ഉണ്ടാകുന്നത്. അസൂയക്ക് ഇന്നുവരെ യാതൊരു മരുന്നും കണ്ടുപിടിച്ചിട്ടില്ല. ചികിൽസിച്ച് ഭേദമാക്കാവുന്നതും അല്ല. ഓരോരുത്തരും അസൂയരോഗം പിടിപെടാതെ സൂക്ഷിച്ചും ശ്രദ്ധിച്ചും വ്യാപരിച്ചാൽ സംതൃപ്തി ലഭിക്കും. തന്റെ സഹോദരങ്ങളായ എല്ലാപേരെയും സ്നേഹിക്കുകയും അവരുടെ അഭിവൃദ്ധിയിലും സുഖത്തിലും സന്തോഷിക്കുകയും ചെയ്യണം .എല്ലാപേർക്കും ഐശ്വര്യവും സുഖവും ഉണ്ടാകുവനായി ആഗ്രഹിക്കുകയും അതിലേക്ക് തന്നാൽ കഴിവുള്ളത് എല്ലാം ചെയ്തുവർത്തിക്കുകയും വേണം.

സത്യസന്ധത ഇല്ലാത്തവർക്കും വക്രബുദ്ധികൾക്കും ഹൃദയനിർമ്മലത ഇല്ലാത്തവർക്കും ഒരിക്കലും ഐശ്വര്യവും സംതൃപ്തിയും സമാധാനവും ഉണ്ടാകയില്ല. കൈക്കൂലി, ചതിവ്, കള്ളത്തരം, അഹങ്കാരം, പ്രശംസ, സ്വാർത്ഥത എന്നിവയെല്ലാം സമാധാനത്തിനും സംതൃപ്തിക്കും എതിരാണ്. തന്റെ വ്യാപാരമണ്ഡലങ്ങളിലും താൻ ഇടപെടുന്ന എല്ലാററിലും ഓരോന്നിലും പരസ്നേഹത്തോടെ, നിർമലതയോടെ, സത്യസന്ധതയോടെ, വർത്തിച്ചാലുണ്ടാകുന്നു. സംതൃപ്തിയും സമാധാനവും ആനന്ദവും അനുഭവിച്ച് അറിയേണ്ടതാണ് ആഴമായ അഗാധമായ ആത്മാർത്ഥമായ അടിയുറച്ച

www.malankaralibrary.com



ഈശ്വരവിശ്വാസത്തിൽ അധിഷ്ഠിതമായി എല്ലാം ഈശ്വരനിൽ സമർപ്പിച്ച് തദനുസൃതമായി വർത്തിച്ച് ജീവിക്കുന്നവർക്ക് സംതൃപ്തിയും സമാധാനവും ഉണ്ടാകുന്നതാണ്.

എല്ലാവിധ തൊഴിലിൽ ഏർപ്പെട്ട് വ്യാപരിക്കുന്നവർക്കും തൊഴിൽ സൗകര്യമില്ലാതെ അലയുന്നവർക്കും, ധനവരുമാനത്താൽ ജോലിയൊന്നും ചെയ്യാതെ ഭക്ഷിക്കാനായി മാത്രം ജീവിക്കുന്നവർക്കും, അമിത സുഖാനുഭവികൾക്കും ജീവിതത്തിൽ ഒരിക്കലും, പൂർണ്ണമായ സംതൃപ്തിയും സമാധാനവും ലഭിക്കുന്നതല്ല. കാർഷികവ്യവസായ തൊഴിലാളികളും തൊഴിൽ ഉടമകളും ഭരണ നേതാക്കളും ഭരണീയരും ഈശ്വര ആരാധന സ്തുതി സ്തോത്രങ്ങൾക്കും പൂജാകർമാതികൾക്കുമായി കച്ചകെട്ടിയവരും പ്രതിജ്ഞയെടുത്തവരും, സന്യസ്ത സന്യാസികളും യതിവര്യരും നിർമലമായും സത്യസന്ധമായി സ്വാർത്ഥരഹിതമായി പരസ്നേഹത്തോടെയും ലോകവ്യാപാരങ്ങളിലൊന്നും ഇടപെടാതെ ആത്മീക വൃത്തിയിലും വർത്തിക്കാത്തപക്ഷം അവർക്കും സംതൃപ്തിയും സമാധാനവും ലഭിക്കുന്നതല്ല.

വ്യാപാരികളെ, കച്ചവടക്കാരെ, സത്യസന്ധമായും നീതിയായും, ന്യായമായും, അന്യായക്കിലയും ലാഭവും എടുക്കാതെ അളവിലും തൂക്കത്തിലും വ്യത്യാസം വരുത്താതെ വർത്തിച്ചില്ലെങ്കിൽ നിങ്ങൾക്ക് ഹാ! കഷ്ടം. സംതൃപ്തിയും സമാധാനവും നിങ്ങളെ വിട്ട് ഓടിപ്പോകും. കാർഷികമേഖലകളിലും വ്യവസായശാലകളിലും മററ് എല്ലാ സ്ഥാനങ്ങളിലും പണിയെടുക്കുന്ന, വേലചെയ്യുന്ന തൊഴിലാളികളെ, നിങ്ങളും വേലയിൽ,

www.malankaralibrary.com



ജോലിയിൽ ആത്മാർത്ഥതയില്ലാതെ മടിയും ഉപേക്ഷ യും കൂടാതെ ജോലി ചെയ്യാത്തപക്ഷം നിങ്ങൾക്കും ഹാ! കഷ്ടം സംതൃപ്തിക്കും സമാധാനത്തിനും ഒരിക്കലും നിങ്ങൾ അർഹരാകയില്ല. വ്യവസായ ഉടമകളെ, കമ്പ നി മാനേജരന്മാരെ, കുബേരന്മാരെ, ധനാഢ്യരെ ഭരണനേതാക്കളെ, സ്കൂൾ കാളേജ് ഇതര പ്രൈവററ് സ്ഥാപനത്തിന്റെ മാനേജരന്മാരെ സർക്കാർ സ്ഥാ പനത്തിന്റെ നേതാക്കളെ നിങ്ങളും സ്വാർത്ഥതവെടി ഞ്ഞ് സത്യസന്ധമായും പരസ്നേഹപരമായും നീതി യായും ന്യായമായും വർത്തിക്കാത്തപക്ഷം നിങ്ങൾക്ക് ഹ! കഷ്ടം. സമാധാനവും സംതൃപ്തിയും നിങ്ങ ളെ വിട്ട് ഓടിപ്പോകും.

വൈദികരെ, സന്യാസിനികളെ പുരോഹിതശ്രേ ഷ്ടരേ, യതിപുങ്ങവരെ, അലയും സ്വാമിമാരെ, സഞ്ചാരസ്വാമിമാരെ യോഗദണ്ഡും രുദ്രാക്ഷമാലയും ശങ്കും കാവടിയും ഏന്തി പാദുകസഞ്ചാര യാത്ര നടത്തു ന്ന സ്വാമിമാരെ നിങ്ങളും നിങ്ങളുടെ പ്രതിജ്ഞകൾക്കും പ്രസ്താവനകൾക്കും പ്രസംഗങ്ങൾക്കും അനുസൃതമായി വർത്തിച്ച് ജീവിച്ചാലും. ലൗകികമായി എല്ലാററിനെ യും വിട്ട്. ഉപേക്ഷിച്ച് ജീവിക്കാനായി, ജീവനെ നില നിറുത്താനായി മാത്രം ഇരന്ന് വാങ്ങി ഭക്ഷിച്ച് ദിനരാത്ര ങ്ങളിലെ അധികസമയവും ഈശ്വരധ്യാനത്തിലും പൂജാ കർമ്മാദികളിലുമായി വിനിയോഗിച്ച് ജീവിക്കാത്ത പക്ഷം നിങ്ങൾക്ക് ഹ! കഷ്ടം. സ്വാർത്ഥതയിലും സ്നേഹമില്ലായ്മയിലും ദുഷ്ട പ്രവർത്തനങ്ങളിലും അക്രമപ്രവണതകളിലും ഈശ്വര അസ്ഥിക്ക് അവഹേള നത്തിലും മതോ ഉച്ചാടനത്തിലും ഉത്സുകരായി വർത്തി ക്കുന്ന ഭൂരിഭാഗം ജനതതിയാൽ നിബദ്ധീകൃതമായി കല

www.malankaralibrary.com



ങ്ങിമറിഞ്ഞിരിക്കുന്ന ഇന്നത്തെ ലോകത്തെ സമാധാനത്തിലും സംതൃപ്തിയിലും പരിവത്തനം ചെയ്യിക്കുന്നതിനു് നിങ്ങളുടെ നെടുങ്കൻ പ്രസംഗങ്ങളും ലൗകിക വ്യാപാരങ്ങളും ഉപകരിക്കുന്നില്ലെന്നുള്ള സത്യം നിങ്ങൾ മനസിലാക്കി ലൗകികമായതു് എല്ലാം വിട്ടുപേക്ഷിക്കാത്ത പക്ഷം നിങ്ങൾക്കു് ഹാ! കഷ്ടം. സംതൃപ്തിക്കും സമാധാനത്തിനും നിങ്ങളും അർഹരല്ല.

കുടുംബസ്ഥരെ ഗ്രഹസ്ഥാശ്രമവാസികളെ, മാതാപിതാക്കളെ, മക്കളെ, ഭാര്യാഭർത്താക്കന്മാരെ, നിങ്ങളെല്ലാപേരും, അന്യോന്യം സ്നേഹമായും ഏറക്കുറവുകളും തെററുകുററങ്ങളും ക്ഷമിച്ചും സഹിച്ചും ശാന്തതയോടെ സൗമ്യതയോടെ അടക്ക ഒതുക്കത്തോടെ പരസ്നേഹത്തോടെ, പരോപകാര തൽപരതയോടെ ദൈവീക സ്നേഹത്തോടെ, സഹോദരസ്നേഹത്തോടെ, ഈശ്വരവിശ്വാസത്തോടെ, വർത്തിച്ചുജീവിക്കാത്തപക്ഷം നിങ്ങൾക്കും നിങ്ങളുടെ കുടുംബങ്ങൾക്കും സംതൃപ്തിയും സമാധാനവും ഒരിക്കലും ലഭിക്കയില്ല. മാതാപിതാക്കളെ അന്യോന്യം പഴിക്കരുതു് ദുർമ്മാതൃക വാക്കിലും പ്രവർത്തിയിലും അനുഷ്ഠിക്കരുതു്. മക്കളെ സ്നേഹിച്ചു് അവരുടെ ഉയർച്ചയ്ക്കും സന്മാർഗജീവിതത്തിനും ഉതകത്തക്കവിധം വത്തിക്കണം. മക്കൾ മാതാപിതാക്കളെയും സോദരി സോദരങ്ങളെയും സ്നേഹിച്ചും അവരുടെ നല്ല മാതൃകകളേയും, ഉപദേശങ്ങളെയും സ്വീകരിച്ചും പഠിക്കണം, ഭാര്യാഭത്താക്കൻമാർ തമ്മിൽ ഒരിക്കലും അഭിപ്രായഭിന്നതക്കു് ഇടവരരുതു്. ഇരുവക്കും ഭിന്നാഭിപ്രായത്തിൽ, രുചിക്കാത്ത കാര്യങ്ങളിൽ ഭർത്താവു് ചെവികേൾക്കാത്തവനായും പൊട്ടനായും ഭാര്യ കണ്ണുകാണാത്ത കുരുടിയെപ്പോലെയും വർത്തിക്കണം കുടുംബാംഗങ്ങൾ എല്ലാം മററുള്ള എല്ലാ

www.malankaralibrary.com


പേരെയും പ്രത്യേകിച്ച് തങ്ങളുടെ അയൽവാസികളെയും തങ്ങളുമായി ഇടപെടുന്നവരെയും ആത്മാർത്ഥമായി സ്നേഹിച്ചും പരോപകാരപരമായി സ്വാർത്ഥത വെടിഞ്ഞും ജീവിക്കണം. മററുള്ളവർ തങ്ങളോട് എങ്ങനെ വർത്തിക്കണം എന്ന് ആഗ്രഹിക്കുന്നുവോ അതേവിധം മററുള്ളവരോടും വർത്തിക്കണം, ഓരോ കുടുംബവും സത്മാതൃകയിലും നിസ്വാർത്ഥതയിലും പരസ്നേഹത്തോടെയും പരോപകാരപരമായും പ്രതികാര വൈരാഗ്യമില്ലാതെ ഈശ്വര വിശ്വാസത്തിലും ചിന്തയിലും വർത്തിച്ചു ജീവിച്ചാൽ തങ്ങൾക്കും ലോകത്തിനു പൊതുവേയും, നന്മയും സംതൃപ്തിയും സമാധാനവും ലഭിക്കും.

## സമാധാനം സംതൃപ്തി— ആനന്ദം

### II

ഇന്നത്തെ ലോകജനത ഒന്നടങ്കം സമാധാനമില്ലാതെ—അസംതൃപ്തിയുടെ ചുഴലിയിൽ കറങ്ങിത്തിരിയുകയാണ്—എവിടെയും അസംതൃപ്തി—അസമാധാനം—കുടുംബങ്ങളിൽ, സമുദായത്തിൽ—രാജ്യത്തിൽ—എല്ലാം അന്യോന്യം അസമാധാനത്തോടെ—ഒററയ്ക്കും കൂട്ടമായും ഓരോരുത്തരും വർത്തിക്കുന്നു—സോദരങ്ങൾ—സോദരങ്ങളെ കൊല്ലുന്നതിനുപോലും മടിക്കുന്നില്ല. ആയുധം കൊണ്ടു കൊല്ലാത്തവർ മററുവിധത്തിൽ കൊല്ലാകൊല നടത്തുന്നു—ക്രൂരമൃഗതുല്യം വർത്തിക്കുന്നു—ആക്കും ഒരിക്കലും സമാധാനമില്ല-സംതൃപ്തിയില്ല, ഇതിന്റെ അടിസ്ഥാനകാരണം മനുഷ്യരുടെ—ഈശ്വരചിന്തയില്ലായ്മ മാത്രമാണ്—ഈശ്വര ചിന്തയിലേക്കു എല്ലാവരും എത്തിച്ചേർന്നാൽ—

www.malankaralibrary.com



അവക്കും ലോകത്തിനും സമാധാനവും സംതൃപ്തിയും ലഭ്യമാകും.

ലോകസമാധാനലബ്ധിക്കവേണ്ടി വ്യക്തിഗത നിലയിലും, സംഘടനാപരമായും, രാജ്യാന്തരപരമായും, വർഷങ്ങളായി വളരെ പരിശ്രമങ്ങാം നടന്നിട്ടും അസമാധാനവും അസ്വാസ്ഥതയും ഒന്നിനൊന്നു വൎദ്ധിക്കുന്നതല്ലാതെ കുറയുന്നില്ല. സമാധാനം കൈവരുന്നില്ല. ഈശ്വരചിന്തയിൽ നിന്നുലോകം—അകന്നകന്നു പോകുന്നതാണിതിന്റെ പ്രധാന കാരണം—സമാധാനത്തിന്റെ ഉടമസ്ഥനും മൂർത്തിയുമായ ഈശ്വരനെ കൂടാതെ—ആരാലും സമാധാനം കൈവരുത്താൻ സാധ്യമല്ല—ഈശ്വരചിന്തയുടെ ഫലമായ സഹോദരസ്നേഹത്തിലേക്ക് ലോകജനത എത്തിച്ചേരാതെ ലോക സമാധാനം ഉണ്ടാകയില്ല—ഈശ്വരനിൽ നിന്നകലുന്തോറും, സമാധാനവും അകന്നുകൊണ്ടിരിക്കും—ലോകജനതയുടെ ഏല്ലാം പിതാവാണ് ഈശ്വരൻ—അവിടുത്തെ സുപ്രധാന കല്പനയാണ്, മനുഷ്യരെല്ലാം അന്യോന്യം ആത്മാൎത്ഥമായി സ്നേഹിച്ചു വൎത്തിക്കണമെന്നുള്ളതും സ്വാർത്ഥ ത്യാഗജീവിതം നയിക്കണമെന്നുള്ളതും—എല്ലാവരുടെയും ഏക പിതാവാണ് ഈശ്വരൻ അവിടുത്തെ മക്കളായ ലോകജനത മുഴുവനും അന്യോന്യം സഹോദരങ്ങളാണ്—യാതൊന്നിനുവേണ്ടിയും സഹോദരങ്ങാം അന്യോന്യം കൊല്ലും കൊലയും നടത്തിയും പടവെട്ടിയുമല്ല ജീവിതം രക്ഷിക്കേണ്ടതു്. ഈശ്വരചിന്തയിലൂടെ, ഈശ്വര സ്നേഹത്തിലൂടെ അതിന്റെ ഫലമായ, മനുഷ്യസ്നേഹത്തിലൂടെ, സഹോദരസ്നേഹത്തിലൂടെ, നിസ്വാൎത്ഥ പ്രവർത്തനങ്ങളിലൂടെ സ്നേഹപരമായ ത്യാഗജീവിതം നയിച്ചാൽ—ഓരോരുത്തക്കും ലോകത്തിനു പൊതുവെയും സമാധാനവും—സംതൃപ്തിയും ആനന്ദവും ലഭ്യമാകും—

www.malankaralibrary.com



ലോകം, എത്ര ആനന്ദപ്രദം പ്രപഞ്ചം, എത്ര മനോമഹരം, സൗരയൂഥം, എത്ര—അത്ഭുതകരവും അതിമനോഹരവും. സൃഷ്ടികർത്താവ്, എന്തെന്ത് എത്രയെത്ര മനോഹരതയിലാണ്, ഈ പ്രപഞ്ചകടാഹകോടികളെല്ലാം സൃഷ്ടിച്ചിരിക്കുന്നത്– ഊഹാചിന്താമണ്ഡലങ്ങളിലൊതുങ്ങാത്ത ആ അത്ഭുതമാണ് ചിന്തിക്കുന്തോറും നമ്മിലുണ്ടാകുന്നത്—സൗരയൂഥഗോളഗ്രഹങ്ങളുടെ ക്രമീകരണവും നിലനില്പും ചുററികറങ്ങി കൂട്ടിമുട്ടാതുള്ള സഞ്ചാരവും, പ്രപഞ്ച വൈചിത്ര്യഭംഗിയും, എല്ലാമെല്ലാം—അത്ഭുതാവഹം, ചിന്തയിലൊന്നും ഒതുങ്ങാതെ–ചിന്തിക്കാനാവാതെ, ചിന്തയുടെ ചിന്തയിലസ്തമിക്കുകയാണു ചെയ്യുന്നത്.

ആകാശ ജ്യോതിർ ഗോളങ്ങളിലോരോന്നിന്റെയും പ്രകാശ ഭംഗി ആകാശ പറവകളുടെ ആകൃതിപ്രകൃതിയും വൈച്ത്ര്യ ഭംഗിയും ഭൂചരജന്തുക്കളുടെ വിവിധ രൂപാകൃതിയും വലുപ്പ ചെറുപ്പവും—സഞ്ചാരാ രീതിയും, ജലജീവികളുടെ അതിമനോഹാരിതയും ശീഘ്ര, മന്ദഗതിയിലുള്ള നീന്തലും മനുഷ്യരുടെ വിവിധ രൂപാകൃതിയും വലുപ്പ ചെറുപ്പവും സഞ്ചാരഗതികളും—സർവജീവജാലങ്ങളുടേയും മനുഷ്യരുടെയും ശബ്ദ ഭംഗിയും എല്ലാമെല്ലാം—അത്യാനന്ദാതിശയം തന്നെ.

അത്യുന്നതങ്ങളായ കോട്ടമുടികൾ, പർവതങ്ങൾ ചെറുതും വലുതുമായ മലകളും കുന്നുകളും, താഴ്‌വര സമതല പ്രദേശങ്ങളും, ഇരമ്പിപായുന്ന ചെറുപുഴകളും, പാറക്കെട്ടുകളും—നീർച്ചാട്ടങ്ങളും കായലുകളും കുളങ്ങളും അലതല്ലി മറിയുന്ന തിരമാലകളോടു കൂടിയ മഹാസമുദ്രങ്ങളും മൊട്ട കുന്നുകളും മണലാരണ്യങ്ങളും വൃക്ഷലതാദികൾ നിക്ക

www.malankaralibrary.com



തങ്ങൾ നിഞ്ഞ വനങ്ങളും കാടുകളും— ഹിമ പര്വതകുന്നുക ളും മണലാരണ്യങ്ങളും എല്ലാമെല്ലാം എന്തത്ഭുതം എത്ര വൈചിത്ര്യം ഇവയെല്ലാം സൃഷ്ടാവിൻെറ സൃഷ്ടി വൈ ഭവത്തെ—വിളിച്ചറിയിച്ചു നിലകൊള്ളുന്നു.

അതിസുന്ദരമായ ലോകം. അതിസുന്ദരമായ പ്രപ ഞ്ചം—പ്രപഞ്ച പ്രകൃതിയിലടക്കം ചെയ്തിരിക്കുന്ന— ഉൾക്കൊണ്ടിരിക്കുന്ന മേധാശക്തികൾ എന്ത്—എത്ര— എന്നാര്ക്ക് പറയാൻ കഴിയും. ശാസ്ത്രവിജ്ഞാനങ്ങളും ഗവേഷണ—പരീക്ഷണ പരിശ്രമത്തിൽ. പ്രകൃതി ശക്തിയുടെ ഒരല്പമാത്രം പോലും തീർത്തും സ്വാധീ നിക്കാൻ കഴിഞ്ഞിട്ടില്ല. ഒരല്പ നിമിഷത്തിനുള്ളിലു ള്ള കൂട്ടിമുട്ടലിൽ ഇതെല്ലാം ഒന്നോടെ തകരും ശൂന്യമാകും.

നശ്വരമായ, ലോക സുഖത്തിനു വേണ്ടി മനുഷ്യർ അന്യോന്യം കലഹിക്കുന്നു പടവെട്ടുന്നു—അസംതൃപ്തി യാൽ സമാധാനമില്ലാതെ വർത്തിക്കുന്നു—മനുഷ്യസൃ ഷ്ടിക്കു മുമ്പുതന്നെ അവനാവശ്യമായതെല്ലാം—ദൈവം, പ്രകൃതിയിൽ നിക്ഷേപിച്ചിട്ടുണ്ട് ആ നിക്ഷേപങ്ങളെ, വിഭവങ്ങളെ—മനുഷ്യർ അന്യോന്യം കലഹിക്കാതെ സ്വാർത്ഥതയില്ലാതെ, സഹോദര ചിന്തയോടെ പങ്കിട്ടു നുഭവിച്ചാൽ പൊതുവെ സമാധാനവും ആനന്ദവും കൈ വരുന്നതാണ്. പട്ടികളുടെ മുമ്പിൽ—കുന്നുപോലെ ആഹാരസാധനങ്ങൾ വച്ചാലും അവർ അന്യോന്യം കടിച്ചു കീറി—ശണ്ഠയിട്ടു് നശിപ്പിക്കുന്നതുപോലെയാണ്, ഇന്നത്തെ ലോകനില ജീവിതത്തിനു സർവപ്രധാനആവ ശ്യമായ, ആഹാരം, വസ്ത്രം, കിടപ്പാടം ഇവ വേണ്ട ത്ര ലോകത്തിലുണ്ടു്.

ദൈവം സൗജന്യമായി നല്കിയിരിക്കുന്നതുമാണ്, അന്യോന്യം പടവെട്ടാതെ—അമിതാനുഭവ സുഖത്തിനു ശ്രമിക്കാതെ—അധികാര ദുർമോഹത്തെ—ഒഴിവാക്കി— നിസ്വാർത്ഥതയോടെ സോദരസ്നേഹത്തിലൂടെ, ലോ കവിഭവങ്ങളെയും വസ്തുവകകളെയും പങ്കിട്ടനുഭവി ച്ചാൽ എല്ലാവർക്കും സംതൃപ്തിയും സമാധാനവും ആനന്ദവും ലഭ്യമാകും.

www.malankaralibrary.com



ഇന്ന് ലോകം അസ്വസ്ഥമാണ്. എവിടെയും, വഴക്കും ബഹളവും ശണ്ഠയും മർദ്ദനമുറകളും, വെടിപടക്ക സ്ഫോടനങ്ങളും, ബോംബുപൊട്ടിക്കലും, വിഷാണു പ്രയോഗവും. അനുദിനം. അനുനിമിഷം—ലോകത്തിന്റെ ഓരോ ഭാഗങ്ങളിലായി നടക്കുന്ന—നടന്നുകൊണ്ടിരിക്കുന്ന—മനുഷ്യക്കുരുതികൾ ഹൃദയമുള്ളവർക്ക് ചിന്തിക്കുന്നവർക്ക്, സഹോദരസ്നേഹികൾക്ക് മർമ്മഭേദകം തന്നെ.

ലോകം ഇന്ന് വിദ്യാഭ്യാസത്തിലും വിജ്ഞാനത്തിലും, സംസ്കാരത്തിലും, ഗവേഷണത്തിലും, ശാസ്ത്രവിജ്ഞാനത്തിലും, ഏററം ഉൽക്കർഷം പ്രാപിച്ചതായി അവകാശപ്പെടുന്ന എല്ലാ വിധത്തിലും കുറെ നേട്ടങ്ങളുണ്ടായിട്ടുണ്ട് നേട്ടങ്ങളേക്കാൾ വളരെ കൂടുതലാണ് ആകമാനം ഉണ്ടായിക്കൊണ്ടിരിക്കുന്ന കോട്ടങ്ങൾ ഒരു മനുഷ്യാത്മാവിന്റെ — മനുഷ്യ ജീവന്റെ — വില, എത്രമാത്രമെന്ന് നിശ്ചയിക്കാവുന്നതും, അളക്കാവുന്നതും തൂക്കാവുന്നതുമല്ല. ലോകം മുഴുവനേക്കാളും, വിലയേറിയതും വിലയററതുമാണ് ഒരു മനുഷ്യജീവൻ തന്നെപ്പോലെ, മാംസവും രക്തവും അസ്ഥിയും, ജീവനുമുള്ള തന്റെ സഹോദരനെ—സഹോദരങ്ങളെ ഒററയ്ക്കും കൂട്ടമായും, പലവിധ മാർഗങ്ങളിലൂടെ സ്വസഹോദരങ്ങളെ കൊന്നൊടുക്കുന്നതിൽപ്പരം ദുഃഖകരമായും, കർക്കശമായും, മർമ്മഭേദകമായും, നീച, നീചമായ, പ്രവർത്തി മറെറാന്നുമില്ല തന്നെ.

ഈ നിലവന്നുചേർന്നതിന്റെ അടിസ്ഥാനപരമായ കാരണങ്ങളെ നമുക്ക് വീക്ഷിക്കാം.

ഇന്ന് ലോകജനത ഒന്നടങ്കം രണ്ടുചേരിയിലാണ്. ഉള്ളവരും—ഇല്ലാത്തവരും. ഉള്ളവർ, ഇല്ലാത്തവരെ, വെറുപ്പോടെ വീക്ഷിക്കുകയും, അടിമകളെപ്പോലെ കരുതി

www.malankaralibrary.com


അധ:സ്ഥിതമനസ്ഥിതിയോടെ കാണുകയും തങ്ങളുടെ ഒരു ചെറുവിരൽ സഹായം പോലും നൽകാതിരിക്കുകയും ചെയ്യുന്നു. ഉള്ളവരിൽ, അമിതസുഖാനുഭവികരം അർദ്ധ മിത സുഖാനുഭവികരം എന്നിങ്ങനെ പ്രധാനമായി മൂന്നു വിഭാഗക്കാരുണ്ട്.

രാജാക്കന്മാർ, രാഷ്ട്രത്തലവന്മാർ, ഭരണമേധാവികളായ മന്ത്രിമാർ–ഗവർണ്ണർമാർ, അംബാസിഡന്മാർ–മതനേതാക്കളായ അതി പുരോഹിത ശ്രേഷ്ഠന്മാർ, കുബേരചക്രവർത്തിമാർ – ഉന്നതധനാഢ്യർ_ വ്യവസായ വാണിജ്യ ഉടമകളെല്ലാം ഉൾപ്പെടുന്ന അർദ്ധാമിത സുഖാനുഭവികളിൽ–മന്ത്രിപദത്തിനു് താഴെ സൂപ്രണ്ടിനടുത്ത പടിവരെയുള്ളവർ, വാണിജ്യവ്യവസായ മാനേജർന്മാർ, പുരോഹിത വൃന്ദം മുഴുവനും, ഡോക്ടറന്മാർ, എൻജിനീയറന്മാർ, കോളേജ് പ്രിൻസിപ്പൽമാരും, പ്രൊഫസന്മാരും എല്ലാം ഉൾപ്പെടുന്നു. ക്ളാർക്ക മുതൽ സൂപ്രണ്ടുവരെയുള്ള സർക്കാരും പ്രൈവററ് സ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥർ മുഴുവനും, ഹൈസ്കൂൾ അദ്ധ്യാപകരും, കോളജ് ലച്ചറന്മാരും മധ്യസ്ഥിത നിലയിലെ ഉയർന്നുള്ള ഉടമകളും ഉൾപ്പെടുന്നു.

മിതസുഖാനുഭവികളിൽ–എല്ലാ സ്ഥാനങ്ങളിലുമുള്ള ക്ളാർക്കന്മാർ, മിഡിൽസ്കൂൾ അധ്യാപകർ, മധ്യസ്ഥിത ഭൂഉടമകളും — കൃഷിക്കാരും.

അർധാമിതസുഖാനുഭവികളിൽ എല്ലാ സ്ഥാപനങ്ങളിലെയും, ശിപായി, അററൻറന്മാരും, പ്രൈമറി സ്കൂൾ അദ്ധ്യാപകർ, വാണിജ്യ, വ്യവസായശാലകളിലെ തൊഴിലാളികൾ—ചെറിയ ഭൂഉടമകളെല്ലാം ഉൾപ്പെടുന്നു.

www.malankaralibrary.com



ഇല്ലാത്തവരുടെ ഗണത്തിൽ അർധപ്പട്ടിണിക്കാർ. മുഴപ്പട്ടിണിക്കാർ, കിടപ്പാടമില്ലാത്തവർ, ചെററക്കടിലുവാസികരം, നഗ്നരും—അർധനഗ്നരും—ഇങ്ങനെ ഷിവിധതരക്കാരുരംപ്പെടുന്നു. ഉള്ളവർ—ഇല്ലാത്തവരെ കാണുന്നുണ്ടെങ്കിലും, കാണുന്നില്ലെന്നുള്ള ഭാവത്തിലും, അറിയുന്നുണ്ടെങ്കിലും, അറിയുന്നില്ലെന്നുള്ള നിലയിലും വർത്തിക്കുന്നു. ഉള്ളവരുടെ ഒരു ചെറുവിരൽ സഹായം പോലും ഇല്ലാത്തവർക്ക് നൽകുന്നില്ലെന്നുമാത്രമല്ല, അവരെ ഈശ്വരനാൽ വെറുക്കപ്പെട്ടവരും ശപിക്കപ്പെട്ടവരുമായി താറടിച്ചു തള്ളുന്നു. വിശപ്പിൻെറ വിളിയുടെ ആഴം ഉള്ളവർ ഒരിക്കലും അനുഭവിച്ചറിയുന്നില്ല.

ഭക്ഷണശാലകളിലെ എച്ചിലിലക്കഴിയിൽ ആർത്തിയാലെ, എച്ചിലില പെറുക്കി ഭക്ഷണാവശിഷ്ടങ്ങരം ആർത്തിയോടെ നക്കിപെറുക്കിത്തിന്നുന്ന കൊച്ചു സോദരങ്ങളെ അവർ കാണുന്നുണ്ടെങ്കിലും കാണാത്ത നിലയിൽ കടന്നുപോകുന്നു.

ഉള്ളവർക്കാകട്ടെ, ഭൂരിപക്ഷക്കാർക്കും അവരുടെ ദുഷ്ടതയുടെ ഫലമായി അമിതാനന്ദ സുഖം അനുഭവിക്കാൻ, ദൈവം അനുവദിക്കുന്നില്ല, ദഹനക്കുറവിനാൽ വിശപ്പിനു സദാ മരുന്നു കഴിച്ചു വിശപ്പുണ്ടാക്കണം. ചിലർക്ക് പഞ്ചസാര ദീനം, ചിലർക്ക് അരി ആഹാരം വേണ്ടാ, ചിലർക്കു ദിവസവും മരുന്നു കുത്തിവയ്ക്കണം ഈ വിധമെല്ലാമായാലും പാവപ്പെട്ടവരെ തിരിഞ്ഞു നോക്കുന്നില്ല മഹോദരം, അർബുധം. ക്യാൻസർ, തുടങ്ങിയ മഹാവ്യാധികളാൽ വേദനാനുഭവത്തിലൂടെ ലോക ജീവിതം അവസാനിപ്പിക്കേണ്ടിവരുന്നവർപോലും കൊടും സ്വാർത്ഥതയിലും ദുഷ്ടതയിലും പര

www.malankaralibrary.com



സ്നേഹമില്ലായ്മയിലും വർത്തിച്ച് ജീവിതമവസാനിപ്പിക്കുന്നു.

പ്രധാനമായ മറെറാരു പ്രശ്നം അസമാധാനത്തിന്റെയും അസ്വസ്ഥതയുടെയും, വിത്തു പാകി മുളപ്പിച്ചു വളർത്തുന്നവരും ഉള്ളവരാണെന്നുള്ള സത്യം മറയ്ക്കാവതല്ല. ഉള്ളവർ തങ്ങളുടെ സുഖത്തിനും സ്വാർത്ഥതാല്പര്യങ്ങൾക്കുമായി, ഇല്ലാത്ത പാവപ്പെട്ടവരെ ഉപയോഗപ്പെടുത്തുന്നു, ആയുധമാക്കുന്നു. തങ്ങളുടെ ലക്ഷ്യപ്രാപ്തിക്കു ശേഷം കറിവേപ്പല പോലെ അവരെ പുറന്തള്ളുന്നു വെറുക്കുന്നു.

സർവ്വ രാഷ്ട്രീയ പാർട്ടികളും ഇതരസംഘടനകളും, ഇസ്സങ്ങളും, സമൂഹങ്ങളുമെല്ലാം, പാവപ്പെട്ടവരെ ഉപകരണമാക്കി പൊക്കിപ്പിടിച്ചു തങ്ങളുടെ, സുഖം സ്വാർത്ഥത, താല്പര്യങ്ങൾ നേടിയെടുക്കുന്നു, അത്യധികം കഠിനതരവും, ശോച്യവുമായ ഈ നില മാറാതെ ലോക സമാധാനം കൈവരുന്നതല്ല.

ഇന്ന് എവിടെ നോക്കിയാലും അസമാധാനം, അസ്വസ്ഥത, അക്രമിവളയാട്ടവും പോരാട്ടവും, മനുഷ്യക്കുരുതി, ഇതിന്റെയെല്ലാം ഉറവിടം മാത്രമല്ല, ശക്തികേന്ദ്രം തന്നെ മുൻപറഞ്ഞ ഉള്ളവരുടെ, സംഘടനാ സമൂഹങ്ങളിൽ നിന്നാണെന്നുള്ളതു ശക്തവും വ്യക്തവുമായ ഒരു പരമ സത്യം മാത്രമാണ്. ചിലർക്കു അമിതാനന്ദ സുഖാനുഭവം മാത്രം പോരാ പേരും പെരുമയും പ്രശസ്തിയും, അധികാരമോഹം, എല്ലാമെല്ലാം വേണം. അതിലേക്ക് എന്തു ദുഷ്ടതയും കഠിനപ്രവർത്തിയും ചെയ്യുന്നതിന് അവർക്ക് മടിയില്ല. കൊല്ലും കൊലയും കൊള്ളിവയ്പും നടത്തുന്നതിനും മടിയില്ല. അതിന്റെ ദുരിതാ

www.malankaralibrary.com



അവേ ഫലങ്ങൾക്കിടയാകുന്ന സഹോദരങ്ങളെ അവർ കാണുന്നില്ല.

മതത്തിൻെറ പേരിൽ ചൂഷണമോഷണങ്ങളും തട്ടിപ്പുവെട്ടിപ്പുകളും നടത്തുന്ന ഒരു നല്ല വിഭാഗം ലോകത്തെവിടെയുമുണ്ട്.

ദൈവഭക്തരും മതസ്നേഹികളുമെന്നു ഭാവിക്കുന്ന വ്യക്തികളും ഉപദേശികളും സന്യാസികളും വൈദികരും സന്യാസ ബ്രദേഴ്സും പുരോഹിത ശ്രേഷ്ഠന്മാരും—യതികളും യതിപുംഗവരും, ദേവാലയ ബലിയർപ്പണക്കാരുമെല്ലാം ഇതിൽ ഉൾപ്പെട്ടിരിക്കുന്നു. ഇക്കൂട്ടരിൽ, ആത്മാർത്ഥതയോടെ, ദൈവസ്നേഹത്തോടെ പരസ്നേഹത്തോടെ, വർത്തിക്കുന്ന ഒരു വിഭാഗക്കാരും അവിടവിടെ ഇല്ലാതില്ല, അധികപങ്കും തൻ സുഖം തനിക്കു താൻ. സ്വാർത്ഥത—തൻെറ സ്വന്തക്കാർ. ബന്ധുക്കൾ—എല്ലാം അമിതാനന്ദ സുഖത്തിൽ പ്രശസ്തിയിൽ—ധനാഢ്യതയിൽ കഴിയണം—ആയതിലേക്ക—പാവപ്പെട്ടവൻെറ—പിച്ചച്ചട്ടിക്കാരൻെറ. അവശൻെറ—ആലംബഹീനൻെറ—പേരിൽ, എവിടെയെല്ലാം എങ്ങനെയെല്ലാം പൊക്കിക്കാണിച്ചു ഉദാരമതികളിൽ നിന്നു വാങ്ങാവുന്നത്ര വാങ്ങി സുഖിക്കുന്നു. ഈ നില മാറണം. അറുതിവരണം.

## നഗ്നവും വ്യക്തവുമായ ഒരു സത്യം

ലോക ജനതയിൽ ഒരു നല്ല വിഭാഗം എന്നും അസ്വസ്ഥതയിലും അസമാധാനത്തിലുമാണ് കഴിഞ്ഞിട്ടുള്ളത്. ഇന്നു ആകപ്പാടെ, ലോകം മുഴുവൻതന്നെ, സമാധാനമില്ലാതെ, സ്വസ്ഥതയില്ലാതെ, വഴക്കും വയ്യാവേലിയുമായി, ശണ്ഠയിലും മർദ്ദനത്തിലും സംഘട്ടനത്തിലും

www.malankaralibrary.com



മനുഷ്യക്കരുത്തിയിലും ഭീകരതയോടെ നടക്കുന്തോടെ മു ന്നേറുന്നു. എവിടെയും, ജാതി, ജാതിക്കെതിരായും വർഗ്ഗം, വർഗ്ഗത്തിനെതിരായും മതം മതത്തിനെതിരായും കുടുംബം, കുടുംബത്തിനെതിരായും ദേശം ദേശത്തിനെതിരായും സമൂഹം സമൂഹത്തിനെതിരായും, ഇസ്സം ഇസ്സത്തിനെതിരായും പോരാടുന്നു.

ഒരേ ജാതിയും, വർഗവും, മതവും, സമൂഹവും, രാജ്യവും, കുടുംബവുംതന്നെ, തമ്മിൽ തമ്മിൽ എതിരായി മത്സരിച്ചുവർത്തിക്കുന്നു. മാതാപിതാക്കളും മക്കളും, സ്വന്തക്കാരും ബന്ധുക്കളുമെല്ലാം തമ്മിൽ തമ്മിലും അന്യോന്യവും പോരാടുന്നു. എങ്ങും ഒരിടത്തും സമാധാനമില്ലെന്നുള്ളത് നഗ്നമായ ഒരു സത്യം മാത്രമാണ്.

ആദികാലം മുതൽ ഇന്നുവരെ—ലോകത്തിലെവിടെയും സമാധാനചിത്തരായിവർത്തിക്കുന്ന—ജീവിക്കുന്ന—സമാധാനത്തിനായി അവിശ്രമപരിശ്രമം നടത്തുന്ന ഒരു വിഭാഗക്കാരുണ്ടെന്നുള്ള വ്യക്തമായ സത്യം, മറക്കാവതോ—മറയ്ക്കാവതോ അല്ല. അത് അവർ എല്ലാ മതങ്ങളിലേയും, പുരോഹിതർ, വൈദികർ, പുരോഹിതശ്രേഷ്ഠർ. സന്യാസിനികൾ, സന്യാസബ്രദേഴ്സ്—ആനന്ദബ്രഹ്മാനന്ദസ്വാമിമാർ. പാദുക സ്വാമിമാർ. തുടങ്ങിയവരാണ് ഇക്കൂട്ടർ. എത്രതന്നെ സ്വാർത്ഥരും, സ്വാർത്ഥമോഹികളും, പരസ്നേഹമില്ലാത്തവരുമായാലും—അവരുടെ അതേ സ്വഭാവപ്രവർത്തനങ്ങൾക്ക് കോട്ടംവരാതെ—വരുത്താതെ—സമാധാനത്തിനു വേണ്ടി, സമാധാനചിത്തരായി വർത്തിക്കുന്നു. എന്നത് നമുക്ക് മറക്കാവുന്നതല്ല.

എല്ലാ വിഭാഗത്തിലും, ജാതിയിലും മതത്തിലും ഉള്ള, സകലവൈദികരും, പുരോഹിതരും പുരോഹിതശ്രേഷ്ഠം

www.malankaralibrary.com



രും, സന്യാസികളും. കന്യാസ്ത്രീകളും, സന്യാസസഹോദരങ്ങളും എത്രതന്നെ തൻകാര്യപ്രിയരും—സ്വാർത്ഥമൂർത്തികളും അമിതസുഖാനുഭവികളുമായാലും അവർ ലോകാരംഭം മുതൽ ഇന്നുവരെ ലോകസമാധാനത്തിനുവേണ്ടി നിലകൊണ്ടുപരിശ്രമിച്ചിട്ടുണ്ട്, ഇന്നും പരിശ്രമിക്കുന്നു അവരുടെ സന്മാർഗികവും നിസ്വാർത്ഥതയും പരസ്നേഹവും എത്രതന്നെ കുറവായിരുന്നാലും, അവർ, അസ്വസ്ഥകളും, വഴക്കുകളും മനുഷ്യക്കുരുതിയും ഉണ്ടാക്കാതെ അതിനെതിരായി ലോകസമാധാനം കൈവരിക്കുന്നതിനായി അവിശ്രമം പരിശ്രമം നടത്തുന്നു അവരുടെ സ്തുത്യർഹമായ സേവനം ആർക്കും ഒരിക്കലും മറക്കാനോ മറയ്ക്കാനോ സാധ്യമല്ല. ആ വിജയക്കൊടി എന്നും പാറിപ്പറക്കുന്നു. പറന്നുകൊണ്ടിരിക്കുന്നു.

ലോകസമാധാനം കൈവരിക്കുന്നതിന് ഉള്ളവരായ സുഖാനുഭവികരം എല്ലാ തലത്തിലും എല്ലാവിധത്തിലും. തങ്ങളുടെ സുഖം പരിമിതമാക്കി. ഇല്ലാത്തവരെ സഹായിക്കണം. കൂടാതെ ഉള്ളവർ തങ്ങളുടെ സ്വാർത്ഥതാല്പര്യങ്ങൾക്കായി ഇല്ലാത്തവരെ ആയുധമാക്കാതെയും. ഇസ്സങ്ങളും, സംഘടനകളും, സമൂഹങ്ങളും കെട്ടിപ്പടുക്കാതെയും, കഴിവുള്ള നിസ്വാർത്ഥതയോടെ വർത്തിച്ച് ജീവിക്കണം.

സമാധാനത്തിൻെറ മൂർത്തിയും സമാധാനത്തിൻെറ ഉടമയും, സർവത്തിൻെറയും സൃഷ്ടാവും. രക്ഷിതാവുമായ സർവേശ്വരനിൽ എല്ലാവരും വിശ്വസിച്ച് ദൈവസ്നേഹം മനുഷ്യസ്നേഹത്തിലൂടെ പ്രവർത്തിച്ച് വ്യക്തമാക്കി ഏകോദരസഹോദരങ്ങളായി ജീവിച്ചാൽ ലോകസമാധാനം കൈവരിക്കാം.

www.malankaralibrary.com

# ൩൦ ഈശ്വരചിന്ത

## I

ഈശ്വരൻ, അളവററ നീതിയുടെ കരുണയുടെ, സ്നേഹത്തിൻെറ ക്ഷമയുടെ സൗന്ദര്യത്തിൻെറ ഭണ്ഡാകാരമാണ്. മൂർത്തിമത്താണ് സകല നന്മസ്വരൂപനാണ്. സർവ്വശക്തനാണ്. സർവ്വജ്ഞാനിയാണ്. ദൃശ്യവും അദൃശ്യവുമായ സർവത്തെയും. അതിസൗന്ദര്യത്തിൽ. അതിമനോഹാരിതയിൽ അവിടുന്നുളവാക്കി—പ്രപഞ്ചത്തിൻെറ അധിനായകനായി. താൻെറ,രൂപസാദൃശ്യതയിൽ മനുഷ്യനായ നമ്മെ സൃഷ്ടിച്ചു പ്രപഞ്ചത്തിൻെറമേലുള്ള സർവ അവകാശവും. അധികാരവും മേൽക്കോയ്മയും പരിപൂർണ്ണസ്വാതന്ത്ര്യത്തോടെ നമുക്കു ദത്തം ചെയ്തു.

സ്നേഹം, സ്വാർത്ഥതയെ ഇഷ്ടപ്പെടുന്നില്ല സ്വാർത്ഥതയ്ക്കെതിരാണ് സ്നേഹം, തനിച്ചിരിക്കയില്ല. അന്യരിലേക്കു അന്യമയതിലേക്കു പകരും. പകരണം, അതാണ് സ്നേഹത്തിൻെറ സ്വഭാവം അളവററ സ്നേഹം സ്വരൂപനായ—ഈശ്വരൻെറ സ്നേഹം വഴിഞ്ഞൊഴുകി പകർന്നവച്ച കുംഭങ്ങളാണ് മനുഷ്യനും അവൻെറ അധിവാസസ്ഥാനമായ പ്രപഞ്ച പ്രകൃതിയും സർവസൃഷ്ടിജാലവും സമസ്ത ചരാചരങ്ങളും ദൃശ്യവും അദൃശ്യവുമായ അറിയപ്പെടുന്നതും അറിയപ്പെടാത്തതുമായ എല്ലാ സൗരയൂഥ ഗ്രഹവ്യൂഹങ്ങളും—എല്ലാമെല്ലാം—സമസ്തവും—സർവ്വസ്വവും.

ഈശ്വരന് മനുഷ്യരോടുള്ള സ്നേഹത്തിന്—അതിരും അളവും വ്യവസ്ഥയുമില്ല. യാതൊരുവിധ, വ്യവ

www.malankaralibrary.com



സ്ഥയുടെ പേരിലല്ലാ ദൈവം മനുഷ്യനെ സ്നേഹിക്കുന്നതു് വ്യവസ്ഥയുടെ പേരിലുള്ള ഏതൊന്നിനും അതിരും അളവും ഉണ്ടു്. മനുഷ്യരോടുള്ള തന്റെ അതിരററ സ്നേഹത്തിനു് പ്രതിഫലമായി—മനുഷ്യർ—ഇന്നതു ഇന്നതു—തനിക്കു തരണമെന്നും—തന്നെ ഇന്നവിധമെല്ലാം വാഴ്ത്തി പുകഴ്ത്തണമെന്നും ഒന്നും അവിടുന്നാവശ്യപ്പെടുന്നില്ല ഈശ്വരനില്ലെന്നു പറയുന്ന നാസ്തികരെയും ഈശ്വരനെ കീർത്തിച്ചു സ്തുതിക്കുന്നവരെയും, ഈശ്വര സ്വഭാവത്തിനെതിരായി അതിസ്വാർത്ഥതയിൽ വർത്തിക്കുന്നവരെയും ദുഷ്ടരെയും കുത്തിക്കൊല്ലികളെയും, എല്ലാവിധ തിന്മകളിൽ വർത്തിക്കുന്നവരെയും ദൈവം സ്നേഹിക്കുന്നു—അതിരും അളവും ക്ലിപ്തവും, വ്യവസ്ഥയുമില്ലാതെ അത്യധികം സ്നേഹിക്കുന്നു—അവിടുത്തെ സ്നേഹവായ്പിൽ ഉൾപ്പെടുന്നതിനു സർവരെയും ക്ഷണിക്കുന്നു.

ഈശ്വരനെ സ്തുതിക്കുന്നവരോടുമാത്രമാണു് അവിടുത്തേക്കു സ്നേഹവും, അല്ലാത്തവരോടു വിരോധവുമാണെന്നുള്ള ധാരണതികച്ചും—തെററ്—എന്നാൽ ശരിയുമാണ്—ഒരു കാര്യം ഒന്നുപോലെ ശരിയും തെററുമാകുന്നതു വിരോധാഭാസമല്ലെ-ഈശ്വരനെപ്പററി, ശരിയായി പഠിച്ചറിഞ്ഞില്ലെങ്കിലും, അവിടുത്തെ സ്വഭാവപ്രകൃതി മനസ്സിലാക്കിയാൽ—ഈശ്വരൻ എല്ലാവരെയും അളവില്ലാതെയും വ്യവസ്ഥയില്ലാതെയും സ്നേഹിക്കുന്നതായി വിശദമാകും ശരിയായ—പൂർണ്ണമായ സ്നേഹത്തിന്റെ സ്വഭാവ പ്രകൃതി ആ വിധമാണു്.

പ്രകൃതിശക്തികൾക്കു അനുസൃതമായി, വിധേയമായി—നാം ജീവിച്ചു വർത്തിച്ചില്ലെങ്കിൽ ആപത്തുകളുണ്ടാകുന്നു. അതു പ്രകൃതിനിയമമാണു്, നാം ഒഴികെ, മററൊ

www.malankaralibrary.com



രു ജീവികാംക്കം, വിശേഷബുദ്ധി, വിവേകശക്തി— ആലോചനാചിന്താശക്തി ദൈവം നൽകിട്ടില്ല—അതോടൊപ്പം, എന്തും ഏതും—ചെയ്യുന്നതിനും പ്രവർത്തിക്കുന്നതിനുമുള്ള പരിപൂർണ്ണ സ്വാതന്ത്ര്യവും നൽകിയിരിക്കുകയാണ്—നമുക്ക ആ സ്വാതന്ത്ര്യം പ്രകൃതിനിയമങ്ങാംക്കെതിരായി നാം പ്രയോഗിച്ചാലുടനെ ആപത്തിനിടയാകുന്നു അതു്—ഈശ്വരനിൽനിന്നല്ല—പ്രകൃതിശക്തിയിൽ നിന്നാണ്. ഉദാഹരണമായി—ജലത്തിൻെറ അഗാധതയിലേക്ക നാം നിപതിച്ചാൽ മണിക്കൂറുകാംക്കകം മരണമടയുന്നു ഉയരത്തിൽ നിന്നു നിലംപതിച്ചാലും മരണമടയുന്നു. അതെല്ലാം പ്രകൃതിനിയമമാണ് ദൈവനിശ്ചയമല്ല—

ഓരോരുത്തക്കും വന്നുചേരുന്ന ലഭിക്കുന്ന— സുഖദുഃഖാനുഭവങ്ങളും—പ്രകൃതി നിയമത്തിനും ശക്തിക്കും എതിരായുള്ള ജീവിത പ്രവൃത്തനത്താലാണ്—ഒരാംക്കിന്നവിധം കഷ്ടതകളുണ്ടാകണം ഇന്നവിധം ഇന്നപ്പോാം ഇത്രാം വയസ്സിൽ മരിക്കണം—മറെറാരുവൻ ഇന്നവിധം ഉന്നത സുഖത്തിൽ ദീർഘായസ്സുവരെ ജീവിച്ചു മരിക്കണം—എന്നിത്യാദികളൊന്നും ഈശ്വരൻ ആക്കും നിശ്ചയം ചെയ്തിട്ടില്ല. തലേലെഴുത്തു് എന്നു പറയപ്പെടുന്ന ഒരെഴുത്തോ നിശ്ചയമോ ഇല്ല—ഓരോരുത്തക്കായും മുൻകൂട്ടി ആ വിധമായ—എഴുത്തും നിശ്ചയങ്ങളും ചെയ്യുന്നതിനു് ദൈവ സ്നേഹവും, നീതിയും കരുണയും പരിപൂർണ്ണതയുംകൊണ്ടിരിക്കുന്ന ഈശ്വരനു സാധ്യമല്ല.

ഇവിടെ ഒരു ചോദ്യം. ഈശ്വരനു സാധ്യമാകാത്തതെങ്കിലുമുണ്ടോ—ഈശ്വരൻ സർവ്വശക്തനല്ലേ—പിന്നെ—എന്തും ഏതും എല്ലാം സാധ്യമാകാത്തതെന്തു്—കരുണയി

www.malankaralibrary.com


ല്ലാതെയും നീതിയില്ലാതെയും സ്നേഹമില്ലാതെയും ക്ഷമയില്ലാതെയും, എല്ലാ നന്മകൾക്കെതിരായും, തിന്മയും പാപവും തെററും ചെയ്യുന്നതിന്—ഈശ്വരന്ന സാധ്യമല്ല—സർവ്വശക്തനായ അവിടുത്തെ ശക്തി കുറവുകൊണ്ടല്ലാ സാധ്യമാകാത്തതു്—തെററും തിന്മയും പ്രവർത്തിക്കുന്നതിനിടയാകുന്നതു ശക്തികുറവിൽ നിന്നാണ്—ശക്തിക്ഷീണതയിൽ നിന്നാണ്, ഈശ്വരന്ന് ഒരിക്കലും—ശക്തിക്ഷീണമില്ല ബലഹീനതയില്ല—സദാ എല്ലാ ശക്തിയിലും പൂർണ്ണനും ബലവാനും ആകുന്ന ശക്തിയുടെ അപൂർണ്ണതയും ബലഹീനതയുമാണ്. തെററുകുററങ്ങൾക്ക ഇടവരുത്തുന്നതു് ഈശ്വരൻ എല്ലാ ശക്തികളിലും പരിപൂർണ്ണനാണ്—സർവ്വശക്തനാണ്—ബലവാനാണ്—ഒന്നിലും ഒരിക്കലും അപൂർണ്ണതയില്ലാത്തതിനാൽ തെററു പ്രവർത്തിക്കാൻ അവിടുത്തേക്ക സാധ്യമല്ല—ആയതു ഈശ്വരന്റെ ശക്തികുറവുകൊണ്ടല്ല. ശക്തിയുടെ പരിപൂർണ്ണതകൊണ്ടാകുന്നു.

www.malankaralibrary.com

## ഈശ്വരചിന്ത

## II

ഇനിയും ഈശ്വരൻ, മനുഷ്യരെ സ്നേഹിക്കുന്നതിന് വ്യവസ്ഥയും പ്രതിസ്നേഹമാകുന്ന, പ്രതിഫലവും ആവശ്യപ്പെടുന്നില്ലെന്നുള്ളതു വ്യക്തമാക്കാം. ഈശ്വരൻ സ്നേഹമാകുന്നു, സ്നേഹം തന്നെയാകുന്നു, സ്നേഹകൂമ്പാരമാകുന്നു, സ്നേഹഭണ്ഡാകാരമാകുന്നു, സ്നേഹം, സ്വാർത്ഥമായിരിക്കുകയില്ല. തനിച്ചിരിക്കയില്ല, അതാണ് സ്നേഹത്തിന്റെ സ്വഭാവ പ്രകൃതി അതിനാൽ സ്നേഹഭണ്ഡാകാരമായ ഈശ്വരനിൽനിന്നും സ്നേഹം വഴിഞ്ഞൊഴുകി അതു പകർന്നു വക്കാനുള്ള കുംഭങ്ങളായി മനുഷ്യനെ സൃഷ്ടിച്ചു കൂടാതെ അവന്റെ ജീവിതത്തിനായി മുൻകൂട്ടി തന്നെ ഈ നഭോമണ്ഡലം ഉൾക്കൊള്ളുന്ന പ്രപഞ്ച പ്രകൃതിയെ അവന്റെ അധിവാസത്തിനും ജീവസന്ധാരണത്തിനുമാവശ്യമായതെല്ലാം ഉൾക്കൊള്ളിച്ചു കല്പിച്ചുളവാക്കി—അതിനാൽ മനുഷ്യരെല്ലാം ദൈവസ്നേഹമാകുന്ന വലയത്തിലുൾക്കൊണ്ടിരിക്കുന്ന സ്നേഹ കുംഭങ്ങളാകുന്നു.

സ്നേഹം—സ്വാർത്ഥമല്ല സ്നേഹം—സ്വാർത്ഥത്തെ ഇഷ്ടപ്പെടുകയല്ല—സ്നേഹത്തിനു സ്വാർത്ഥമായി വർത്തിക്കാൻ വ്യാപരിക്കാൻ സാധ്യമല്ല—.അതുപോലെ, സ്നേഹമാകുന്ന വ്യക്തിത്വം—തന്നെ സ്നേഹിക്കാത്തവരെ—സ്നേഹത്തിലേക്ക്, പ്രതിസ്നേഹം അർപ്പിക്കാത്തവരെ ഇഷ്ടപ്പെടുന്നില്ലെന്നു മാത്രമല്ല, വെറുക്കുകയും ചെയ്യുന്നു. അതാണു സ്നേഹത്തിന്റെ സ്വഭാവ പ്രകൃതി. അതിനാൽ, ഈശ്വരസ്നേ

www.malankaralibrary.com


ഹമാകുന്ന വ്യക്തിത്വം—അതിനെ സ്നേഹിക്കാത്തവരിൽ നിന്നു് പ്രതിസ്നേഹം പ്രവൃത്തികളിൽക്കൂടി നൽകാത്തവരിൽ നിന്നു വിട്ടുപോകുന്നു അവരെ വെറുക്കുന്നു—ഇതു് പോലെ ഈശ്വരന്റെ ചിന്തയിലുംപ്പെട്ടതോ കല്പനയിലൂടെ നൽകിയിരിക്കുന്നതോ അല്ല.

ഒന്നുകൂടി വ്യക്തമാക്കാം സ്നേഹമൂർത്തിയായ ഈശ്വരൻ എല്ലാവരെയും ഒന്നുപോലെ സ്നേഹിക്കുന്നു തന്നെ, നിഷേധിക്കുന്നവരേയും തന്റെ വ്യക്തിത്വത്തെയും ആസ്തിക്യത്തെയും നിഷേധിക്കുന്നവരെയും സ്നേഹമില്ലാതെവർത്തിക്കുന്നവരെയും, ദുഷ്ടരെയും എല്ലാം ഈശ്വരൻ—ഒന്നുപോലെ സ്നേഹിക്കുന്നു. യാതൊരു വ്യവസ്ഥയുമില്ലാതെ സ്നേഹിക്കുന്നു— പ്രതിനന്ദിയോ പ്രതിസ്നേഹമോ പ്രതിഫലമോ ആവശ്യപ്പെടാതെ അതിരററു സ്നേഹിക്കുന്നു—എന്നാൽ സ്നേഹമാകുന്ന, വ്യക്തിത്വത്തിന്റെ സ്വഭാവവും പ്രകൃതിയും, പ്രതിസ്നേഹമില്ലാത്തവരെ—പ്രത്യേകിച്ചും പ്രതിസ്നേഹം പ്രവൃത്തികളിൽക്കൂടി. ചെയ്യാത്തവരെ—വെറുത്തു പുറന്തള്ളുകയെന്നുള്ളതാണ്. അതു ഈശ്വര നിശ്ചയമല്ല. അതിനാൽ ഈശ്വര സ്നേഹം വഴിഞ്ഞൊഴുകി പകർന്നു നിറച്ചുവച്ച കുംഭങ്ങളായ മനുഷ്യസഹോദരങ്ങളെ സ്നേഹിക്കാത്ത, നിസ്വാത്ഥ സേവനങ്ങളർപ്പിക്കാത്ത, സ്വാർത്ഥരിൽനിന്നും അതിസ്വാർത്ഥരിൽ നിന്നും ദുഷ്ടരിൽ നിന്നും ദൈവസ്നേഹം അകന്നകന്നു പോകുന്നു—അവർ ദൈവസ്നേഹവലയത്തിൽനിന്നു പുറന്തള്ളപ്പെടുന്നു അതു് സ്നേഹ വ്യക്തിത്വത്തിന്റെ സ്വഭാവ പ്രകൃതിയാണു് അതിനു ഈശ്വരനെ പഴിക്കേണ്ട കാര്യമില്ല.

ഈശ്വരൻ ഒരിക്കലും മനുഷ്യർ തന്നെ സ്തുതിക്കണമെന്നും പുകഴ്ത്തണമെന്നും ആവശ്യപ്പെടുകയില്ല. മനു

www.malankaralibrary.com


ഷ്യരുടെ സ്തുതിപ്പുകളിൽ—പൊങ്ങച്ച സ്തുതി കീർത്തന ങ്ങളിൽ ആകൃഷ്ടനായി, പൊങ്ങത്തക്കവിധമുള്ള പൊ ങ്ങച്ചനല്ല—ദൈവം—അതിനാൽ അവിടത്തെ വാഴ്ത്തി പുകഴ്ത്തി സ്തുതിക്കുന്നവരെയും, സ്തുതിക്കാത്തവരെ യും അവിടുന്നു സ്നേഹിക്കുന്നു—എന്നാൽ സ്നേഹത്തി ൻെറ സ്വതേയുള്ള സ്വഭാവ പ്രകൃതിയനുസരിച്ച്, പ്രതി സ്നേഹമാകുന്ന, സോദരസ്നേഹവും, നിസ്വാർത്ഥ സേവനവും ഈശ്വരസ്തുതി സ്തുതി സ്തോത്രങ്ങളും അർപ്പിക്കാത്തവരിൽനിന്നും—ദൈവസ്നേഹമാകുന്ന വ്യ ക്തിത്വം അകന്നു പോകുന്നു—അതിന് ആരും ഈശ്വര നെ പഴിക്കേണ്ടതില്ല—ഈശ്വരൻെറ ഗുണമല്ല. അവന വൻെറ പ്രവൃത്തിഫലങ്ങളാണ് ഓരോരുത്തരും അനുഭ വിക്കേണ്ടി വരുന്ന സുഖദുഃഖങ്ങൾ ആ ഫലങ്ങൾ ഇവി ടെ വച്ച് മരണാനന്തര ജീവിതത്തിലും ലഭിക്കുമെന്നുള്ളതു നിശ്ചയമാണ്,

ദൈവം തൻെറ മക്കളായ എല്ലാവരേയും എല്ലാവരും തൻെറ സൃഷ്ടിയായ മക്കളാണ്, എല്ലാവരേയും ഒന്നു പോലെ, യാതൊരു വ്യവസ്ഥകൾക്കും വിധേയമാക്കാതെ അളവില്ലാതെ സ്നേഹിക്കുന്നു എന്നാൽ സ്നേഹത്തെ ഒരു വ്യക്തിയായി സങ്കല്പിച്ചാൽ—ആ സ്നേഹവ്യക്തി ത്വത്തിൻെറ സ്വഭാവ പ്രകൃതിക്കനുസൃതമായി വർത്തിക്കാ തിരുന്നാൽ സ്നേഹം വിട്ടകന്നു പോകും സ്നേഹം— സ്വാർത്ഥമായിരിക്കയില്ല—സ്വാർത്ഥത്തെ ഇഷ്ട പ്പെടുന്നില്ല, സ്നേഹം അന്യരിലേക്കു പകരണം. വ്യാ പരിക്കണം സ്നേഹം എവിടെനിന്നു വരുന്നുവോ ആ സ്ഥാനത്തേക്കു പ്രതിസ്നേഹം അർപ്പിക്കണം. ചെന്നെ ത്തണം. സമസൃഷ്ടങ്ങളായസഹോദരങ്ങളിൽക്കൂടി തനി ക്കു ദത്തമായി ലഭിച്ച സ്നേഹം വ്യാപരിപ്പിച്ച ദാതാവി ലേക്കു പ്രതിസ്നേഹമായി ചെന്നെത്തിക്കണം, അതാണു

www.malankaralibrary.com



സ്നേഹത്തിന്റെ സ്വഭാവ പ്രകൃതി–സഹോദരങ്ങളിൽ കൂടി വ്യാപരിച്ച ദാതാവിലേക്കു പ്രതിസ്നേഹമായിസ്നേഹത്തെ അർപ്പിക്കാത്തവർക്കു–ദാനമായി ലഭിച്ച സ്നേഹം ശിക്ഷാവിധിക്കും നരകയാതനകൾക്കും ഇടയാക്കും—അതായത് ദൈവകല്പനയാലല്ലാ—സ്നേഹത്തിന്റെ സ്വഭാവപ്രകൃതിയുളവാക്കുന്ന ഫലമാണ്.

എന്തും ചെയ്യുന്നതിനും എങ്ങനെയും വർത്തിക്കുന്നതിനും—മനുഷ്യനു പരിപൂർണ്ണ സ്വാതന്ത്ര്യം ദൈവം നൽകിയിരിക്കുകയാണ്. ആ സ്വാതന്ത്ര്യം, ദുസ്വാതന്ത്ര്യമായി ദുഷ്ടമായി ദുരുപയോഗപ്പെടുത്തിവർത്തിച്ചാൽ, ജീവിച്ചാൽ, സ്നേഹത്തിൽ നിന്നുളവാകുന്ന പരിപാവന സ്വാതന്ത്ര്യം തന്നെ, ശിക്ഷാവിധിക്കിടയാക്കും—മനുഷ്യർക്കു നൽകിയിരിക്കുന്ന സ്വാതന്ത്ര്യത്തിൽ—ദൈവം ഒരിക്കലും കൈകടത്തുകയില്ല—ദൈവത്തിനെതിരായി വർത്തിക്കുന്നതിലും ദൈവം, വിലങ്ങുതടിയാകയില്ല—തടസ്സമാകയില്ല—ദൈവസ്നേഹ കുംഭങ്ങളാകുന്ന മനുഷ്യർ, തങ്ങളുടെ എല്ലാ ജീവിത പ്രവർത്തനങ്ങളും സ്നേഹപരമായി, സഹോദരങ്ങളിൽകൂടി ആ സ്നേഹം വ്യാപരിപ്പിച്ച ആ സ്നേഹം ഉത്ഭവസ്ഥാനമായ ദൈവത്തിൽ മടങ്ങി എത്തണം ദൈവം, നീതിപൂർണ്ണനാകയാൽ, ആ നീതിയാൽ ജാതമാക്കിയ മനുഷ്യനും ആത്യന്തം നീതിയാൽ വർത്തിച്ചുസഹോദരങ്ങളിൽകൂടി നീതിവ്യാപരിച്ച നീതി നൽകിയ ദൈവസന്നിധിയിൽ മടങ്ങിയെത്തണം.

പരിശുദ്ധിയുടെ പരിശുദ്ധതയിൽ, പൂർണ്ണനായ സ്രഷ്ടാവിൽ നിന്നു മനുഷ്യനു ലഭിച്ചിരിക്കുന്ന, പരിശുദ്ധി എല്ലാ

www.malankaralibrary.com



ററിലും സഹോദരങ്ങളിൽക്കൂടി വ്യാപരിച്ച ദാതാവിലേക്ക മടങ്ങിയെത്തുന്നു. ക്ഷമയുടെ മൂർത്തിമത്തായ ഈശ്വരനിൽ നിന്നും മനുഷ്യന്ന ദത്തം ചെയ്തിരിക്കുന്ന ക്ഷമ, സദാ ജീവിതത്തിൽ പകർത്തി സഹോദരങ്ങളിൽക്കൂടി വ്യാപരിച്ച ദാതാവിലേക്ക് ചെന്നെത്തണം.-കരുണാസമുദ്രമായ ദൈവത്തിൽനിന്ന മനുഷ്യന്ന ലഭിച്ച കരുത്ത ജീവിതാനുഷ്ഠാനങ്ങളിൽ പകർത്തി സഹോദരങ്ങളിൽ പകർത്തി സഹോദരങ്ങളിൽക്കൂടി വ്യാപരിപ്പിച്ച ഈശ്വര സന്നിധിയിലെത്തണം ഈ വിധം സ്നേഹം, നീതി കരുണ, ക്ഷമ, പരിശുദ്ധി എന്നിവയുടെ ഭണ്ഡാകാരമായ സ്രഷ്ടാവിൽനിന്നും, ജാതനായ, മനുഷ്യൻ ആ ഓരോ സ്വഭാവഗുണ വിശേഷങ്ങളിൽ, അഭംഗുരം ജീവിതം തുടർന്നു, അതത്തു, സ്വഭാവവിശേഷങ്ങളുടെ വലയത്തിൽ നിന്നും പുറത്താകാതെ ഈശ്വര സന്നിധിയിൽ ചെന്നെത്തേണ്ടതാകുന്നു-ഈശ്വരന്റെ വിധികൊണ്ടല്ല ഈശ്വരൻ തന്റേതായ മനുഷ്യക്ക നല്കിയ ആ സ്വഭാവ വിശേഷങ്ങളുടെ, പ്രവൃത്തനം മൂലമാണ് മനുഷ്യൻ സ്വർഗ്ഗനരകാവകാശികളാകുന്നത്.

www.malankaralibrary.com

# ഈശ്വരചിന്ത

## III

ഈശ്വരനെയും ഈശ്വരൻെറ സ്വഭാവ ഗുണവിശേഷങ്ങളേയുംപററി അറിയാത്തവർക്ക എങ്ങനെ–ഈശ്വരസ്വഭാവത്തിനനുസൃതമായി ജീവിക്കാൻ കഴിയും എന്ന ചോദ്യം പ്രസക്തമാണ്. എന്നാൽ–വിശേഷബുദ്ധിയുള്ള മനുഷ്യൻ–തൻെറ സൃഷ്ടാവും പിതാവുമായ ദൈവത്തെ ഇല്ലായ്മയിൽനിന്നു തനിക്ക വേണ്ടതെല്ലാം സൗജന്യമായി ഒരുക്കിതന്ന–പിതാവിനെ–അന്വേഷിക്കേണ്ടതു്. അറിയേണ്ടതു് തൻെറ പ്രഥമവും പ്രധാനവുമായ കടമയാകുന്നു സ്നേഹസ്വരൂപനായ, തൻെറ സൃഷ്ടാവിനെ, പിതാവിനെ, മനുഷ്യനും ഒരു തലമുറ മുതൽ, മനുഷ്യർ–അന്വേഷിക്കുകയും കണ്ടെത്തുകയും–ശ്രമങ്ങൾ നടത്തുകയും ചെയ്തിട്ടുണ്ട്–അതിൻെറ ഫലമായിട്ടാണ്, പ്രകൃതിശക്തികളിലും, വസ്തുക്കളിലും, ഓരോന്നിനെയും, ഈശ്വരനായി സങ്കല്പിച്ച്, ലോകത്തിൻെറ വിവിധ ഭാഗങ്ങളിൽ, ഓരോ കൂട്ടരായി അവിടവിടെ പ്രകൃതിമതങ്ങളിൽക്കൂടി ഈശ്വരാരാധനാ സങ്കേതങ്ങളുണ്ടാക്കി പൂജാകർമ്മാദികളും ആരാധനാ ക്രമങ്ങളും ഏർപ്പെടുത്തി അനുഷ്ടിച്ചുവരുന്നതു്.

ഈ തെററായ സങ്കല്പ ദൈവങ്ങളിൽ നിന്നു മനുഷ്യനെ–ശരിയായ വഴിയിലേക്ക ആനയിക്കുന്നതിനായി–ഈശ്വരൻ–മനുഷ്യാരംഭം മുതൽ തന്നെ ലോകത്തിനു തന്നെ–അശരീരിയായും, ദൈവദൂതന്മാരാലും പ്രത്യക്ഷമായ അവതാരങ്ങളിൽക്കൂടി മനുഷ്യനായി ജീവിച്ചും ലോകത്തിനു വെളിപ്പെടുത്തിയിട്ടുണ്ട്. അങ്ങനെ–പ്രകൃതിമ

www.malankaralibrary.com



തവും ഈശ്വരപ്രകാശിത മതവും ഉണ്ടായി ഈ രണ്ടു വിധ മതോപദേശങ്ങളും, ഈശ്വരന്റെ സ്വഭാവ, വിശേഷങ്ങളും, ഈശ്വരോപദേശങ്ങളും—സാരാംശത്തിൽ ഒന്നുപോലെ വിശദമാക്കുന്നു. ഈശ്വരന്റെ—സർവ്വശക്തി—സർവ്വജ്ഞാനം, സർവ്വവ്യാപകത്വം, സ്നേഹം കരുണ, നീതി—ക്ഷമ—പരിശുദ്ധി—എന്നിത്യാദികളിലെല്ലാം അവിടുന്നു പരിപൂർണ്ണനാണെന്നു വ്യക്തമാക്കുന്നു.

ഈശ്വരൻ, തന്റെ മക്കളായ എല്ലാവരും, തന്നെ അറിഞ്ഞു സ്നേഹിച്ചും, സഹോദരങ്ങളെ, ഓരോരുത്തരും അവനവനെപ്പോലെ തന്നെ സ്നേഹിച്ചും ജീവിച്ചു വർത്തിക്കാനാവശ്യപ്പെടുന്നു മരണാനന്തരജീവിതം എന്നന്നേക്കും അഭംഗുരം തന്നോടൊത്തു വസിക്കുന്നതിനും അവിടുന്നാഗ്രഹിക്കുന്നു—പരിശുദ്ധിയുടെ പരിശുദ്ധിയും, നീതിയുടെ നീതിയും തിളങ്ങി പ്രകാശിക്കുന്ന തന്റെ വാസസ്ഥാനവസതിയായ സ്വർഗ്ഗത്തിൽ—അല്പം കളങ്കംപോലുമില്ലാത്ത—ഈശ്വര സ്വഭാവ, വിശേഷ ഗുണങ്ങൾ ജീവിതത്തിൽ കരസ്ഥമാക്കിയവക്ക് മാത്രമേ ചെന്നെത്താൻ സാധിക്കുകയുള്ളു—ഈശ്വരനെപ്പററി—തങ്ങളില്ലെന്നു പറഞ്ഞു മൃഗതുല്യം ജീവിക്കുന്നവക്കു സ്വർഗ്ഗപ്രവേശനം ലഭിക്കാതെ—യാതനകളുടെ യാതന നിറഞ്ഞ നരകവസതിയിൽ നിത്യം ജീവിക്കേണ്ടിവരും.

സ്നേഹ സ്വരൂപനായ ദൈവം മനുഷ്യനെ സൃഷ്ടിച്ചതും അവനായി ഈ ലോക പ്രപഞ്ചം മുൻകൂട്ടി തയ്യാറാക്കി അവനു നല്കിയതും മനുഷ്യൻ ഏതാനും വർഷം ലോക ജീവിതം നയിച്ചശേഷം എന്നന്നേക്കും തന്നോടൊത്തു സ്വർഗ്ഗത്തിൽ നിത്യകാലം നിത്യനന്ദത്തിൽ, ജീവിച്ചു വസിക്കുതിനാണ്. അതിലേക്കു മനുഷ്യനു അവിടുന്നു നല്കിയ സ്വഭാവ ഗുണത്തിൽ അവൻ ഷർ

www.malankaralibrary.com



ത്തിച്ച ജീവിക്കണം, സത്യം, നീതി, പരിശുദ്ധി കരുണ, ക്ഷമ, സഹോദരസ്നേഹം—എല്ലാമായ തന്റെ സ്വഭാവഗുണവിശേഷം അവന്ന നല്കിയാണ് ജന്മം നൽകിയാണ് അവനെ ജാതനാക്കിയത്—അതിന്ന, അനുസരണമായി അവൻ വർത്തിച്ച ജീവിക്കണമെന്നും അവിടുന്ന കല്പിച്ചിട്ടുണ്ട്.

ഞ നൊന്നും അറിഞ്ഞില്ലേ നാമനാരായണാ—ഈശ്വരനെ ഞാൻ അറിയുന്നില്ല, കാണുന്നില്ലാ—ഈശ്വരനില്ലാ എന്നിത്യാദി പറഞ്ഞു തോന്ന്യാസ ജീവിതം നയിച്ചാൽ. അവിടുത്തെ തിരുകല്പനകൾക്കെതിരായി വർത്തിച്ചാൽ ജീവിത ലക്ഷ്യമായ, നിത്യകാല ജീവിതം ഭയങ്കരമായ കൊടും യാതനകളുടെ നരകാനുഭവമായിരിക്കും ലഭ്യമാകുന്നത്. അതിനാൽ ഏവരും, ഈശ്വരനിൽ വിശ്വസിച്ച്, അവിടുത്തെ അറിഞ്ഞു-തിരുകല്പനാനുസരണം—നല്ല മനുഷ്യരായി ജീവിതാന്ത്യം പ്രാപിക്കണം—സന്മാർഗ്ഗീകമായ എല്ലാ ഗുണവിശേഷങ്ങളും പ്രവൃത്തിയാൽ ശരീരാവയവങ്ങളാക്കി ഈശ്വര സ്നേഹത്തോടെ, ഈശ്വര ചിന്തയോടെ, സഹോദര സ്നേഹത്തോടെ, സദാ ജീവിച്ച നല്ല മരണമാകുന്ന പ്രസവംവഴി ഈശ്വര സന്നിധിയിൽ ചെന്നെത്തണം.

ഇന്നത്തെ ലോക ജനതയുടെ ഭൂരിഭാഗവും, ഈശ്വരനെ അറിയാതെ, ഈശ്വര ചിന്തയില്ലാതെ, സഹോദരസ്നേഹമില്ലാതെ, കൊടും സ്വാർത്ഥതയിൽ മുഴുകി, അമിത സുഖാനുഭവത്തിനും പേരും പെരുമ്പും പ്രശസ്തിക്കും, ധനം കൂട്ടിവക്കുന്നതിനുമായി—എന്തും ചെയ്യാൻ മടിയില്ലാതെ ജീവിതം തുടരുകയാണ്. നമ്മുടെ അയൽപ്രദേശങ്ങളിലും വ്യാപാരമണ്ഡലങ്ങളിലും സഞ്ചാര മണ്ഡലങ്ങളിലും നാം ഒന്ന കണ്ണോടിച്ചുനോക്കിയാൽക്കാണുന്ന കാഴ്ച

www.malankaralibrary.com



എത്ര ഭയങ്കരവും ഭീകരവുമാണ്, കിടപ്പാടമില്ലാതെ അധികം പേരും കഷ്ടപ്പെടുമ്പോൾ, എത്രയോ വാസസ്ഥാനവാസികളാണ്–സാധാരണയിൽക്കവിഞ്ഞു ലക്ഷലക്ഷങ്ങളും ദശലക്ഷങ്ങളും അതിനപ്പുറവും ചെലവാക്കി കെട്ടിപടുത്തുയർത്തിയിരിക്കുന്ന ആ ഓരോ ഭവന വാസികളും—ഈശ്വര വിശ്വാസികളെന്നു നടിച്ചാലും സത്യത്തിൽ അവർ, ഈശ്വര ചിന്തയും സോദരസ്നേഹവുമില്ലാത്ത സ്വാർത്ഥ മൂർത്തികളാണ്. അനേകർ നാണം മറയ്ക്കാനാവാതെ.ഒരു നേരത്തെ അഷ്ടിക്കു വകയില്ലാതെ കഷ്ടപ്പെടുമ്പോൾ എല്ലാവിധമായ അമിതാനന്ദ സുഖാനുഭവത്തിൽ നിമഗ്നരായി വെളിവും തെളിവുമില്ലാതെ കുതിച്ചോടി തിമർത്തു തകർത്തു വിഹരിക്കുന്ന—അതിസ്വാർത്ഥർ,ഈശ്വരചിന്തയോ സോദരസ്നേഹമോ എന്തെന്നറിഞ്ഞിട്ടില്ലാത്ത ദുഷ്ട മൂർത്തികളാണ്–ആ വിധക്കാരെയെല്ലാം ദുഷ്ടരും സ്വാർത്ഥരുമെന്നു പറഞ്ഞു തള്ളാതെ ഈശ്വര വിശ്വാസികളായ ഏവരും അവരെ നല്ലവരും സഹോദരസ്നേഹികളുമായി മാററുന്നതിന്, ഈശ്വര ചിന്തയോടെ പ്രാർത്ഥനയോടെ കഴിവുള്ള ശ്രമങ്ങൾ നടത്തണം.

ഇന്നത്തെ ലോകം, ഈശ്വര ചിന്തയിൽ നിന്നകന്നു ഈശ്വര ചിന്തയില്ലാതെ ഈശ്വരനെ പുറന്തള്ളിയാണ് വർത്തിക്കുന്നതു്– തന്മൂലമാണ് ലോക സമാധാനം നഷ്ടപ്പെട്ടിരിക്കുന്നതു്—സമാധാനത്തിന്റെ ഉടമസ്ഥൻ ഈശ്വരനാണ്–ഈശ്വരനെ അകററി നിർത്തിക്കൊണ്ടു് ലോക സമാധാനം കൈവരുത്താൻ ആരു ശ്രമിച്ചാലും സാധ്യമാകുകയില്ലെന്നു നെടുനാളത്തെ അനുഭവം തന്നെ നമ്മെ മനസ്സിലാക്കുന്നു–വർഷങ്ങളായി ഉന്നതമായ ആളുകൾ, സമിതികൾ, ഐക്യരാഷ്ട്ര സംഘങ്ങൾ

www.malankaralibrary.com



തുടങ്ങി പല മാർഗ്ഗേണയും സമാധാന ശ്രമങ്ങൾ നട ത്തുന്നു—ഇതുവരെ വിജയിക്കാൻ കഴിഞ്ഞിട്ടില്ല ഈശ്വര വിശ്വാസികളും—അവിശ്വാസികളും ജീവിത പ്രവർത്ത നങ്ങളിൽ ഒരേ നിലതന്നെയാണ് സ്വീകരിച്ചു വർത്തി ക്കുന്നതു് എല്ലാം സ്വാതന്ത്ര്യം— കൊടും സ്വാതന്ത്ര്യം—അമിതാ നന്ദ സുഖാനുഭവം പ്രശസ്തി, അധികാര ദുർമ്മോഹം, ധനസമ്പാദനവും കൂട്ടിവയ്ക്കലും—എന്നിത്യാദി, ഈശ്വര ചിന്തയും സഹോദര സ്നേഹവുമില്ലാതെ ചരിക്കുന്നു, വ്യാപരിക്കുന്നു—വർത്തിക്കുന്നു. ഇതിനു മാററമുണ്ടാകണം സമാധാനത്തിന്റെ, സ്നേഹത്തിന്റെ, നീതിയുടെ, സത്യത്തിന്റെ, കരുണയുടെ ഉടമയായ ഈശ്വരനിലേക്കു മനുഷ്യൻ കണ്ണും, കാതും കരളും ഉയർത്തണം— ഈശ്വര നെ ഹൃദയംകൊണ്ടു കാണണം ആത്മാർത്ഥമായി സ്നേ ഹിക്കണം—അവിടുത്തോടു പ്രാർത്ഥിക്കണം.

www.malankaralibrary.com

# ഈശ്വരചിന്ത

## IV

ഈശ്വരൻ, നമ്മുടെ സൃഷ്ടാവാണ്. പിതാവാണ്, ദാതാവാണ്, സംരക്ഷകനാണ്_നമ്മുടെ മക്കളെ നാം സ്നേഹിക്കുന്നതിലുപരി, അളവില്ലാതെ, നമ്മെ സ്നേഹിക്കുന്നു. നമുക്കാവശ്യമായതെല്ലാം തക്കസമയത്തു തന്നു കൊണ്ടിരിക്കുന്നു. നമ്മുടെ പ്രവർത്തന ദൂഷ്യത്താലോ മറെറന്തെങ്കിലും കാരണവശാലോ നമ്മുടെ ജീവിതത്തിൽ വന്നുചേരുന്ന ദുഃഖദുരിതാരിഷ്ടതകൾ. ക്ലേശങ്ങൾ എല്ലാം നമ്മുടെ നന്മക്കും ശുദ്ധീകരണത്തിനുമായി നല്കുന്നവയാണ്. ദുഃഖാവസരങ്ങളിൽ ദൈവത്തെ കുററപ്പെടുത്തുകയും അവിശ്വസിക്കുകയും ചെയ്യുന്നതു തികച്ചും തെററാകുന്നു–സുഖദുഃഖങ്ങളിൽ ദൈവത്തെ സ്തുതിക്കുകയും വാഴ്ത്തുകയും, ദുഃഖ സങ്കടങ്ങൾ ആപത്തുകൾ മാററിതരുന്നതിലേക്കായി പ്രത്യേകം പ്രാർത്ഥിക്കുകയും ചെയ്യണം–ഈശ്വരനെ ഒന്നിലും ഒരിക്കലും കുററപ്പെടുത്തരുത്–അവിശ്വസിക്കരുത് – വെറുക്കരുത് – വിദ്വേഷം തോന്നരുത്––നമ്മുടെ എല്ലാ ആവശ്യങ്ങളും മുട്ടിപ്പായി വീണ്ടും വീണ്ടും യാചിച്ചപേക്ഷിച്ചാൽ അവിടുന്നു തരാതിരിക്കുകയില്ല, അവിടുന്നു സ്നേഹവും കരുണയുമുള്ള നല്ല പിതാവാണ്–ആ ചിന്ത ഒരിക്കലും നമ്മിൽ നിന്നു വിട്ടു മാറരുത്.

ഈശ്വരചിന്തയോടുകൂടി എല്ലാം ചെയ്യുന്നവക്ക്–ജീവിച്ചു വർത്തിക്കുന്നവക്ക് ഉണ്ടാകുന്ന ആനന്ദവും സംതൃപ്തിയും സമാധാനവും പറഞ്ഞറിയിക്കാവതല്ലാ––അനുഭവിച്ചറിയേണ്ടതാണ്. തന്നെപ്പോലെ മററുള്ളവരേയും ആത്മാർത്ഥമായി സ്നേഹിച്ചു നിസ്വാർത്ഥ

www.malankaralibrary.com



മായ ഒരു ജീവിതം നയിക്കുന്നതു തന്നെയാണ് ഈശ്വര ചിന്തയിൽ, ഈശ്വര വിശ്വാസത്തിൽ വർത്തിക്കുക എന്നുള്ളത്—ഈശ്വര വിശ്വാസിയെന്നു നടിച്ചും മററുള്ളവരെ ധരിപ്പിച്ചും സഹോദര സ്നേഹമില്ലാതെ, മുഴസ്വാർത്ഥതയിൽ ജീവിക്കുന്നവർ ഈശ്വര ചിന്തയും വിശ്വാസവും ഇല്ലാത്തവരാണ്.

ഇന്നത്തെ ജനതയിൽ ഈശ്വരവിശ്വാസികളും അവിശ്വാസികളും തമ്മിൽ വലിയ മററമില്ല. രണ്ടുകൂട്ടരും സ്വാർത്ഥതയിൽ സുഖത്തിനായി സഹോദര സ്നേഹമില്ലാതെ വർത്തിക്കുന്നു—സാധാരണയിൽക്കവിഞ്ഞു വീടുണ്ടാക്കുന്നവർ അമിത സുഖാനുഭവികരം, അധികാര ദുർമ്മോഹികരം, പേരിനും പെരുമയ്ക്കും പ്രശസ്തിയ്ക്കുമായി എന്തും ചെയ്തു ലക്കം ലഗാനുമില്ലാതെ പരക്കം പായുന്നവർ, ധനസമ്പാദനത്തിനായി വെമ്പൽ കൂട്ടി എന്തും ചെയ്യുന്നവർ ധനം കൂട്ടിവയ്ക്കുന്നവർ, മണ്ണിനും പെണ്ണിനും പണത്തിനുമായി എന്തും ചെയ്യുന്നതിനു മടിയില്ലാത്തവർ എല്ലാം, ഈശ്വരവിശ്വാസവും ഈശ്വര ചിന്തയുമില്ലാത്ത സഹോദരസ്നേഹമില്ലാത്ത ഇരുക്കാലി മൃഗങ്ങളായ മനുഷ്യകോലക്കാരാണ്—അവരെയെല്ലാം കൊല്ലാക്കൊലചെയ്യാതെ നല്ലവരായി മാററാൻ, ചുററുപാടുമുള്ള അവരെ അറിയുന്ന പരിചിതർ സ്നേഹമാർഗ്ഗേണ സമാധാന ഭേദദണ്ഡങ്ങളിലൂടെ ശ്രമിക്കേണ്ടതാണിന്നത്തെ ഏററവും വലിയ ഉത്തമമായ പ്രവർത്തനം

ഇരുപതാം നൂററാണ്ടിൻെറ ആരംഭം മുതൽ ലോകം എന്നത്തേക്കാളും അധികം വഷളായി മുന്നേറിക്കൊണ്ടിരിക്കയാണ് പാപകലുഷിതമായി—എവിടെയും, തിന്മ,

www.malankaralibrary.com



കെട്ടം സ്വാർത്ഥത സ്നേഹമില്ലായ്മ. അനീതി, അന്യായം, അക്രമം, കത്തിക്കുത്ത് ബോംബും വെടിപടക്കസ്ഫോടനവും — വിഷാണപ്രയോഗം, യുദ്ധം, മഹായുദ്ധം—രക്തച്ചൊരിച്ചിൽ—ഒന്നും പറയാനാവാത്തവിധം, അസമാധാനത്തിലും അസംതൃപ്തിയിലും കൊട്ടമ്പിരികൊണ്ടു നട്ടം തിരിയുന്ന സമാധാനം സാധ്യാതമാക്കാൻ തീവ്ര ശ്രമങ്ങൾ എല്ലാഭാഗത്തും നടത്തുന്നു—നടന്നുകൊണ്ടിരിക്കുന്നു—എന്നാൽ അതിനു വിപരീതഫലമാണ് അനുഭവത്തിൽ വന്നുചേരുന്നത്. കാരണം, സമാധാനത്തിൻെറ സ്നേഹത്തിൻെറ ഉടമയായ ഈശ്വരനെ—നാസ്തികരും ആസ്തികരും ഒന്നുപോലെ തങ്ങളുടെ പ്രവർത്തിയാൽ പുറന്തള്ളുന്നു. അതിൽ നിന്നും പിൻതിരിയാതെ—ഇശ്വരനിലേക്കു ലോകജനത എത്തിച്ചേരാതെ സമാധാനം കൈവരാൻപോകുന്നില്ല. അതിനാൽ ആദ്യമായും പ്രധാനമായും എല്ലാവരെയും ഈശ്വരവിശ്വാസികളും സഹോദരസ്നേഹികളും നിസ്വാർത്ഥരുമാക്കുന്നതിനുള്ള ഒരു കർമ്മപരിപാടിആവിഷ്ക്കരിച്ചു ലോകമങ്ങേളമിങ്ങോളം നടപ്പാക്കി ശ്രമങ്ങൾ നടത്തിയാൽ ലോകസമാധാനം സംപ്രാപ്തമാകും—എല്ലാസോദരങ്ങളും ഈശ്വരവിശ്വാസികളായി ഈശ്വരചിന്തയിൽനിസ്വാർത്ഥതയോടെ സോദരസ്നേഹത്തോടെ വർത്തിച്ചുവ്യാപരിക്കുന്നതിനു നമുക്കു ശ്രമിക്കാം. പ്രവർത്തിക്കാം.

നമ്മുടെ അനുദിനമുള്ള എല്ലാ ജീവിത പ്രവർത്തനങ്ങളും ഈശ്വരചിന്തയോടെ നടത്തണം—ഓരോ പ്രവർത്തനത്തിലും ഈശ്വരനെ, മുൻനിർത്തി മുന്നിൽ മനസാകണ്ടുകൊണ്ടുചെയ്യണം—ഈശ്വരചിന്ത—നമ്മുടെ മനസ്സിൻെറ, ശരീരത്തിൻെറ പ്രധാന ഘടകമായി അവയവ

www.malankaralibrary.com



മാറണം—രാവിലെ മുതൽ വൈകുന്നതുവരെയുള്ള പ്രവൃത്തനങ്ങൾ ഈശ്വരചിന്തയോടെ ചെയ്യണം—രാത്രിയിലെ വിശ്രമാരംഭത്തിൽ, അന്നത്തെ ചെയ്തികളെപ്പററി ഒരു ആത്മശോധനം നടത്തണം—അന്നത്തെ പ്രവർത്തനത്തിൽ സഹോദരങ്ങളോടും ഈശ്വരസന്നിധിയിലും വല്ല തെററു കുററങ്ങളും, സത്യം, നീതി, ന്യായം, കരുണ ക്ഷമ, എന്നിവയ്ക്കെതിരായി എന്തെങ്കിലും സംഭവിച്ചിട്ടുണ്ടെങ്കിൽ അതിനെപ്പററി പശ്ചാത്തപിച്ച് അതീവ ദുഃഖത്തോടെ—ഈശ്വരനോടു മാപ്പ് അപേക്ഷിക്കണം. കൂടാതെ, ദിവസാരംഭമായ അർദ്ധരാത്രി കഴിഞ്ഞു് പുലർകാലത്തിനു മുമ്പായി ഒടുവിൽചേർത്തിരിക്കുന്നപ്രാർത്ഥന; ഈശ്വരനിൽ ഏകാഗ്രചിത്തനായി ആത്മാർത്ഥമായി, ധ്യാനനിരതനായി സമർപ്പിക്കണം.

www.malankaralibrary.com

# 31 വചനശബ്ദം ഓം

## I

ആദിയിൽ, ഓം, ഓം, ഓങ്കരവചനശബ്ദമുണ്ടായിരുന്നു. ആദിയിൽ വചനമുണ്ടായിരുന്നു ആദിയിലെ വചനശബ്ദം ഓം എന്ന ഓങ്കര ശബ്ദമായിരുന്നു—ഓം എന്നശബ്ദം ത്രിയേക ദൈവത്തിന്റേതായിരുന്നു ഓം എന്ന ശബ്ദവാക്കിന്റെ അർത്ഥം, ത്രിയേക ദൈവമെന്നാണ്, ആ ത്രിയേക ദൈവത്തെ, ഒരു വിഭാഗക്കാർ, ബ്രഹ്മ വിഷ്ണുമഹേശ്വരന്മാരായ, ത്രിമൂർത്തികളായ, ത്രിയേകദൈവമെന്നും, മറ്റൊരു വിഭാഗക്കാർ, പിതൃസുത പരിശുദ്ധാത്മാവായ ത്രിയേകദൈവമെന്നും, ഈശ്വരവിശ്വാസികളായ ലോകജനത ഒന്നടങ്കം, സർവത്തിന്റെയും സൃഷ്ടിതാവും, സർവശക്തനും സർവജ്ഞാനിയുമായ സർവേശ്വരൻ, പരബ്രഹ്മം, ജഗൽപിതാവ്, സ്വർഗ്ഗസ്ഥൻ, രാജാധിരാജാവ്, കർത്താവ്, ദൈവം, ഈശ്വരൻ, എന്നിത്യാദി പേരുകളിലും—വാഴ്ത്തി സ്തുതിച്ചാരാധിക്കുന്നു.

ആദിയിൽ, വചന ശബ്ദമുണ്ടായിരുന്നു—ഈശ്വരന്, ആദിയും അന്ത്യവും ഇല്ല അവിടുന്നു ആദിയും അന്ത്യവും ഇല്ലാതെ എന്നും വർത്തമാനകാലസ്ഥിതവർത്തിയാണ്—പിന്നെ ആദിയിലെ വചന ശബ്ദം, ഏതിന്റെ, ആദിയിൽ, എന്തിന്റെ ആദിയിൽ എന്ന ചോദ്യം ഉദിക്കുന്നു. ആദിയുള്ള സൃഷ്ടിയുടെ ആദിയിൽ സൗരയൂഥ ഗ്രഹവ്യൂഹങ്ങളുടെ, ഭൂമണ്ഡലത്തിന്റെ പ്രപഞ്ച പ്രകൃതിയുടെ മനുഷ്യാരംഭത്തിന്റെ ആദിയിൽ—ത്രിയേക ദൈവമായ 'സർവ്വേശ്വരന്റെ വചന

www.malankaralibrary.com



ശബ്ദമുണ്ടായിരുന്നു—ആ ഓങ്കാരവചനശബ്ദം, ഓം എന്ന ത്രിയേക ദൈവത്തിന്റെ, സർവ്വേശ്വരനായ ഏകദൈവത്തിന്റെ വചനശബ്ദമായിരുന്നു—ഓം എന്ന വചനത്തിന്റെ, വാക്കിന്റെ ശബ്ദത്തിന്റെ അർത്ഥം ത്രിയേക ദൈവമെന്നാണ്—നമ്മുടെയും സർവത്തിന്റെയും സൃഷ്ടാവും രക്ഷിതാവും ദാതാവുമായി വർത്തിക്കുന്ന—ഓം ആയിരിക്കുന്ന-ത്രിയേകദൈവത്തെ നമുക്കു വാഴ്ത്തി പുകഴ്ത്തി സ്തുതിച്ചാരാധിക്കാം.-അവിടത്തെ അനുഗ്രഹങ്ങൾക്കായി—യാചിക്കാം.

## ഈശ്വരകല്പന

### II

ഈശ്വരൻ സ്നേഹമൂർത്തിയാണ്. അതിരും അളവും വ്യവസ്ഥയുമില്ലാതെ, അവിടുത്തെ മക്കളായ നമ്മെ സ്നേഹിക്കുന്നു—അവിടുത്തെ സ്വഭാവപ്രകൃതികളായ ഗുണവിശേഷങ്ങൾക്കനുസൃതമായി—സ്നേഹം, സത്യം. നീതി, കരുണ, ക്ഷമ, സമാധാനം, എന്നിവയെ ശരീരഘടകങ്ങളാക്കി വർത്തിച്ചു ജീവിക്കണം.-ആത്മാർത്ഥമായി—ഈശ്വരനെയും സഹോദരങ്ങളെയും സ്നേഹിച്ചു വർത്തിക്കണം നിസ്വാർത്ഥ ജീവിതം നയിക്കണം. അമിതസുഖാനുഭവിയാകരുത്—ഈശ്വര സ്വഭാവ പ്രകൃതികണ്ടയോജ്യമായ ഗുണവിശേഷങ്ങളും മാതൃകയാക്കി ജീവിതം നയിക്കണം—ജീവിത ലക്ഷ്യമായ. മരണാനന്തര നിത്യാനന്ദ ജീവിതം സംപ്രാപ്തമാകുന്നതിനുള്ള ഏകമാർഗ്ഗം അതുമാത്രമാണ്.

ഈശ്വരൻ, മനുഷ്യരുടെ തലമുറമുതൽ തന്റെ സ്വർഗ്ഗീയ ദൂതർ വഴിയും നേരിട്ടുള്ള അശരീരി വചനങ്ങ

www.malankaralibrary.com



ളാലും പ്രത്യക്ഷമായ മനുഷ്യാവതാരങ്ങളിൽകൂടിയും ലോകത്തിനു തന്നെ, വെളിപ്പെടുത്തി മനുഷ്യർ ജീവിച്ചനുഷ്ഠിക്കേണ്ട മാർഗ്ഗങ്ങൾ ഇന്നതെന്നു ഉപദേശിക്കുകയും കല്പന നൽകുകയും ചെയ്തിട്ടുണ്ട് അവിടുന്നു ഉപദേശിക്കുകയും കല്പന നൽകുകയും ചെയ്തിട്ടില്ലെങ്കിൽ തന്നെയും. നാം അവിടുത്തെ അറിഞ്ഞു സ്നേഹിച്ച് അവിടുത്തെ സ്വഭാവ പ്രകൃതിക്കനുയോജ്യമായി വർത്തിച്ചുജീവിക്കേണ്ടതാണ് മാതാപിതാക്കളെ നാം സ്നേഹിക്കുന്നതു് അനുസരിക്കുന്നതു് അവരുപദേശിച്ചിട്ടോ കല്പന തന്നിട്ടോ ആയിരിക്കണമെന്നില്ലല്ലോ

ദൈവം, സൗജന്യമായി നമുക്കു ശരീരവും, ജീവനും ആത്മാവും അധിവാസത്തിനായി ഈ പ്രപഞ്ചമണ്ഡലവും നൽകി_ഇഹത്തിലെ വാസശേഷം, മരണമാകുന്ന പ്രസവത്തിൽകൂടി തന്നോടൊത്തു നിത്യാനന്ദം നിത്യകാലം അനുഭവിക്കുന്നതിനുള്ള—സ്വർഗ്ഗീയ വസതിയും ഒരുക്കിയിരിക്കയാണ്—ഇതെല്ലാം സൗജന്യമായി നൽകിയിരിക്കുന്ന—നമ്മുടെ സ്വർഗ്ഗീയ പിതാവിനെ—ആത്മാർത്ഥമായി സ്നേഹിച്ച് അവിടുത്തെ സ്വഭാവ പ്രകൃതിയേയും ഗുണ വിശേഷങ്ങളെയും മാതൃകയാക്കി ജീവിക്കേണ്ടതു് നമ്മുടെ പ്രഥമവും പ്രധാനവുമായ കർത്തവ്യമാണ്. മാത്രമല്ല മരണാനന്തര ജീവിതത്തിലെ, നിത്യകാല സുഖാനുഭവ ജീവിതം, നഷ്ടമാകാതെ—സംപ്രാപ്തമാകുന്നതിനും ഏററം അത്യാവശ്യമാണ്. പരിശുദ്ധമായ സ്വർഗ്ഗ പ്രവേശനത്തിനു നിഷ്ക്കളങ്കവും നിർമ്മലവും കന്മഷ രഹിതവുമായ ഒരു ജീവിതത്തിൽകൂടിയല്ലാതെ സാദ്ധ്യമല്ല,സത്യം, നീതി, കരുണ, ക്ഷമ സ്നേഹം സമാധാനം. നിസ്വാർത്ഥത—പരിശുദ്ധി എന്നിവയ്ക്കെതിരായ യാതൊരു കന്മഷവും കളങ്കവും കറയും. നമ്മുടെ ആത്മാവിൽ പററിപിടിക്കുന്നതിനിടയാക്കരുതു്

www.malankaralibrary.com


ഈശ്വരൻെറയും, മനുഷ്യത്വത്തിൻെറയും, നീതിക്കു തന്നെ എതിരായ. അനീതി—അശുദ്ധി— സഹോദര സ്നേഹമില്ലായ്മ ദൈവസ്നേഹമില്ലായ്മ, അസത്യം, അസന്മാർഗ്ഗികത—ക്ഷമയും കരുണയും സമാധാനവുമില്ലായ്മ, എന്നിത്യാദികളോടെ ലോക ശാരീരിക സുഖത്തിനായി മാത്രം അമിത സുഖാനുഭവത്തിൽ കൂടെ സ്വാർത്ഥതയിൽ, ജീവിക്കുന്നവർക്ക് ഒരിക്കലും ഈശ്വര സന്നിധിയിൽ ചെന്നെത്താൻ സാധ്യമല്ല മറിച്ച്, മരണാനന്തരം നിത്യകാലം കൊടും യാതനകരം നിറഞ്ഞ നരകവാസത്തിനിടയാകുകയും ചെയ്യും.

ഈശ്വരൻ, മനുഷ്യർക്ക് ആരംഭ തലമുറ മുതൽതന്നെ തൻെറ, പിതൃത്വത്തെയും, ലോകാധിപത്യത്തെയും, തൻെറ വാസസ്ഥാനമായ സ്വർഗ്ഗത്തെയും തന്നോടൊരുമിച്ചുള്ള നിത്യകാല ജീവിതത്തെയും അതു കൈവരിക്കാനാവശ്യമായ ജീവിതാനുഷ്ഠാനങ്ങളെയും—ഉപദേശങ്ങളാലും കല്പനകളാലുംവ്യക്തമാക്കിയിട്ടുണ്ട്. അതിനെ, നിരസിച്ചുള്ള ജീവിതത്തിൽ ലഭ്യമാകുന്ന, നിത്യകാല നരകയാതനകളെയും വിശദമാക്കിട്ടുണ്ട്—പരിപൂർണ്ണ സ്വാതന്ത്ര്യം മനുഷ്യനവിടുന്നു നല്കിയിരിക്കുന്നു. ആ സ്വാതന്ത്ര്യത്തിൽ അവിടുന്നു ഒരിക്കലും കൈകടത്തുകയില്ല. നല്ലതും, തീയതും, സുഖവും, ദുഃഖവും, സ്വർഗ്ഗവും നരകവും എല്ലാം മനുഷ്യൻെറ മുമ്പിൽ രണ്ടു ചേരിയിൽ നില കൊള്ളുന്നു— നന്മയുടെ ചേരിൽ ജീവിക്കുന്നവർക്കു നല്ല ഫലവും അല്ലാത്തവർക്ക് ദുഷ്ഫലവും ലഭിക്കും.— നമുക്കു നല്ലതിനെ മുറുകെപിടിച്ചു നല്ല ഫലസമ്പ്രാപ്തിക്കായി നീസ്വാർത്ഥതയിൽ, ദൈവ സ്നേഹത്തിൽ സഹോദര സ്നേഹത്തിൽ ജീവിക്കാം.

www.malankaralibrary.com

## ഈശ്വരകല്പന

### III

നമ്മുടെ സൃഷ്ടാവും പിതാവുമായ, ദൈവം തന്റെ മക്കളായ മനുഷ്യരെല്ലാം—തന്നെ, അറിഞ്ഞു സ്നേഹിച്ചു തന്റെ കല്പനകൾക്കനുസൃതമായി ജീവിച്ചു വർത്തിക്കണമെന്നാവശ്യപ്പെടുന്നുണ്ട്. അവിടുന്നു കല്പിച്ചില്ലെങ്കിൽ തന്നെയും, നാം അവിടുത്തെ സ്നേഹിച്ചു തിരുവിഷ്ടത്തിനൊത്തു ജീവിക്കാൻ കടമപ്പെട്ടവനാണ് മാത്രമല്ല, നമ്മുടെ പ്രഥമവും പ്രധാനവുമായ കർത്തവ്യവുമാണ്—അവിടുന്നാവശ്യപ്പെടാതെ—തന്നെ അവിടുത്തെ സ്തുതിക്കേണ്ട നമുക്ക അവിടുന്നു കല്പനകൾ നൽകി—തിരുവിഷ്ടംഇന്നതിനെന്നറിയിക്കുന്നു. ദൈവ കല്പനയെ, അനുസരിക്കാതിരിക്കുന്നത് മാതാപിതാക്കളെ അനുസരിക്കാത്ത മക്കളെപ്പോലെയാണ്. അതിലുപരിയാണ് സൗജന്യമായിഎല്ലാം നമുക്ക നല്കി ഇഹലോകത്തിലെ വാസശേഷം നിത്യാനന്ദ സുഖത്തിൽ നിത്യ ജീവിതവും ആസ്ഥമാക്കിയിരിക്കുകയാണ്.

പ്രകൃതി മതങ്ങളും, മനുഷ്യഭാവനാ സങ്കല്പ മതങ്ങളും ഈശ്വര പ്രകാശിതമതവും ഈശ്വരനെ വെളിപ്പെടുത്തുകയും അവിടുത്തെ കല്പനകളെ നമ്മെ അറിയിക്കുകയും ചെയ്യുന്ന പുരാതനമതങ്ങളായ, ഹിന്ദുമതം, ബുദ്ധമതം ജൈനമതം, സിക്കമതം, ക്രിസ്തുമതം മഹമ്മദുമതം പ്രകൃതിമതങ്ങളെല്ലാം മനുഷ്യസങ്കല്പങ്ങളായ ഭാവനാ മതങ്ങളെല്ലാം ഒന്നുപോലെ ഈശ്വരന്റെ ആസ്തികൃത്തെയും അവിടുത്തെ തിരുകല്പനകളെയും നമ്മെ ബോധ്യപ്പെടുത്തുന്ന ദൈവദൂതർ വഴിയും, അവതാരങ്ങൾ വഴിയും ഈശ്വരൻ

www.malankaralibrary.com


പലപ്പോഴും നേരിട്ടു പ്രത്യക്ഷനായും, തൻെറ മക്കളായ മനുഷ്യർ ജീവിച്ചു വർത്തിക്കേണ്ടതു ഇന്നവിധമായിരിക്കണമെന്നറിയിക്കുകയും ആവശ്യപ്പെടുകയും ചെയ്യുന്നു.

ഈശ്വരൻെറ ആസ്തിക്യത്തെ നിഷേധിക്കുന്ന—നിഷേധാത്മകമായ പ്രവർത്തനം തന്നെയാണ്, ഈശ്വരനിൽ വിശ്വസിക്കുകയും അവിടുത്തെ കല്പനകളെ നിരസിക്കുകയും ചെയ്യുന്നതു്. ഈശ്വരൻ പ്രധാനമായി ആവശ്യപ്പെടുന്നതു്—അങ്ങയേയും, സഹോദരങ്ങളായ ലോകജനതയേയും, ആത്മാർത്ഥമായി സ്നേഹിച്ചു, നിസ്വാർത്ഥ ജീവിതം നയിക്കുന്നതിനാണ്. ഈശ്വര സ്നേഹിയായ ഒരുവൻ സഹോദര സ്നേഹിയായിരിക്കും—സഹോദരങ്ങളിൽക്കൂടിയാണ് ഈശ്വര സ്നേഹം പ്രകാശിപ്പിക്കേണ്ടതു്—ഇന്നത്തെ ബഹുഭൂരിപക്ഷക്കാരും ഈശ്വരവിശ്വാസികളെന്ന ഭാവേന, സഹോദരസ്നേഹമില്ലാതെ മുഴുസ്വാർത്ഥതയിൽ, അമിതാനന്ദ സുഖഭോഗാദികളിൽ മുഴുകി വർത്തിച്ചു ജീവിക്കുന്നു—ഓരോ സ്ഥലത്തും കാണപ്പെടുന്ന സാധാരണയിൽക്കവിഞ്ഞുള്ള വസതികളെല്ലാം വസ്തുവകകളുടെ കൈവശാവകാശമെല്ലാം ധനധാന്യങ്ങളുടെ കുമ്പാരമെല്ലാം ഈശ്വര സ്നേഹമില്ലായ്മയെ വിളിച്ചറിയിക്കുന്ന ദീപസ്തംഭങ്ങളാണ്— ആ വിധക്കാരെല്ലാം, സഹോദരസ്നേഹമില്ലാത്തവരും ദൈവസ്നേഹമില്ലാത്തവരുമാണ്—അവർക്കായി നമുക്കു പ്രാർത്ഥിക്കാം,

ദൈവം, തന്നെ, മനുഷ്യർക്കു് വെളിപ്പെടുത്തിയിട്ടുണ്ടു് അവിടുത്തെ അറിഞ്ഞു സ്നേഹിച്ചു തൻെറ തിരുകല്പനകളൊത്തു ജീവിച്ചു വർത്തിക്കാനാവശ്യപ്പെടുന്നു. ആദ്യം അവിടുത്തെയും പിന്നെ, തൻെറ മക്കളായ മനുഷ്യസോദരങ്ങളെയും, ആത്മാർത്ഥമായി സ്നേഹിച്ചു വർ

www.malankaralibrary.com



ത്തിക്കണം ഈശ്വരൻെറ സ്വാഭാവ ഗുണങ്ങളായ സ്നേഹം, കരുണ, ക്ഷമ, സത്യം, നീതി, ശാന്തത, എന്നിവ ശരീരാവയവങ്ങളാക്കി ജീവിക്കണം, തന്നെപ്പോലെതന്നെ മററുള്ളവരെയും സ്നേഹിക്കണം—മററുള്ളവർ തന്നോടു എന്തു ചെയ്യണമെന്നും എങ്ങനെ വർത്തിക്കണമെന്നും, താനാഗ്രഹിക്കുന്നുവോ അതേ പ്രകാരം താനും മററുള്ളവരോടു വർത്തിക്കണം—ദൈവം നമ്മുടെ നല്ല പിതാവ് ലോകജനത—ഒന്നടങ്കം നമ്മുടെ സഹോദരങ്ങളാം— എന്ന ചിന്തയിൽ സദാവർത്തിക്കണം നമ്മുടെ വ്യാപാര മണ്ഡലത്തിൽ ജീവിത മണ്ഡലത്തിൽ സ്വാർത്ഥതയില്ലാതെ, സ്നേഹപരമായും, ഈശ്വരചിന്തയോടും, ശാന്തമായും സമാധാനപരമായും മുന്നേറണം.

ജീവിത ലക്ഷ്യം. ഈ ലോകത്തിലെ, സ്നേഹപരവും സമാധാനപരവുമായ ജീവിതശേഷം ഈശ്വരനോടു കൂടി നിത്യകാലം നിത്യാനന്ദം ജീവിതം- നയിക്കുക, എന്നതാണ്— അതിലേക്കു്, ഈശ്വരനെയും സഹോദരങ്ങളെയും ആത്മാർത്ഥമായി സ്നേഹിച്ച് നിസ്വാർത്ഥതയിൽ ഈശ്വര കല്പനയനുസരിച്ച്, ഈശ്വരചിന്തയിൽ സമാധാനപരമായ ഒരു ജീവിതം സദാ നയിച്ചു ഒരു നല്ല അന്ത്യം പ്രാപിക്കാൻ നമുക്കു ശ്രമിക്കാം.

www.malankaralibrary.com

# പ്രാർത്ഥന

## IV

ഉണർന്നെഴുന്നേൽക്കുമ്പോൾ: എന്റെ ദൈവമേ, അവിടുത്തെ സങ്കേതത്തിൽ ഞാൻ എന്റെ കണ്ണുകളെ തുറക്കുന്നു. ഈ കിടക്കയിൽ നിന്നു ഞാനെഴുന്നേറ്റതുപോലെ എന്റെ സകലവിധ പാപങ്ങളെ വിട്ടെഴുന്നേല്പാനും വീണ്ടും വീണ്ടും പാപത്തിൽ വീഴാതിരിപ്പാനും എനിക്കു നീ സഹായം ചെയ്യണമേ! എന്റെ പിതാവേ, എന്റെ ശരീരം മറയ്ക്കുവാൻ വസ്ത്രം തന്നതുപോലെ, എന്റെ ആത്മാലങ്കാരത്തിനും അവിടുത്തെ പുണ്യമാകുന്ന വസ്ത്രം തരേണമേ? എന്റെ സ്വർഗ്ഗീയ നാഥാ, ഇന്നേ ദിവസം എന്റെ കാലുകൾ വയ്ക്കുന്ന ഓരോ അടിയും കൈകളുടെ ചലനങ്ങളോരോന്നും പാപികൾ നല്ലവരാകുന്നതിനും വിശക്കുന്ന വയറുകൾക്കാഹാരം നല്കുന്നതിനുമായി തിരുസന്നിധിയിൽ കാഴ്ച വയ്ക്കുന്നു.

എന്റെ സ്രഷ്ടാവും രക്ഷകനുമായ സ്നേഹനാഥാ ഇന്നേ ദിവസം എന്റെ വായ് കൊണ്ടുള്ള സംസാരങ്ങളോരോന്നും, നാക്കുകൊണ്ടുള്ള ഉച്ചാരണങ്ങളോരോന്നും രോഗത്തിലും മരണാവസ്ഥയിലും കിടക്കുന്നവരുടെ ആശ്വാസത്തിനും ലോകസമാധാനത്തിനുമായി തൃപ്പാദത്തിങ്കൽ ഞാൻ കാഴ്ചവയ്ക്കുന്നു. എന്റെ ആത്മനാഥാ, എന്റെ ചങ്കിടിക്കുന്ന ഓരോ ഇടിപ്പും, നാടീഞരമ്പുകൾ തുടിക്കുന്ന ഓരോ തുടിപ്പും എല്ലാവരും നല്ലവരായി ജീവിക്കുന്നതിനും, എന്റെ ഉപകാരികൾക്കു നന്മ നൽകുന്നതിനും തിരുസന്നിധിയിൽ കാഴ്ചയർപ്പിക്കുന്നു.

എന്റെ ആത്മനാഥാ, ഇന്നേ ദിവസമുണ്ടാകുന്ന എന്റെ ഹൃദയ വിചാരങ്ങളോരോന്നും, ചിന്തകളോരോ

www.malankaralibrary.com



ന്നും എൻെറ കുടുംബാംഗങ്ങൾ നല്ലവരാകുന്നതിലേക്കായി തിരുസന്നിധിയിൽ കാഴ്ചയർപ്പിക്കുന്നു

ക്ഷമാപണ പ്രാർത്ഥന: സർവത്തെയുംകാൾ സ്നേഹിക്കപ്പെടുവാൻ യോഗ്യനായ എൻെറ സർവ്വേശ്വരാ, പിതാവേ! അവിടുത്തോടു എല്ലാവിധ തെററുകളും ഞാൻ ചെയ്തുപോയതിനാൽ മനസ്താപിക്കുന്നു. ദുഃഖിക്കുന്നു. എൻെറ മുഴുഹൃദയത്തോടെ അങ്ങയെ സ്നേഹിക്കുന്നു. എൻെറ തെററുകുററങ്ങളാലും പാപങ്ങളാലും എൻെറ ആത്മാവിനെ അശുദ്ധമാക്കി, സ്വർഗ്ഗ സൗഭാഗ്യം നഷ്ടമാക്കി നരകാവകാശി ആയതിനാലും ഞാൻ അത്യധികം സങ്കടപ്പെടുന്നു. അവിടുത്തെ അനുഗ്രഹത്താൽ ഇനി മേലിൽ പാപം ചെയ്യുകയില്ലെന്നും, പാപഹേതുക്കളെ ഉപേക്ഷിച്ച്, ഏതെങ്കിലും ഒരു ദോഷം ചെയ്യുന്നതിനു മുമ്പേ, മരിക്കുന്നതിനു ഞാൻ ഒരുക്കമാണെന്നും അവിടുത്തെ മുമ്പിൽ പ്രതിജ്ഞ ചെയ്യുന്നു. പിതാവേ, പ്രാണനാഥാ, വന്നുപോയ തെററുകൾ എന്നോടു ക്ഷമിച്ച് എനിക്കു മാപ്പു തരണമേ!

എൻെറ ദൈവമേ! എൻറീശ്വരാ! അവിടുത്തേക്കു സ്തുതി, ഇന്നേ ദിവസം ലോകമൊക്കെയും അർപ്പിക്കുന്നതായ പൂജാകർമ്മാനുഷ്ഠാനങ്ങളും. സകലസുകൃത പുണ്യവ്യാപാരങ്ങളും ഒന്നായി ചേർത്ത് അവയോടൊപ്പം എൻെറയും ലോകത്തിൻെറയും സകല വിധ പാപപരിഹാരത്തിനുവേണ്ടിയും, എൻെറ കുടുബത്തിൻെറ പരിമിതമായ ഭൗതിക നന്മകൾക്കുവേണ്ടിയും തിരുസന്നിധിയിൽ ഞാൻ കാഴ്ചവയ്ക്കുന്നു.

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ, അവിടുത്തെ തിരുനാമം പരിശുദ്ധമാകണമേ; അവിടുത്തെ സ്വർ

www.malankaralibrary.com



ഗ്ഗരാജ്യം ഈ ഭൂമിയിൽ സ്ഥാപിക്കണമേ. ഞങ്ങളുടെ അന്നദിനാഹാരം ഇന്നും എന്നും ഞങ്ങൾക്കു തരേണമേ. ഞങ്ങളോടു തെററു ചെയ്യവരോടു ഞങ്ങൾ ക്ഷമിച്ചപോലെ ഞങ്ങളുടെ തെററുകുററങ്ങളും ഞങ്ങളോടെ ക്ഷമിക്കണമേ! ലോകത്തിന്റെയും, ശരീരത്തിന്റെയും പരീക്ഷയ്ക്കിടവരുത്തരുതേ, ഞങ്ങൾ ഉൾപ്പെടെ ഈ പ്രപഞ്ചമണ്ഡലം ഉൾപ്പെടെ, സർവ്വത്തിന്റെയും സൃഷ്ടാവും രക്ഷിതാവും, സർവ്വശക്തനായ അവിടുന്നാണെന്നും എല്ലാററിനേക്കാൾ ഉപരിയായ സ്തുതിമാഹാത്മ്യങ്ങൾ അവിടുത്തേക്കുള്ളതാണെന്നും ഞാനേററു പറയുന്നു.

നടക്കുമ്പോഴും വിശ്രമവേളകളിലും തുടർച്ചയായ പതുങ്ങിയ സ്വരത്തിൽ ഉള്ളിന്റെ ഉള്ളിൽനിന്നും എന്റെ ദൈവമേ, എന്റീശ്വരാ അതുതന്നെ വീണ്ടും വീണ്ടും തുടരണം.

ആഹാരസമയത്തു്: എന്റെ ദൈവമേ, അവിടുന്നു എനിക്കു് ഈ ശരീരാഹാരം തന്നതുപോലെ, എന്റെ ആത്മാവിനും ആവശ്യമായ പുണ്യാഹാരം നൽകി നിറയ്ക്കണമേ!

★

MALANKARA
LIBRARY

www.malankaralibrary.com

## 32 ചിന്തിക്കുക-അനുവർത്തിക്കുക

എല്ലാററിനുംമുമ്പ് എല്ലാററിലുമുപരിയായി, നിന്റെ സ്രഷ്ടാവും രക്ഷിതാവും പിതാവുമായ, ദൈവത്തെ പൂർണ്ണ ആത്മാവോടും ശക്തിയോടും മനസ്സോടും സ്നേഹിച്ച് അവിടുത്തെ, തിരുകല്പനകൾക്കനുസൃതമായി ജീവിതം നയിക്കുക സഹോദരങ്ങളെ, ആത്മാർത്ഥമായി സ്നേഹിച്ച് നിസ്വാർത്ഥമായി സേവിച്ച്, പരോപകാര പ്രവർത്തനങ്ങളിലൂടെ ജീവിതം നയിച്ചാണ്, ദൈവേഷ്ടവും ദൈവകല്പനാനുസരണവും പ്രകടമാക്കേണ്ടത് എന്നുമുള്ള ആകമാനലോകജനതയുടെ ഏകപിതാവ്, ദൈവം ജനത മുഴുവനും മക്കളുമാകുന്നു അതിനാൽ തലമുറ തലമുറയായുള്ള മനുഷ്യ സമൂഹം മുഴുവനും അന്യോന്യം സഹോദരങ്ങളാണ്. അതിനാൽ ആരും അന്യരല്ല. ലോക നിഖിലബന്ധുവിലെ അന്യരെന്ന പദം അർത്ഥശൂന്യമാണെന്നെല്ലാവരും മനസ്സിലാക്കി സഹോദരത്തോടെ വർത്തിക്കണം.

നാം എല്ലാം ലോകജനത മുഴുവനും—സഹോദരങ്ങളാകയാൽ അന്യോന്യം ആത്മാർത്ഥമായി സ്നേഹിച്ചും സഹായിച്ചും സഹകരിച്ചും വർത്തിക്കണം, അതാണ് ദൈവതിരുവിഷ്ടവും കല്പനയും—ഓരോരുത്തരും അവരവരെപ്പോലെ തന്നെ, അന്യോന്യം സ്നേഹിക്കണമെന്ന ഈശ്വരകല്പന—ജീവിതത്തിലൂടെ പ്രവൃത്തിച്ച് പ്രകടമാക്കണം പ്രവൃത്തിയിൽ വരുത്താത്ത ജീവിതം ജീവനില്ലാത്തതാണെന്നോർക്കണം.

മറ്റുള്ളവർ നിനക്കെന്തു ചെയ്യണമെന്നും. നീ നിന്നോടെങ്ങനെ വർത്തിക്കണമെന്നും നീ ആഗ്രഹിക്കുന്ന പ്രകാരം

www.malankaralibrary.com



തന്നെ–മററുള്ളവരോടും അനുവർത്തിക്കുക ലോകം മുഴുവനും നേടിയാലും നിൻെറ ആത്മാവു നശിച്ചാൽ നിനക്കെന്തു പ്രയോജനം. ഈ ലോകസുഖങ്ങളും സമ്പത്തുകളും, ക്ഷണഭംഗുരവും നശ്വരവുമാണ്—അതിനാൽ ഈ ലോകത്തിൽ നിക്ഷേപങ്ങൾ കരുതിവെയ്ക്കരുത്. കള്ളന്മാർ തുരന്നു മോഷ്ടിക്കാതെയും തുരുമ്പും പുഴുക്കളും നശിപ്പിക്കാതെയുമുള്ള സ്വർഗ്ഗീയഭണ്ഡാരത്തിൽ—ജീവിത പ്രവർത്തനങ്ങളിലൂടെ, നിസ്വാർത്ഥ സേവനത്തിലൂടെ, ദൈവ, മനുഷ്യ സ്നേഹത്തിലൂടെ, പുണ്യമാകുന്ന നാണയ നിക്ഷേപങ്ങൾ കരുതി വയ്ക്കുക.

ആത്മാവിൻ ദരിദ്രരും. വിലപിക്കുന്നവരും ശാന്തശീലരും നീതിക്കായി വിശക്കുകയും ദാഹിക്കുകയും ചെയ്യുന്നവരും, കരുണയുള്ളവരും ഹൃദയ ശുദ്ധിയുള്ളവരും സമാധാനത്തിൽ വർത്തിക്കുന്നവരും. അതിലേക്കു ശ്രദ്ധിച്ചു സമാധാനം സാധ്യമാക്കുന്നവരും— നീതിക്കു വേണ്ടി പീഡനം ഏല്ക്കുന്നവരും. ഈ ലോകത്തിൽ സംതൃപ്തിയും നിത്യലോകത്തിൽ, നിത്യാനന്ദ സമ്മാനത്തിനു അർഹരുമാകുമെന്നതു സംശയമററ വസ്തുതയാണ്.

വ്യഭിചാരം ചെയ്യരുതെന്നുമാത്രമല്ല ആ ചിന്തയിൽ സ്ത്രീകളെ നോക്കുകപോലും ചെയ്യരുത്, തിന്മയെ നന്മ കൊണ്ടു ജയിക്കണം പ്രതികാര വൈരാഗ്യ പ്രവൃത്തികൾ പാടില്ല എന്തെങ്കിലും ആവശ്യപ്പെടുന്നവർക്കു കഴിവുള്ളതു ചെയ്തു കൊടുക്കണം ശത്രുക്കളെയും ഉപദ്രവിക്കുന്നവരെയും സ്നേഹിക്കുകയും അവരെ നല്ലതാക്കാൻ ശ്രമിക്കുകയും ചെയ്യണം പ്രശസ്തിക്കും സ്വാർത്ഥതയ്ക്കുമായിട്ടല്ല സഹോദരങ്ങളെ സഹായിക്കേണ്ടതു്,

താൻ ഈശ്വര വിശ്വാസിയും ഭക്തനുമാണെന്നും മററുള്ളവരെ അറിയിക്കുന്നതിലേക്കായി പ്രാർത്ഥനയും ഉപവാസ

www.malankaralibrary.com



വും പൂജാകർമ്മാദികളും അനുഷ്ടിക്കരുതു്–പ്രാർത്ഥന രഹസ്യമായിനടത്തുന്നതു നല്ലതു്, ഈശ്വരനെ മനസ്സിൽ കണ്ടുകൊണ്ടു ഏക വിചാരത്തോടെ നടത്തണം, തനിക്കു് ഏററം ആവശ്യമുള്ളകാര്യങ്ങളുടെസാധ്യത്തിന്നായിമാത്രം ദൈവത്തോടപേക്ഷിക്കണം ദൈവം തന്നിരിക്കുന്ന എല്ലാ ദാനങ്ങൾക്കും അവിടുത്തെ സ്തുതിച്ചു നന്ദി പറയണം, സഹോദരങ്ങളുടെ മുമ്പിലും ഈശ്വര സന്നിധിയിലും താൻ അറിഞ്ഞും അറിയാതെയും ചെയ്തുപോയ തെററുകൾക്കു്–അതീവ മനസ്താപത്തോടെ ബാഷ്പകണങ്ങളോടെ മാപ്പപേക്ഷിക്കണം

ദാരിദ്ര്യത്തെയും നിർദ്ധനതയേയും വെറുപ്പോടെ വീക്ഷിക്കാതെ സ്നേഹിക്കണം–നമുക്കു വന്നുചേരുന്ന എല്ലാ സുഖ ദുഃഖങ്ങളും കുബേര കുചേലത്വവും ഈശ്വരൻ നമ്മുടെ നന്മയ്ക്കു നല്കുന്നതാണെന്നോർത്തു സമാധാനവും സംതൃപ്തിയും കൈവരിക്കണം, നമ്മുടെ ധനവും കഴിവുകളും ദൈവം നമുക്കു തരുന്നതാണെന്നോർക്കണം. പൂർവാർജ്ജിതമായും സ്വയാർജ്ജിതമായും നമ്മുടെ കൈവശം വന്നു ചേരുന്ന ധനധാന്യങ്ങൾ നമുക്കും നമ്മുടെ ഭാര്യ പുത്രാദികൾക്കും മാത്രമായി ചെലവഴിക്കാനുള്ളതല്ലെന്നും–നമ്മിൽ കുറഞ്ഞവരും കഷ്ടപ്പെടുന്നവരുമായ സഹോദരങ്ങൾക്കുകൂടി അതിലൊരു വിഹിതം നല്കണമെന്നും നാം ഓർക്കണം.

അമിത സുഖഭോഗാദികളിൽ ലയിക്കരുതു് ആയിരത്തിഅഞ്ഞൂറു ചതുരശ്ര അടിയിൽ, കവിഞ്ഞുള്ള വസതികൾ വാർത്തുണ്ടാക്കി താമസിക്കരുതു്. മിതസുഖഭോഗാദി ദിനചര്യ കൈക്കൊള്ളണം—വൻവസതികളുണ്ടാക്കുകയും ഉന്നതദിനചര്യകളും അമിത സുഖഭോഗാദികളും സ്വീകരിക്കുന്നവർ ദൈവ സ്നേഹവും സഹോദരസ്നേഹവുമില്ലാത്ത ദുഷ്ടഹൃദയരാണു് വീടില്ലാത്തവരും ചെററക്കുടിൽ

www.malankaralibrary.com



വാസികളും നമ്മുടെ ചുററിലും ധാരാളമുള്ളപ്പോൾ നാം ആ സഹോദരങ്ങളെ കഴിവുള്ളത്ര സഹായിക്കാതിരിക്കുന്നതു തികച്ചും തെററാണ്. ആർത്തരേയും അവശരേയും ആലംബഹീനരെയും നമ്മാൽ കഴിവുള്ളത്ര സഹായിക്കണം—പട്ടിണിപ്പാവങ്ങളെ സ്നേഹിക്കണം.

ധനാഢ്യർ മാത്രമല്ല ഭിക്ഷക്കാർ വരെ അന്യോന്യം സഹായിക്കേണ്ടതാണ്. ഭിക്ഷക്കാരൻ അവനിൽ കുറഞ്ഞവനെയും മധ്യസ്ഥിതർ, ഉന്നതർ എല്ലാം അവരവരിൽ കുറഞ്ഞ സഹായമർഹിക്കുന്നവരെയും സഹായിക്കണം ഒരിക്കലും സ്വാർത്ഥമാരാകരുത്. പരസ്നേഹത്തിൽ പരോപകാര പ്രവർത്തനങ്ങളിലൂടെ നിസ്വാർത്ഥ സേവനങ്ങളിലൂടെ ജീവിക്കണം അന്യോന്യം ആരും ആരെയും തെററു കുററങ്ങൾ വിധിക്കാതെ—തെററുകൾ പരസ്പരം ക്ഷമിച്ചും തിരുത്തിയും സമാധാനത്തിലും ശാന്തതയിലും കരുണയിലും ദൈവസ്നേഹത്തിലും സഹോദരസ്നേഹത്തിലും വർദ്ധിക്കണം—ദൈവസ്നേഹം, സഹോദരസ്നേഹം, കരുണ, ക്ഷമ, ശാന്തത, എളിമ, നിസ്വാർത്ഥത—എന്നിവ ശരീരഘടകങ്ങളാകണം. പ്രവൃത്തിയിലില്ലാത്ത ജീവിതം അർത്ഥശൂന്യമാണെന്നു ഓർക്കണം. ഈശ്വരനെ സ്നേഹിക്കേണ്ടതു സഹോദരസ്നേഹത്തിൽക്കൂടിമാത്രമാണ്. അതിനാൽ പരോപകാരപ്രവർത്തനങ്ങളിലൂടെ നിസ്വാർത്ഥ ജീവിതം നയിക്കണം. □

MALANKARA
LIBRARY

www.malankaralibrary.com

## ററി. അയ്യനേത്തിൻെറ ഇതര കൃതികൾ

1 ജീവിതം പ്രവൃത്തികളിലൂടെ
2 ചിരിപ്പിക്കും കഥകൾ
3 രസിപ്പിക്കും കഥകൾ
4 ശാന്തിമാർഗ്ഗം
5 ലോക രക്ഷകനായ ക്രിസ്തു
6 അമ്മായിഅമ്മ പോരു്
7 സമയം കൊല്ലികൾ

ഗ്രന്ഥകർത്താവ്, ടി. അയ്യനേത്ത്
നാലാഞ്ചിറ
തിരുവനന്തപുരം–15

M. M. S. B. P. Printers, Palayam. T V M.

www.malankaralibrary.com

MALANKARA
LIBRARY